
ചെറുകിട വ്യവസായങ്ങൾ

പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസന രേഖ - 96



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്
വികസന സെമിനാർ

വികസന രേഖ

1996



എഡിറ്റോറിയൽ ബോർഡ്

വി.പി. ഷൗക്കത്തലി

കെ. ഹരിദാസൻ

പി.കെ. മുഹമ്മദ് (കുഞ്ഞാപ്പ)

കെ. രാംദാസ്

ഇ.എം. നാരായണൻ

കെ. ഗോപകുമാർ

വി. എബ്രഹാം

വി.പി. അബ്ദുൾ ജലീൽ

കെ. അബ്ദുറഹിമാൻ

പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി

പള്ളിക്കുത്ത് രാധാകൃഷ്ണൻ (പ്രസിഡണ്ട്)

പെരുമന ദേവരാജൻ എമ്പ്രാന്തിരി (വൈ. പ്രസിഡണ്ട്)

M.M. ഹാജിറ ടീച്ചർ (സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർ പേഴ്സൺ)

(മെമ്പർമാർ)

എം.കെ. രമണി

പി.പി. പ്രേമ

ഇ. ഹൈദ്രു

കെ.വി. ഇക്ബാൽ

കെ. രാധാമണി

പി. ശ്രീധരൻ

ആസ്യടീച്ചർ

പി. മുഹമ്മദ് ഹാജി

ഈ.കെ. അസീസ്

വി.പി. കമ്മുണ്ണി ഹാജി

ടി. കമലാക്ഷി

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. സാമൂഹിക - സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി - ജനപ്രകൃതി

5. സാമൂഹിക സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5-2 മൃസംരക്ഷണം, മത്സ്യകൃഷി

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, വാർത്താവിനിമയം

5-7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

5-8 സംസ്കാരം

5-9 വനിത

5-10 സഹകരണം

5-11 പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം

5-12 വിഭവ സമാഹരണം

6. ഉപസംഹാരം

1

ആമുഖം

നൂറ്റാണ്ടുകളോളം വിദേശ മേൽക്കോയ്മക്ക് കീഴെ, ദാരിദ്ര്യത്തിന്റെ സർവ്വമാന പീഡനങ്ങളും സഹിച്ച രാജ്യം എണ്ണമറ്റ ദേശാഭിമാനികളുടെ സുദീർഘ പോരാട്ടങ്ങളിലൂടെ 1947 ആഗസ്റ്റ് 14ന് അർദ്ധരാത്രിയിൽ ഒരു സ്വതന്ത്ര്യ രാഷ്ട്രമായി രൂപപ്പെട്ടു. അഭിമാനം, ഗർവ്വിന്റെ സമസ്ത പ്രഭാവങ്ങളോടെ വാണരുളിയ ബ്രിട്ടീഷ് സാമ്രാജ്യത്തോട് ഇഞ്ചോട് ഇഞ്ച് പൊരുതിനിൽക്കുമ്പോഴും ഓരോ ഇന്ത്യക്കാരുനും അകതാരിലോലിച്ച ഒരു സ്വപ്നം സ്വന്തമായി ഇത്തിരി നേരം സ്വാതന്ത്ര്യത്തിന്റെ തെളിവ് നിറഞ്ഞ ആകാശച്ചുവടിലുള്ള ഒരു ജീവിതവുമായിരുന്നു. രാഷ്ട്രപിതാവായ ഗാന്ധിജി വിഭാവനം ചെയ്ത 'സ്വരാജ്' സങ്കല്പത്തിന്റെ അടിത്തറ സ്വയം പര്യാപ്തമായ ഗ്രാമപഞ്ചായത്തുകളായിരുന്നു. രാഷ്ട്രഘടനയുടെ ഭദ്രമായ വിധാനത്തിന്, വികസനപ്രക്രിയക്കും ജനകീയ പങ്കാളിത്തത്തോടെയുള്ള അടിത്തറയ്ക്കും നിദാനമാകേണ്ടുന്ന "ഗ്രാമപഞ്ചായത്തുകൾ" നിർഭാഗ്യവശാൽ ഭരണഘടനയിൽ പോലും "നിർദ്ദേശക തത്വങ്ങളിൽ" ഉൾപ്പെടുത്തിയത്. അടിത്തട്ടിൽ നിന്നും മുകളിലേക്ക് എന്ന പ്രകൃതി പരമായ ഘടനയ്ക്ക് പകരം മുകളിൽ നിന്ന് താഴോട്ട് എന്ന കീഴ്മേൽ മറഞ്ഞ ഘടനയുടെയാണ് അധികാര വ്യവസ്ഥയും വികസനപ്രവർത്തനങ്ങളും നടപ്പിലാക്കിയത്. ജനജീവിതത്തിന്റെ ഹൃദയതുടിപ്പുകൾ പ്രതിഫലിക്കപ്പെടാത്ത ഉദ്യോഗസ്ഥമേധാവിത്തത്തിന്റേയും 'ആസൂത്രണ ദുരന്ധരന്മാരു'ടെയും ഇടപെടലുകളിൽ നടന്ന കെടുകാഴ്ചകൾ മാത്രമായി പഞ്ചവത്സരപദ്ധതികൾ ഘോഷിക്കപ്പെട്ടു.

ഇന്നിട്ട പഞ്ചവത്സര പദ്ധതികളിലൂടെ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ രാജ്യത്തിന് കഴിഞ്ഞിട്ടുണ്ട്. കോടികൾ മുടക്കിയ വൻപദ്ധതികൾ ഉണ്ടായിട്ടും അടിസ്ഥാന ഘടകങ്ങളും, വിഭാഗങ്ങളും വികസനപ്രക്രിയയിൽ നിന്നും പൂർണ്ണമായും തഴയപ്പെട്ടു. ഇതിന് കാരണം അധികാരവും ആസൂത്രണവും മുകളിൽ നിന്ന് താഴോട്ട് ഒഴുകിയതായിരുന്നു. ആ കുത്തൊഴുക്കിൽ ഇന്ത്യയിലെ സാധാരണ ജനകോടികളുടെ ജനകീയ ആവശ്യങ്ങളിൽ പലതും കൊഴിഞ്ഞു വീഴുകയായിരുന്നു. ഈ ഒരു പ്രതിസന്ധി തരണം ചെയ്യുന്നതിന് വേണ്ടിയാണ് കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി , ആവിഷ്കരിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാറും, ആസൂത്രണ ബോർഡും, ചേർന്ന് 'ജനകീയ ആസൂത്രണ പ്രസ്ഥാന'ത്തിന് രൂപം കൊടുത്തിട്ടുള്ളത്. വികസനപദ്ധതികൾ കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന പതിവിൽ നിന്ന് വ്യത്യസ്തമായി ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനത്തിന്റെ ആസൂത്രണവും, നടത്തിപ്പും നഗരസഭകളിലും, ഗ്രാമപഞ്ചായത്തുകളിലും ഏല്പിക്കുന്നതിന് വേണ്ടിയാണ് തീരുമാനിച്ചിട്ടുള്ളത്. ഈ പുതിയ ഉത്തരവാദിത്വം നിറവേറ്റുന്നതിന് വേണ്ടി മനുഷ്യവിഭവം അടക്കം വൻ തോതിൽ വിഭവസമാഹരണം നടത്തി പ്രാദേശിക തലത്തിൽ സമഗ്രവും സന്തുലിതവുമായ വികസനം ഉറപ്പാക്കണം എന്നാണം ആസൂത്രണബോർഡ് ഇതു കൊണ്ട് ആഗ്രഹിക്കുന്നത്.

കേരളത്തിന്റെ മുഖ്യമന്ത്രി ഇ.കെ. നായനാർ രക്ഷാധികാരിയും ഇം.എം.എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായും പ്രതിപക്ഷ നേതാവ് എ.കെ. ആൻറണി മാർഗ്ഗനിർദ്ദേശകനുമായ ഒരു സമിതിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് സംസ്ഥാന തലത്തിൽ ചുക്കാൻ പിടിക്കുന്നത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ചിങ്ങം ഒന്നിന് (ആഗസ്റ്റ് 17) തിരുവനന്തപുരത്ത് വെച്ചാണ് നടന്നത്. 'വിശേഷാൽ ഗ്രാമസഭകൾക്ക് തിരുവനന്തപുരം ജില്ലയിലെ നന്തിയോട് പഞ്ചായത്തിൽ സെപ്തംബർ 15ന് തുടക്കം കുറിച്ചു. 'വികസനസെമിനാ'റിന്റെ ഉദ്ഘാടനം ഒക്ടോബർ 21ന് മലപ്പുറം ജില്ലയിലെ 'വള്ളിക്കുന്ന്' പഞ്ചായത്തിൽ വെച്ച് നടന്നു. ഇവയിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന പദ്ധതികൾക്ക് മുൻഗണന നല്കി ഫ്രെബ്രുവരി അവസാനത്തോടെ നടക്കുന്ന സംസ്ഥാന തല കോൺഗ്രസ്സിൽ വെച്ച് ഒമ്പതാം പദ്ധതിയുടെ കരടുരേഖയ്ക്ക് രൂപം നൽകും.

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂ

ത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആരംഭിച്ചത് 1996 സെപ്തംബർ ആദ്യവാരത്തോടെയാണ്. സെപ്തംബർ 14,15,16 തീയതികളിലായി വണ്ടൂരിൽ വെച്ച് നടന്ന ജില്ലാതല റിസോർഴ്സ് പെർസൺസ് ക്യാമ്പിൽ പഞ്ചായത്തിൽ എട്ട് D.R.P. മാർ പങ്കെടുത്തു. സെപ്തംബർ 19ന് പാണ്ടിക്കാട് ഗവ. എൽ.പി. സ്ക്കൂളിൽ വെച്ച് പഞ്ചായത്തുതല പരിശീലനവും നടന്നു. 112 L.R.P. മാരാണ് ഇതിൽ പങ്കെടുത്തത്. സെപ്തംബർ 20 മുതൽ ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം വരെ പഞ്ചായത്തിലെ 14 ഗ്രാമസഭകളും ചേരുകയുണ്ടായി. ഗ്രാമസഭാവിവരങ്ങൾ അവസാനപേജിൽ ചേർക്കുന്നു. പട്ടിക.1.

ദ്വിതീയ വിവരണശേഖരണത്തിന്റെ ഭാഗമായി 8-10-1996ന് L.R.P. മാരുടെയും, D.R.P. മാരുടെയും യോഗം ചേരുകയുണ്ടായി. യോഗത്തിൽ വെച്ച് പഞ്ചായത്തിലെ 14 വാർഡുകളിലും പഠന പര്യടനം(Trasact Walk) നടത്തുന്നതിന് വേണ്ടിയുള്ള സ്കാഡുകൾക്ക് രൂപം നല്കി. സ്കാഡിന്റെ ചുമതല വാർഡ് തലത്തിലുള്ള L.R.P. കൺവീനർമാർക്ക് നൽകുകയും അവരുടെ നേതൃത്വത്തിൽ പഠനപര്യടനം നടത്തുകയും ചെയ്തു. വാർഡ് തല്ത്തിലുള്ള ഭൂപ്രകൃതി, മണ്ണിന്റെ തരം, ജലലഭ്യത, കാർഷിക വിളകൾ, ചരിത്രം എന്നിവ പഠനപര്യടനത്തിന്റെ ഭാഗമായി ശേഖരിക്കുന്നതിന് കഴിഞ്ഞു. ദ്വിതീയ വിവരശേഖരണത്തിന്റെ പുരോഗതി വിലയിരുത്തുതിനുവേണ്ടി 14-10-1996ന് പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ L.R.P. കൺവീനർമാരുടെയും D.R.P.മാരുടെയും യോഗം ചേർന്നു. 18-10-1996ന് ചേർന്ന യോഗത്തിൽ വെച്ച് വാർഡുകളിൽ നിന്നുള്ള ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു. ഗ്രാമസഭകളിൽ നിന്നും വന്ന വികസന പ്രശ്നങ്ങൾ ക്രോഡീകരിക്കുന്നതിന് വേണ്ടി 23- 10-96ന് ചേർന്ന യോഗത്തിൽ 60ഓളം L.R.P. മാർ പങ്കെടുക്കുകയുണ്ടായി.

ജനകീയ ആസൂത്രണം രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടന്ന് പഞ്ചായത്ത് തല ശില്പശാലയിൽ86 പേർ പങ്കെടുത്തു. ശില്പശാലയ്ക്ക് ശേഷം നവംബർ 4മുതൽ 8 വരെയുള്ള അഞ്ച് ദിവസങ്ങളിലായി വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനായി പഞ്ചായത്തിലെ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തകർ അശ്രാന്ത പരിശ്രമം നടത്തുകയുണ്ടായി.

ജനകീയ ആസൂത്രണ സമിതിയുടെ ആഹ്വാനപ്രകാരം നവംബർമാസം ഒന്നാം തീയ്യതി കേരള പിറവി ദിനത്തിൽ നടന്ന പുനരർപ്പണത്തിൽ പാണ്ടിക്കാട് പഞ്ചായത്തിലെ 14 വാർഡുകളിലും വ്യത്യസ്ത പരിപാടികളിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആ പ്രവർത്തനത്തിലൂടെ ആയിരത്തിനടുക്കിന് ദിവസത്തെ മനുഷ്യാദ്ധ്വാനങ്ങൾ സമാഹരിക്കുന്നതിന് വേണ്ടി കഴിഞ്ഞു. പുരനരർപ്പണ ദിനത്തിൽ നടന്ന പ്രവർത്തനങ്ങൾ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രസക്തിയും, ശക്തിയും, വിളിച്ചോതുന്നതായിരുന്നു.

സമ്പന്നമായ ഒരു ഗോത്രസംസ്കൃതിയുടെ പിന്തുടക്കാർ എന്ന നിലയ്ക്ക്, പൈതൃകമായി സിദ്ധിച്ച സാമൂഹ്യ ബോധവും , സാമൂഹ്യനന്മയ്ക്കു വേണ്ടി ആത്മസമർപ്പണം ചെയ്യാനുള്ള സന്നദ്ധതയും ഒത്തുച്ചേർന്ന്, ഏതു വിഭാഗീയ പ്രവണതകളെയും മറികടന്ന് തികഞ്ഞ ഐക്യപ്പെടലിത്തത്തോടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ആസൂത്രണത്തിന്റെറയും വികസനപ്രക്രിയയുടെയും ലക്ഷ്യവും പ്രാധാന്യവും. ഉന്നതുവുമായ ലക്ഷ്യങ്ങൾ നേടിയെടുക്കുവാനുള്ള പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ, ആത്മവിശ്വാസത്തോടെ, പ്രത്യാശയോടെ, സമർപ്പിക്കുകയാണ്. പില്ക്കാല ചരിത്ര വസ്തുതകളിൽ നിന്ന് ശക്തിയും വെളിച്ചവും ഏറ്റുവാങ്ങി, വ്യക്തമായ ദിശാബോധത്തോടെ നമ്മൾ വികാസത്തിന്റെ സൂര്യവെളിച്ചത്തിലേക്ക് ആദ്യത്തെ ചുവട് വെയ്ക്കുന്നു.

പട്ടിക 1.

വാർഡ് നം.	യോഗംചേർന്ന തീയതി	പങ്കെടുത്തവരുടെ എണ്ണം സ്ത്രീ.	പു.	ആകെ	പങ്കെടുത്ത ഉദ്യോഗസ് ഥരുടെ എണ്ണം	SC/ST അംഗങ്ങളുടെ എണ്ണം
1.	28-9-1996	51	35	86	3	18
2.	2.10-1196	28	203	231	4	62
3.	1-10-96	61	148	209	2	36
4.	30-9-96	84	226	310	7	32
5.	2-10-96	71	142	213	9	64
6.	28-9-96	33	101	134	3	42
7.	28-9-96	29	87	116	2	37
8.	26-9-96	71	93	164	4	12
9.	27-9-96	16	62	78	5	14
10.	20-9-96	53	95	148	3	47
11.	24-9-96	28	94	122	6	39
12.	23-9-96	17	99	113	4	19
13.	25-9-96	13	86	99	3	43
14.	27-9-96	24	122	146	4	58
	ആകെ	579	15901	2169	59	563

2

പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിന്റെ പേര്	:	പാണ്ടിക്കാട്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പാണ്ടിക്കാട്, വെട്ടിക്കാട്ടിരി, ചെമ്പ്രശ്ശേരി
ബ്ലോക്ക് പഞ്ചായത്ത്	:	വണ്ടൂർ
താലൂക്ക്	:	ഏറനാട്
അസംബ്ലി മണ്ഡലം	:	വണ്ടൂർ
വിസ്തീർണ്ണം	:	57.22 ചതുരശ്ര കി.മീ.
അതിരുകൾ	:	വടക്ക് കാക്കത്തോട്
		കിഴക്ക് കാളികാവ്, തുവ്വൂർ പഞ്ചായത്ത്
		പടിഞ്ഞാറ് കാക്കത്തോട്
		തെക്ക് ഒലിപ്പുഴ, കടലുണ്ടിപ്പുഴ
ജനസംഖ്യ (1996)	:	47767
പുരുഷന്മാർ	:	23406 49%
സ്ത്രീകൾ	:	24361 51%
ജനസാന്ദ്രത	:	834.8
ആളോഹരി ഭൂമി	:	0.12 ഹെക്ടർ
സാക്ഷരതാ ശതമാനം	:	91 ശതമാനം

3

സാമൂഹിക സാംസ്കാരിക ചരിത്രം

നൂറ്റാണ്ടുകളിലൂടെ മനുഷ്യരാശി സമാർജ്ജിച്ച അനുഭവങ്ങളുടെ ജീവരേഖയാണ്, ചരിത്രം. ചരിത്രമാണ് ജനതയുടെ വഴികാട്ടി. വർത്തമാനജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്ന എല്ലാ മൂല്യങ്ങളും ആദർശങ്ങളും ചരിത്രത്തിൽ നിന്നാണ് ഉരുത്തിരിയുന്നത്.

★

സമ്പന്നമായ പൈതൃകമുള്ള ഒരു ചരിത്രഭൂമിയാണ് പാണ്ടിക്കാട്. ജന്മിത്വത്തിനും വൈദേശിക വാഴ്ചയ്ക്കുമെതിരെ ഒരു നൂറ്റാണ്ടിലേറെ കാലം നീണ്ടുനിന്ന് സമരപരമ്പരകളുടെ തീപ്പാളങ്ങളിലൂടെ മലബാറിലെ ജനത മുന്നേറിയ വിക്ഷുബ്ദമായ ചരിത്രഘട്ടങ്ങളിൽ ചരിത്രത്തിൽ നിന്നും ഒരിക്കലും മായിച്ചു കളയാൻ ആവാത്ത വിധം ചോര ഇറ്റുന്ന അദ്ധ്യായങ്ങൾ എഴുതിച്ചേർത്ത കിഴക്കൻ ഏറനാട്ടിലെ ഇതിഹാസഭൂമിയാണ് പാണ്ടിക്കാട്.

പടിഞ്ഞാറ് അറബിക്കടൽ മുതൽ കിഴക്ക് നീലഗിരി വരെ വടക്ക് ചാലിയാർ പുഴയ്ക്കും തെക്ക് കടലുണ്ടി പുഴയ്ക്കും മദ്ധ്യേ 966 ചതുരശ്രനാഴിക വിസ്തീർണ്ണത്തിൽ പഴയ മലബാർ ജില്ലയിലെ ഏറ്റവും വലിയ താലൂക്കായ ഏറനാടിന്റെ കിഴക്കൻ മേഖലയിലാണ് പാണ്ടിക്കാട് സ്ഥിതി ചെയ്യുന്നത്. കിഴക്ക് ഒലിപ്പുഴയുടെയും വടക്ക് പടിഞ്ഞാറ് കാക്കത്തോടിന്റെയും തെക്ക് കടലുണ്ടിപുഴയുടെയും ഇടയിൽ കുന്നും മലയും പുഴയും തോടും പാടശേഖരങ്ങളും നിറഞ്ഞു നിൽക്കുന്ന പ്രകൃതി സുന്ദരമായ ഈ ഗ്രാമഭൂമിയുടെ പിൽകാല ചരിത്രം, വറുതിയുടെയും ദുരിതത്തിന്റെയും നിഴൽപാടുകൾ നിറഞ്ഞതാണ്.പടയോട്ടങ്ങളുടെ കുളമ്പൊച്ചകളും വാളിളക്കങ്ങളും സാമ്രാജ്യത്വ ഗർവ്വിന്റെ പീരങ്കി മുഴക്കങ്ങളും കൊണ്ട് മുഖരിതവുമാണ്.

അദ്ധ്വാന ശീലരും ഉത്സാഹശാലികളുമായ ജനങ്ങൾ പ്രകൃതിയുടെ ഘടനയ്ക്ക് ഇണങ്ങിയ വിധം ലാളിത്യമുള്ളവരും എന്നാൽ തീവ്രവികാര ശീലമുള്ളവരുമാണ്. സാമൂഹ്യചരിത്ര വികാസത്തെ നിർണ്ണയിച്ച ഒട്ടെറെ കുതിപ്പുകൾക്കും കിതപ്പുകൾക്കും സ്വഭാവത്തിലെ ഈ സവിശേഷത കാരണമായിത്തീർന്നിട്ടുണ്ട്. ജനങ്ങളിൽ മഹാഭൂരിപക്ഷവും നിരക്ഷരരും ദരിദ്രരും ഭൂഹിതരും കൃഷിപണികൊണ്ടു കൂലിപണികൊണ്ടും ഉപജീവനം കഴിക്കുന്നവരും ആയിരുന്നു.

ഏറനാടിന്റെ ചരിത്ര വികാസ പ്രക്രിയയിൽ മറ്റു ഏതു ഘടകത്തെക്കാളും പ്രബലമായ സ്വാധീനം ചെലുത്തിയത് ഇവിടത്തെ മനുഷ്യർക്ക് മണ്ണും കൃഷിയുമായുള്ള വൈകാരിക ബന്ധമാണ്.

ക്രിസ്തു വർഷം ഏഴും എട്ടും നൂറ്റാണ്ടുകളിൽ കേരളത്തിലേക്ക് കുടിയേറിയ ആര്യവംശജരായ ബ്രാഹ്മണരുടെ അധീനതയിലായിരുന്നു ഭൂമി അത്രയും.

എ.ഡി. 600 വരെ, ബ്രാഹ്മണരോ ബ്രഹ്മസ്വം, ദേവസ്വം സമ്പ്രദായമോ ഉണ്ടായിരുന്നില്ലെന്നും, കേരളത്തിലെ ആദിമ നിവാസികളായ 'അധ:കൃതർ' എന്നും 'പട്ടിക ജാതിക്കാർ' എന്നും വിളിക്കപ്പെടുന്ന കീഴ്ജാതിക്കാരുടെ വകയായിരുന്നു ഭൂ സ്വത്തുക്കൾ എന്നും കാണിക്കുന്ന ചരിത്രരേഖകളുണ്ട്.

ദ്രാവിഡ ദേവതകളെ പിൻതള്ളി ഇന്നത്തെ രീതിയിലുള്ള ക്ഷേത്രങ്ങൾ ഉത്ഭവിച്ചത് ക്രിസ്തുവർഷം ഏഴാം നൂറ്റാണ്ടോടു കൂടിയാണ്. പ്രാചീന കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സംവിധാനത്തിന്റെ ആധാര കേന്ദ്രങ്ങൾ ക്ഷേത്രങ്ങളായിരുന്നു.

ക്ഷേത്രങ്ങളുടെ വസ്തുവകകൾ വർദ്ധിച്ചതോടെ അവയുടെ ഭരണം നടത്തുന്ന പ്രശ്നവും ഉയർന്നുവന്നു. ഊരാളർ എന്നു വിളിക്കപ്പെടുന്ന ബ്രാഹ്മണ സഭയെ

വാഴികൾ ഭരണം ഏല്പിച്ചു.

ലിയ ഭൂസ്വത്തുക്കളുടെ കൈകാര്യ കർത്താക്കൾ നിലയിൽ ഊരാളരുടെ ശക്തി വർദ്ധിച്ചു വന്നു. ളുടെ അധീശത്വം ഊട്ടി ഉറപ്പിക്കാനുതകുന്ന വിധ അവകാശങ്ങളും ഭൂബന്ധങ്ങളും സൃഷ്ടിച്ചു.

ഡി. 12-ാം നൂറ്റാണ്ടായപ്പോഴേക്കും നമ്പൂതിരി മാർ കേരളത്തിലെ പ്രബല സാമ്പത്തിക ശക്തി ിർന്നു.

തുർവർണ്ണ്യ വ്യവസ്ഥ പ്രകാരമുള്ള ഒരു സാ ക്രമമാണ് ബ്രാഹ്മണർ സൃഷ്ടിച്ചത്. ജാതി സ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ് നിലനിന്നു. സമൂഹത്തിന്റെ കീഴ്തട്ടിലുള്ളമനു മൃഗങ്ങളുടെ പരിഗണന പോലും ലഭിച്ചിരു പൊതു വഴികളിൽ സഞ്ചരിക്കുന്നതിനോ, ക്ഷേ ിൽ ആരാധന നടത്തുന്നതിനോ, ബഹുഭൂരിപക്ഷ ും സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ജന്മിയുടെ മു ഒരു സ്ത്രീയും മാറ് മറച്ച് പ്രത്യക്ഷപ്പെട്ടുകൂടാ. ന്മാർ കാൽമുട്ട് മറയാത്ത ഒറ്റ മുണ്ട് മാത്രമെ ുള്ളൂ... കീഴ്ജാതിയിൽ പെട്ട ചില വിഭാഗങ്ങളെ തുപോലും ഹീനമായി ഗണിച്ചുപോന്നു. 36 46 അടി - 96 അടി ഇങ്ങനെ ചില വ്യവസ്ഥകൾ വൃത്യസ്ത ജാതി വിഭാഗങ്ങളെ അകറ്റി നിർത്തി ു.

ണ്ണ വ്യവസ്ഥയുടെ ഘടനയ്ക്ക് പുറത്തായിരുന്നു മാർ എങ്കിലും ദാരിദ്രത്തിലും അജ്ഞതയിലും കിടന്നിരുന്ന ഈ സമുദായത്തിലും ഒട്ടേറെ വിശ്വാസങ്ങളും പ്രാകൃതമായ ആചാരക്രമങ്ങളും ിരുന്നു.

വാഴികൾ, കോവിലകങ്ങളിലും കൊട്ടാരങ്ങ ബ്രാഹ്മണർ 'ഇല്ല'ങ്ങളിലും 'മന'കളിലുമാണ് ിരുന്നത്. നായർ പ്രമാണിമാർ നാലുകെട്ടുക പ്പിളമാർ 'മാപ്പിളക്കുടി'കളിലും പറയർ 'ചേരി' ചെറുമർ 'ചാള'കളിലും കൊല്ലൻ, തട്ടാൻ, നെയ്ത്തുകാർ, , തീയ്യർ എന്നീ വിഭാഗങ്ങൾ ിക്കുന്നിടങ്ങൾ 'പുര' അല്ലെങ്കിൽ 'കുടി' കളിലു ാമസിച്ചിരുന്നത്.

രുടെ, ഭൂമിയിലെ പ്രതിനിധി എന്ന നില ബ്രാഹ്മണർ ആദരിക്കപ്പെട്ടത്. ഭൂസ്വത്തിനുള്ള ാരം ദൈവദത്തമാണെന്നാണ് ഗണിക്കപ്പെട്ടത്. നങ്ങാതെ വാണരുളിയ ഇക്കൂട്ടർ കൃഷിയുമായി ും നേരിട്ട് ബന്ധപ്പെട്ടിരുന്നില്ല.

യാരണയായി ഒരു ക്ഷേത്രമോ, സ്വാനിയോ, കോ മോ, നമ്പൂതിരി ഇല്ലമോ, നായർതറവാടോ ആ ും നൂറ് കണക്ക് ഏക്കർ ഭൂമിയിൽ ജന്മാവകാ ജന്മി. വെറും പാട്ടം, കുഴിക്കാണം, കാണം ിയ പല കുടിയായ്മകൾ നില നിന്നിരുന്നു. യ ജന്മിയുടെയും കൃഷിക്കാരന്റെയും ഇടയി ലായി ഏറെ ഇടത്തട്ടുകാർ ഉണ്ടായിരുന്നു. കാണക്കാ രുടെ കീഴിൽ ഒന്നോ അധിലധികമോ വെറും പാട്ടക്കാർ, അവർക്ക് കീഴിൽ കർഷക തൊഴിലാളികൾ... ഇങ്ങനെ പോകുന്ന ഒരു ശൃംഖല.

പതിനെട്ടാം നൂറ്റാണ്ടിൽ മൈസൂറിലെ ഹൈദറും പിന്നീട് ടിപ്പുവും ആക്രമിച്ചതുമൂലം ഭൂബന്ധങ്ങളിൽ സാരമായ മാറ്റങ്ങളുണ്ടായി. ഒട്ടേറെ നമ്പൂതിരി ജന്മി മാർ തിരുവിതാംകൂറിലേക്ക് ഓടിപോവുകയുണ്ടായി. ഓടി പോയവർ, ഭൂമിയുടെ ഉടമാവകാശം തങ്ങളെ ഏല്പിച്ചിട്ടുണ്ടെന്ന അവകാശവാദം ഉന്നയിച്ച് പല കാണ ക്കാരും ജന്മികളായി സ്വയം അവരോധിച്ചു. ജനസം ഖ്യയിലെ പ്രബല വിഭാഗമായ മാപ്പിളമാരും ചില പ്രദേശങ്ങളിൽ ഉടമസ്ഥാവകാശം സ്ഥാപിച്ചു.

ബ്രിട്ടീഷ് ഭരണം ആരംഭിക്കുന്നതിന് മുമ്പ് നാട്ടു നടപ്പുകളും സമൂഹം നൽകുന്ന ഉറപ്പുകളും ഒരു പരിധി യോളം ജന്മികളിൽ നിന്നും ഭൂടമകളിൽ നിന്നും കർഷകരെ സംരക്ഷിച്ചുപോന്നിരുന്നു. ബ്രിട്ടീഷുകാരുടെ മേൽക്കോയ്മ സ്ഥാപിക്കപ്പെട്ടതോടെ ജന്മിത്വം കൂടു തൽ നിഷ്ഠൂരഭാവങ്ങളോടെ ശക്തിപ്പെടുകയാണുണ്ടായ ത്.

കർഷകരെ ഇഷ്ടാനുസരണം ഭൂമിയിൽ നിന്നും കു ടിയൊഴിപ്പിക്കാനുള്ള അധികാരവും, ഭൂമി തിരിച്ചെടുക്കു ന്നതിനുള്ള അവകാശവും നൽകികൊണ്ടുള്ള ബ്രിട്ടീഷ് കോടതികളുടെ തീരുമാനങ്ങൾ കർഷകരുടെ നില കൂടു തൽ വിഷമപൂർണ്ണമാക്കി. കൃഷി ചെയ്യുന്ന കുടിയാ നോടും അടിയാനോടും സമൂഹത്തോടും ജന്മിക്ക് നിയ മപരവും ധാർമ്മികവും ആയ യാതൊരു കടപ്പാടും ഇല്ലെന്ന സ്ഥിതിയായി. ഹൈദരാലിയുടെയും ടിപ്പു വിന്റെയും കാലത്ത് താരതമ്യേന സുരക്ഷിതരായി തങ്ങളുടെ ഭൂമികളിൽ കൃഷി ചെയ്ത് ജീവിച്ച മാപ്പിള കർഷകരെ, നിർബന്ധപൂർവ്വം ഒഴിപ്പിക്കാനുള്ള അധി കാരം ജന്മിക്ക് ലഭിച്ചു.

ഒഴിപ്പിക്കൽ കേസുകൾ വർദ്ധിച്ചു.

അക്രമപിരിവുകളും അന്യായമായ പൊളിച്ചെഴുത്തു കളും കൂടി വന്നു.

കർഷകരെ ഭൂമിയുടെ ഉടമസ്ഥതയിൽ നിന്നും മാറ്റി നിർത്താൻ ബ്രിട്ടീഷ് സഹായത്തോടെ ജന്മികൾ ശ്രമി ച്ചു. ഭൂവുടമകളും കുടിയാൻമാരും തമ്മിലുള്ള സംഘർ ഷവും സംഘട്ടനങ്ങളും വർദ്ധിച്ചു വന്നു.

1700കളുടെ ഉത്തരാർദ്ധം തൊട്ട് ഒറ്റപ്പെട്ട ഒട്ടേറെ കർഷക കലാപങ്ങൾ മലബാറിൽ അരങ്ങേറിയിട്ടുണ്ട്. 1790കളിൽ ഒളിപ്പോർ വിദഗ്ദ്ധനായിരുന്ന എളംപുള ശ്ശേരി ഉണ്ണിമൂസയുടെ നേതൃത്വത്തിൽ നടന്ന നികുതി നിഷേധ പ്രസ്ഥാനം - കർഷക സമര ചരിത്രത്തിലെ സുപ്രധാനമായ സംഭവമായിരുന്നു.

ജന്മി - നാടുവാഴി - കൊളോനിയൻ സംസർഗ്ഗത്തി ലൂടെ ഉരുത്തിരിഞ്ഞ സാമൂഹ്യസാമ്പത്തിക ക്രമ ത്തിന്റെ കുടില നീതിക്കെതിരെ, ജീവിതാനുഭവങ്ങളിൽ

നിന്നുയിർകൊണ്ട പ്രായോഗിക സമര രൂപങ്ങൾ മലബാറിൽ ഉടനീളം ഉയർന്നു വരാൻ തുടങ്ങി.

1841 നവം. 17ന് 2000ത്തോളം വരുന്ന കർഷകരും ബ്രിട്ടീഷ് കമ്പനി പട്ടാളവും നേരിട്ടുള്ള ഏറ്റുമുട്ടൽ നടന്നു.

"ആധുനിക നശീകരണ ആയുധങ്ങളേന്തിയ ബ്രിട്ടീഷ് പട്ടാളം മാപ്പിള യോദ്ധാക്കൾക്ക് മുന്നിൽ പലപ്പോഴും ചിന്നിച്ചിതറിയിട്ടുണ്ട്." ബ്രിട്ടീഷ് ചരിത്രകാരനായ ലോഗൺ രേഖപ്പെടുത്തുന്നു.

നേരിട്ടുള്ള യുദ്ധത്തിലൂടെ മാപ്പിള കർഷക കലാപകാരികളെ കീഴ്പ്പെടുത്താനാവില്ലെന്ന് ബോദ്ധ്യപ്പെട്ട വെള്ളക്കാർ കരിനിയമങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തി അവരെ അടിച്ചമർത്താൻ തുടങ്ങി. "മാപ്പിള ആക്ട്" എന്ന കിരാതനിയമം പ്രയോഗത്തിൽ വരുത്തി.

നാലിലേറെ ആളുകൾ ഒത്തുകൂടുന്നത് നിയമലംഘനമാക്കി. പണിയായുധങ്ങൾ കൊണ്ടുനടക്കുന്നത് പോലും നിരോധിച്ചു. മാപ്പിള കർഷകർ പണിക്കിറങ്ങാൻ പോലുമാവാതെ കഷ്ടപ്പെട്ടു. കലാപസന്നദ്ധരായ കർഷകരും കുടിയാൻമാരുമായ മാപ്പിളമാർ ഒരു ഭാഗത്ത്. ജൻമിമാരും ഇംഗ്ലീഷുകാരും മറുഭാഗത്ത്. വർഗ്ഗപരമായ ചേരിതിരിവ് വ്യക്തവും പ്രകടവുമായി. ഇംഗ്ലീഷുകാർക്കെതിരെ സംഘടിക്കുന്നവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുക, ഇംഗ്ലീഷ്വിരോധികളായ കലാപകാരികൾ കൂടുതലുള്ള താലൂക്കുകൾക്ക് കൂട്ടായി പിഴ ചുമത്തുക തുടങ്ങി മർദ്ദന മുറകൾ നിർബാധം തുടർന്നു.

1854ൽ ഡിസംബറിൽ കനത്ത സേനാസന്നാഹങ്ങളിലൂടെ മലബാറിൽ ഉടനീളം തേർവാഴ്ച നടത്തിയ കലക്ടർ കനോലിയെ, മാപ്പിള ഒളിപ്പോരാളികൾ കൊന്നു. പ്രത്യാഘാതം ഭയാനകമായിരുന്നു.

വെള്ളപട്ടാളം ഏറനാടൻ ഗ്രാമങ്ങളെ ചവിട്ടി ഞെരിച്ചു. പള്ളികൾ തകർക്കപ്പെട്ടു. കുടിലുകൾക്ക് തീവെച്ചു. എണ്ണമറ്റ മാപ്പിളമാരെ വെടിവെച്ചു കൊന്നു. ഒട്ടനവധി പേർ നാടു കടത്തപ്പെട്ടു. എല്ലാ അംശങ്ങൾക്കും മീതെ കനത്ത സംഖ്യ കൂട്ടപ്പിഴ ചുമത്തി.

1184ൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ലോഗന്റെയും മേജർ ഹാളിന്റെയും ഉത്തരവ് അനുസരിച്ച് വെള്ളപട്ടാളം ലഹള ബാധിത ഗ്രാമങ്ങളെ വളഞ്ഞ് നരവേട്ടയും ആയുധവേട്ടയും നടത്തി. സ്ത്രീകളും കുട്ടികളും അടക്കം മർദ്ദനങ്ങൾക്കിരയായി. നിരവധി കുടുംബങ്ങൾ എങ്ങോട്ടിന്നില്ലാതെ പാലായനം ചെയ്തു. പിന്നീടുള്ള അരനൂറ്റാണ്ട് ചെറുത്തു നില്പിന്റേതും പ്രത്യാക്രമണങ്ങളുടേതുമായിരുന്നു.

1920കളോടെ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥനം ആവേശകരമായി ഉയിർത്തെഴുന്നേല്ക്കാൻ തുടങ്ങി. 1920 ഡിസംബറിൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തോടെ നാടുനീളെ കോൺഗ്രസ് കമ്മറ്റികളും ഖിലാഫത്ത് കമ്മറ്റികളും സംഘടിക്കപ്പെട്ടു. മഞ്ചേരിയിൽ വിപുലമായ കോൺഗ്രസ് കോൺഫ്രൻസ് നടന്നു. എം.പി. നാരായണൻ മേനോന്റെയും കട്ടിലശ്ശേരി മുസ്ലിയാരുടെയും നേതൃത്വത്തിൽ പാണ്ടിക്കാട് ഖിലാ[ഫ]ത്ത് കമ്മറ്റി രൂപീകരിച്ചു. വാരിയംകുന്നത്ത് കുഞ്ഞ[ഹ]മ്മദ് ഹാജി, ആലി ഹാജി തുടങ്ങിയവർ ഭാരവാഹിക[ളാ]യിരുന്നു. പാണ്ടിക്കാട് വളണ്ടിയർ കോറിന് പരിശീലനം നൽകിയിരുന്നവരിൽ പ്രധാനി വളരാട് നാരായണമ്പീശനായിരുന്നു.

1921ൽ കറാച്ചിയിൽ ചേർന്ന ഖിലാഫത്ത് സമ്മേളന പ്രമേയവും, ഗാന്ധിജിയുടെ 'സ്വരാജ് ഒരു വർഷത്തിനുള്ളിൽ' എന്ന പ്രഖ്യാപനവും, ജനങ്ങളിൽ, വിശേഷിച്ചും മലബാറിൽ, ഒരു സ്വാതന്ത്ര്യ പ്രഭാതം ദൂരെയല്ല എന്ന പ്രതീക്ഷയുണർത്തി. ബ്രിട്ടീഷ് വിരുദ്ധ വികാരങ്ങൾക്ക് തീപ്പിടിച്ചു.

ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും സംയുക്ത പ്രക്ഷോഭങ്ങൾ വമ്പിച്ച ജനാവലിയുടെ പങ്കാളിത്തത്തോടെ സംഘടിക്കപ്പെട്ടു. മുഹമ്മദ് അബ്ദുറഹിമാൻ, യു. ഗോപാലമേനോൻ എന്നീ നേതാക്കൾ നാടുനീളെ പര്യടനം നടത്തി.

കോൺഗ്രസിലും ഖിലാഫത്തിലും ചേരുന്നത് ബ്രിട്ടീഷ് വിരുദ്ധമാണെന്ന് 'മഹക്കുൽ കുലാഫത്തി ഫിസ്സബീലിൽ ഖിലാഫ' എന്ന പേരിൽ യാഥാസ്ഥിതിക മുസ്ലീം രോഗിതന്മാർ ഫത്വകൾ പുറപ്പെടുവിച്ചു.

അഹിംസാവാദത്തിലൂന്നിയ നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്തും പലപ്പോഴും സായുധപോരാട്ടങ്ങളിലേക്ക് വഴുതി.

1921 ആഗസ്റ്റ് 26ന് 3000ത്തോളം മാപ്പിള യോദ്ധാക്കളും ക്യാപ്റ്റൻ മക്കൻ റായിയുടെ നേതൃത്വത്തിലുള്ള വെള്ള പട്ടാളവും പൂക്കോട്ടൂരിൽ വെച്ച് ഘോരയുദ്ധം നടന്നു. ലഹളക്കാരിൽ നിന്ന് 258 പേർ കൊല്ലപ്പെട്ടു. സാക്ഷികളായി. സുപ്രണ്ട് ലങ്കാസ്റ്ററും ഒരു ഓഫീസറും രണ്ടു പട്ടാളക്കാരും മരിച്ചു.

ആഗസ്റ്റ് 31ന് തീരുരങ്ങാടിയിൽ രണ്ടാം യുദ്ധം നടന്നു. മലബാർ കലാപത്തിന്റെ അധിനായകരിൽ ഒരാളായിരുന്ന നിയും പാണ്ടിക്കാടിന് അടുത്ത് വള്ളുവങ്ങാട് സ്വന്തം തറവാടുമായ പാലത്തുമൂലയിൽ ഇരിക്കുന്നതിനിടെ ആലി മുസ്ലിയാർ പിടിക്കപ്പെട്ടത് ഈ യുദ്ധത്തിലാണ്.

1922 ഫെബ്രുവരി 17ന് കോയമ്പത്തൂർ ജയിലിൽ വെച്ച് ആലിമുസ്ലിയാരെ തൂക്കിലേറ്റി. മലബാറിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും ലഹള പടർന്നുപിടിച്ചു. മഞ്ചേരിയിൽ നിന്ന് പാണ്ടിക്കാട് വഴി കരുവാരകുണ്ടിലേക്ക് സർവ്വസന്നാഹങ്ങളുമായി പട്ടാളം മാർച്ച് നടത്തി. ലഹളക്കാരെ തിരഞ്ഞുപിടിക്കാൻ പട്ടാളം ഹിന്ദുക്കളെ നിർബന്ധിച്ചു. പട്ടാളത്തിന്റെ കല്പന നിരസിച്ചാൽ വധിക്കപ്പെടും എന്ന ഭീതിയാൽ പലരും പട്ടാളത്തിന്റെ പക്ഷം ചേർന്നു. പോലീസിന്റെയും ബ്രിട്ടീഷുകാരുടെയും ഒറ്റുകാർ എന്ന് സംശയിക്കുന്നവരെ ലഹളക്കാർ കൊന്നു. ഇക്കൂട്ടത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഉൾപ്പെട്ടിരുന്നു. ആനക്കയം കൂരിമണ്ണിൽ ചേക്കുട്ടി ഹാജിയും പാണ്ടിക്കാട് തൊണ്ടിയിൽ ഹൈദ്രുഹാജി എന്നിവരും ഇങ്ങനെ വധിക്കപ്പെട്ടവരാണ്.

കിഴക്കൻ ഏറനാട്ടിൽ കലാപത്തിൽ നേതൃത്വം

യവരിൽ പ്രാധാനി പയ്യനാട് അംശം നെല്ലിക്കുത്ത് ത്ത് ചക്കിപറമ്പത്ത് വാരിയംകുന്നിൽ കുഞ്ഞഹമ്മദ് ി ആയിരുന്നു. ഇദ്ദേഹത്തിന്റെ ജന്മഗൃഹം സ്ഥി ചെയ്യുന്നത് പാണ്ടിക്കാട് പഞ്ചായത്തിലാണ്.

ലഹളക്കിടയിൽ അരാജകത്വവും കൊള്ളയും സാ വിരുദ്ധ അഴിഞ്ഞാട്ടവും ഇല്ലാതാക്കാൻ കുഞ്ഞ ദ് ഹാജി പല വ്യവസ്ഥകളും ഏർപ്പെടുത്തി. ളെ ആക്രമിക്കുകയും കൊള്ള ചെയ്യുകയും ന്നവരെ കർശനമായി ശിക്ഷിച്ചു. എങ്കിലും പല ങ്ങളിലും അഹിതമായ ആക്രമണങ്ങളും കൊള്ള അരങ്ങേറി.

ന്ത്യയുടെ വിമോചന പോരാട്ടത്തിൽ സമാനതക ത്ത വിധം സാഹസികവും ഉജ്ജ്വവുമായ അദ്ധ്യാ ണ് പാണ്ടിക്കാട് യുദ്ധം. 1921 നവംബർ 18ന് യിൽ കുഞ്ഞഹമ്മദ് ഹാജി, ചെമ്പ്രശേരി തങ്ങൾ, ാടൻ മോയിൻ എന്നിവരുടെ നേതൃത്വത്തിൽ 2000 ളം മാപ്പിള യോദ്ധാക്കൾ പാണ്ടിക്കാട് പോലീസ് ന് സമീപമുള്ള ചന്തപ്പുര വളഞ്ഞു. എല്ലാ വിധ ായുധസന്നാഹങ്ങളുമായി ലഹളക്കാരെ നേരിടാനെ ാ ഗൂർഖ പട്ടാളം ചന്തപ്പുരയിലാണ് തമ്പടിച്ചിരുന്ന ുക്രി' എന്ന പ്രത്യേക തരം വാളു കൊണ്ട് യുദ്ധം ന്ന ഗൂർഖകളെ നേരിട്ട് എതിർത്ത് തോല്പിക്കുവാൻ ാലത്ത് ഒരു ശക്തിക്കും സാദ്ധ്യമല്ലായിരുന്നു. മ കർത്ത് യോദ്ധാക്കൾ അകത്ത് കടന്നു. 2 മണി ിൽ ഏറെ നീണ്ടു നിന്ന പ്രചണ്ഡമായ യുദ്ധം ു.

ാളക്കാരിൽ മൂന്നോ നാലോ ആളുകളാണ് വധി ത്ത്. ക്യാപ്റ്റൻ ആവറിൻ അക്കൂട്ടത്തിൽ പെടും. റെ ലഹളക്കാർ കൊല്ലപ്പെട്ടു.

ുയുടെ തെക്ക് ഭാഗത്ത് മൊയ്തുണ്ണി പാടത്ത് രുടെ മൃതദേഹങ്ങൾ കൂട്ടിയിട്ട് പെട്രോൾ ഒഴിച്ച് രിച്ചു.

ിക്കാട് യുദ്ധത്തിന് ശേഷം കുഞ്ഞഹമ്മദ് ഹാ സംഘവും പോലീസ് സേനാ വിഭാഗത്തിന്റെ ർ ക്ലബ്ബ്, പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, ആഫീസ് എന്നിവ ആക്രമിച്ചു. മൂന്ന് പോലീസു കൊലപ്പെടുത്തി.

ിഷ്ടു പട്ടാളം കൂടുതൽ സന്നാഹങ്ങളോടെ ഇര ത്തി. ബർമ്മാ റൈഫിൾസ്, പീരങ്കിപ്പട, ്പി, തുടങ്ങിയ സേനാവിഭാഗങ്ങളോടെ നിഷ്ഠൂ ആക്രമണം നടത്തി. എണ്ണമറ്റ സ്ത്രീകൾ മാനഭംഗം പ്പെട്ടു. കണ്ണിൽകണ്ട പുരുഷന്മാരെയൊക്കെ വെ ച്ചു വീഴ്ത്തി. ഒട്ടേറെ പേർ പലായനം ചെയ്തു. ക്കാരന് മുന്നിൽ തലകുനിക്കാൻ സന്നദ്ധരല്ലാത്ത നിറതോക്കിനുമുന്നിൻ വിരിമാറു കാട്ടി ആത്മാ ചെയ്തു. പതിനായിരത്തോളം പേർ ലഹളയിൽ ുപ്പെട്ടു. ആയിരകണക്കിന് ആളുകൾ അന്തമാൻ ിലേക്ക് നാടുകടത്തപ്പെട്ടു. ബല്ലാരി, സേലം, കോ ത്തൂർ, തൃശ്ശിനാപള്ളി, മദ്രാസ്, കണ്ണൂർ ജയിലുകൾ തടവുകാരെ കൊണ്ട് നിറഞ്ഞു.

1922ന് ജനുവരി 6ന് കാളികാവിൽ വെച്ച് കുഞ്ഞഹമ്മദ് ഹാജി പിടിക്കപ്പെട്ടു.

ജനുവരി 20ന് കുഞ്ഞഹമ്മദ് ഹാജിയെയും ചെമ്പ്രശേരി തങ്ങളേയും മലപ്പുറത്ത് കോട്ടകുന്നിന്റെ വടക്കേ ചെരിവിൽ വെച്ച് വെടിവെച്ച് കൊന്നു. പട്ടാളത്തിന്റെ കിരാതവാഴ്ചയ്ക്ക് ശേഷം നാട്ടിലാകെ ഭീതിദമായ നിശ്ചലതയും നിർവ്വികാരതയും നിറഞ്ഞു നിന്നു. എങ്ങും അനാഥരായ കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും നിസ്സഹായമായ തേങ്ങലുകളും നെടുവീർപ്പുകളും മാത്രം. കലാപത്തിൽ പീഡനങ്ങൾക്കിരയായവരേയും പട്ടാളഭീകരതയ്ക്ക് ഇരയായവരേയും സഹായിക്കാൻ ദേശീയ സ്വാതന്ത്ര്യ സമര നേതാക്കൾ കഠിനമായി യത്നിച്ചു.

ഉണങ്ങാത്ത മുറിപ്പാടുകളുമായി ഏറനാടിന്റെ ഹൃദയം വെന്തു നീറി. 'സ്വരാജ്' എന്ന സ്വപ്നം പ്രഭയറ്റ് മങ്ങി.

ജനങ്ങളുടെ ജീവിതം മെല്ലെ മെല്ലെ സാധാരണ താളത്തിലേക്ക് നീങ്ങിത്തുടങ്ങി. പിന്നീട് പാണ്ടിക്കാടിനെ സംബന്ധിച്ച് പതിറ്റാണ്ടുകളോളം കാര്യമായ സാമൂഹ്യ ചലനങ്ങളൊന്നും നടന്നില്ല.

കലാപസാദ്ധ്യതയുള്ള പ്രദേശമെന്ന നിലയ്ക്ക് 1934ൽ പാണ്ടിക്കാട്ട്, കൊളപ്പറമ്പ് എന്ന പ്രദേശത്ത് ഒരുMSP ക്യാമ്പ് സ്ഥാപിക്കപ്പെട്ടു. ഏറിയാട് മന വകയും പട്ടിക്കാട്ടു തൊടി പണിക്കർമാർ വകയുമായുള്ള നൂറോളം ഏക്കർ സ്ഥലത്താണ് ക്യാമ്പു സ്ഥിതി ചെയ്യുന്നത്. പാണ്ടിക്കാടിന്റെ ആദ്യകാല ആസ്ഥാനം കൊളപ്പറമ്പായിരുന്നു. ആദ്യത്തെ പോസ്റ്റോഫീസും വായനശാലയും സ്ഥാപിക്കപ്പെട്ടത് ഇവിടെയാണ്.

സ്വാതന്ത്ര്യസമരത്തിൽ പുതിയ ആവേശതരംഗങ്ങളുയർത്തിയ 1942ലെ ക്വിറ്റ് ഇന്ത്യ പ്രക്ഷോഭത്തിന് കാര്യമായ സംഭാവനകൾ ഈ പ്രദേശത്തുനിന്നുണ്ടായില്ല.

ദേശീയ പ്രസ്ഥാനനേതാക്കളായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ.കേളപ്പൻ, എം.പി. നാരായണമേനോൻ, എ.കെ.ജി. , ഇ.എം.എസ്. നമ്പൂതിരിപ്പാട്, ഇ.പി. ഗോപാലൻ, ഇസ്ഹാക്ക്, ഡോ. എം. ഉസ്മാൻ എന്നിവർ ഈ പ്രദേശത്തുക്കാർക്കിടയിൽ തികച്ചും മതേതര മൂല്യങ്ങളിൽ അടിയുറച്ച ഒരു രാഷ്ട്രീയാവബോധം കരുപ്പിടിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചവരാണ്.

വായനാശാല പ്രസ്ഥാനം, സാമുദായിക നവോത്ഥാന പ്രസ്ഥാനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ, മന്ദീഭവിച്ചു കിടന്ന പാണ്ടിക്കാടിന്റെ സാംസ്കാരിക ചേതനയെ ചില പ്രദേശങ്ങളിലെങ്കിലും തൊട്ടുണർത്തി. ചെമ്പ്രശ്ശേരി കറുത്തേടത്ത് മനയുമായി ബന്ധപ്പെട്ട് നമ്പൂതിരി സമുദായത്തിലെ ദുരാചാരങ്ങൾക്കെതിരെ 'യോഗക്ഷേമ സഭ'യുടെ പ്രവർത്തനങ്ങൾ ഏറെക്കാലം സജീവമായിരുന്നു. ബ്രാഹ്മണ്യത്തിന്റെ യാഥാസ്ഥിതികമായ കൊത്തളങ്ങൾക്കകത്ത് കൊടുങ്കാറ്റുയർത്തിയ വി.റ്റി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം അക്കാലത്ത് ചെമ്പ്രശേരിയിൽ

അരങ്ങേറുകയുണ്ടായി. 1936ൽ സ്ഥാപിച്ച വിവേകദായിനി ഗ്രന്ഥാവലി' വായനശാല, ഈ പ്രദേശത്ത് ബോധനവീകരണത്തിന്റെ പുത്തനുണർവും, സാമൂഹ്യോന്മുഖമായ വീക്ഷണവും ഉണ്ടാക്കുന്നതിൽ ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ട്.

1947 ആഗസ്റ്റ് 15ന് ഇന്ത്യാരാജ്യം സ്വാതന്ത്ര്യമായി. ബ്രിട്ടീഷ് രാക്ഷസീയത കടലു കടന്നു. മതേതര - ജനാധിപത്യമൂല്യങ്ങളിൽ അസ്ഥിവാരമുറപ്പിച്ച് ഒരു പുത്തൻ രാഷ്ട്രത്തിന്റെ നിർമ്മാണപ്രക്രിയക്ക് തുടക്കമായി. ഇന്ത്യാവിഭജനത്തെ തുടർന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മതാന്ധത ചോരപുഴകൾ ഒഴുക്കിയപ്പോൾ മതമൈത്രിയുടെയും സാഹോദര്യത്തിന്റെയും ശാന്തി നിലയങ്ങളായി ഈ പ്രദേശങ്ങൾ നിലകൊണ്ടു. കലാപത്തിന്റെ തിക്താനുഭവങ്ങളിൽ നിന്ന് ഏറെ പാഠങ്ങൾ അവരുൾകൊണ്ടിരുന്നു. തീപിടിച്ച നാളുകളിൽ, മതഭേദങ്ങൾക്കതീതമായി പരസ്പരം അഭയം നൽകുകയും, ദുഷ്ടശക്തികൾക്കെതിരെ കൈകോർത്ത് ഐക്യപ്പെടുകയും ചെയ്ത മഹനീയ പാരമ്പര്യം സൂക്ഷിക്കുയും ചെയ്ത ജനങ്ങൾ സാഹോദര്യം എന്ന ഉത്കൃഷ്ടമായ മൂല്യം, സമാധാനപൂർവ്വമായ ഒരു ജീവിതത്തിന് ഏറെ വിലപ്പെട്ടതാണ് എന്ന് ശരിയാം വണ്ണം തിരിച്ചറിഞ്ഞിരുന്നു.

സ്വാതന്ത്ര്യത്തിനു ശേഷവും ഭൂഉടമാ ബന്ധങ്ങളിലും സാമൂഹ്യഘടനയിലും കാതലായ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. 1939ൽ പാസാക്കിയ മലബാർ കുടിയാൻ നിയമവും തുടർന്നു വന്ന ഭേദഗതികളും കുടിയാന്മാർക്ക് പൂർണമായ കൈവശസ്ഥിരത നൽകാൻ പര്യാപ്തമായിരുന്നില്ല.

1957 ഏപ്രിൽ 12ന് ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് മന്ത്രിസഭ, ഉൾക്കുടിൽ അവകാശം സ്ഥാപിക്കുന്നതും, കുടിയൊഴിക്കൽ നിരോധിക്കുന്നതുമായ 'കേരള ഒഴിപ്പിക്കൽ നടപടി നിർത്തിവെക്കാൻ' നിയമം പാസാക്കി.

പത്തിൽ കുറഞ്ഞ ജന്മികുടുംബങ്ങളുടെ അധീനതയിലുള്ള ഭൂമിയുടെ ഒരു ഭാഗത്ത് കൂര കെട്ടി പാർക്കുന്നതിനും ആ ഭാഗത്തെ വസ്തു കൈവശം വെക്കുന്നതിനും ജന്മിയിൽ നിന്നും അനുവാദം കിട്ടിയിരുന്ന ഭൂരഹിതരായ പതിനായിരത്തോളം കുടികിടപ്പുകാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൈവന്നു. കാർഷിക - സാമ്പത്തിക - സാമൂഹ്യ മേഖലകളെ ഏറെ ചലനാത്മകമാക്കിയ ഈ പരിഷ്കാരത്തിന്റെ തുടർച്ചയെന്നോണം നിലവിൽ വന്ന ഭൂപരിഷ്കരണ നിയമം, കേരളീയ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും അടിസ്ഥാനപരവും വിപ്ലവകരവുമായ പരിവർത്തനങ്ങളുമുണ്ടാക്കി. 'കൃഷി ഭൂമി കൃഷിക്കാരന്' എന്ന തലമുറകളുടെ അഭിലാഷവുമാണ് പൂർത്തീകരിക്കപ്പെട്ടത്.

ജന്മിത്തമവസാനിപ്പിച്ച്, കൃഷിചെയ്യുന്ന കുടിയാന്മാരെ സ്വന്തം ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യത്തോടൊപ്പം ഭൂപരിധിനിർണ്ണയിച്ച്, കൃഷിക്കാരനല്ലാത്ത ഭൂരഹിതരായ കർഷക തൊഴിലാളികൾ ഉൾപ്പെടെയുള്ള മറ്റു സാമൂഹ്യവിഭാഗങ്ങളെക്കൂടി ഭൂമിയുള്ളവരാക്കുക എന്ന ലക്ഷ്യം കൂടി ഭൂപരിഷ്ക്കരണ നിയമത്തിന് ഉണ്ടായിരുന്നു. എന്നാൽ ഈ ലക്ഷ്യം ഏറെയൊന്നും പൂർത്തീകരിക്കപ്പെട്ടില്ല. 'നമ്മളു കൊയ്യും വയലെല്ലാം നമ്മുടതാകും പൈങ്കിളിയേ....' എന്ന് കിനാവ് കണ്ട അധ:സ്ഥിതരായ കർഷകതൊഴിലാളികളിൽ ഭൂരിഭാഗ വും ഇന്നും ആരാന്റെ ഭൂമികളിൽ വിയർപ്പൊഴുക്കുന്നവരാണ്.

പാണ്ടിക്കാട് പഞ്ചായത്തിലെ പരിധിയിൽ കവിഞ്ഞ ഭൂസ്വത്തുക്കളുള്ള ഭൂവുടമകൾ, നിയമാനുസൃതമായി വിട്ടുകൊടുത്തതിനാൽ, കിഴക്കൻ ഏറനാട് സ:കുഞ്ഞാലിയുടെ നേതൃത്വത്തിൽ നടന്ന മിച്ചഭൂമി പിടിച്ചെടുക്കൽ സമരം, കാര്യമായ രീതിയിൽ വേണ്ടിവന്നില്ല.

സമ്പത്തിന്റേയും സംസ്കാരത്തിന്റേയും സൗന്ദര്യത്തിന്റേയും യഥാർത്ഥ സൃഷ്ടാക്കളായ ജനങ്ങൾക്ക് അധികാരം കൈമാറ്റം ചെയ്യപ്പെടുന്ന നിർണ്ണായകമായ ഈ ചരിത്രസന്ധിയിൽ ചരിത്രത്തിന്റെ നിലവറകളിൽ നിന്ന് നൂറ്റാണ്ടുകളിലൂടെ കൈമാറി വന്ന ജനതയുടെ നാട്ടറിവുകളിൽ നിന്ന് ഏറെ പാഠങ്ങൾ നമുക്കുൾക്കൊള്ളാനുണ്ട്.

പാണ്ടിക്കാട് പഞ്ചായത്തിലെ ഭരണസമിതി ചരിത്രം

പാണ്ടിക്കാട് പഞ്ചായത്തിൽ ആദ്യമായി പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കുന്നത് 1958ലാണ്. പാണ്ടിക്കാട് വില്ലേജിലെ നികുതിദായകരെ വിളിച്ചു ചേർത്ത് വെപൊക്കി വോട്ടു ചെയ്താണ് ഭരണസമിതിയെ തിരഞ്ഞെടുത്തത്. കുടുമക്കാട് മനക്കൽ ശ്രീ. ശങ്കരൻ നമ്പൂതിരി പ്രസിഡൻറായി ഒമ്പതംഗ ഭരണസമിതി നിലവിൽ വന്നു. ഈ ഭരണസമിതിയുടെ കാലാവധി 1964ൽ അവസാനിച്ചു.

1964ൽ ശ്രീ. നീലകണ്ഠൻ മൂസ്സത് പ്രസിഡൻറായി രണ്ടാമത് ഭരണസമിതി നിലവിൽ വന്നു. 1979 വരെ ഈ ഭരണസമിതി ഭരണം തുടർന്നു.

1979 മുതൽ 1988 വരെ പഞ്ചായത്തിൽ സ്പെഷ്യൽ ഓഫീസർ ഭരണമാണ് നില നിന്നത്.

തുടർന്ന്, 1988 ജനുവരിയിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇ. ഹൈദ്രുവിന്റെ നേതൃത്വത്തിൽ 12 അംഗഭരണസമിതി നിലവിൽ വന്നു. '95 വരെ ഏഴു വർഷകാലം ഈ സമിതി ഭരണം തുടർന്നു.

പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ പി. രാധാകൃഷ്ണൻ പ്രസിഡൻറായ ഭരണസമിതി 1995 സെപ്തംബർ 28ന് അധികാരം ഏറ്റെടുത്തു. 14 അംഗഭരണസമിതിയിൽ ഒരംഗം രാജി വെച്ചിട്ടുണ്ട്.

4

ഭൂപ്രകൃതി - ജനപ്രകൃതി

ിലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിന്റെ കി
റ്റത്ത് കടലുണ്ടിപ്പുഴയും, കാക്കത്തോടും അതി
ിടക്കുന്ന കുന്നുകളും മലകളും നിറഞ്ഞ
ശമാണ് പാണ്ടിക്കാട്. ഒലിപ്പുഴ, വള്ളിയാർ പുഴ
സംഗമിച്ച് കടലുണ്ടിപുഴയായി രൂപാന്തരം പ്രാ
ുന്നത് പഞ്ചായത്ത് അതിർത്തിയിലാണ്. തൃശൂർ -
ർ ഹൈവേയും കോഴിക്കോട് - പാലക്കാട് ഹൈ
പാണ്ടിക്കാടിന്റെ ഹൃദയഭാഗത്ത് കൂടി കടന്നു
ന്നു.

ാംശം 10 ഡിഗ്രിക്കും 12 ഡിഗ്രിക്കും (വടക്ക്)
75 ഡിഗ്രിക്കും 77 ഡിഗ്രിക്കും (കിഴക്ക്)
ാണ് പാണ്ടിക്കാട് പഞ്ചായത്ത് സ്ഥിതി ചെയ്യു

ിക്കാട് പഞ്ചായത്തിന്റെ വടക്കും, പടിഞ്ഞാ
ത്തോടും കിഴക്ക് തുവ്വൂർ, കാളികാവ് പഞ്ചാ
ളും, തെക്ക് ഒലിപ്പുഴ, കടലുണ്ടിപുഴകളുമായി
57.22 ച.കി. മീറ്ററിലായി വ്യാപിച്ചുകിടക്കു

കൃതി അനുസരിച്ച് പഞ്ചായത്തിനെ 6 ആയി
രിക്കാം.

ലമ്പ്രദേശങ്ങൾ
ുത്തനെയുള്ള കുന്നിൻ ചെരിവുകൾ
ിതമായ ചെരിവുകൾ
ാഴ്വരകൾ
ീര സമതലങ്ങൾ
ലാശയങ്ങൾ

ിൽ ഓരോന്നിന്റെയും വിസ്തൃതി ചുവടെ
ുന്നു.

നമ്പർ	ഭൂപ്രകൃതി മേഖല	വിസ്തൃതി (ഹെക്ടർ)	ശതമാനം
1.	മലമ്പ്രദേശങ്ങൾ	240.3	4.2%
2.	കുത്തനെയുള്ളചരിവുകൾ	858.3	15%
3.	മിതമായ ചെരിവുകൾ	3061.8214	53.51%
4.	താഴ്വരകൾ	933.6	16.32%
5.	തീരസമതലങ്ങൾ	573.0	10.01%
6.	ജലാശയങ്ങൾ	55.0	0.96%

(അവലംബം - റവന്യൂരേഖകൾ പഠനപര്യടനം)

പാണ്ടിക്കാട് പഞ്ചായത്തിന്റെ 90% ഭാഗവും ലാറ്ററേറ്റ് മണ്ണും 10% എക്കൽ മണ്ണും ആണ്.

ജനപ്രകൃതി

ഇപ്പോഴത്തെ കണക്കനുസരിച്ച് പാണ്ടിക്കാട് പഞ്ചായത്തിന്റെ ജനസംഖ്യ 47767 ആണ്. ഇതിൽ 23406 പുരുഷന്മാരും 24361 സ്ത്രീകളുമാണ്.

1991ലെ കാനേഷുമാരി കണക്കനുസരിച്ച് പാണ്ടിക്കാട് പഞ്ചായത്തിലെ ജനസംഖ്യ 40721 ആണ്. ഇതിൽ 20222 പുരുഷന്മാരും 20499 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 277 സ്ത്രീകൾ കൂടുതലാണ്. മൊത്തം പഞ്ചായത്തിൽ 6531 വീടുകൾ ഉണ്ട്. ശരാശരി വീടൊന്നിന് 6.2 ആളുകൾ വീതമുണ്ട്. സംസ്ഥാന

ശരാശരി 5.6 ആണ്. ജനസാന്ദ്രത ച.കി. മീറ്ററിന് 714.2 ആണ്.

നിരക്ഷരുടെ നിരക്ക് വളരെ തുച്ഛമാണ്. പഞ്ചായത്ത് സാക്ഷരതാ നിരക്ക് 91% വരും. 15 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 22% എസ്.എസ്.എൽ.സി. പാസ്സായവരാണ്. ബിരുദധാരികൾ 240 പേരുള്ളപ്പോൾ ബിരുദാനന്തര ബിരുദം നേടിയവരും പ്രൊഫഷണൽ ബിരുദം നേടിയവരുമായി 77 ആളുകളുമുണ്ട്. സാങ്കേതിക വിദ്യാഭ്യാസം നേടിയവരുടെ എണ്ണം ബിരുദധാരികളെ അപേക്ഷിച്ച് വളരെ കുറവാണ് പഞ്ചായത്തിൽ. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം കൂടി വരുന്നുണ്ടെങ്കിലും പഠന നിലവാരം കുറഞ്ഞുവരുന്നു എന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. ഇത് മാറ്റിയെടുക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവണം.

ജനസംഖ്യയിൽ 27.55 ശതമാനം അതായത് 11219 ആളുകളാണ് ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിൽ 4921 പേർ ഭാഗികമായി മാത്രം തൊഴിൽ ഉള്ളവരാണ്. പുരുഷന്മാരിൽ 45.18 ശതമാനം ആളുകൾ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുമ്പോൾ സ്ത്രീകളിൽ 10.15 ശതമാനം മാത്രമാണ് തൊഴിലുകളിൽ ഏർപെടുന്നത്.

താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ച കണക്കുകൾ പരിശോധിക്കുമ്പോൾ പ്രത്യക്ഷമായി വരുമാനം നൽകുന്ന തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ് എന്നത് ഗൗരവമായ പ്രശ്നമാണ്. പഞ്ചായത്തിലെ മൊത്തം തൊഴിൽ മേഖലയെടുത്തു പരിശോധിക്കുമ്പോൾ കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. ഈ അടുത്ത കാലത്ത് കാർഷിക മേഖലയിൽ ഉണ്ടായി കൊണ്ടിരിക്കുന്ന പുത്തൻ പ്രവണതകൾ ഈ തൊഴിൽ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിരിക്കുന്നു.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പഞ്ചായത്തിൽ രൂക്ഷമായി നിൽനിൽക്കുന്നുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുകയും നിലവിലുള്ള തൊഴിൽ മേഖലയെക്കുറിച്ച് വ്യക്തമായ അവബോധം യുവജനങ്ങളിൽ വളർത്തിയെടുക്കുകയും വേണം. തൊഴിലിനെ സംബന്ധിച്ച ഇന്ന് സമൂഹത്തിൽ നിലവിലിലുള്ള കാഴ്ചപ്പാട് മാറ്റിയെടുക്കേണ്ടതാണ്.

ഒട്ടനവധി കർഷകസമരങ്ങളും സാമൂഹ്യ അനാചാരങ്ങൾക്കും യാഥാസ്ഥിതികബോധത്തിനുമെതിരായി നടന്ന നവോത്ഥാനസംരംഭങ്ങളും, എല്ലാറ്റിനുമുപരി കൃഷ്ണമായി അലയടിച്ച ദേശീയ വിമോചന സമരവും ഈ പ്രദേശത്തെ ജനങ്ങളിൽ ഉയർന്ന സാമൂഹ്യ ബോധവും, മതേതര മൂല്യങ്ങളിൽ ആഴത്തിൽ വേരോടിയ അവബോധവും സൃഷ്ടിച്ചിട്ടുണ്ട്. സഹോദര്യം കൊണ്ട് കോർത്തിണക്കപ്പെട്ട സംഘശക്തി, വിനാശകരമായ പല സന്ധികളെയും അഭിമാനകരമായി അതിജീവിച്ചിട്ടുണ്ട്.

പട്ടിക

തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ

നമ്പർ	തൊഴിൽ	പു.	സ്ത്രീ	മൊത്തം	ശതമാനം
1.	കൃഷിക്കാർ	1435	92	1527	13.7
2.	കർഷകതൊഴിലാളികൾ	3681	1240	4921	43.88
3.	മൃഗപരിപാലനം,മത്സ്യബന്ധനം	142	1	143	1.28
4.	ഖനനം, പാറപൊടിക്കൽ	104	11	115	1.02
5.	കുടിൽ വ്യവസായം	130	64	194	1.72
6.	കുടിലേതര വ്യവസായം	362	39	401	3.58
7.	കെട്ടിടം, റോഡുനിർമാണം	170	30	200	1.78
8.	വാണിജ്യം	672	17	689	6.14
9.	ഗതാഗതം, വാർത്താവിനിമയം	462	4	466	4.15
10.	മറ്റു സേവനങ്ങൾ	1402	232	1634	14.56
11.	മാർജിനൽ തൊഴിലാളികൾ	577	352	929	8.28
	ആകെ	9137	2082	11219	100%

(അവലംബം സെൻസസ് 1991)

5

ാമൂഹിക സാമ്പത്തിക മേഖലകൾ

1 കൃഷിയും ലുസേചനവും

കാർഷികഗ്രാമമാണ് പാണ്ടിക്കാട് പഞ്ചായത്ത്. പ്രദേശങ്ങൾ , തോടുകൾ, പുഴ എന്നിവയാൽ കിടക്കുന്ന താഴ്വരകൾ. തുടിയൻ മല, ചേല മല, മയ്യൻ മല എന്നീ മലകൾ, ചെറുകു പ്രദേശങ്ങൾ ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ്. ഹൻമാരുടെ വാക്കുകൾ കടമെടുത്താൽ) " പട്ടാളത്തിന്റെ താണ്ഡവം നേരിൽ കണ്ടും ിച്ചും അറിഞ്ഞവരുടെ പേരമക്കൾ വസിക്കുന്ന ദേശം.

ഞ്ചായത്തിലെ ആകെ 5722.0214 ഹെക്ടർ ുള്ളത്. വടക്ക് പടിഞ്ഞാറ്, കിഴക്ക് എന്നീ ഭാഗ ാണ് മലമ്പ്രദേശങ്ങളും തെക്ക് പടിഞ്ഞാറ് ഗങ്ങൾ ഏതാണ്ട് സമതല പ്രദേശങ്ങളുമാണ്. ത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചെറുതോടു ക്കത്തോട്, ഒലിപ്പുഴ എന്നിവയും തെക്ക് ഭാഗ ചില ചെറുതോടുകൾ വടക്കോട്ടും പിന്നീ പടിഞ്ഞാറോട്ടും ഒഴുകി കടലുണ്ടി പുഴയിൽ ുന്നു. പഞ്ചായത്തിലെ ഭൂഉടമകളിൽ കൂടുതലും കടിയിൽ താഴെ ഭൂമിയുള്ളവരാണ്. പട്ടിക 1.

ാഹരി കൃഷി ഭൂമി സംസ്ഥാനത്തിന്റേത് 0.07 ാണ്. പഞ്ചായത്തിന്റേത് സംസ്ഥാന ശരാശരി താഴെ നിൽക്കുന്നു. എന്നാൽ ആകെയുള്ള ടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റേത് 0.12 ണ്.

ായത്തിലെ ഭൂമികളിൽ ഭൂരിഭാഗവും വൻകിട ാരുടെ ഉടമസ്ഥതയിലായിരുന്നു. മഞ്ചേരി കോ കൂടമക്കാട് മന, എറിയാട് മന, കാവുങ്ങൽ ാട്ടിലകത്ത് മന, കറുകമണ്ണ ദേവസ്വം, ചെറുകര ദേവസ്വം, കൊടശ്ശേരി ദേവസ്വം, പട്ടിക്കാടൻ, അരീക്കര കോവിലകം, പട്ടിക്കാട് തൊടി എന്നിവരായിരുന്നു ഇവ രിൽ പ്രധാനികൾ.

പട്ടിക 1
ഭൂവുടമകളുടെ സ്ഥിതിവിവരം

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1	ഒരു ഹെക് ടറിൽ താഴെ	12006
2	1 ഹെക് ടറിനും 2 ഹെക് ടറിനുമിടയിൽ	1790
3	2 ഹെക് ടറിന് മുകളിൽ	340

നെൽകൃഷിയായിരുന്നു ആദ്യകാലങ്ങളിൽ കൂടുതൽ ശ്രദ്ധയും പരിചരണവും നൽകിയിരുന്നത്. ആകെ ഭൂമി യുടെ മുപ്പത് ശതമാനവും നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പല സവിശേഷതകളും ഉള്ള നാ ടൻ വിത്തിനങ്ങളാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. ആര്യൻ, മുണ്ടാട്ടൻ, കുമ്പളോൻ, ഓണാട്ടൻ. എണ്ണപ്പെട്ട, കറുത്തകുട്ടി, ചിറ്റേനി, ചെറുചീര, ചെറുവെള്ളരി, തവള ക്കണ്ണൻ എന്നിവയായിരുന്നു അതിൽ പ്രധാന വിത്തിന ങ്ങൾ (ഇതിൽ ആര്യൻ, എണ്ണപ്പെട്ട എന്നിവ നാമമാത്ര മായി ഇപ്പോഴും കൃഷി ചെയ്യുന്നു).

നിലങ്ങളിൽ വിളവെടുപ്പിനു ശേഷം കർഷകർ വീട്ടാ വശ്യത്തിനുള്ള പച്ചക്കറികൾ (ജലസേചന സൗകര്യമു ള്ള സ്ഥലങ്ങളിൽ ഉടമസ്ഥാവകാശം നോക്കാതെ അ ല്പാല്പം എല്ലാവർക്കുമായി വീതിച്ച്) വ്യാപകമായി കൃഷി ചെയ്തിരുന്നു. കൂടാതെ കരഭൂമികളിൽ, മോടൻ നെല്ല്, എള്ള്, ചാമ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നി വയും ധാരാളമായി കൃഷി ചെയ്തിരുന്നു.

ജീവിതത്തിന്റെ മുക്കാൽ പങ്കും മണ്ണിലദ്ധ്വാനി ക്കുന്ന ദരിദ്ര കർഷകർ തങ്ങളുടെ അദ്ധ്വാന ഫല ത്തിന്റെ ഏറിയ പങ്കും ജന്മിക്ക് പാട്ടമായി കൊടുക്കു

കയും ബാക്കി വരുന്നത് അടുത്ത വിളക്ക് വിത്തായി മാറ്റി വെക്കുകയും ചെയ്താൽ പലപ്പോഴും കല്ലറ, മന്നില, വൈക്കോൽ നെല്ല് എന്നിവ മാത്രമായിരുന്നു മിച്ചം. അതിനേക്കാൾ ദയനീയമായിരുന്നു കർഷക തൊഴിലാളികളുടെ സ്ഥിതി. അന്നന്ന് കൂലിയായി കിട്ടുന്ന നെല്ല് വറുത്ത് കുത്തി കഞ്ഞി വെച്ച് കുടിച്ചായിരുന്നു ഈ വിഭാഗം ജീവിച്ചിരുന്നത്. അതുകൊണ്ട് തന്നെ ഈ രണ്ടു വിഭാഗങ്ങളും പഞ്ഞമാസങ്ങളിൽ കാട്ടുകിഴങ്ങ്, മുളയരി, പനംപൊടി, താള് , കാട്ടുചേന, തകര മുതലായവ ആഹാരത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു.

ജലസേചനത്തിനുള്ള തോടുകൾ അതിരുകളിൽ കൈതവെച്ച് സംരക്ഷിക്കുകയും കൃഷിസ്ഥലങ്ങളിലേക്ക് ജലം തിരിച്ച് വിടുന്നതിനായി വാഴപിണ്ടി, വൈക്കോൽ, പനംപാത്തി, മുള എന്നിവ ഉപയോഗിച്ച് ബണ്ടുകൾ നിർമിക്കുകയും ചെയ്തിരുന്നു. കുളങ്ങളേയും മണ്ണിടിഞ്ഞു വീഴുന്നതിൽ നിന്ന് സശ്രദ്ധം സംരക്ഷിച്ചു പോന്നിരുന്നു. കുളം, ചെറുകിണർ, ചിറ എന്നിവയിൽ നിന്നുള്ള ജലസേചനത്തിന് ഏത്തം, പനംപോള, കയറ്റു കൊട്ട എന്നിവ ഉപയോഗിച്ചിരുന്നു. എലികളെ നശിപ്പിക്കുന്നതിനായി വെട്ടുകെണി, മുളംകുറ്റി എന്നിവ ഉപയോഗിച്ചിരുന്നു. ചാഴിക്കേടിന് മുറം വീശൽ,വെണ്ണീർ പറപ്പിക്കൽ തുണികൊണ്ടുള്ള വല ഉപയോഗിച്ച് കോരൽ, പനംപട്ട കൊണ്ട് വീശൽ എന്നിവയും യാഥാസ്ഥിതികരായ ചില കർഷകർ കടലാസിലും ചെമ്പുതകിടുകളിലും (എന്തോ ചിലത്) എഴുതി കൃഷിയിടങ്ങളിൽ തൂക്കിയിടുകയും ചെയ്തിരുന്നു. പുഴുവിനെ മുറം ഉപയോഗിച്ച് കോരുന്ന (വീശിപ്പിടിക്കുന്ന) രീതിയും ഉണ്ടായിരുന്നു.

തെങ്ങ്, റബർ, കമുങ്ങ്, കുരുമുളക് എന്നീ ദീർഘ കാല വിളവുകളോട് വേണ്ടത്ര ആഭിമുഖ്യം ഉണ്ടായിരുന്നില്ല. ഉടമസ്ഥാവകാശത്തിലുള്ള അസ്ഥിരതയും, കുഴിക്കാണം പോലുള്ള പാട്ടവ്യവസ്ഥകൾ നിലനിന്നിരുന്നതും ഇതിന് കാരണമായിരുന്നു. കാർഷിക ഉല്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം പാണ്ടിക്കാട്, മേലാറ്റൂർ, വണ്ടൂർ, വാണിയമ്പലം, പെരിന്തൽമണ്ണ, മഞ്ചേരി, പുന്നക്കാട്, അലനെല്ലൂർ എന്നീ ആഴ്ചചന്തകളായിരുന്നു. അക്കാലത്ത് ഗതാഗത സൗകര്യം വളരെ കുറവായിരുന്നു. പോത്തു വണ്ടികളിലും തലച്ചുമടായും ആയിരുന്നു വിപണന കേന്ദ്രങ്ങളിൽ ഉല്പന്നങ്ങൾ എത്തിച്ചിരുന്നത്.

ഭൂപരിഷ്ക്കരണം നടപ്പിലായതോടെ സ്വന്തമായി ഭൂമി ലഭിച്ച കർഷകർ വീടുവെക്കുന്നതിനും ദീർഘകാല വിളകളായ തെങ്ങ്, കമുങ്ങ് തുടങ്ങിയ നാണ്യവിളകൾ വ്യാപകമായി കൃഷിചെയ്യുന്നതിനും തുടങ്ങി. 1970ന് ശേഷം അത്യുല്പാദനശേഷിയുള്ള വിത്തുകളും രാസവളപ്രയോഗങ്ങളും നടപ്പിൽ വന്നു തുടങ്ങി. ജലസേചനത്തിന് വേണ്ടി പമ്പുസെറ്റുകൾ ഉപയോഗിക്കുവാനും കീടനിയന്ത്രണനത്തിന് കീടനാശിനി ഉപയോഗിക്കുവാനും തുടങ്ങി. ഹരിത വിവ്പവത്തിന്റെ ഭാഗമായ ഈ മാറ്റം പരമ്പരാഗത കൃഷി രീതിയിൽ വ്യതിയാനമുണ്ടാക്കി. കാർഷിക മേഖലയിൽ വിപ്ലവത്തിന്റെ ഗുണഫലങ്ങൾ ലഭിച്ചില്ലെന്ന് മാ ആയതിന്റെ ചില ദൂഷ്യഫലങ്ങൾ ഉളവാക്കുകയ്തു. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ യോഗം, അമിത രാസവള കീടനാശിനി പ്രയോഗ ന്നിവ ജൈവവളങ്ങളുടെ ഉപയോഗത്തിൽ നി അന്യവൽകരണത്തിന് കാരണമായി. ജലസേച നായി കാര്യമായ പദ്ധതികൾ ആവിഷ്ക്കരിക്ക ന്നത് മൂലം ഫലത്തിൽ മഴയെ ആശ്രയിച്ച് മാത്ര ആധുനിക കൃഷിരീതികൾ കൃഷി, ജലസേചനം, സംരക്ഷണം തുടങ്ങിയ പ്രോത്സാഹിപ്പിക്കേണ്ട വ കൾ തമ്മിലുള്ള ഏകീകരണമില്ലായ്മയും ഈ മേഖലകളിലും ലക്ഷ്യ പൂർത്തീകരണത്തിൽ പിറകോട്ടടി സൃഷ്ടിച്ചു.

ഭൂമികൾ ചെറു തുണ്ടുകളായി മാറ്റിയതും കാ വിളകളെ പ്രത്യേകിച്ചും നെൽകൃഷിയെ ഒരു വരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 1975ന് ഗൾഫ് പണത്തിന്റെ ആവിർഭാവത്തോടുകൂടി മു മുറ പട്ടിണികിടന്നും കഷ്ടപ്പെട്ടും നൂറുകണക്കിന് ഴിൽ ദിനങ്ങൾ ചിലവഴിച്ചുണ്ടാക്കിയതും നെൽ നടത്തിയിരുന്ന വയലുകൾ കെട്ടിടനിർമ്മാണ ങ്ങൾക്കു വേണ്ടിയും നാണ്യവിളകളുടെ കൃഷിക്ക ണ്ടിയും വ്യാപകമായി നികത്താൻ തുടങ്ങിയതോ നെൽവയലുകളുടെ വിസ്തൃതി കുറയാൻ തുടങ്ങി ഷിക വൃത്തിയിൽ കൂടുംബവിഹിത അദ്ധ്വാനം കു തും, കർഷകർക്ക് സമൂഹത്തിലുണ്ടായിരുന്ന കു കുറഞ്ഞു വന്നതും, ഉല്പാദന ചിലവിൽ വന്ന വർദ്ധനവും തൽഫലമായി ഉല്പാദനത്തിൽ വന്ന കുറവും വയലുകൾ നികത്തിയെടുക്കുന്നതിനുള്ള ണങ്ങളിൽ ചിലതാണ്. നിർമ്മാണമേഖലയിൽ തൊ സാദ്ധ്യത കൂടിയതും മറ്റു മേഖലകളെ അപേ കാർഷിക മേഖലയിൽ പണിയെടുക്കുന്നവർക്കുള്ള തനത്തിലെ കുറവും കാർഷിക മേഖലയോട് ളുടെ മനോഭാവത്തിൽ വന്ന മാറ്റവും, വെള്ളക്കോ ജോലി സങ്കല്പത്തോടെയുള്ള വിദ്യാഭ്യാസ പുരോ യും കാർഷിക മേഖലയിൽ ജോലി ചെയ്യാൻ ലാളികളെ കിട്ടാത്ത സ്ഥിതിയുമുണ്ടാക്കിയിട്ടുണ്ട് മുണ്ടോൻ എന്ന കൃഷിയുടെ ആവിർഭാവത്തോടെ നെൽകൃഷിയുമായി ബന്ധപ്പെട്ട് ജോലി ചെയ്തി തൊഴിലാളികൾക്ക് വമ്പിച്ച രീതിയിൽ തൊഴിൽ ന സംഭവിച്ചതോടെ കർഷകതൊഴിലാളികൾ മറ്റു തേടി പോവേണ്ടിവന്നു. അതോടുകൂടിയാണ് കാർഷ മേഖലയിലെ തൊഴിലാളി ദൗർലഭ്യമെന്ന ദുഃഖ രൂപം കൊണ്ടത്.

1972കളിൽ പഞ്ചായത്തിലെ നെൽവയലുകൾ

വിസ്തൃതി 4000 ഏക്കർ ആയിരുന്നത് ഇപ്പോൾ 2306 ഏക്കറായി കുറഞ്ഞു. കൃഷിയുമായി ബന്ധപ്പെട്ട കുളങ്ങൾ, തോടുകൾ എന്നിവ യഥാസമയങ്ങളിൽ സംരക്ഷിച്ചു പോന്നിരുന്ന സ്ഥിതിക്കും മാറ്റമുണ്ടായി. പഞ്ചായത്തിൽ നിലവിലുള്ള തോടുകളും ധാരാളം കുളങ്ങളും വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടാത്തതിന്റെ പേരിൽ മണ്ണിടിഞ്ഞ് തൂർന്ന് ഉപയോഗശൂന്യമായി കൊണ്ടിരിക്കുകയാണ്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ഉയർന്ന പ്രദേശം, കുത്തനെയുള്ള ചരിവ്, മിതമായ ചരിവ്, താഴ്വരകൾ, പുഴ, തോടുകൾ എന്നിങ്ങനെ തരം തിരിക്കാം.

പട്ടിക 2.
ഭൂപ്രകൃതി

നമ്പർ	ഭൂപ്രകൃതി	വിത്തൃതി ഹെക്ടറിൽ	ശതമാനം
1.	താഴ് വരകൾ	1506.6	26.33%
2.	ഉയർന്ന പ്രദേശം	240.3	4.2%
3.	കുത്തനെയുള്ള ചരിവ്	858.3	15%
4.	മിതമായചരിവുകളുള്ള കുന്ന്	3061.824	53.51%
5.	പുഴ, തോട്	55	.96%

പഞ്ചായത്തിലെ മിക്കഭാഗങ്ങളിലും ചെങ്കൽ കലർന്ന ചെമ്മണ്ണാണുള്ളത്. പുഴയോരങ്ങളിൽ വളരെ കുറച്ച തോതിലും ചിലയിടങ്ങളിൽ വളരെ മോശമായ രീതിയിലും എക്കൽ മണ്ണ് കാണപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളിലും കുത്തനെയുള്ള ചരിവിലും ഒരു വിഭാഗം ആളുകൾ മിതമായ ചരിവിലും റബർ കൃഷി ചെയ്തു വരുന്നു. മിതമായ ചെരിവും മറ്റു പ്രദേശങ്ങളിലും കൊക്കോ, കമുങ്ങ്, കുരുമുളക്, വാഴ എന്നിവയും, സമതല പ്രദേശങ്ങളിൽ നെല്ല്, വാഴ എന്നിവയും കൃഷി ചെയ്തു വരുന്നു. കൃഷി എന്ന രീതിയിലുള്ള പരിചരണത്തോടെയല്ലെങ്കിലും കശുമാവും കൃഷി ചെയ്തു വരുന്നു.

പട്ടിക 3.

നമ്പർ	മണ്ണ്	ശതമാനം	ഹെക്ടർ
1.	ലാറ്ററേറ്റ്	90%	5149
2.	എക്കൽ മണ്ണ്	10%	573

വർദ്ധിച്ചു വരുന്ന അശാസ്ത്രീയമായ രാസവളപ്രയോഗം, മണ്ണൊലിപ്പ് എന്നിവ മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണപ്പെടുന്നത്. കൃഷി ഭവൻ രേഖ പ്രകാരം മുൻ കാലങ്ങളിൽ പി.എച്ച്. 5 മുതൽ 5.5 വരെ ആയിരുന്നത് 95-96 ആയപ്പോഴേക്കും 4.5 മുതൽ 5 വരെ ആയി കുറഞ്ഞ ഒരവസ്ഥയാണുള്ളത്. ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും റബ്ബർ, തെങ്ങ്, കശുമാവ് എന്നിവയും താഴ്ന്ന പ്രദേശങ്ങളിൽ നെല്ല്, മരച്ചീനി, കുരുമുളക്, തെങ്ങ് എന്നിവയും ആണ് കൃഷി ചെയ്യുന്നത്.

വളം : കീടനാശിനി

പഞ്ചായത്തിൽ സഹകരണ മേഖലയിൽ 6ഉം സ്വകാര്യ മേഖലയിൽ 3ഉം അടക്കം 9 രാസവള ഡിപ്പോകൾ ഉണ്ട്. കൃഷി ആവശ്യങ്ങൾക്കായി 75 ശതമാനത്തിൽ അധികവും ഉപയോഗിച്ചു വരുന്നത് രാസവളങ്ങൾആണ്. 25% ത്തോളം ജൈവവളങ്ങൾ ഉപയോഗിക്കുന്നുണ്ട്. വേണ്ടത്ര ശാസ്ത്രീയമായ രീതിയിലല്ല രാസവളപ്രയോഗം നടത്തുന്നത് എന്നതുകൊണ്ട് തന്നെ അനാവശ്യമായി ധാരാളം വളം നഷ്ടപ്പെട്ടു പോവുകയും കൃഷിക്കാർക്ക് ഉല്പാദനചിലവ് വർദ്ധിക്കുകയും ചെയ്യുന്നു. കമ്പോസ്റ്റ് വളത്തിന്റെ ഉല്പാദനവും ഉപയോഗവും അത്യപൂർവ്വമായേ കാണപ്പെടുന്നുള്ളു. രാസവളത്തിന്റെ അമിത ഉപയോഗം, മണ്ണ് പരിശോധനയ്ക്ക് വിധേയമാക്കാതിരിക്കൽ, പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗത്തിന്റെ അപര്യാപ്തത, മണ്ണൊലിപ്പ് തടയുന്നതിലുള്ള അശ്രദ്ധ എന്നിവ മണ്ണിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിച്ചുതുടങ്ങിയിരിക്കുന്നു.

കീടനിയന്ത്രണത്തിനും കീടനാശിനി ഉപയോഗിക്കുക എന്ന ഒരു പ്രതിവിധി മാത്രമെ കർഷകർ അനുവർത്തിച്ചു പോരുന്നുള്ളു. ഇത് ശാസ്ത്രീയമായ രീതിയിലും ആവശ്യമായ അളവിലും അല്ല ഉപയോഗിക്കുന്നത്. കീടങ്ങളെ മനസ്സിലാക്കി, മരുന്ന് തളിക്കേണ്ടവയോ അല്ലാത്തവയോ എന്ന വിലയിരുത്തലുകൾ നടത്തുന്നില്ല. അമിതമായ അളവിലും അനാവശ്യമായും ഉള്ള കീടനാശിനികളുടെ ഉപയോഗം മൂലം വിളകൾക്കും, ഭക്ഷിക്കുന്ന മനുഷ്യരുടെ ആരോഗ്യത്തിനും ദോഷം സംഭവിക്കാനുള്ള സാദ്ധ്യത വേണ്ടത്ര കർഷകർക്ക് ബോദ്ധ്യപ്പെട്ടതായി തോന്നുന്നില്ല.

പട്ടിക 4 (എ)
രാസവളം

ഡിപ്പോ	1993-94	94-95	95-96
സഹകരണമേഖല	248ടൺ	256ടൺ	284ടൺ
സ്വകാര്യ മേഖല	184ടൺ	190ടൺ	204ടൺ

പട്ടിക 4 (ബി)
കീടനാശിനി - ദ്രവം

സഹകരണ മേഖല	1993-94	94-95	95-96
	–	–	–
സ്വകാര്യ മേഖല	120ലി.	128ലി.	135ലി

പട്ടിക 4 (സി)
കീടനാശിനി - ഖരം

	1993-94	94-95	95-96
സ്വകാര്യ ഡിപ്പോ	160 k.g	168 k.g.	176 k.g.

കാർഷികോപകരണങ്ങൾ: ആധുനിക കാർഷികോപകരണങ്ങളുടെ ഉപയോഗത്തിൽ കർഷകർ വേണ്ടത്ര മുമ്പോട്ടു പോയിട്ടില്ല. ഇതിന്റെ വിലകൾ കൃഷിക്കാർക്ക് താങ്ങാനാവുന്നില്ല എന്നതു തന്നെയാണ് പ്രധാനകാരണങ്ങളിലൊന്ന്. യന്ത്രങ്ങൾ വയലിലെത്തിക്കാൻ കഴിയാത്ത സ്ഥിതിയും രൂക്ഷമാണ്. മിക്ക വയലുകളിലേക്കും വഴി സൗകര്യങ്ങളില്ലാത്ത സാഹചര്യമാണുള്ളത്. പാരമ്പര്യമായി ഉഴാൻ ഉപയോഗിക്കുന്ന പൂട്ടുകന്നിന്റെ എണ്ണവും കുറഞ്ഞുവരുന്നു.

ട്രില്ലർ	:	2
റോക്ക് സ്പ്രെയർ	:	29
നാപ്സ്ക്ക് സ്പ്രെയർ	:	60
തെങ്ങുകയറ്റ യന്ത്രം	:	4

എന്നിവയാണ് പഞ്ചായത്തിൽ കൃഷിഭവന്റെ അറിവോടുകൂടിയുള്ള കാർഷികോപകരണങ്ങൾ. ഉഴവിനുപയോഗിക്കുന്ന 103 ജോഡി കന്നുകളേ പഞ്ചായത്തിലുള്ളു.

പാടശേഖരസമിതി

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ യോജിപ്പിച്ചുകൊണ്ട് എട്ട് പാടശേഖരസമിതികൾ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇവയൊന്നും വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല പ്രവർത്തിപ്പിക്കുന്നത്. 'ഉല്പാദന ബോണസ്' എന്ന രീതിയിലേക്ക് നമ്മുടെ പാടശേഖര സമിതികൾ ചുരുങ്ങി പോവുന്നോ എന്ന് ഭയപ്പെടുന്നു. ഗ്രൂപ്പ് ഫാമിങ്ങിന്റെ പ്രാധാന ലക്ഷ്യങ്ങളായ ഉല്പാദനം വർദ്ധിപ്പിക്കുക, ഉല്പാദന ചെലവ് കുറക്കുക എന്നിവക്കായുള്ള പൊതു ഞാറ്റടി, ഒരേതരം വിത്തിന്റെ ഉപയോഗം, കാർഷിക വൃത്തികൾ സംയുക്തമായി നടന്നാൽ ഒരുമിച്ചുള്ള വളപ്രയോഗം, കീടനാശിനി തളിക്കൽ എന്നിവ സ്വീകരിക്കപ്പെടുന്നില്ല.

കാർഷിക വൃത്തി

കാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം പഞ്ചായത്തിൽ കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. പഞ്ചായത്തിൽ 8620 കുടുംബങ്ങൾ ഉള്ളതിൽ 700ൽ താഴെ കുടുംബങ്ങൾ മാത്രമെ കൃഷി ആശ്രയിച്ച് ജീവിക്കുന്നവരായുള്ളു കർഷക തൊഴിലാളികളായി.3681 പുരുഷന്മാരും 1240 സ്ത്രീകളും അടക്കം ആകെ 4921 പേരാണ് പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന്മാരുടേത് 75 രൂപയും സ്ത്രീകളുടേത് 50 രൂപയുമാണ്. ഒരു ഏകീകൃത കൂലി നിരക്കല്ല പഞ്ചായത്തിൽ കർഷകതൊഴിലാളികൾക്കുള്ളത്.

ധനകാര്യ സ്ഥാപനങ്ങൾ

അഞ്ച് സഹകരണ സ്ഥാപനങ്ങൾ അടക്കം ഏഴു ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ബാങ്കുകൾ വിവിധ കാർഷിക വായ്പകൾ നൽകുന്നുണ്ടെങ്കിലും നെൽകൃഷി ചെയ്യുന്ന കർഷകരെ സഹായിക്കാൻ മുതിരാത്ത ഒരു സ്ഥിതിയാണുള്ളത്. പ്രത്യേകിച്ചും ഗ്രാമീണ ബാങ്കു പോലുള്ളവയെ നെൽകൃഷികാർക്ക് വായ്പ നൽകി സഹായിക്കുന്ന തരത്തിലേക്കു മാറ്റിയെടുക്കാൻ ശ്രമിക്കേണ്ടത് വളരെ അത്യാവശ്യമാണ്. വിവിധ കാർഷിക ആവശ്യങ്ങൾക്കായി വാങ്ങിക്കുന്ന വായ്പാതുക കർഷകർ മറ്റു ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും തൽഫലമായി തിരിച്ചടക്കാൻ കഴിയാത്ത സ്ഥിതിയും പഞ്ചായത്തിൽ വ്യാപകമായി കണ്ടു വരുന്നു.

1.	എസ്.എം. ജി. ബാങ്ക്	3974648
2.	ഫെഡറൽ ബാങ്ക്	17657
3.	ചെമ്പ്രശ്ശേരി S.C.B	1000000
4.	വെട്ടിക്കാട്ടിരി S.C.B.	435403
5.	ജില്ലാ സഹകരണ ബാങ്ക്	–
6.	കരുവാരകുണ്ട് S.C.B	462753
7.	നിലമ്പൂർ C.U.B	462753

ജലസേചനം

പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിയും മഴയെ ആശ്രയിച്ച് മാത്രമാണ് നടത്തി പോരുന്നത്. ഏകദേശം 70 കി.മീ. നീളമാണ് ആകെയുള്ള 11 ഓളം തോടുകൾക്കും കൂടിയുള്ളത്. പഞ്ചായത്തിലുള്ള പുഴക്ക് 10 കി.മീ. ഓളം നീളം വരും. തോടുകളിൽ ഇപ്പോൾ നിലവിലുള്ള ചിറ്റുകൾ കൃഷിക്ക് വേണ്ടത്ര പ്രയോജനകരമല്ല. കൃഷിക്കാർ തോടുകളിൽ തടയണകെട്ടി ജലസേചനത്തിന് വളരെ ചെറിയ തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. തോടുകളിൽ നാല് ചെക്ക് ഡാമുകളാണ് നിലവിലുള്ള

ിലവിലുള്ള തോടുകൾ എല്ലാം തന്നെ വേനൽകാ
് വറ്റുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. പഞ്ചായ
ത്തിർത്തിയിലൂടെ ഒഴുകുന്ന ഏക പുഴയായ 'ഒലി
പ്പുഴയിലൂടെ ധാരാളം വെള്ളം തടയണകളുടെയും അ
ുടെയും അഭാവം മൂലം കൃഷിക്ക് ഉപയോഗപ്പെടു
ത്തി കഴിയാതെ പാഴായി പോവുകയാണ്. പിന്നീട്
സേചനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്ന മ
റ്റു ജലസ്രോതസ്സ് കുളങ്ങളാണ്. പഞ്ചായത്ത് വക
ും ഏറ്റെടുക്കാൻ കഴിയുന്നവയായും സ്വകാര്യ വ്യ
ക്തികളുടേയും അധീനത്തിലുള്ളവയായും മൊത്തം കു
ളങ്ങളുടെ എണ്ണം 89 ആണ്. കുഴൽ കിണറുകൾ 32
എണ്ണമാണ് പഞ്ചായത്തിലുള്ളത്. ഇവ പൂർണ്ണമായും
കുടിവെള്ളത്തിന് ഊന്നൽ നൽകി കൊണ്ട് സ്ഥാപിച്ച
തുമാണ്.

പട്ടിക 6
ലോഗികമായോ പൂർണ്ണമായോ റിപ്പയർ ചെയ്യപ്പെടേണ്ട കുളങ്ങളുടെ പേരുകൾ
(അവലംബം ഗ്രാമസഭ നിർദ്ദേശം)

കാക്കുളം
തീരട്ടിക്കുളം
പുന്നാട്ടിൽക്കുളം
വടക്കും പുറം പുത്തൻകുളം
പെരുംകുളം
പെരുപുല്ല് മേലാകുളം
തൂശ്രിയാട്ടുകുളം
പുളിക്കൽ പോയിൽ കുളം
കണ്ണം കോട്ടിൽ കുളം
മണ്ണാത്തിചോലക്കുളം
ചക്ക്ങ്ങകുളം - ആലിക്കുളം
മുണ്ടർ കുളം
പുത്തൻ കുളം
കക്കുളം
കല്ലംകുഴികുളം
അയ്യപ്പൻ കുളം
മൊയ്തുണ്ണി കുളം
മാങ്ങാട്ടു കുളം
കാരാട്ടുകുളം ചോല
ചീനിക്കാക്കുഴി ചോല
നൂറാംപാറകുളം
മുതിരികുണ്ട് കുളം
കോലായി കുളം
കാട്ടിൻ ചോല കുഴങ്ങോട്ട് കുളം
ചോലക്കുളം വള്ളിക്കാപറമ്പ്
പുഴാക്കുളം
ചക്കിങ്ങൽ കുളം
പാറകണ്ണികുളം
കോലോത്ത് കുളം
കുന്നുമ്മൽ വലിയകുളം
കാങ്ങാപറമ്പ് ചോലക്കുളം
നെല്ലിക്കുളം
പാറക്കുളം
ചോലക്കുളം
കാളംകാവ് കുളം
തുടിക്കോട്ടു കുളം
ആനക്കോട്ടുകുളം
ചിത്രത്ത് കുളം
മന്തൻ കുളം
മണ്ണത്താം കുളിച്ച കുളം
ചേലാട്ട് കുന്ന് കുളം
തുറക്കൽ കുളം
കാഞ്ചി കുളം
തോട്ടിയം കുളം
പൂവച്ചോല കോളനി കുളം
ത്രാഞ്ചികുളം
മഠത്തിൽ കുളം
വിലങ്ങം പൊയിൽ കുളം

പുതുതായി നിർമ്മിക്കേണ്ടവ:
ചക്കിങ്ങൽ പാടം കുളം
എറിയാട് കുളം
ആലിങ്ങൽ കുളം
കക്കുളം പാടം

പട്ടിക 7.
ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

നമ്പർ	ആസ്തികൾ	കി.മീ./എണ്ണം
1.	ഒലിപ്പുഴ, കടലുണ്ടിപുഴ	10 കി.മീ.
2.	തോട്/അരുവി	70 കി.മീ.
3.	കുളം	89 എണ്ണം
4.	ചെക്ക് ഡാം	4 എണ്ണം
5.	കുഴൽ കിണർ	32 എണ്ണം
6.	തീരപ്രദേശം	573 ഹെക്ടർ

കൃഷിഭവൻ

1987 സെപ്തംബർ 1നാണ് പഞ്ചായത്തിൽ കൃഷിഭവൻ തുറന്ന് പ്രവർത്തനം ആരംഭിച്ചത്. 1983ൽ അന്നുവരെ നിലവിലുണ്ടായിരുന്ന ഏലാഓഫീസിന്റെ പ്രവർത്തനം നിലച്ചു. അതിനു ശേഷം A.D.U.എന്ന പേരിലൊരു സംവിധാനം നിലവിലുണ്ടായിരുന്നു എന്നു പറഞ്ഞു കേൾക്കുന്നവരല്ലാതെ അതിന്റെ രുചിയറിഞ്ഞവരായി ആരെയും കണ്ടുകിട്ടിയിട്ടില്ല. നിലവിലുള്ള കൃഷിഭവന്റെ ഗുണം പരിമിതമായ കർഷകർക്കേ ലഭിക്കുന്നുള്ളു. കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്ന വളം, വിത്തുകൾ, തൈകൾ എന്നിവ പഞ്ചായത്തിലെ കാർഷിക കാലവസ്ഥക്കനുയോജ്യമായ തരത്തിലല്ല പലപ്പോഴും ലഭിക്കാറ്. യഥാസമയത്ത് നടേണ്ട വിത്തുകളും തൈകളും സർക്കാർ ചട്ടങ്ങൾ പാലിക്കപ്പെടുന്നതിനുള്ള കാലവിളംബം കാരണം മൂല്യശോഷണം പറ്റിയോ, ഉപയോഗിക്കാൻ കഴിയാത്ത സമയത്തോ ആയിരിക്കും കർഷകരുടെ കൈകളിലെത്തുക.

കൃഷിഭവന്റെ സേവനം എല്ലാ തരം കൃഷിക്കാർക്കും ലഭ്യമാക്കുക. യഥാസമയങ്ങളിലാണ് കൃഷിഭവന്റെ ആനുകൂല്യങ്ങളും മറ്റു പ്രവർത്തനങ്ങളും നടക്കുന്നത് എന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യത്തോടെ സർക്കാർ തലത്തിൽ തന്നെയുള്ള ചില തീരുമാനങ്ങളോടെ ഇന്നത്തെ രീതി മാറ്റേണ്ടതുണ്ട്. ഉല്പാദന ബോണസ് വിതരണം, സബ്സിഡി വിതരണം എന്നീ രീതികളിൽ കൃഷിഭവനുകളുടെ പ്രവർത്തനം ചുരുങ്ങിപോവുന്നോ എന്ന് പോലും തോന്നുന്ന ഒരവസ്ഥയാണിന്നുള്ളത്.

പഞ്ചായത്തിൽ നിലവിലുള്ള കൃഷിഭവനിൽ ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റൻറുമാരുമാണ് നിലവിലുള്ളത്. വേണ്ടത്ര സൗകര്യങ്ങളോടെയല്ല ഈ ഓഫീസിന്റെ സ്ഥിതി എന്നും പറയാതെ വയ്യ.

നെല്ല്

നാൾക്കുനാൾ ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയും, ദിനംപ്രതിയന്നോണം കൃഷിയിടത്തിന്റെ വിസ്തൃതിയും അതുവഴി ഉല്പാദനത്തിന്റെ അളവും കുറഞ്ഞുവരുന്നതുമായ ഈ വീളവിനെ എന്തു ത്യാഗം ചെയ്തും രക്ഷിക്കേണ്ടിയിരിക്കുന്നു. ആന്ധ്ര, പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങളിൽ നിന്ന് ലോറിവന്നില്ലെങ്കിൽ കയ്യിലുള്ള 'കറൻസി' നോക്കി കണ്ണു നിറക്കേണ്ട സ്ഥിതിയാണുള്ളത്. പഞ്ചായത്തിലെ ആകെയുള്ള വയലുകൾ എങ്ങിനെ ഉപയോഗപ്പെടുത്തിയാലും ആവശ്യമുള്ള അരി ലഭിക്കില്ല എന്നുള്ളത് ഒരു വസ്തുതയാണെങ്കിലും പരമാവധി ഉല്പാദനം വർദ്ധിപ്പിക്കേണ്ടിടത്തേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു.

നെൽകൃഷിയുടെ ഉല്പാദനക്ഷമത പഞ്ചായത്തിലേത് നാടൻ വിത്തിനങ്ങൾ ഹെക്ടറിന് 1800 കി. ഗ്രാമും സങ്കരയിനം വിത്തിനങ്ങൾ ഹെക്ടർ ഒന്നിന് 3500 മുതൽ 3800 വരെ കി.ഗ്രാമുമാണ്. സങ്കരയിനം വിത്തിനങ്ങളാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്തു വരുന്നത്. ജ്യോതി, ഐശ്വര്യ, ത്രിവേണി, പവിഴം, ജയ, കർച്ചർ എന്നിവയാണ് കൃഷിക്കാർ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പ്രധാന വിത്തിനങ്ങൾ. ഈ വർഷം കൃഷി ഭവനിലൂടെ ജ്യോതി 700 കി.ഗ്രാം ഐശ്വര്യ 100 കി.ഗ്രാം എന്നീ വിത്തിനങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

ചില വയലുകളിൽ മുൻകാലങ്ങളിലെല്ലാം പുഞ്ച കൃഷി എന്ന പേരിൽ മൂന്നാം വിളയായി നെല്ല് ഉദ്പാദിപ്പിച്ചിരുന്നു. ഇപ്പോൾ രണ്ടു വിളവെടുപ്പിനുള്ള സൗകര്യം തന്നെ കുറഞ്ഞു വരികയാണ്. ധാരാളം മഴ ലഭിക്കുന്ന ഈ പഞ്ചായത്തിലെ മഴവെള്ളത്തെ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. പല വയലേലകളും വർഷകാലത്ത് നിയന്ത്രിക്കാനാവാത്ത വിധം വെള്ളം കേറുകയും വരമ്പുകൾ പൊട്ടി കൃഷിനാശം സംഭവിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഇതേ വയലുകളിൽ തന്നെ വേനൽകാലത്ത് വരൾച്ചമൂലമുള്ള കെടുതികളും അനുഭവപ്പെടുന്നു. ഈ പ്രശ്നം ആസൂത്രിതവും ശാസ്ത്രീയവുമായി ജല നിയന്ത്രണത്തിന്റെ ആവശ്യകത കൂടി നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

നെൽവയലുകളെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന മറ്റൊരു പ്രശ്നം ജൈവവളത്തിന്റെ അഭാവമാണ്. മുൻകാലങ്ങളിൽ തോലുവെട്ടൽ, ചിന്നൽ, തോലുതാഴ്ത്തൽ, വളം കോരൽ എന്നിവയൊക്കെ വയലുകളിൽ നിന്ന് കേട്ടിരുന്ന സ്ഥിരം പ്രയോഗങ്ങളായിരുന്നു. (പച്ചില വളം 'തോല്' എന്ന പേരിൽ) ധാരാളം പച്ചിലവളവും, ചാണകവും വയലുകളിൽ ഉപയോഗിച്ചിരുന്ന സ്ഥിതി ഇപ്പോൾ അപൂർവ്വമായേ കാണുന്നുള്ളു. ഇപ്പോൾ യൂറിയ, പൊട്ടാഷ്, 20:20 എന്നൊക്കെയാണ് വയൽ ഭാഷകൾ.

നെൽകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ:

- ★ ഉല്പാദന ചെലവിൽ വന്ന വർദ്ധനവ്
- ★ കാലവർഷ വ്യതിയാനങ്ങൾ
- ★ കാർഷിക വൃത്തിയോടുള്ള താൽപര്യക്കുറവ്
- ★ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം സ്ഥലജല മാനേജ്മെൻറിന്റെ അപര്യാപ്തത സാങ്കേതിക സൗകര്യങ്ങൾ, നിലവിലുള്ള വിഭവങ്ങൾ എന്നിവ ചൂഷണം ചെയ്യുന്നതിലുള്ള അജ്ഞത, അപര്യാപ്തത
- ★ തൊഴിലാളികളുടെ എണ്ണക്കുറവ്
- ★ ജലദൗർലഭ്യം

പട്ടിക 8.

വിള വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

...ണർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
നെല്ല്	ഒന്നാം വിള	370
നെല്ല്	രണ്ടാം വിള	410
നെല്ല്	മൂന്നാം വിള	Nil
തെങ്ങ്	ദീർഘകാല വിള	450.2

തെങ്ങ്

...പഞ്ചായത്തിലെ മുഖ്യവിളകളിൽ ഒന്നാണ് തെങ്ങ്. ...ദേശം 450 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ...യുന്നു. ഏറ്റവും കൂടുതലായി നാടൻ വിത്തിനങ്ങ ...ാണ് കൃഷി ചെയ്യുന്നത്. സങ്കരയിനം വിത്തുകളായി ...D, DxT, എന്നീ ഇനങ്ങളും കൃഷി ചെയ്യുന്നു. സം ...ാന ഉല്പാദന ക്ഷമതയേക്കാൽ താഴെയാണ് നിലവി ...ൽ ഉല്പാദനക്ഷമത. അശാസ്ത്രീയമായ നടീൽക്രമം, ...പയോഗം, രോഗനിയന്ത്രണത്തിലുള്ള അശ്രദ്ധ, ജല ...ചനമില്ലായ്മ എന്നിവയാണ് ഉല്പാദനക്ഷമതയുടെ ...കോട്ടടിക്ക് പ്രധാന കാരണങ്ങൾ. നാളികേരത്തി ...ന് വിലക്കുറവാണ് കേര കർഷകരെ ബാധിക്കുന്ന ...ാന പ്രശ്നങ്ങളിലൊന്ന്. കർഷകർ നാളികേരം മൊ ...ക്കുവടക്കാർക്ക് തോട്ടങ്ങളിൽ വെച്ച് കൊടുക്കുന്ന ...സമ്പ്രദായമാണ് നിലവിലുള്ളത്. അതുകൊണ്ട് ത ...ലഭ്യമാവുന്ന വില പലപ്പോഴും കുറവു വരുന്നു. ...ഡ്രിപ്പ് ഇറിഗേഷൻ പോലുള്ള സംവിധാനം ഏർപെ ...ടുത്തിയും, മറ്റു രീതികൾ അവലംബിച്ചും തെങ്ങുകൾക്ക് ...ലഭ്യത ഉറപ്പുവരുത്തികൊണ്ടും മണ്ണുപരിശോധന ...വുള്ള കാര്യങ്ങൾ ചെയ്ത് ശാസ്ത്രീയ രീതിയിൽ ...പ്രയോഗം നടത്തിയും ഉല്പാദനം വർദ്ധിപ്പിക്കാൻ ...ടുത്തുന്നതാണ്. ധാരാളം കൃത്രിമ പാനീയം വിറ്റഴിക്ക ...പ്പെടുന്ന പ്രദേശമായതുകൊണ്ട് ഇളനീർ വില്പനക്കുള്ള ...സാധ്യതയും, നാളികേര ക്രീം, ബേക്കറി ഉല്പന്നങ്ങൾ ...തുടങ്ങിവ നിർമ്മാണത്തിനും നാളികേരത്തെ ഉപയോഗി ...ച്ചുകൊണ്ടുത്തിയാൽ തുക്കേടില്ലാത്ത വിലക്ക് വിൽക്കാൻ ...കഴിയുന്നതാണ്. ഇതിന് പുറമെ നാളികേര വിപണന ...ത്തിനും സംസ്കരണത്തിനും ഉതകുന്ന സൗകര്യം കൂടി ...ഏർപ്പെടുത്താവുന്നതാണ്. ഈ രണ്ടു സംവിധാനങ്ങളും ...സഹകരണമേഖലയിൽ ഏർപ്പെടുത്താവുന്നതാണ്.

റബ്ബർ

പഞ്ചായത്തിലെ മുഖ്യവിളയായി മാറികൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണ് റബറിന് ഇപ്പോഴുള്ളത്. പത്തു വർഷമായി റബർ കൃഷി ചെയ്യുന്നവരുടെ എണ്ണം കൂടി കൊണ്ടിരിക്കുകയാണ്. ഗജനാന, കറുത്തേടത്ത്, മയ്യൻ മല, തുടിയൻ മല എന്നിവയാണ് പഞ്ചായത്തിലെ ആദ്യകാല റബർ തോട്ടങ്ങൾ (ഇവയിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി ക്രോണൽ വിഭാഗ തൈകൾ മാറ്റി R.R.IM. 600 പോലുള്ള അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ റീപ്ലാന്റിങ്ങ് പൂർത്തിയായി കൊണ്ടിരിക്കുന്നു) ആയതിനുള്ള ശേഷമുള്ള റബർകർഷകരിൽ കൂടുതലും അത്യുല്പാദന ശേഷിയുള്ള ഇനങ്ങളാണ് കൃഷി ചെയ്തു തുടങ്ങിയത്. ഉല്പാദനക്ഷമത നാടൻ ഇനങ്ങൾക്ക് 500 kg/Hec ആണ്. ഇത് അത്യുൽപാദനശേഷിയുള്ള ഇനങ്ങൾക്ക് ഹെക്ടറിൽ 1200 kg യോളമാണ്. ഇത് നാഷണൽ ആവറേജായ 1360 kg/Hec നടുത്ത് നിൽക്കുന്നു. മുൻകാലങ്ങളിൽ നടത്തിയിരുന്ന മരുന്ന് തളിപോലുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ അപൂർവ്വമായേ നടത്തികാണുന്നുള്ളു. റബറിനെ ചീക്ക് - ചീക്ക് ഡിസീസ് - എന്ന രോഗം ചില കൃഷിയിടങ്ങളിൽ കണ്ടു വരുന്നു. കർഷകർ റബറിന്റെ വിലക്കുറവു മൂലം പലപ്പോഴും ബുദ്ധിമുട്ടുന്ന ഒരവസ്ഥ നിലവിലുണ്ട്. റബറിന്റെ ഇറക്കുമതി പഞ്ചായത്തിലെ കർഷകരെ നേരിട്ടു ബാധിക്കുന്ന പ്രശ്നങ്ങളിലൊന്നാണ്. വസ്തു നിഷ്ഠമായ പരിശോധന നടത്തിയാൽ ഒട്ടും ലാഭകരമല്ലാത്ത പല റബർ തോട്ടങ്ങളും ഇപ്പോൾ നിലവിലുണ്ട്.

അനുയോജ്യമായ മണ്ണ് തെരഞ്ഞെടുക്കൽ, മണ്ണ് പരിശോധന, ശാസ്ത്രീയ പരിചരണം എന്നിവ പരിഗണിക്കാതെ, മാനസിക സംതൃപ്തിയുടെയും സാമൂഹ്യ അന്തസ്സിന്റെയും മറ്റു താൽപര്യത്തിന്റേയും പേരിൽ റബർ കൃഷി നടത്തുന്ന ചില കൃഷിക്കാരെങ്കിലും പഞ്ചായത്തിൽ ഉള്ളതായിട്ടാണ് കാണുന്നത്.

പച്ചക്കറി

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള കൃഷികളിലൊന്നാണ് പച്ചക്കറി. വളരെ പരിമിതമായ തോതിൽ മാത്രമെ പച്ചക്കറികൃഷി നടത്തുന്നുള്ളു. പഞ്ചായത്തിലേക്കാവശ്യമായ പച്ചക്കറിയുടെ ഏറിയ പങ്കും പുറമെനിന്നും ഇറക്കുമതി ചെയ്യുന്നു. ഏകദേശം 50 ലക്ഷത്തോളം രൂപ പ്രതിവർഷം പച്ചക്കറിക്കായി ഇവിടെ നിന്നും പുറത്തേക്കൊഴുകുന്നു എന്നതാണ് അവസ്ഥ. തൊഴിലില്ലാത്ത വലിയൊരു വിഭാഗം ചെറുപ്പക്കാർ അവരുടെ അദ്ധ്വാനശേഷി ഉപയോഗപ്പെടുത്താൻ കഴിയാതെ (സംഭരിച്ചു വെയ്ക്കാൻ കഴിയാത്തതാണ് അദ്ധ്വാനം) വിഷമിക്കുന്നു. മറു ഭാഗത്താകട്ടെ കാടുപിടിച്ചും പ്ലാസ്റ്റിക് കീസുകൾ കൊണ്ട് നിറഞ്ഞതും 'കൊതുക് നിർമാണ ഫാക്ടറികളാവാൻ ഒരുങ്ങി നിൽക്കുന്നു നമ്മുടെ വീടിന്റെ പരിസരങ്ങൾ. ഈ സമവാക്യത്തിനു മാറ്റം വരുത്തിയാൽ വമ്പിച്ച രീതിയിലുള്ള പച്ചക്കറി

ഉല്പാദനം സാധിക്കും. നല്ലയിനം വിത്തുകൾ വേണ്ട രീതിയിൽ ലഭിക്കായ്ക, ജലസേചനത്തിന്റെ അസൗകര്യം, മതിയായ വിലലഭിക്കായ്ക ഈ പ്രശ്നങ്ങൾ കൂടി പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്.

പട്ടിക 9.
ഇടവിളകൾ

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
1	പയർ	30
2	എള്ള്	15
3	പച്ചക്കറി	24
4	വാഴ	320
5	മരച്ചീനി	200
6	കുരുമുളക്	36

മറ്റു വിളകൾ

പഞ്ചായത്തിൽമോശമല്ലാത്ത രീതിയിൽ കൃഷി ചെയ്തിരുന്ന ഒരു നാണ്യവിളയായിരുന്നു കുരുമുളക്. ദ്രുത വാട്ടമെന്ന ഭീകരൻ താണ്ഡവമാടിയതിന്റെ ഫലമായി നിലവിലുണ്ടായിരുന്ന കുരുമുളകം കൃഷി ബഹുഭൂരിഭാഗവും നശിച്ചുപോയി. ഫലപ്രദമായി ഈ രോഗത്തെ തടഞ്ഞുനിർത്താൻ കഴിയാതിരുന്നത് കൃഷിക്കാരെ തോട്ടം പുന:രുദ്ധരിക്കുന്നതിൽ നിന്നും പുതുതായി തോട്ടം ഉണ്ടാക്കുന്നതിൽ നിന്നും തടഞ്ഞു നിർത്തി.

പ്രതിരോധശേഷിയുള്ള നടീൽ വസ്തുക്കൾ ഉപയോഗിച്ചും കൂടുതൽ മുൻ കരുതൽ ജ്ഞാനം ആർജ്ജിച്ചും കൃഷിക്കാർ ഈ രംഗത്തേക്ക് വീണ്ടും കടന്നു വരികയും ഗുണഫലങ്ങൾ കണ്ടു തുടങ്ങുകയും ചെയ്തത് ആശാവഹമാണ്. ഒരു ഹെക്ടർ കൃഷിയിടത്തു നിന്നും 1700 kg കുരുമുളക് ലഭിക്കുന്നതായിട്ടാണ് കണക്കാക്കപ്പെടുന്നത്. തെങ്ങ് കൃഷിയിടങ്ങളിൽ ഇടവിളയായി കുരുമുളക് കൃഷി ചെയ്യുന്നത് ലാഭകരമാണെങ്കിലും ഈ രീതി പഞ്ചായത്തിൽ സ്വീകരിച്ചു കാണുന്നില്ല. കുരുമുളക് കൃഷിക്ക് വേണ്ട രീതിയിലുള്ള പരിചരണം ചുരുക്കം കർഷകർ മാത്രമെ നൽകുന്നുള്ളു എന്നതും ഉല്പാദനത്തിൽ കുറവ് വരുത്തുന്നു. വേണ്ട രീതിയിലുള്ള സഹായവും പ്രോത്സാഹവും നടത്തിയാൽ പ്രത്യേകമായി സ്ഥലം കണ്ടെത്താതെ തന്നെ ഏറ്റവും ലാഭകരമായി കൃഷി ചെയ്യാൻ കഴിയുന്ന ഒന്നാണ് കുരുമുളക്.

പഞ്ചായത്തിൽ ഏറ്റഴും പ്രധാനപ്പെട്ട വിളകളിന്നായിരുന്നു കശുമാവ്. കശുമാവ് കൃഷി ഇകുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. തരിശുളിൽ കശുമാവ് തൈവെക്കുക. വിളവെടുപ്പായാൽയി വിളവെടുപ്പ് നടത്തുക എന്നതിൽ കവിഞ്ഞ രണം കശുമാവിന് നൽകുന്നില്ല. അപൂർവ്വം ചിഷിക്കാർ ഡിസമ്പർ മാസത്തിൽ ഒരു മരുന്ന് നടത്തുന്നു. വിറകിന് ആവശ്യമുള്ളപ്പോൾ മുറിക്അതുവരെ കിട്ടുന്ന വിളവെടുത്ത് ഉപയോഗിക്കാംതാണ് കശുമാവിനോട് പൊതുവെയുള്ള മനോഭാ

നെൽവയലുകളിൽ കൃഷി ചെയ്യുന്ന പ്രധാന വിളിൽ ഒന്നായി മാറിയിരിക്കുന്നു വാഴയും മരച്ചീനികരഭൂമികളിൽ നേന്ത്രവാഴ കൃഷി ചെയ്യാൻ കർവേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. വാഴകൃഷി 'ഊഹ' വിളയായി മാറികൊണ്ടിരിക്കുകയാണ് പത്തിലിപ്പോൾ. വാഴക്ക് ഒരു പ്രത്യേക തരം വ്യാപകമായി കണ്ടു വരുന്നു. ഇത് വിളവിനെ വളധികം പ്രതികൂലമായി ബാധിക്കുന്നു. തന്നെയുമല്ല വർഷ കെടുതി പലപ്പോഴും വാഴകൃഷിയെ നശേഷമാക്കുന്നു. വാഴയുടെ ഉല്പാദനക്ഷമത ഹെഒന്നിന് 12 ടണ്ണാണ് പഞ്ചായത്തിലേത്. വാഴ തോട്ടം പലപ്പോഴും മുൻകൂർ വില്പന നടത്തുകയും വിലയിൽ ഗണ്യമായ കുറവ് വരുത്തുകയും ചെതായിട്ടാണ് കണ്ടു വരുന്നത്.

വാഴകൃഷിക്ക് ശേഷമുള്ള മരച്ചീനി കൃഷിതുവെ ലാഭകരമാണ്. എന്നാൽ പലപ്പോഴും നീർവാസൗകര്യമില്ലാതെയും വെള്ളപൊക്കകെടുതിമൂനാശം സംഭവിക്കാറുണ്ട്. ഈ രണ്ടു വിളകളെയും പ്രകൂലമായി ബാധിച്ച മറ്റൊന്ന് രാസവളത്തിന്റെ വർദ്ധനയും, ഉല്പാദനചിലവ് കൂടിയതുമാണ്.ഒരുലത്ത് പഞ്ചായത്തിലെ ജനങ്ങൾക്ക് പട്ടിണിയും ദ്രവും എന്ന ഭയാനകമായ വിപത്ത് സമ്മാനിച്ച വ്യവസ്ഥ എന്ന ദുർഭൂതം മറ്റൊരു വിധത്തിൽ പ്രത്യപ്പെടാൻ തുടങ്ങിയിരിക്കുന്നു. വാഴയുടെയും മരച്ചീനിടെയും പാട്ടകൃഷിയിലൂടെ എന്നതും വസ്തുതയാണ്.

പട്ടിക 10
ഒരു ഹെക്ടറിലെ ഉല്പാദനക്ഷമത
(കൃഷിഭവൻ രേഖ)

1.	നേന്ത്രവാഴ	12 ടൺ
2.	മരച്ചീനി	35 ടൺ
3.	പയർ	742 കി.ഗ്രാം
4.	എള്ള്	242 കി.ഗ്രാം
5.	കുരുമുളക്	1700 കി.ഗ്രാം
6.	കമുങ്ങ്	174500 എണ്ണം

മറ്റു വാഴ ഇനങ്ങളായ പൂവൻ, മൈസൂർ പൂവൻ, പാളയൻകോടൻ, കദളി എന്നിവ വളരെ കുറഞ്ഞ തോതിലെ കൃഷി ചെയ്യുന്നുള്ളു. ഇവ കൂടുതലും പുരയിട കൃഷി ആണ്. പപ്പായ, മുരിങ്ങ എന്നിവയും പുരയിടകൃഷിക ളാണ്. കുൺകൃഷി, പൂകൃഷി എന്നിവ പൊതുവെ നട ത്തപ്പെടുന്നില്ല. വെറ്റില, എള്ള്, രാഗി എന്നിവയുടെ കൃഷിക്ക് സാദ്ധ്യതയുണ്ടെങ്കിലും നടത്തപ്പെടുന്നില്ല. ച മാങ്ങ, എന്നീ ഫ ങ്ങളും കൃഷി എന്ന തിയേക്കാൾ മരം വളർത്തുകയും അവയിൽ നിന്നും ന്ന ഫലങ്ങൾ ഉപയോഗിക്കുകയും ചെയ്യുക എന്ന തിതിയാണുള്ളത്.

കൊക്കൊ, പൈനാപ്പിൾ, ജാതി, ഗ്രാമ്പു എന്നിവ ടെ കൃഷിയും അപൂർവ്വമായെ പഞ്ചായത്തിലുള്ളു. ക്കി, മഞ്ഞൾ എന്നിവയുടെ കൃഷിയും വീട്ടാവശ്യ ത്തിന് മാത്രം കൃഷി ചെയ്യുന്ന വളരെ കുറച്ച് കർഷ കരും പഞ്ചായത്തിലുണ്ട്. മൾബറി കൃഷി പഞ്ചായ ത്തിൽ നിരവധി കർഷക പരീക്ഷിച്ചു നോക്കിയതാണ്. ന്ധപ്പെട്ട വകുപ്പിന്റെനിരുത്തരവാദ പരമായ സമീ നം കാരണം 'ഞങ്ങളത് ഒഴിവാക്കി' എന്നാണ് ചില കർഷകരുടെ അഭിപ്രായം.

കമുങ്ങ് കൃഷിയാണ പഞ്ചായത്തിലെ മറ്റൊരു കൃ ഏകദേശം 40 ഹെക്ടർ സ്ഥലത്ത് കമുങ്ങ് കൃഷി ചെയ്യുന്നു. ഒരു ഹെക്ടിൽ നിന്നും 174500 അടയ്ക്ക ലഭിക്കുന്നതായിട്ടാണ് കൃഷി ഭവൻ രേഖകളിൽ കാണു ന്നത്. നാടൻ ഇനങ്ങളാണ് പഞ്ചായത്തിൽ കൂടുതലും കൃഷി ചെയ്തു വരുന്നത്. മംഗള എന്ന ഇനവും കൃഷി ചെയ്തു വരുന്നുണ്ട്. നൽ വയലുകളിൽ പല സ്ഥ ങ്ങളും സ്ഥാനം പിച്ചിരിക്കുകയാണിപ്പോൾ കമുങ്ങ് കൃഷി. പഞ്ചായത്തിലെ പല തോട്ടങ്ങളിലും വളരെ നന്നായി ചെന്ന കമുങ്ങുകൾ ഇപ്പോഴും നിലനിൽക്കുന്നു. കമുങ്ങ് കൃഷിക്കും വണ്ട രീതിയിലുള്ള ജലസേച നവും പരിചരണവുമുലഭിക്കുന്നില്ല. നികത്തപ്പെട്ട വയ ലുകളിൽ കമുങ്ങ് കൃഷിയുടെ 'വിളവിൽ' വന്നിച്ച രീതി യിൽ കുറവ് കാണുന്നുണ്ട്. പുഴയോരങ്ങളിലെ എക്കൽ മണ്ണാണ് കമുങ്ങിന് കൂടുതൽ വിളവ് തരുന്ന പ്രദേശം. തോടിനോട് ചേർന്നകരഭൂമികളിലും വളരെ മോശമ ല്ലാത്ത അവസ്ഥയിലുള്ളത്.

സാങ്കേതിക പരിജ്ഞാനമില്ലായ്മ, കൃഷി ഭവന്റെ പ്രവർത്തനം എല്ലാമേഖലകളിലും എത്താതിരിക്കൽ, കൃത്യമായ ഉപദേശത്തിന്റെ അപര്യാപ്തത, സമയാ സമ യങ്ങളിൽ ആവശ്യമുള്ള വിത്തുകളും, വളങ്ങളും, കീട നാശിനികളും ലഭ്യമാക്കൽ, ജലസേചനത്തിനായി വൈ കിട്ടാത്തതിലുള്ള ബുദ്ധിമുട്ട്. കാർഷിക വായ്പ ലഭിക്കുന്നതിലുള്ള കാലതാമസം. നിയമത്തിന്റെ നൂലാമാലകൾ, കളുടെയും, തടയണകളുടെയും അ പ്രാപ്തത എന്നു പഞ്ചായത്തിലെ ഒട്ടുമിക്ക കർഷ കരുടെയും കാർഷിക വൃത്തിയെ പ്രതികൂലമായി ബാ ധിക്കുന്ന പ്രശ്നങ്ങളാണ്.

നിർദേശങ്ങൾ

(അവലംബം ഗ്രാമസഭ)

1. എല്ലാ നെൽ വയലുകൾക്കും കൂട്ടുകൃഷിയുടെ ഗുണം ലഭിക്കുന്ന തരത്തിൽ കൂട്ടു കൃഷി സമ്പ്രദായം ഏർപ്പെടുത്തണം.

2. നെല്ല് ഉല്പാദകന് ലാഭം ഉറപ്പു വരുത്താൻ കഴി യുന്ന തരത്തിൽ ആധുനിക രീതിയിലുള്ള ഒരു റൈസ് മില്ലും സംഭരണശാലയും സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച്, നെല്ല് അരിയാക്കി പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുക.

3. നെൽ വയലുകൾ നികത്തി നാണ്യവിളകൾ കൃ ഷിചെയ്യുന്നതും കെട്ടിടങ്ങൾ നിർമിക്കുന്നതും കർശന മായി നിരോധിക്കുക.

4. കൂടുതൽ പരിചരണം ആവശ്യമുള്ള കൃഷികളിൽ ഏർപെടുന്ന കർഷകർക്ക് കൂടുതൽ പ്രോത്സാഹനവും സഹായവും ഏർപ്പെടുത്തുക.

5. നാളികേര ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി സംഭ രണ സംസ്കരണ യൂണിറ്റുകൾ സഹകരണാടിസ്ഥാന ത്തിൽ സ്ഥാപിക്കുക.

6. നെൽ വയലുകളിൽ രണ്ടാം വിളക്ക് ശേഷം പച്ചക്കറി കൃഷിക്ക് ഉപയോഗിപ്പെടുത്താൻ കഴിയുന്ന തരത്തിൽ കുളങ്ങൾ കുഴിക്കുകയും പമ്പുസെറ്റുകൾ സ്ഥാപിക്കുകയും ചെയ്ത് പച്ചക്കറികൃഷിയെ പ്രോ ത്സാഹിപ്പിക്കുക.

7. യൂത്ത് ക്ലബ്ബുകൾ, ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ, കേര വികസന സമിതികൾ, മഹിളാ സമാജങ്ങൾ മുത ലായവയുടെ സഹകരണത്തോടെ ജൈവ വളങ്ങളും ജൈവകീടങ്ങളും ഉപയോഗിച്ച് വീടുകളിൽ അടുക്കള ത്തോട്ടം നിർമിക്കുന്നതിനുള്ള ബോധവൽക്കരണം നട ത്തുക. മുഴുവൻ കുടുംബങ്ങൾക്കും അത്യുല്പാദനശേഷി യുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുക.

8. പഞ്ചായത്തിലെ പച്ചക്കറി, കോഴി, കോഴിമുട്ട എന്നിവയുടെ ഇറക്കുമതി പൂർണ്ണമായും അവസാനിപ്പി ക്കാൻ ഉതകുന്ന തരത്തിൽ കുടുംബകൃഷിയിലൂടെ ഉല്പാ ദനം മെച്ചപ്പെടുത്തുന്നതിന് സൗ കര്യങ്ങൾ ഏർപ്പെടു ത്തുക.

9. വീട്ടു വളപ്പുകളിലും മറ്റു കരഭൂമികളിലും വിവി ധിയിനം വാഴകൃഷി വ്യാപകമായി നടത്താൻ കഴിയും.

10. നാമാവശേഷമായി കൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങൾ, കച്ചോലം, രാമച്ചം മുതലായവയുടെ കൃഷി മെച്ചപ്പെടുത്താൻ കഴിയും.

11. ധാരാളം സാദ്ധ്യതയുള്ളതും, കൃഷിക്ക് അനുയോ ജ്യമായ ധാരാളം സ്ഥലങ്ങളുള്ളതുമായ, കശുമാവ് കൃ ഷി വികസിപ്പിക്കേണ്ടതാണ്.

12. കമുങ്ങ് കൃഷി വികസനത്തിനും, സംരക്ഷണ

ത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

13. ജാതി, ഗ്രാമ്പു, പാനീയ വിളയായ കൊക്കൊ, കൈതച്ചക്ക, പുഷ്പ ഇനങ്ങളായ കുറ്റിമുല്ല, ജമന്തി മുതലായവയും ഓർക്കിഡ് പുഷ്പകൃഷി എന്നിവക്കെല്ലാം അതാതിനങ്ങൾ കൃഷി ചെയ്യാൻ കഴിയുന്ന ഭൂമി ഉപയോഗപ്പെടുത്തി കൃഷി ചെയ്യാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

14. കൃഷി, ജലസേചനം, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ കാർഷിക പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് പഞ്ചായത്തിന്റെ കൂടി സഹായത്തോടെ കൂട്ടായ്മയോടെ പദ്ധതികൾ ആവിഷ്കരിക്കുക.

15. മഴവെള്ളവും പുഴ, തോട് എന്നിവയിലൂടെ കുത്തിയൊലിച്ച് പോവുന്ന വെള്ളവും പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തെയും കൃഷിക്കും കുടിവെള്ളത്തിനുമുള്ള ആവശ്യത്തിന് ഉപയോഗിക്കാൻ സാധിക്കുന്നത് കഴിച്ച് മാത്രമെ താഴോട്ടൊഴുകുന്നുള്ളു എന്ന് ഉറപ്പു വരുത്തുന്ന തരത്തിൽ നിർമറി അടിസ്ഥാനമാക്കിയുള്ള സ്ഥല ജലമാനേജ്മെൻറിന് തുടക്കം കുറിക്കുകയും ചുരുങ്ങിയ കാലത്തിനുള്ളിൽ ആയത് സാധിക്കുന്ന തരത്തിൽ ആസൂത്രിതമായ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

16. ജലസേചനത്തിന് വൈദ്യുതി, ഡീസൽ, മണ്ണെണ്ണ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക, വിലയിൽ ഇളവ് അനുവദിക്കുക.

17. മണ്ണ് സംരക്ഷണത്തിന്റേയും ജല നിയന്ത്രണത്തിന്റേയും ഭാഗമായി ബണ്ടുകൾ കെട്ടുന്നതിനും നീർച്ചാലുകളിൽ വിയറുകൽ (ഇടക്കെട്ടുകൾ) ഉണ്ടാക്കുന്നതിനും, ജലനിർഗമന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കുറ്റിക്കാടുകളും മരങ്ങളും വെച്ചു പിടിപ്പിക്കുന്നതിനും മണ്ണിലെ ജലാംശം നില നിർത്തുന്നതിനും ഗുണഭോക്താക്കൾക്ക് പരമാവധി ധനസഹായം നൽകുക.

18. ഒലിപ്പുഴക്ക് മൂന്ന് സ്ഥലത്തും കാക്കതോടിന് രണ്ടു സ്ഥലത്തും പതിനൊന്നോളം തോടുകളിൽ പതിനഞ്ചോളം സ്ഥലത്തും തടയണകൾ നിർമിച്ചാൽ പഞ്ചായത്തിലെ കാർഷിക മേഖലയിൽ ഒരു കുതിച്ചു ചാട്ടം സ്വായത്തമാകും.

19. വ്യാപകമായി മണ്ണ് പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വിളവിന്റെ ഇനം, വിളക്രമം, വള പ്രയോഗം എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

20. കൃഷിഭവൻ മുഖേന കർഷകർക്ക് നൽകുന്ന അനുകൂല്യങ്ങൾ പാടശേഖര സമിതികളുള്ളേടത്ത് പാടശേഖരസമിതികൾക്ക് മുൻഗണന നൽകുന്ന തരത്തിൽ ക്രമീകരിക്കുക. കൃഷിഭവന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പെടുത്തുക. അഗ്രോ ക്ലിനിക്കുകൾ കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക.

21. കൃഷി ഭവൻ മുഖേന നടപ്പിൽ വരുത്തുന്ന പദ്ധതികൾ യഥാസമയത്തു തന്നെ കർഷകർക്ക് ലഭിക്കുന്ന തരത്തിൽ ക്രമീകരിക്കുക.

22. രാസവളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുക. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുക, പച്ചിലപ്രയോഗങ്ങൾക്ക് ഊന്നൽ നൽകി കൊണ്ട് ഡയിഞ്ചണമ്പ് എന്നിവയുടെ വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുക.

23. കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംസ്കരണ, വിപണന കേന്ദ്രങ്ങൾ ന്യായവിലക്ക് ലഭ്യമാകുന്ന തരത്തിൽ സഹകരണ മേഖലയിൽ സ്ഥാപിക്കുക..

24. വിള ഇൻഷുറൻസ് പദ്ധതി വ്യാപകമാക്കുക.

25. പഞ്ചായത്തിലേക്കാവശ്യമായ എല്ലാ തരത്തുകൾ,തൈകൾ എന്നിവ പഞ്ചായത്തിലേക്ക് ഏറ്റവും അനുയോജ്യമായ ഇനങ്ങൾ തെരഞ്ഞെടുത്തുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ ഉല്പാദിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള നഴ്സറികൾ, പഞ്ചായത്തിന്റെയും കൃഷിഭവന്റെയും കർഷകസമിതികളുടെയും മേൽനോട്ടത്തോടെ നടത്താൻ കഴിയുന്ന തരത്തിൽ സ്ഥാപിക്കുകയും അതു വഴി അത്യുല്പാദക ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.

26. പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ടാക്ടർ, ട്രില്ലർ, കൊയ്ത്തു യന്ത്രം, കൊയ്ത്തു യന്ത്രം എന്നിവ മിതമായ വാടകയിനത്തിൽ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുന്നതിനും രണ്ടോ മൂന്നോ പാടശേഖരസമിതികൾക്ക് ഇത്തരത്തിലുള്ള യന്ത്രങ്ങൾ വാങ്ങുന്നതിനായി ധനസഹായം നൽകണം.

27. പഞ്ചായത്തിലെ കർഷകതൊഴിലാളികൾക്ക് ഏകീകൃത കൂലി സമ്പ്രദായം ഏർപ്പെടുത്തുക.

28. മിച്ചമായ അദ്ധ്വാനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തി തൊഴിലില്ലായ്മ പരിഹാരത്തോടൊപ്പം കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രോത്സാഹനങ്ങൾ നൽകുക.

29. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ കാർഷികോല്പന്നങ്ങളും അവസാന ഉൽപന്നമായി മാത്രമെ പുറത്തേക്ക് അയക്കുന്നുള്ളു എന്ന് ഉറപ്പു വരുത്തുക.

30. ഓരോ തരം കൃഷിയുടെയും വിത്തു ശേഖരണം ത്ത് വിളവെടുപ്പ് വരെയുള്ള എല്ലാ കാർഷിക വൃത്തി ളെക്കുറിച്ചും, ഒരോ വിളവുകൾക്കും വെവ്വേറെ ചെറു ുകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യാവുന്നതാണ്.

31. കാർഷിക വൃത്തി, പരിചരണ ക്രമം, റബർ ിങ്ങ് കാർഷിക ഗവേഷണത്തിന്റെ പുതിയ കണ്ടെ ുകൾ, രാസവളം, കീടനാശിനി എന്നിവയുടെ ഉപ ം ക്രമം മുതലായവ കർഷകരെ പഠിപ്പിക്കാൻ ുന്ന തരത്തിലുള്ള പഠനക്ലാസ്സുകൾ സംഘടിപ്പിക്കേ ാണ്.

32. പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാവുന്ന മുഴു വൻ സന്നദ്ധസേനയെയും ഉപയോഗപ്പെടുത്തി ഒരു വർ ഷത്തിൽ രണ്ടു വാർഡുകൾ ദത്തെടുത്ത് മുഴുവൻ തരിശുഭൂമികളും കൃഷിയോഗ്യമാക്കുകയും, മരങ്ങൾ വെച്ചു പിടിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

33. ശക്തമായ മണ്ണിടിച്ചിൽ അനുഭവപ്പെടുന്ന ഒലി പ്പുഴ, കാക്കത്തോട് എന്നിവയുടെ ചില ഭാഗങ്ങളും ഏതാനും ചെറുതോടുകളും സൈഡ് കെട്ടി സംരക്ഷി ക്കേണ്ടതുണ്ട്.

പട്ടിക 5.
പാടശേഖര സമിതികളും വിശദാംശങ്ങളും

ൽ.	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
	ഒടോംപ്പാടം	നെല്ല്,വാഴ	നെല്ല്,വാഴ	പച്ചക്കറികൾ,മരച്ചീനി
	പൂളമണ്ണ	നെല്ല്,വാഴ	നെല്ല്,വാഴ	പച്ചക്കറികൾ,മരച്ചീനി
	വളരാട്	നെല്ല്,വാഴ	നെല്ല്,വാഴ	പച്ചക്കറികൾ,മരച്ചീനി
	വള്ളിക്കാപറമ്പ്	നെല്ല്,വാഴ	നെല്ല്,വാഴ	പച്ചക്കറികൾ,മരച്ചീനി
	വെട്ടിക്കാട്ടിരി	നെല്ല്,വാഴ	നെല്ല്,വാഴ്	പച്ചക്കറികൾ,മരച്ചീന
	പുക്കൂത്ത്	നെല്ല്,വാഴ	നെല്ല്,വാഴ	പച്ചക്കറികൾ,മരച്ചീനി
	കൊടശ്ശേരി	നെല്ല്,വാഴ	നെല്ല്,വാഴ	പച്ചക്കറികൾ,മരച്ചീനി
	പൂളോംപാടം	നെല്ല്,വാഴ	നെല്ല്,വാഴ	പച്ചക്കറികൾ,മരച്ചീനി

പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ അജ്ഞത കൊണ്ടോ ലംഘിക്കുന്നതിൽ നിന്നാണ് സുഖക്കേടുകൾ ഉണ്ടാകുന്നത്
ഗാന്ധിജി

5-(2)

മൃഗസംരക്ഷണവും മത്സ്യകൃഷിയും

മൃഗവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് ചരിത്രാതീത കാലത്തോളം പഴക്കമുണ്ട്. 'കാമധേനു' എന്നു നിത്യ സമൃദ്ധിയുടെ പ്രതീക സങ്കൽപം പോലും മൃഗവുമായി ആദ്യ മനുഷ്യർക്കുണ്ടായിരുന്ന ജൈവ ബന്ധത്തിൽ നിന്നും രൂപപ്പെട്ടതാണ്.

കാർഷികാവശ്യങ്ങൾക്കും, നിലമുഴുവുന്നതിനും, പാലിന്നും, മാംസ ആവശ്യങ്ങൾക്കും വേണ്ടിയാണ് പ്രധാനമായും മൃഗങ്ങളെ വളർത്തിയിരുന്നത്. വാഹനങ്ങൾ ഇല്ലാതിരുന്ന മുൻ കാലങ്ങളിലെ പ്രധാന വാഹനം കാളവണ്ടികളും പോത്തു വണ്ടികളുമായിരുന്നു. എണ്ണയാട്ടുന്ന മരച്ചക്കുകൾ തിരിക്കാൻ മൃഗങ്ങളെയാണ് ഉപയോഗിച്ചിരുന്നത്. ജന്മികളും നാട്ടുപ്രമാണിമാരും സമ്പന്നരും ഒറ്റക്കാളയെ കെട്ടിയ ചിത്രപണികളോടെ കൂടു കെട്ടി അലങ്കരിച്ച കാളവണ്ടിയിലായിരുന്നു യാത്ര ചെയ്തിരുന്നത് എന്ന് പഴമക്കാർ പറയുന്നു. ദൂരദേശങ്ങളിലെ ആഴ്ചചന്തകളിലേക്ക് കാർഷികോൽപന്നങ്ങൾ കൊണ്ടു പോവുകയും തിരികെ ഗ്രാമത്തിലെ കച്ചവടത്തിനും മറ്റുമുള്ള സാധനങ്ങൾ കൊണ്ടുവരികയും ചെയ്തിരുന്നത് കാളവണ്ടികളിലായിരുന്നു. ശബ്ദ ബഹളങ്ങളില്ലാത്ത പഞ്ചായത്തിലെ നിരത്തുകളിൽ താളാത്മകമായ മണികിലുങ്ങളോടെ വരിവരിയായി നീങ്ങുന്ന കാളവണ്ടികൾ ഈ ഗ്രാമത്തിലെ ഒരു പതിവു കാഴ്ചയായിരുന്നു.

മുൻകാലങ്ങളിൽ ഏക്കറുകളോളം വിസ്തൃതമായ പാടശേഖരങ്ങളിൽ വിപുലമായ രീതിയിൽ നെൽകൃഷി ചെയ്തിരുന്ന സമ്പന്ന കർഷക കുടുംബങ്ങളിലായിരുന്നു കൂട്ടത്തോടെ മൃഗങ്ങളെ വളർത്തിയിരുന്നത്. വലിയ മൃഗസമ്പത്ത് പ്രതാപത്തിന്റെ ചിഹ്നമായി ഗണിച്ചു പോന്നിരുന്നു. ഇടത്തരക്കാരും, ദരിദ്രരും ഉപജീവനോപാധിയായി പശു, എരുമ, ആട്, കോഴി തുടങ്ങിയ മൃഗങ്ങളെ വളർത്തിയിരുന്നു. അതിരിട്ട് വിഭജിക്കാത്ത വിസ്തൃതമായ കുന്നിൻ പ്രദേശങ്ങളും മേച്ചിൽ പുറങ്ങളും നിറഞ്ഞ പഴയകാല ഭൂപ്രകൃതി മൃഗപരിപാലനത്തിന് ഏറെ അനുയോജ്യമായിരുന്നു.

പഞ്ചായത്തിലെ ജനസാന്ദ്രതയ്ക്കനുസൃതമായി ഉണ്ടായ ഭൂവിഭജനം, റബർ, കമുങ്ങ്, തെങ്ങ്, വാഴ, മരച്ചീനി തുടങ്ങിയ നാണ്യവിള തോട്ടങ്ങളുടെ ആവിർഭാവം, പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന കാലിത്തീറ്റയുടെ ലഭ്യതകുറവ്, നെൽവയലുകളുടെ വിസ്തൃതി കുറയുകയും നെൽ കൃഷി ആദായകരമല്ലാതായി തീരാൻ ഇടയാക്കിയ നിരവധി പ്രശ്നങ്ങൾ എന്നിവ മൃഗസംരക്ഷണത്തിന് കനത്ത പ്രതിബന്ധങ്ങളായിരുന്നു. പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞു വന്നു. ചരക്കു കടത്തിനും യാത്രയ്ക്കും വാഹനങ്ങൾ രംഗപ്രവേശം ചെയ്തതോടെ പോത്തു വണ്ടികളും കാളവണ്ടികളും ഏതാണ്ട് അപ്രത്യക്ഷമായി തുടങ്ങി.

പഞ്ചായത്തിലെ ഇന്നത്തെ സ്ഥിതി പരിശോധിക്കുമ്പോൾ മറ്റ് പല ഉൽപന്നങ്ങളും എന്ന പോലെ പാൽ, കോഴിമുട്ട, മാംസ ആവശ്യങ്ങൾക്കുള്ള ആടുമാടുകൾ, കൃഷി സസ്യപരിചരണത്തിന് ആവശ്യമായ മൃഗവളങ്ങൾ തുടങ്ങിയവയെല്ലാം ഇറക്കുമതി ചെയ്യുകയാണ്.

പശു, എരുമ, കാള, പോത്ത് വിഭാഗങ്ങളിൽ പെട്ട ഏകദേശം 2500ഓളം കാലികളും കൂടാതെ ആട്, കോഴി എന്നിവയും വളരെ കുറച്ച് താറാവുകളും എന്നിങ്ങനെയാണ് പഞ്ചായത്തിൽ നിലവിൽഉള്ള മൃഗസമ്പത്ത്. സങ്കരയിനത്തിൽ പെട്ട കാലികളെയാണ് കൂടുതലായും വളർത്തുന്നത്. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളുടെ വളർത്തൽ വർദ്ധിച്ചു വരുന്നുണ്ടെങ്കിലും വേണ്ടത്ര ആശാവഹമല്ല. പാൽ ഉൽപാദനത്തിന് വേണ്ടി പശുക്കളെയാണ് ഏറ്റവും കൂടുതലായി വളർത്തുന്നത്. എരുമകളെ വളരെ ചെറിയ തോതിലെ വളർത്തുന്നുള്ളു. കാള, പോത്ത് എന്നിവയെ ധാരാളമായി നില നിർത്തിപോന്നിരുന്ന സ്ഥിതിക്ക് ഇപ്പോൾ മാറ്റം വന്നിരിക്കുന്നു. വയൽ വലിക്കാനും വയലേലകളെ ഉഴുത് മറിച്ച് മനുഷ്യർക്ക് തീറ്റിപോറ്റാനും, മരം വലിക്കാനും എണ്ണയാട്ടുന്നതിനും, ഓട്ടത്തിൽ മികവ് കാണിച്ച് ജനസമൂഹത്തെ ആനന്ദം കൊള്ളിക്കാനുംവേണ്ടി നിലനിർത്തി പോന്നിരുന്ന ഇവയുടെ സേവനത്തിനിപ്പോൾ പ്രാധാന്യം കല്പിക്കാതായി

ുന്നു.

ിലവിൽലുള്ള സാമൂഹ്യ ചുറ്റുപാടിൽ സമ്പ
ിന്റെ സങ്കലന വ്യവകലന കണ്ണടയിൽ കൂടി നോ
പ്പോൾ ലാഭ സംഖ്യകൾ ഗുണനരീതിയിൽ കാണി
ഇവയുടെ സ്ഥാനം തീൻമേശയിലേക്ക് ചുരു
ായതായിട്ടാണ് കാണുന്നത്.

ായത്തിൽ വളർത്തുന്ന ആടുകളുടെ എണ്ണവും
തു വരികയാണ്. ഏകദേശം 3000 ഓളം ആടു
ഇപ്പോൾ നിലവിൽ ഉള്ളൂ. മേച്ചിൽ സ്ഥലങ്ങളുടെ
ാണ് ആടു വളർത്തൽ കുറഞ്ഞു വരുന്നതിനുള്ള
ന കാരണങ്ങളിൽ ഒന്ന്. നിലവിൽ ഉള്ള ആടുക
ാടൻ ഇനങ്ങളാണ് കൂടുതൽ ഉള്ളത്. അതുപോലെ
വളർത്തുന്ന വീടുകളുടെ എണ്ണത്തിലും കുറവ്
ായിട്ടാണ് കാണുന്നത്. നിലവിൽ ഉള്ള മൊത്തം
ളിൽ പകുതി എണ്ണത്തിലും കോഴികളെ വളർത്ത
ില്ല. ചുരുക്കത്തിൽ മൃഗസംരക്ഷണം, പരിച
എന്നീ കാര്യങ്ങളിൽ വമ്പിച്ച പിന്നോക്കാവസ്ഥ
പഞ്ചായത്തിൽ നിലനിൽക്കുന്നത്.

ായത്തിൽ 2 പാൽ സൊസൈറ്റികളാണ് ഉള്ളത്.
ശ്ശേരി, തമ്പനങ്ങാടി എന്നിവിടങ്ങളിലാണിത് സ്ഥി
ചെയ്യുന്നത്. കൊടശ്ശേരി മേഖലയിൽ ഉള്ള സൊ
റ്റിയാണ് കൂടുതൽ പാൽ സംഭരിക്കുന്നത്. പഞ്ചാ
ലെ മറ്റു മേഖലകളിൽ ഒന്നും തന്നെ ഒരു സംഭ
കേന്ദ്രം പോലുമില്ല. ഇവിടത്തെ ഉപയോഗവും
തട്ടിച്ചുനോക്കുമ്പോൾ ഉൽപാദനം മൊത്തം ആ
ത്തിന്റെ ചെറിയൊരു അംശം മാത്രമെ ആവുന്നു
ാല്ലൂരു വിഭാഗം ആളുകൾ പാക്കറ്റിൽ എത്തുന്ന
നയും, പാൽപൊടിയെയും ആശ്രയിച്ചാണ് ആവ
നിറവേറ്റുന്നത്.

ിപ്രതിരോധ സൗകര്യങ്ങൾ, ചികിത്സ എന്നിവ
ലഭിക്കാത്ത പ്രദേശങ്ങളാണ് ബഹുഭൂരിഭാഗ
ികിത്സാ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തമ്പ
ിയിൽ ഒരു മൃഗാശുപത്രിയും, ചെമ്പ്രശ്ശേരിയിൽ
ബ്സെന്ററും മാത്രമെ പ്രവർത്തിക്കുന്നുള്ളൂ.
ത്തിന്റെ വിസ്തൃതിയും നിലവിൽ ഉള്ള ആവ
ും പരിഗണിക്കുമ്പോൾ ഇത് വളരെ അപര്യാപ്ത
മൃഗ സംരക്ഷണ പരിചരണ സൗകര്യങ്ങൾ വർ
ാതെ നിലവിൽ ഉള്ളവർക്ക് തന്നെ നില നിൽ
സാധിക്കാത്ത ഈ പ്രദേശത്തിന്റെ മൃഗസമ്പത്ത്
ിപ്പിക്കുന്നതിനാലുള്ള ശ്രമങ്ങളിൽ ഊന്നന്നൽ ന
ത്ത് ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുക ന
ം, എന്നതിനാണ്. പല തരം രോഗങ്ങൾ മൂലം
ൽപാദനം കുറയുക, കറവ മാടുകൾക്ക് അകി
മുതലായ രോഗങ്ങൾ ഇവയൊക്കെയാണ് കണ്ടു
ത്. കോഴികൾക്ക് കോഴിവസന്ത എന്ന രോഗം
കൂട്ടത്തോടെ ചത്തൊടുങ്ങുന്ന സ്ഥിതി ചില
ളിൽ ഉണ്ടാവാറുണ്ട്.

കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതും നാമമാത്ര മായി പ്രവർത്തിക്കുന്നതുമായ ഗ്യോബർഗ്യാസ് പ്ലാൻറു കൾ പഞ്ചായത്തിന്റെ പല മേഖലകളിലും ഉണ്ട്. കുക്കിംഗ് ഗ്യാസിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വർദ്ധനവോടുകൂടി ഗ്യോബർ ഗ്യാസ് പ്ലാൻറുകളിൽ താ ല്പര്യം കുറയുന്നു എന്ന് തോന്നുന്നു. ഗോബർ ഗ്യാ സിന്റെ സാദ്ധ്യതകളും ഗുണഗണങ്ങളും വേണ്ടത്ര ജന ങ്ങൾക്ക് ബോധ്യവും വിശ്വാസ്യതയും വന്നിട്ടില്ല. അതു പോലെ ജൈവ വളമായ പ്രാധാന്യം അറിഞ്ഞ് പച്ചില വളങ്ങളും മൃഗവളവും ചേർത്ത് കമ്പോസ്റ്റ് വളം ഉൽപാ ദിപ്പിക്കുന്ന പ്രവണതയും വളരെ ചെറിയ തോതിലെ ഉള്ളൂ.

പഞ്ചായത്തിലെ കാർഷിക വൃത്തിയും കാർഷി കോൽപന്നങ്ങളും നിലവിൽ ഉള്ള സ്ഥലത്തിന്റെ ജല ത്തിന്റെ പ്രദേശത്തിന്റെ വൈവിധ്യങ്ങളുമായി സമര സപ്പെട്ടു പോകുന്ന തരത്തിലുള്ള മൃഗപരിപാലനവും സംരക്ഷണവും വളർത്തലും കൂടുതൽ ശ്രദ്ധയോടെ നടപ്പാക്കുകയാണെങ്കിൽ സ്വയം പര്യാപ്തതയക്ക് അടു ത്ത് വരെയെങ്കിലും ഈ പഞ്ചായത്തിന് എത്താൻ കഴി യും.

ഇന്ന് നിലവിൽ ഉള്ള പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ:

തീറ്റപുല്ലിന്റെ അഭാവം
നല്ലയിനം കാലിതീറ്റയുടെ വില വർദ്ധനവ്
ശാസ്ത്രീയ പരിപാലനങ്ങളെക്കുറിച്ചുള്ള അജ്ഞത
ധനകാര്യസ്ഥാപനങ്ങളുടെ താൽപര്യകുറവ്
വൈക്കോലിന്റെ ലഭ്യതകുറവ്
വേണ്ടത്ര ചികിത്സാ സൗകര്യത്തിന്റെ കുറവ്

നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

(അടിസ്ഥാനം, ഗ്രാമസഭ)

1. ഓരോ വാർഡിലും ക്ഷീര വ്യവസായ സഹകര സംഘം രൂപീകരിക്കുക.

2. മുഴുവൻ പ്രദേശത്തെ പാൽ ഉൽപാദകർ സൗക ര്യപെടുന്ന രീതിയിൽ അതാതിടങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾക്ക് സൗകര്യം ഉണ്ടാക്കുക.

3. മറ്റു കൃഷിക്ക് അനുയോജ്യമല്ലാത്ത പഞ്ചായ ത്തിലെ മുഴുവൻ ഭൂമികളിലും തീറ്റ പുൽ കൃഷിക്കുള്ള സൗകര്യം ഒരുക്കുക, സൗജന്യമായി വിത്തും വളവും നൽകുക.

4. പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന തേങ്ങാ പിണ്ണാ ക്ക്, മരച്ചീനി എന്നിവയെ അടിസ്ഥാനമാക്കി സഹകര ണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ യൂനിറ്റ് സ്ഥാപി ക്കുക.

5. മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ ഉപകാരം പരമാവധി കർഷകർക്ക് ലഭിക്കുന്ന തരത്തിലുള്ള തരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. വില്ലേജ് അടിസ്ഥാനത്തിൽ മൃഗാശുപത്രികൾ സ്ഥാപിക്കാൻ വേണ്ടത് ചെയ്യുക.

7. പേ വിഷബാധ നിയന്ത്രണം, വളർത്തുനായ്ക്കൾക്ക് നിർബന്ധിത പ്രതിരോധ കുത്തിവെയ്പ്, ലൈസൻസിങ്ങ് ഏർപെടുത്തൽ എന്നിവയും ചെയ്യുക, തെരുവ് നായ്ക്കളെ നശിപ്പിക്കുക, പേ വിഷബാധയെക്കുറിച്ച് ബോധവൽക്കരണം.

8. അറവുമൃഗങ്ങൾക്ക് രോഗമില്ലെന്ന് പരിശോധന നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

9. അറവ് അവശിഷ്ടങ്ങൾ വൃത്തിഹീനമായ രീതിയിൽ നിക്ഷേപിക്കുന്നത് തടയുക.

10. ആധുനിക അറവ് ശാല പഞ്ചായത്തിൽ സ്ഥാപിക്കുക.

11. അറവ് ശാലയിലെ അവശിഷ്ടങ്ങൾ ഉപയോഗിച്ച് അതിലേക്ക് ആവശ്യമായ വൈദ്യുതി പ്രശ്നം പരിഹരിക്കാവുന്ന വിധത്തിൽ ബയോഗ്യാസ് പ്ലാൻറും സ്ഥാപിക്കുക.

12. എല്ലാ വീടുകളിലും ചെറുകിട കോഴിവളർത്തൽ കേന്ദ്രങ്ങൾക്ക് സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുക.

13. സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ, വിപണന കേന്ദ്രം എന്നിവ സ്ഥാപിക്കാൻ വേണ്ടത് ചെയ്യുക.

14. താറാവ്, മുയൽ എന്നിവ വളർത്തുന്നതിന് സൗകര്യം നൽകുക.

15. അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് ബോധവൽക്കരണം നൽകുക. കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്ന കർഷകർക്ക് ഉൽപാദന ബോണസ് നൽകുക.

16. വനിത സംരംഭകർക്കായി പശു വളർത്തൽ യൂനിറ്റുകൾ ഏർപെടുത്തുക.

17. സഹകരണാടിസ്ഥാനത്തിൽ തീറ്റപുൽ കൃഷി ഏർപെടുത്തുക.

18. മിനികാലിതീറ്റ യൂനിറ്റുകൾ സ്ഥാപിക്കുക.

19. ഗോബർ ഗ്യാസ് പ്ലാൻറുകൾക്ക് പ്രോത്സാഹനവും ബോധവൽക്കരണവും നടത്തുക.

20. സ്ക്കൂൾ പൗൾട്രി ക്ലബുകൾ ഏർപ്പെടുത്തുക.

21. ഇറച്ചി കോഴികളെ വളർത്തൽ വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാൻ സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കുക.

22. മിനി ആടുവളർത്തൽ യൂനിറ്റുകൾക്ക് പ്രോത്സാഹനം നൽകുക.

23. തുകൽ സംസ്കരണ യൂനിറ്റുകൾ സ്ഥാപിക്കുക.

മത്സ്യകൃഷി

പഞ്ചായത്തിൽ മത്സ്യവുമായി ബന്ധപ്പെട്ട് ജോ ചെയ്യുന്നവർ വളരെ കുറവാണ്. പഞ്ചായത്തിലും പ പ്രദേശങ്ങളിലും കടലോരം ഇല്ല എന്നതു തന്നെയാ പ്രധാന കാരണം. ശുദ്ധ ജല മത്സ്യകൃഷിയുടെ ദ്ധ്യതപോലും ഇന്നേ വരെ ഒരു പരിശോധനയ്ക്ക് വി യമാക്കുകയോ മത്സ്യകൃഷിക്ക് ശ്രമം നടത്തുക ചെയ്തിട്ടില്ല.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 80% മ മത്സ്യം ഭക്ഷിക്കുന്നവരാണ്. കടൽ മത്സ്യങ്ങളാ ഇവിടെ കൂടുതലായും ലഭിക്കുന്നതും. ഉപയോഗിക്കു തും സീസൺ സമയത്ത് 4 ടണ്ണോളം മത്സ്യം പഞ്ച ത്തിൽ വിറ്റഴിക്കുന്നതായിട്ടാണ് ഒരു ഏകദേശ കണ മത്സ്യ വിൽപനയുമായി ബന്ധപ്പെട്ട് പഞ്ചായത്തി 100ഓളം ആളുകൾ ജോലി ചെയ്യുന്നു. ഈ വിഭാ സംഘടിതരോ ഏതെങ്കിലും തരത്തിലുള്ള സർക്കാ ആനുകൂല്യം ലഭിക്കുന്നവരോ അല്ല. സീസൺ അല്ലാത സമയത്ത് അതുകൊണ്ട് തന്നെ ഈ വിഭാഗത്തിന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും വളരെ വലുതാണ്.

ഏകദേശം 89ഓളം കുളങ്ങൾ വിവിധ പ്രദേശങ്ങ ലായി പഞ്ചായത്തിൽ സ്ഥതി ചെയ്യുന്നുണ്ട്. ശുദ്ധ മ മത്സ്യകൃഷിയെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയാൽ വ തോതിൽ വിജയിക്കാനുള്ള സാദ്ധ്യത മത്സ്യകൃഷിക പഞ്ചായത്തിൽ ഉണ്ട്. ആയതിന്ന് കൃഷിക്കും ജല ഷിക്കും അനുയോജ്യമായ തരത്തിൽ കുളങ്ങളെ നവീ രിക്കേണ്ടതുണ്ട്. ആയതിനുള്ള വിവിധ കൃഷി രീ വിവിധ ഇനങ്ങൾ, കൃഷിയുമായി ബന്ധപെട്ട സാങ്കേ കജ്ഞാനം, മത്സ്യതീറ്റയുടെ ഉൽപാദനം തുടങ്ങി കാര്യങ്ങൾ ജനങ്ങളെ മനസ്സിലാക്കുന്നതിനായി ബോധവൽക്കരണത്തോടെയുള്ള തുടക്കം കുറി കയും മത്സ്യ കൃഷി വ്യാപിക്കുകയും ചെയ്യാവുന്ന ണ്. ശുദ്ധജലലത്തിൽ വളർത്താൻ കഴിയുന്നതും ന വില ലഭിക്കുന്നതുമായ കൊഞ്ചു കൃഷി ഈ പ്രദേ ത്തിന് വളരെ യോജിക്കുമെന്ന് തോന്നുന്നു. അതുപോ ലെ കക്കാകൃഷി, തവളകൃഷി, ആമവളർത്തൽ, അ ങ്കാര മത്സ്യങ്ങൾ,മറ്റുതരം മത്സ്യങ്ങൾ എന്നിവയ്ക്കും സാദ്ധ്യതകൾ ഉണ്ട്. കാർപ്പു ഇനത്തിൽ പെടുന്ന കട്ല രോഹിത, മൃഗല എന്നിവയുടെ കുഞ്ഞുങ്ങളെ വിതരണ ചെയ്യാൻ കഴിഞ്ഞാൽ ഏറ്റവും ലാഭകരമായി ശുദ്ധജല മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള പ്രദേശമാണ് പഞ്ചാ ത്ത്. കൂടാതെ പുൽമീൻ, വെള്ളി മീൻ, സിപ്രിനാ എന്ന ഇനങ്ങളും പരീക്ഷണാടിസ്ഥാനത്തിൽ എതെങ്കിലും ന്നോ രണ്ടോ കുളങ്ങൾ തിരഞ്ഞെടുത്ത് കൃഷി നടത്താ വുന്നതും ആയവയിൽ ഏറ്റവും വിജയകരവും ലാഭകര വുമായ ഇനങ്ങളെ പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്യാൻ ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ ന

നിലവിൽ ഉള്ള നാടൻ ഇനങ്ങളെയും പരീക്ഷിക്കാവുന്നതാണ്. മത്സ്യങ്ങൾക്ക് ഈ പ്രദേശത്ത് കണ്ടു രോഗങ്ങളെ കുറിച്ച് മനസ്സിലാക്കി ആശങ്ക ദൂരീകരിക്കുവിധത്തിൽ രോഗ ചികിത്സ സംവിധാനം ചെയ്തുത്തണം.

ഉദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിലവിൽ ഉള്ള കുളങ്ങളെ നവീകരിച്ച് മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക.
2. മത്സ്യകൃഷിയുടെ സാദ്ധ്യതകൾ ജനങ്ങൾക്ക് മനസ്സിലാക്കുപെടുത്താൻ ഉതകുന്ന രീതിയിൽ ഒന്നോ രണ്ടോ വാർഡുകളിൽ സന്നദ്ധ പ്രവർത്തകരെ ഉപയോഗപ്പെടുത്തി സഹരകരണാടിസ്ഥാനത്തിൽ മത്സ്യകൃഷി ആരംഭിക്കുക.
3. പഞ്ചായത്തിലേക്കാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ താൽപര്യമുള്ള കർഷകർക്ക് ലഭിക്കുന്നതിനു വേണ്ട സഹായം ചെയ്യുക.
4. മത്സ്യ കൃഷിക്കും, മറ്റു കൃഷികൾക്കും അനുയോജ്യമായ തരത്തിൽ കുളങ്ങൾ നവീകരിക്കാൻ താൽപര്യമുള്ള കർഷകർക്ക് മുഴുവൻ ചിലവിന്നും ആവശ്യമായ തുക വായ്പയായി കൊടുക്കാനും പരമാവധി സബ്സിഡി അനുവദിച്ചു കൊടുക്കാനും സംവിധാനം ചെയ്യുക.

പട്ടികമൃഗസംരക്ഷണം

നാടൻ	കാള-സങ്കരനം		പശുനാടൻ		പശുസങ്കരം		എരുമ				
	മറ്റുള്ളവ	വിത്തുകാള	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	പോത്ത്	ആട്	പന്നി
10	282	35	150	569	201	735	278	91	54	229	3578	256

പട്ടിക 2

	കോഴി		താറാവ്		പേ പ്രതിരോധ കുത്തിവെയ്പ്		
ുന്നത്	മുട്ട ഇടാത്തത്	പൂവൻ	ആൺ	പെൺ	പശു	എരുമ	പട്ടി
7716	14000	6283	85	55	10	4	96

5 (3)

വ്യവസായം

ഒരു നാടിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഒന്നാണ് വ്യവസായിക മേഖല. എന്നാൽ ഈ രംഗത്ത് മലപ്പുറം ജില്ലയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പാണ്ടിക്കാട്. പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. നാമമാത്രമായ ചെറുകിട വ്യവസായങ്ങളിൽ മിക്കതും സ്വകാര്യമേഖലയിലായിരുന്നു. ഇന്നും ഈ സ്ഥിതിക്ക് മാറ്റമൊന്നും വന്നിട്ടില്ല. മുമ്പുണ്ടായിരുന്ന ചെറുകിട വ്യവസായങ്ങൾ സ്റ്റാർച്ച് ഫാക്ടറി, തീപ്പെട്ടിക്കമ്പനി, എണ്ണയാട്ടുന്ന നാടൻചക്കുകൾ എന്നിവയായിരുന്നു. ഇവയുടെയെല്ലാം പ്രവർത്ത നം ഇന്ന് നിലച്ചിട്ടുണ്ട്.

പാണ്ടിക്കാട് പഞ്ചായത്തിലെ കൃഷിയിൽനിന്നുള്ള പ്രധാന ഉൽപ്പന്നങ്ങൾ നാളികേരം. മരച്ചീനി, നേന്ത്രക്കായ, റബ്ബർ എന്നിവയാണെങ്കിലും ഇവയുപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. പരമ്പരാഗതമായ കുടിൽ വ്യവസായങ്ങളിൽ പ്രധാനമായവ പപ്പടം, കുട്ട, മുറം, പായനെയ്ത്ത്, പനമ്പ് നെയ്ത്ത്, ഓലക്കുട നിർമ്മാണം എന്നിവയാണ്. പ്രധാന ചെറുകിട വ്യവസായങ്ങൾ തീപ്പെട്ടി നിർമ്മാണം, ഇഷ്ടിക നിർമ്മാണം, പ്ലൈവുഡ് നിർമ്മാണം തുടങ്ങിയവയും സഹകരാണാടിസ്ഥാനത്തിലുള്ള ചെറുകിട യൂനിറ്റുകൾ. പ്രധാനമായവ, ഖാദി, നൂൽനൂല്പ്, പ്രസ്സ്, കൊപ്ര യൂനിറ്റ് തുടങ്ങിയവ ആണ്.

നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ ആകെ എണ്ണം 11,219 ആണ്. ഇതിൽ 9,137 പുരുഷന്മാരും 2082 സ്ത്രീകളും ആണ്. ഇതിൽ കുടിൽ കുടിലേതര വ്യവസായങ്ങളിലായി 492 പുരുഷന്മാരും 103 സ്ത്രീകളുമാണ് ജോലി ചെയ്യുന്നത്. (1991 സെൻസസ്). എന്നാൽ ഇപ്പോൾ ഈ മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു.

നിലവിൽ ഉള്ള വ്യവസായ സ്ഥാപനങ്ങളുടെ എണ്ണവും അതിൽ പണി എടുക്കുന്ന തൊഴിലാളികളുടെ എണ്ണവും പട്ടിക ഒന്നിൽ കൊടുക്കുന്നു.

പട്ടിക 1

നമ്പർ	വ്യവസായത്തിന്റെ പേര്	എണ്ണം	തൊഴിലാളികൾ പു.	സ്ത്രീ.	ആകെ
1.	കൊപ്ര സംസ്കരണം	25	25	–	25
2.	തടിവ്യവസായം	6	60	–	60
3.	പപ്പടം	16	32	32	64
4.	ഐസ്	1	2	1	3
5.	അച്ചടി	3	2	10	12
6.	ഖാദി - നൂൽനൂല്പ്	1	–	30	30
7.	ആയുർവ്വേദ മരുന്ന് നിർമ്മാണം	5	5	5	10
8.	ബാഗ് നിർമാണം	1	–	8	8
9.	റെഡിമെയ്ഡ് വസ്ത്രം	6	10	20	30
10.	ബേക്കറി	3	12	4	16
11.	ഓയിൽ മിൽ	10	14	6	20
12.	റൈസ് മിൽ	16	16	–	16
13.	എൻജിനീയറിങ്ങ്	5	15	–	15
14.	ഫർണിച്ചർ നിർമ്മാണം	23	70	–	70
15.	പ്ലൈവുഡ്	1	3	9	12
16.	തീപ്പെട്ടി	3	5	15	20
17.	ഇഷ്ടിക നിർമ്മാണം	2	7	18	25
	ആകെ	127	278	158	436

(അവലംബം : ദ്വിതീയ വിവര ശേഖരണം)

DWCRAയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള വ്യവസായ സംരഭങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

നമ്പർ	വ്യവസായത്തിന്റെ പേര്
1.	ബാഗ് നിർമ്മാണം (സ് ക്കൂൾ ബാഗ്., വാനിറ്റി ബാഗ്, ക്യാഷ് ബാഗ്, പേഴ് സ് തുടങ്ങിയവ
2.	റെഡിമെയ് ഡ് വസ്ത്രങ്ങൾ - മാക് സി, മിഡി, പാവാട തുടങ്ങിയവ
3.	പേപ്പർ, കവർ നിർമ്മാണം (മെഡിസിൻകവർ)
4.	അച്ചടി പ്രസ്
5.	കൊപ്ര യൂനിറ്റ് (ഇപ്പോൾ പ്രവർത്തനരഹിതം)
6.	അവലംബം ടലഞഭജ ആമ.മ.തഇ

WCRAയുടെ ധനസഹായത്തോടുകൂടി ആരംഭിച്ചി സംരംഭങ്ങൾ പലതും തുന്ന് പ്രതിസന്ധിയെ നേരി ണ്ടിരിക്കുകയാണ്. ഇ മിന്റെ കീഴിൽ വളരാട് ആ കൊ , നിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരി വരുടെ എണ്ണം ഇന്നു കുറഞ്ഞു വരികയാണ്. ങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും അസം സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനു ശ്രമങ്ങൾ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാ

പ്പാൾ പഞ്ചായത്തിൽ നിലവിലുള്ള പരമ്പരാഗത വ്യവസായങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 3.

ഇനം	തൊഴിലാളികളുടെ എണ്ണം		
	പു.	സ്ത്രീ.	ആകെ
പപ്പടം	32	32	64
കുട്ട	30	60	90
ഓലകുട	5	5	10
സ്വർണപണി	30	-	30
കൊല്ലപണി	12	-	12
കള്ളുചെത്ത്	10	-	10
കൈയ്തോല പായ	-	30	30
ആകെ	119	127	246

(അവലംബം സെക്കൻറി ഡാറ്റ)

വിവിധ മേഖലകളിലെ കൂലിനിരക്കിന്റെ പട്ടിക

പട്ടിക 4.

നമ്പർ	ഇനം	കൂലിനിരക്ക്	
		പു.	സ്ത്രീ
1.	കൊപ്രസംസ്കരണം	70	40
2.	തടിവ്യവസായം	100	-
3.	അച്ചടി	45	25
4.	ഐസ് ഫാക്ടറി	65	40
5.	ബേക്കറി	50	30
6.	ആയുർവേദം	40	35
7.	ഓയിൽമിൽ	50	30
8.	പപ്പടം	60	35
9.	റൈസ് മിൽ	50	-
10	പായനെയ്ത്ത്	-	30
11.	എൻജിനീയറിംഗ്	75	-
12.	ക്ലിപ്പുവെട്ട്	100	-
13.	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം	50	20
14.	ഫർണിച്ചർ നിർമ്മാണം	100	-
15.	പ്ലൈവുഡ്	75	25
16.	തീപ്പെട്ടി	60	25
17.	ഇഷ്ടികനിർമ്മാണം	75	40

(അവലംബം : ദ്വിതീയ വിവരശേഖരണം)

വ്യവസായ രംഗം നേരിടുന്ന പൊതു പ്രശ്നങ്ങൾ

1. വൈദ്യുതിയുടെ അപര്യാപ്തത വ്യവസായ പുരോഗതിക്ക് തടസം സൃഷ്ടിക്കുന്നു.

2. പരമ്പരാഗത കുടിൽ വ്യവസായ മേഖലകളിൽ സാങ്കേതിക വൈദഗ്ദ്ധ്യ കുറവ്, പരിശീലനകുറവ്.

3. കുറഞ്ഞ നിരക്കിൽ അസംസ്കൃത സാധനങ്ങൾ ലഭ്യമല്ലാത്ത അവസ്ഥ. ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത കുറവ്.

4. വ്യവസായ മേഖലയെകുറിച്ച് പരിജ്ഞാനമില്ലായ്മ, ശാസ്ത്രീയ ബോധവല്ക്കരണത്തിന്റെ അപര്യാപ്തത.

5. ഒരോ വ്യക്തിക്കും വ്യവസായം തുടങ്ങുന്നതിനാവശ്യമായ മാനസികമായ തയ്യാറെടുപ്പിന്റെ പ്രേരണ കുറവ്.

6. വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ.

7. മുഖ്യകാർഷികോല്പന്നമായ നാളികേരം, റബർ

തുടങ്ങിയവ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല.

8. വനിതകൾക്ക് തൊഴിലവസരം നൽകാവുന്ന വ്യവസായ യൂനിറ്റുകളുടെ കുറവ്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ - നിർദ്ദേശങ്ങളും

1. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് കുറഞ്ഞ വിലയ്ക്ക് അസംസ്കൃത സാധനങ്ങൾ ലഭിക്കുവാനും ഉൽപന്നങ്ങൾ പഞ്ചായത്ത് കേന്ദ്രത്തിൽ വിറ്റഴിക്കുവാനും ഉള്ള സൗകര്യം ലഭ്യമാക്കണം. സാമ്പത്തിക സഹായം നൽകണം.

2. കശുവണ്ടി സംഭരണ യൂനിറ്റ് സ്ഥാപിക്കണം.

3. പപ്പട നിർമാണത്തിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകണം.

4. സഹകരണാടിസ്ഥാനത്തിൽ ബീഡി നിർമാണ യൂനിറ്റ് ആരംഭിക്കണം.

5. മുളക്, കുരുമുളക്, മഞ്ഞൾ എന്നിവ ശേഖരിച്ച് പൊടിയാക്കി വീടുകളിൽ വിറ്റഴിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള വ്യവസായ യൂനിറ്റ് സ്ഥാപിക്കണം.

6. കരിങ്കല്ല് പൊട്ടിച്ച് ജല്ലി, വേലികല്ല് എന്നിവ ഉണ്ടാക്കുന്നതിനുള്ള വ്യവസായ യൂനിറ്റ് സ്ഥാപിക്കുക.

7. ഇഷടിക, ഓട് നിർമാണത്തിന് തൊഴിൽ പരിശീലനവും ധനസഹായവും നൽകുക.

8. വളരാടുള്ള രണ്ട് വെളിച്ചെണ്ണ മില്ലുകൾ വനിതകളുടെ സഹകരണത്തോടെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. ഐസ് ഫാക്ടറി, ബേക്കറി നിർമ്മാണം എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ സാങ്കേതിക സഹായങ്ങൾ അനുവദിക്കുക.

10. കല്ലുവെട്ടുന്നതിനുള്ള യന്ത്രസൗകര്യം ഏർപ്പെടുത്താൻ സഹായം നൽകണം.

11. കള്ള് ചെത്ത് മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു.

12. അടയ്ക്ക സംസ്കരണ ശാല സ്ഥാപിക്കണം

13. 'ഇന്ത്യൻ കോഫി ഹൗസ്' ആരംഭിക്കണം.

സാദ്ധ്യതകൾ

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് പാണ്ടിക്കാട് നല്ലൊരു ശതമാനം ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. ഇവരുടെ സംഭാവന വ്യവസായ മേഖലയ്ക്ക് ലഭിക്കുന്നില്ല. ഗൾഫ് മലയാളികളുടെ സഹായത്തോടെ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിയുന്നതാണ്.

1. ഇവിടെയുള്ള തൊഴിലാളികളിൽ ഭൂരിഭാഗവും പരമ്പരാഗത മേഖലയിൽ പണി എടുക്കുന്നവരാണ്. ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇവരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനും ഉള്ള ശ്രമങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്താവുന്നതാണ്.

2. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന ഒന്നാണ് നാളികേരമെങ്കിലും ഇതുപയോഗിച്ചുള്ള വ്യവസായങ്ങൾ വളരെ കുറവാണ്. കേര വ്യവസായങ്ങളെ കുറിച്ചുള്ള ബോധവല്ക്കരണത്തിലൂടെ ഈ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുവാനും, ഒരു നാളികേര കോംപ്ലക്സ് സ്ഥാപിക്കുവാനും ഉള്ള സാദ്ധ്യത പഞ്ചായത്തിൽ ഉണ്ട്.

3. കാർഷികോൽപന്നങ്ങളായ കപ്പ, നേന്ത്രക്കായ, ചക്ക, മാങ്ങ മുതലായവ ധാരാളം ലഭിക്കുന്നതിനാൽ ഇത് ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ സാധിക്കുന്നതാണ്. കൈതചക്ക, മാങ്ങ, കശുമാങ്ങ മറ്റു പഴവർഗ്ഗങ്ങൾ എന്നിവ ഉപയോഗിച്ച് ജാം, സ്കാഷുകൾ, അച്ചാറുകൾ എന്നിവ നിർമിക്കുന്നതിനും വിപണി പിടിച്ചെടുക്കുന്നതിനുവേണ്ടി ആകർഷകമായ പാക്കറ്റുകളിലാക്കി വിപണനം ചെയ്യാനുമുള്ള സാദ്ധ്യത പഞ്ചായത്തിൽ ഉണ്ട്.

ഖാദി മേഖല

ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ പതിമൂന്നാം വാർഡിൽ ഒരു നൂൽ നൂല്പു കേന്ദ്രം 1951ൽ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ 56 ആളുകൾ ജോലി ചെയ്തിരുന്നു. ഇപ്പോൾ മുപ്പതോളം വനിതകൾ മാത്രമെ ഇവിടെ ജോലി ചെയ്യുന്നുള്ളു. ഇപ്പോൾ ഈ വ്യവസായം പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപെടുത്തുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്താൽ ഈ സ്ഥാപനത്തെ തകർച്ചയിൽ നിന്നും രക്ഷിക്കാവുന്നതാണ്.

ചെറുകിട വ്യവസായ യൂനിററുകൾ

1. ഫാൻസി ഫൈബർ യൂനിറ്റ് (വാഴനാര്, കൈതനാര്, പച്ചതൊണ്ട് എന്നിവ ഉപയോഗിച്ച്) ബാഗ് നിർമ്മാണം, അച്ചടി, ചിപ്സ് നിർമാണം, കറിപൗഡർ നിർമാണം, റബർ ബാൻറ് നിർമാണം, പേപ്പർ കവർ, നോട്ടു ബുക്ക് നിർമാണം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, റബർ അസംസ്കൃത വസ്തു ആയിട്ടുള്ള ഷീറ്റ്, സ്പോഞ്ച്, ഗ്ലാസ്സ്, ഫിംഗർ ഗ്ലൗസ്, കളിപ്പാട്ടങ്ങൾ, ബുഷുകൾ, ബലൂൺ, പ്ലാസ്റ്റിക് കെയിൻ വർക്ക് തുടങ്ങിയവയുടെ നിർമാണ യൂനിറ്റ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ട്.

2. ശീലക്കുടക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ മാർക്കറ്റിൽ നിന്ന് ശേഖരിച്ച് അസംബ്ലിങ്ങ് യൂനി

ുകൾക്ക് സാദ്ധ്യതയുണ്ട്.

3 പപ്പടനിർമ്മാണത്തിൽ ഏകദേശം പതിനാറ് യൂനി ുകളിലായി 64 പേർ തൊഴിൽ എടുത്തു വരുന്നു. ഈ േഖല വികസിപ്പിക്കുവാനും സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുവാനും സാധിച്ചാൽ കുറച്ച് പേർക്ക് കൂടി തൊഴിൽ ലഭിക്കുവാൻ സഹായിക്കും.

4. പഞ്ചായത്തിൽ കമുക് കൃഷി ധാരാളമുള്ളതി ാൽ ഒരു അടയ്ക്ക സംസ്കരണ ശാലയും അതിനോട് ബന്ധപ്പെട്ട് പാക്ക് - സുഹാരി മുതലായവ നിർമ്മി ുന്നതിനുള്ള ഒരു യൂനിറ്റും സ്ഥാപിക്കാനുള്ള സാ ്യത ഉണ്ട്.

5. നമ്മുടെ പഞ്ചായത്തിൽ ധാരാളം കരിങ്കല്ല് ലഭി ുന്ന പ്രദേശങ്ങളുണ്ട്. ഈ രംഗത്ത് വിദഗ്ദ്ധരായ ാരാളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. വേലി ല്ല്, വിവിധ അളവിൽ കരിങ്കല്ല് ഉടച്ച് ജല്ലിയാക്കൽ ുനിവയുടെ സഹകരണാടിസ്ഥാനത്തിലുള്ള ഒരു യൂ ിറ്റിന് സാദ്ധ്യത ഉണ്ട്.

6. നമ്മുടെ പഞ്ചായത്തിൽ നിന്നും ധാരാളം കശു ണ്ടി മറ്റു ജില്ലകളിലേക്കും സംസ്ഥാനങ്ങളിലേക്കും ടുത്തി പോകുന്നുണ്ട്. അതിനാൽ ഇവിടെ ഒരു സംസ്ക രണ ശാല തുടങ്ങിയാൽ ധാരാളം ആളുകൾക്ക് തൊഴിൽ ിക്കുകയും പഞ്ചായത്തിന് വരുമാനം ലഭിക്കുകയും ുന്നതാണ്.

7. ബീഡി നിർമാണത്തിന് ആവശ്യമായ അസംസ്കൃ ുദ്രവ്യങ്ങൾ ലഭ്യമാക്കി സഹകരണാടിസ്ഥാനത്തിൽ ീഡി നിർമ്മിക്കുന്ന ഒരു യൂനിറ്റ് സ്ഥാപിക്കാവുന്നതാ ാണ്.

8. ഫർണിച്ചർ നിർമ്മാണ രംഗത്ത് 23ഓളം യൂനിറ്റു കൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. ഈരം ുള്ള വിദഗ്ദ്ധ തൊഴിലാളികളെ ഉൾപെടുത്തി സഹക രണമേഖലയിൽ ആധുനിക ഫർണിച്ചർ നിർമാണ യൂ നിറ്റ് സ്ഥാപിക്കാവുന്നതാണ്.

9. ട്യൂബ്, മഷി, നിബ്ബ് എന്നിവ ലഭ്യമാക്കി ീഹിൽ, പേന എന്നിവ നിർമിപ്പിക്കുന്ന ഒരു വനിതാ കുടിൽ വ്യവസായ യൂനിറ്റ് സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ട്.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

നമ്മുടെ യുവജനങ്ങൾ തിങ്ങിപാർക്കുന്നത് കൊണ്ട് വ്യവസായി കാവശ്യങ്ങൾക്ക് ഭാവിയിൽ സ്ഥല ലഭ്യത ഒരു പ്രശ്ന മായി വരും. അതിനാൽ പഞ്ചായത്ത് കുറച്ച് സ്ഥലം ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചാൽ വ്യവസായ സംരംഭകർക്ക് ഈ സ്ഥലം വാടകയ്ക്ക് കൊടുക്കുന്ന പദ്ധതിക്ക് രൂപം നൽകാവുന്നതാണ്.

വൻകിട വ്യവസായം

1. എല്ലുപൊടി വ്യവസായം

പഞ്ചായത്തിൽ അറവ് ശാലകൾ ഉള്ളതിനാൽ വൻ കിട മേഖലകളിൽ ഒരു എല്ലുപൊടി വ്യവസായം ആരം ഭിക്കാവുന്നതാണ്. ഇന്നുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഗണിക്കുന്നതിനും ധാരാളം തൊ ഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഇതുവഴി സാധി ക്കും.

2. ശാസ്ത്രീയമായ കോഴി വളർത്തൽ വ്യവസായം

ശാസ്ത്രീയമായി കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വി വിധ മേഖലകളിൽ വിപണനം ചെയ്യുന്നതിനുള്ള സം വിധാനം (ഹാച്ചറി യൂനിറ്റ്) ഉണ്ടാക്കിയാൽ ധാരാളം തൊഴിൽ അവസരം സൃഷ്ടിക്കാൻ സാധിക്കും.

3. ശാസ്ത്രീയമായ അറവു ശാല സ്ഥാപിച്ച് കോഴി കളെ അറക്കുന്നതിനുള്ള സ്ലാട്ടർ ഹൗസ് ഉപയോഗപെ ടുത്തി ഡീ ഫെതറിങ്ങ് മെഷിന്റെ സഹായത്തോടെ തൂവൽ നീക്കം ചെയ്ത് സംസ്കരിച്ച ഉല്പന്നങ്ങൾ ഉണ്ടാ ക്കുവാനുള്ള സാദ്ധ്യതയുണ്ട്.

പട്ടിക 4.

ക്രമ നമ്പർ	വ്യവസായ യൂനിറ്റിന്റെ പേര്	മേഖല
1.	പരമ്പരാഗത വ്യവസായം (കുട്ട, മുറം, പനമ്പ്, പായ)	
2.	കൊപ്രസംസ്കരണം	
3.	കശുവണ്ടി സംസ്കരണം	
4.	തീപ്പെട്ടി നിർമാണം	
5.	പപ്പട നിർമാണം	
6.	ബീഡി നിർമാണം	
7.	ഫർണിച്ചർ നിർമാണം	
8.	ഇഷ്ടിക - ഓട് നിർമാണം	
9.	ഐസ് ഫാക്ടറി	
10.	ബേക്കറി നിർമാണ യൂനിറ്റ്	
11.	തുകൽ വ്യവസായം	
12.	ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്	
13.	ഖാദി നൂൽനൂല്പു കേന്ദ്രം	
14.	സ്കാഷ്, ജാം നിർമാണം	
15.	അടയ്ക്ക സംസ്കരണം	

പുതുതായി ആരംഭിക്കാവുന്ന വ്യവസായ സംരംഭങ്ങ ളുടെ പട്ടിക താഴെ കൊടുക്കുന്നു.

16.	ചിപ്സ് നിർമാണം (നേന്ത്രക്കായ, ചക്ക, കപ്പ)	
17.	അലക്ക് സോപ്പ്, സോപ്പു പൊടി നിർമാണം.	ഒറ്റയ
18.	റെഡിമെയ്ഡ് വസ്ത്ര നിർമാണം	
19.	പ്ലാസ്റ്റിക് കെയ്ൻ യൂനിറ്റ്	
20.	ഫാൻസി - ഫൈബർ യൂനിറ്റ് (വാഴനാര്, കൈതനാര്.....)	
21.	റബർ നിർമാണ യൂനിറ്റ് (ഹവായ് ചെരിപ്പ്, ഷീറ്റ്...)	
22.	കറിപൗഡർ നിർമാണം	
23.	ശീലക്കുട നിർമാണം	
24.	കരിങ്കൽ ഉടച്ച് ജെല്ലി ആക്കൽ	സംഘം സഹകരണ
25.	നോട്ട് ബുക്ക്, റീഫിൽ നിർമാണം	
26.	ശാസ്ത്രീയമായ കോഴി വളർത്തൽ	

വ്യവസായ രംഗം

അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. വ്യവസായം അഭിവൃദ്ധിപെടുത്തുന്നതിന് തൽപരരായ ആളുകളെ പഞ്ചായത്ത് തലത്തിൽ കണ്ടെത്തി തിരഞ്ഞെടുക്കപ്പെട്ടവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ജില്ലാതലത്തിൽ സ്ഥിരം പരിശീലന കേന്ദ്രം സ്ഥാപിക്കണം.

2.വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ശക്തി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി ക്ഷാമം നികത്തുക.

3.ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ തരത്തിലുമുള്ള സാങ്കേതിക വിദ്യയും പരിജ്ഞാനവും സുതാര്യമാക്കുകയും വേണ്ടി വന്നാൽ പരിശീലന ക്ലാസ്സുകൾ നടത്തുകയും ചെയ്യുക.

4.വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് അതതു മേഖലയിലെ വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തണം.

5. നിർമ്മാണ തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിക്കണം.

6. പഞ്ചായത്ത് തലത്തിൽ വ്യവസായ ഉപദേശകനെ സർക്കാർ നിയമിക്കുക.

കാർഷികോൽപന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ സാദ്ധ്യതകൾ വർദ്ധിപ്പിച്ചാൽ നമ്മുടെ പഞ്ചായത്തിലെ അസംസ്കൃത സാധനങ്ങൾ ഒരു പരിധി വരെ നമുക്ക് തന്നെ ഉപയോഗപ്പെടുത്താൻ സാധിക്കും. തൊഴിൽ ഇല്ലാത്ത അനേകം പേർക്ക് തൊഴിൽ ലഭിക്കുന്നതിനും പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിനും ഇതു വഴി സാധിക്കും. ഈ അഭിവൃദ്ധി ജനങ്ങളുടെ സാമൂഹിക, സാമ്പത്തിക സാംസ്കാരിക രംഗത്ത് മാറ്റത്തിന് നിദാനമാവുകയും ചെയ്യുന്നു.□

ഒരേ മനസ്സും ലക്ഷ്യവുമായ് നാം
ഒന്നായ് നീങ്ങീടേണം
നമ്മുടെ നാട്ടിനു വളരാനുള്ളൊരു വഴി നാം തേടേണം
നൻമകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു നാടിനു നൽകേണം.

5 (4)

വിദ്യാഭ്യാസം

തെക്കേ മലബാറിൽ ഏറനാട് താലൂക്കിന്റെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന പാണ്ടിക്കാട് പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ആശാവഹമായിരുന്നില്ല.

ഈ നൂറ്റാണ്ടിന്റെ ആദ്യപതിറ്റാണ്ടുകളിൽ മതപഠനം നടത്തുന്ന മദ്രസകളും, കുടിപള്ളിക്കൂടങ്ങളും, കളരികളും, ശാലകളും ആദ്യ കാല വിദ്യാഭ്യാസ സ്ഥാപനങ്ങളായി കണക്കാക്കാവുന്നതാണ്. എഴുത്ത് ആശാന്മാരുടെ വീടുകളിൽ പോയി താമസിച്ചു പഠിച്ചിരുന്ന രീതിയായിരുന്നു അന്ന് ഉണ്ടായിരുന്നത്. മതപഠനം നടത്തുന്നതോടൊപ്പം മലയാളം, അറബി, സംസ്കൃതം തുടങ്ങിയ ഭാഷകൾ പഠിപ്പിക്കുന്ന രീതിയും നിലവിലിരുന്നു. വായ്മൊഴിക്കായിരുന്നു കൂടുതൽ പ്രാധാന്യം. അക്ഷരാഭ്യാസം നേടിയവർ മറ്റുള്ളവരെ പഠിപ്പിക്കുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. അക്കാലത്ത് മലയാള ലിപികൾ പഠിക്കാൻ വേണ്ടി അറബി ലിബിയിൽ മതപരമായുള്ളതും ഭക്തി ഗീതങ്ങളും, പടപ്പാട്ടുകളും ഓത്തുപള്ളികളിൽ രേഖപ്പെടുത്തിയിരുന്നു. കളരികളിൽ നിലത്തെഴുത്തും എഴുത്താണി കൊണ്ട് ഓലകളിൽ എഴുതുന്ന രീതിയുമാണ് നിലവിൽ ഇരുന്നത്. ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് കൊണ്ട് പലരും തടവിൽ ആക്കപ്പെടുകയോ നാടുവിട്ട് പോകേണ്ടി വരികയോ വധിക്കപ്പെടുകയോ ചെയ്ത സാഹചര്യങ്ങൾ മേൽ വിവരിച്ച അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനം നിലയ്ക്കുന്നതിന് ഇടയാക്കി. അപൂർവ്വം ചില ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അന്ന് നിലവിൽ വന്നിരുന്നു.

പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാലയം 1903ൽ മദ്രാസ് ഗവൺമെൻറ് അംഗീകാരത്തോടെ വള്ളുവങ്ങാട് ആരംഭിച്ച സ്ക്കൂളായിരുന്നു. പിന്നീട് 1908ൽ താലൂക്ക് ബോർഡിന്റെ അംഗീകാരത്തോടെ കാരാകുറുശ്ശിയിൽ സ്ക്കൂൾ നിലവിൽ വന്നു. 1912ൽ പാണ്ടിക്കാട് ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിതമായി. ഹിന്ദു ബോർഡ് സ്ക്കൂളുകളും മാപ്പിള ബോർഡ് സ്ക്കൂളുകളും ഇവിടെ ഉണ്ടായിരുന്നു. രണ്ട് ഏക അദ്ധ്യാപക വിദ്യാലയങ്ങൾ ബോർഡിന്റെ കീഴിൽ വളരാടും, തെയ്യംപാടി കുത്തും പ്രവർത്തിച്ചിരുന്നു. 1935ൽ കിഴക്കെ പാണ്ടിക്കാട് തുടങ്ങിവെച്ച CMHE സ്ക്കൂൾ ആയിരുന്നു പഞ്ചായത്തിലെ ആദ്യത്തെ ഹയർ എലിമെൻററി വിദ്യാലയം. പാണ്ടിക്കാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി നിർണ്ണായകമായ പങ്ക് വഹിച്ച പരേതനായ എ.പി. കൃഷ്ണതരകൻ മാസ്റ്ററുടെ ഉടമസ്ഥതയിൽ ആയിരുന്നു ഈ വിദ്യാലയം. ഈ സ്ക്കൂളിൽ നിന്നുള്ള ആദ്യ E.S.L.C ബാച്ച് 1942ൽ പുറത്ത് വന്നു. ആദ്യകാല വിദ്യാലയങ്ങളിൽ മിക്കതും മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഉള്ളവയായിരുന്നു.

സ്വാതന്ത്ര്യാനന്തരം സർക്കാർ മേഖലയിൽ വിദ്യാലയങ്ങൾ ആരംഭിച്ചത് വിദ്യാഭ്യാസ പുരോഗതിക്ക് സഹായകമായി. 1958ൽ പാണ്ടിക്കാട് ആദ്യത്തെ ഹൈസ്ക്കൂൾ സ്ഥാപിതമായി. ഇതോടുകൂടി മുമ്പ് ഉണ്ടായിരുന്ന C.M.H.E. സ്ക്കൂളിലെ 6,7,8 ക്ലാസ്സുകൾ നിർത്തലാക്കി.

വയോജനവിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയുള്ള രാത്രി കാല ക്ലാസ്സുകൾ പഞ്ചായത്തിന്റെ പല ഭാഗത്തും പ്രവർത്തിച്ചിരുന്നു. അതാത് പ്രദേശത്തെ ആളുകൾ മുൻകൈ എടുത്താണ് ഈ ക്ലാസ്സുകൾ നടത്തിയിരുന്നത്. വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിനാൽ ഇത്തരം സംരംഭങ്ങൾ നിലച്ചു പോവുകയാണ് ചെയ്തത്.

1990ൽ നടന്ന സാക്ഷരതാ പരിപാടി പഞ്ചായത്തിൽ വൻ വിജയമായിരുന്നു. മലപ്പുറം ജില്ലയിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തനം നടത്തിയ പഞ്ചായത്താണ് നമ്മുടേത്.

പട്ടിക 1. (എ)

ആകെ സ്ക്കൂളുകൾ		വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
ക്രമനമ്പർ സ്ക്കൂൾ	എയിഡഡ് ഗവ:	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	പു.	സ്ത്രീ	ആകെ
1. G.L.P.S. പുക്കൂത്ത്	ഗവ:	149	122	271	6	3	9
2. G.M.L.P.S. പാണ്ടിക്കാട്	,,	186	174	360	6	6	12
3. S.M.M.A.L.P.S. പാണ്ടിക്കാട്	എയിഡഡ്	154	153	307	3	7	10
4. A.M.L.P.S. വള്ളിക്കാപറമ്പ്	,,	62	60	122	3	2	5
5. A.M.L.P.S. വള്ളുവങ്ങാട്	,,	147	142	289	2	5	7
6. A.ML.P.S. വള്ളുവങ്ങാട് നോർത്ത്	,,	130	127	257	6	4	10
7. G.L.P.S. വെട്ടിക്കാട്ടിരി	ഗവ:	98	113	211	3	2	5
8. A.L.P.S. മണ്ഡകകുന്ന്	എയിഡഡ്	118	130	248	6	4	10
9. G.ML.P.S. കൊടശ്ശേരി	ഗവ:		218 204	422		4 6	10
10. G.M.L.P.S. ഒടോമ്പറ്റ	,,	106	92	198	3	4	7
11. A.M.L.P.S. വെട്ടിക്കാട്ടിരി പൊടിയാട്	എയിഡഡ്	148	107	255	6	4	10
12. G.L.P.S. വളരാട്	ഗവ:	89	80	169	2	2	4
13. A.M.L.P.S.PKD നോർത്ത്	എയിഡഡ്	95	75	170	2	3	5
14. G.L.P.S. തെയ്യംപാടികുത്ത്	ഗവ:	68	62	130	2	3	5
15. C.M.A.L.P.S. പാണ്ടിക്കാട്	എയിഡഡ്	138	144	282	5	5	10
16. A.U.P.S. ചെമ്പ്രശ്ശേരി	,,	570	528	1098	12	23	35
17. G.M.U.P.S. വെട്ടിക്കാട്ടിരി	ഗവ:	135	119	254	6	1	7
18. A.M.U.P.S. ചെമ്പ്രശ്ശേരി എസ്റ്റേറ്റ്	എയിഡഡ്	293	298	591	8	12	20
19. G.H.S. പാണ്ടിക്കാട്	ഗവ:	1463	1400	2863	41	37	78
ആകെ		4367	4130	8497	126	133	259

(അവലംബം സെക്കൻററി ഡാറ്റാ)

ഇപ്പോൾ പഞ്ചായത്തിൽ 15 എൽ.പി. സ്ക്കൂളുകളും (സർക്കാർ 7, എയിഡഡ് 8) 3 യു.പി. (സർക്കാർ 1, എയിഡഡ് 2) സ്ക്കൂളുകളും ഒരു ഗവൺമെൻറ് ഹൈസ്ക്കൂളും പ്രവർത്തിക്കുന്നു. ഇതിൽ മൂന്ന് യു.പി. സ്ക്കൂളിൽ രണ്ടെണ്ണത്തിൽ എൽ. പി. വിഭാഗവും ഹൈസ്ക്കൂളിൽ യു.പി. വിഭാഗവും പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ അംഗീകാരമില്ലാത്ത നാല് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്ക്കൂളുകളും അഞ്ച് പാരലൽ കോളേജുകളും പട്ടിക ജാതി ക്ഷേമബോർഡിൻെറ കീഴിൽ പ്രവർത്തിക്കുന്നഒരു ഐ.ടി.സി.യും നിലവിൽ ഉണ്ട്. ഈ ഐ.ടി.സി.യിൽ ഡ്രാഫ്റ്റ് മാൻ സിവിൽ വിഭാഗത്തിൽ 20 കുട്ടികൾക്ക് പരിശീലനം നൽകുന്നു. കൂടാതെ ഒരു അലുമിനിയം ഫാബ്രിക്കേഷൻ പരിശീലന യൂണിറ്റും

L.P. U.P., H.S. പെൺകുട്ടികളുടെ വിവരം പട്ടിക 1 ബി.

ആകെ വിദ്യാർത്ഥികൾ	L.P.			U.P			H.S		
	ആകെ	പെൺ	%	ആകെ	പെൺ	%	ആകെ	പെൺ	%
8497	4224	2034	48.15	2546	1233	48.42	1727	863	49.97

പട്ടിക I (c)
പട്ടിക ജാതി വിദ്യാർത്ഥികളുടെ കണക്ക്

	L.P.			U.P.			H.S.	
ആകെ	SC	%	ആകെ	S.C.	%	ആകെ	S.C.	%
4224	483	11.43	2546	306	12.01	1727	216	12.50

ആകെ എസ്.സി. കുട്ടികൾ - 11.82%

കമ്മ്യൂട്ടർ പരിശീലന കേന്ദ്രവും ടൈപ്പ് റൈറ്റിങ്ങ് സെന്ററും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു.

ഇന്ന് 47000ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തി 19 വിദ്യാലയങ്ങളിലായി 8497 വിദ്യാർത്ഥികൾ നടത്തുന്നുണ്ട്. അദ്ധ്യാപകരുടെ എണ്ണം 259 ണ്.

പട്ടിക 1(d)
96 - 97 പഠനം നിർത്തിയവരുടെ കണക്ക്

	SC			മറ്റുള്ളവർ	
ാൾ	പെൺ	ആകെ	ആൺ	പെൺ	ആകെ
17	11	28	96	71	167
				ആകെ.	195

പട്ടിക I (E)
കൊഴിഞ്ഞുപോക്കിനെ സംബന്ധിച്ച ഒരു സ്ഥിതി വിവര കണക്ക്

	ആൺ	പെൺ	ആകെ
I	549	448	987
II	574	508	1082
III	547	540	1087
IV	521	537	1058
V	503	394	897
VI	407	408	815
VII	403	431	834
VIII	333	290	623
IX	320	320	640
X	211	253	464

സാമ്പത്തിക സാമൂഹ്യകാരണങ്ങളാൽ ഗണ്യമായ ാനം വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ട്.

ഒന്നാം ക്ലാസ്സിൽ ചേരുന്ന വിദ്യാർത്ഥികളിൽ ന ല്ലൊരു ശതമാനംപത്താം ക്ലാസ്സിൽ എത്തുമ്പോഴേക്കും പഠനം നിർത്തുന്നു എന്നതാണ് കാണുന്നത്.

L.P വിഭാഗത്തിൽ നിന്ന് U.P.യിലേക്ക് എത്തുമ്പോ ഴേക്കും കുട്ടികളുടെ എണ്ണം കുറയുന്നു. U.P.യിൽ നിന്നും H.Sലേക്ക് എത്തുമ്പോഴേക്കും അത് വീണ്ടും കുറയുന്നു.

പട്ടിക I (F)
ഗവ: സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ	259
ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാ. എണ്ണം	137
ഗവൺമെൻറ് അദ്ധ്യ. എണ്ണം. %	52.89%
വിദ്യാർഥികളുടെ എണ്ണം	8497
ഗവ. സ്ക്കൂളിലെ വിദ്യാർഥികൾ	4878
ശതമാനം	5740%

ഇതിന്റെ ഒരു പ്രധാന കാരണം വിദ്യാഭ്യാസ സൗകര്യ ങ്ങളുടെ (സ്ക്കൂളിലേക്കുള്ള ദൂരം ഉൾപ്പെടെ) അപര്യാ പ്തതയാണ്.

ഈ പട്ടികയിൽ നിന്നും വ്യക്തമാകുന്നത് പഞ്ചായ ത്തിലെ വിദ്യാർത്ഥികളിൽ പകുതിയിലധികം വിദ്യാർ ത്ഥികളും സർക്കാർ സ്ക്കൂളുകളിലാണ് പഠനം നടത്തു ന്നത്. പഞ്ചായത്തിന് പുറത്ത് പോയി വിദ്യ അഭ്യസി ക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം നാമമാത്രമാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളൊ പഞ്ചായത്തിൽ നിലവിലില്ല. മഞ്ചേരി, മലപ്പുറം, മമ്പാട്, പെരിന്തൽമണ്ണ തുടങ്ങിയ ഇടങ്ങളിൽ സ്ഥിതി ചെയ്യുന്ന കോളേജുകളിലേക്കാണ് ഉന്നത വി ദ്യാഭ്യാസത്തിന് വേണ്ടി പഞ്ചായത്തിലെ വിദ്യാർത്ഥി കളെ, അയക്കുന്നത്. സാങ്കേതിക വിദ്യ അഭ്യസിക്കുന്ന തിന് മഞ്ചേരി, അരീക്കോട് തുടങ്ങിയ സ്ഥലങ്ങളിലെ

ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നവരുടെ എണ്ണം
പട്ടിക I-G

പ്രീഡിഗ്രി	302
ഡിഗ്രി	104
ഐ.ടി.ഐ.	16
എൻജിനീയറിംഗ് - പോളി	9
മെഡിസിൻ	11
മറ്റുള്ളവ	65

വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളിലെ വിജയശതമാനം താരതമ്യേന കുറവാണ്. കഴിഞ്ഞ 5 വർഷങ്ങളിലെ ശരാശരി വിജയശതമാനം 18 ആണ്. വിജയിക്കുന്നവരുടെ മാർക്ക് വളരെ കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ വളരെ ചുരുക്കം പേർക്ക് മാത്രമെ പ്രവേശനം ലഭിക്കാറുള്ളു. മഞ്ചേരി, പെരിന്തൽമണ്ണ, വണ്ടൂർ, കരുവാരകുണ്ട് എന്നിയിടങ്ങളിലുള്ള കോ.ഓപ്പറേറ്റീവ് കോളേജുകളെയും പാരലൽ കോളേജുകളെയുമാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ ഏക സാങ്കേതിക സ്ഥാപനമായ ഐ.ടി.സി. പട്ടിക ജാതി വികസന കോർപ്പറേഷന്റെ കീഴിൽ ഉള്ളതാണ്. 28 വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിൽ 25 പേർ SC കുട്ടികളാണ്. ഈ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ അധികവും പഞ്ചായത്തിന് പുറത്തു നിന്നും വരുന്നവരുമാണ്. അതുകൊണ്ടു തന്നെ പഞ്ചായത്തിന് എടുത്തു പറയത്തക്ക നേട്ടം ഈ സ്ഥാപനം കൊണ്ട് കിട്ടുന്നില്ല.

പഞ്ചായത്തിലെ 5 പാരൽ സ്ഥാപനങ്ങളിൽ ഒരെണ്ണത്തിൽ പ്രീഡിഗ്രിയും മറ്റു സ്ഥാപനങ്ങളിൽ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷനും നൽകുന്നുണ്ട്. പഞ്ചായത്തിലെ ഏക ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 50 പേർക്ക് പരിശീലനം നൽകുന്നുണ്ട്. ഷോർട്ട്ഹാൻറ് പരിശീലനം നൽകുന്നവർക്ക് തൊഴിൽ സാദ്ധ്യത കുറവായി വരുന്നതുകൊണ്ട് പുതിയ സ്ഥാപനങ്ങൾഒന്നും ആരംഭിക്കുന്നില്ല.

പഞ്ചായത്തിനകത്ത് നാല് ഇംഗ്ലീഷ് മീഡിയം നെഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് 3 വയസിനും 5 വയസിനും ഇടയിൽ ഉള്ള ഭൂരിഭാഗം കുട്ടികൾ സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ പോകുന്നവരാണ്. പഞ്ചായത്തിന് പുറത്ത് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ നാമമാത്രമാണ്.

മുസ്ലീങ്ങളുടെ മതപഠനസ്ഥാപനമായ മദ്രസകൾ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലുമുണ്ട്. രാത്രിയിലെ മദ്രസ പഠനം വിദ്യാർത്ഥികളുടെ സ്ക്കൂൾ പഠനത്തെ ബാധിക്കുന്നു എന്ന് ഒരഭിപ്രായമുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ലാസ് മുറിക്ക് വെളിയിലേക്ക് നയിക്കുന്നു. പ്രായപൂർത്തി ആയാൽ അക്കരെ കടക്കാൻ വ്രതമെടുക്കുന്ന ഒരോ വിദ്യാർത്ഥിയും പഠന പ്രവർത്തനങ്ങളിൽ നിന്ന് അകന്നു പോകുന്നു.

പ്രാഥമിക വിദ്യാലയങ്ങൾ ആവശ്യത്തിന് ഉണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരരായ ആളുകൾ ഉണ്ട്. 90ലെ സാക്ഷരാത യജ്ഞത്തിന്റെ തുടർ പ്രവർത്തനം നടക്കാത്തതിനാൽ നവ സാക്ഷരർ വീണ്ടും നിരക്ഷരരായി തീർന്ന സാഹചര്യമുണ്ട്.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ കോംപ്ലക്സ് മുമ്പ് പ്രവർത്തിച്ചിരുന്നു എങ്കിലും ഇപ്പോൾ അതിന്റെ പ്രവർത്തനം നടക്കുന്നില്ല. കോംപ്ലക്സിന്റെ കീഴിൽ നടന്നിരുന്ന പാഠ്യേതര പ്രവർത്തനങ്ങൾ (കലാമേള, കായിക മേള, ശാസ്ത്രപ്രദർശനം.) ഇപ്പോൾ നടക്കുന്നില്ല. മാനേജ്മെൻറ് വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത (ഗവ. സ്ക്കൂളുകളിലെയും) പഠന നിലവാരത്തെ ബാധിക്കുന്നുണ്ട്. അദ്ധ്യാപകരും രക്ഷിതാവും മാനേജരും പൊതുജനങ്ങളുമടങ്ങിയ പുതിയ കൂട്ടായ്മ വളർത്തി എടുക്കേണ്ടതുണ്ട്.

മിടുക്കരായ വിദ്യാർത്ഥികളെ ആദരിക്കുന്നതിന് തുടർ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിനും പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നുണ്ട്. S.S.L.C. പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് ക്യാഷ് അവാർഡ് നൽകി ആദരിക്കാറുണ്ട്. വിവിധ വിദ്യാലയങ്ങളിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് എൻഡോവ്മെൻറുകളും അവാർഡുകളും നൽകി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ചെമ്പ്രശ്ശേരി യു.പി. സ്ക്കൂൾ ഇതിന് മാതൃകയാണ്.

പ്രൈമറി വിദ്യാഭ്യാസ രംഗത്ത് D.P.E.P പദ്ധതി പ്രകാരം പഞ്ചായത്തിലെ വളരാട് (2 മുറി) പാണ്ടിക്കാട് ടൗൺ (3മുറി) കൊടശ്ശേരി L.P. (3 മുറി) എന്നീ സ്ക്കൂളുകൾക്ക് കെട്ടിടം നിർമിക്കുകയും പുക്കുത്ത്, ഒടോമ്പറ്റ എന്നീ വിദ്യാലയങ്ങൾക്ക് ഇടച്ചുമർ നിർമിക്കുയും ചെയ്തിട്ടുണ്ട്. പഠനോപകരണങ്ങൾ നിർമിക്കുന്നതിന് വേണ്ടിയുള്ള ഗ്രാൻറ് എല്ലാ സ്ക്കൂളുകൾക്കും കിട്ടിയിട്ടുണ്ട്.V.E.C. സജീവമായി തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകരും, L.R.P. മാരും ശേഖരിച്ച പ്രാഥമിക, ദ്വിതീയ വിവരങ്ങളുടെയുംഗ്രാമ

കളിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാന ത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. എല്ലാ ഗ്രാമസഭകളിലും, വിദ്യാഭ്യാസരംഗം സജീവ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാദമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, സൗകര്യ ങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദ്യാ ഭ്യാസ രംഗത്തെ വിലയിരുത്തിയിട്ടുണ്ട്. അക്കാദമിക് നിലവാര തകർച്ച, പാഠ പുസ്തകങ്ങളുടെ ലഭ്യതയിൽ വരുന്ന കാലതാമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതിക സാഹചര്യങ്ങൾ, അദ്ധ്യാപക ര ക്ഷാകർതൃസമിതി, ഉച്ചക്കഞ്ഞി, പുതിയ സ്ക്കൂളുകളുടെ ആവശ്യകത, നിലവിലുള്ള ചിലവ് അപ്ഗ്രേഡ് ചെയ്യൽ, അദ്ധ്യാപകരുടെ പുനപരിശീലനം, D.P.E.D. DIET തുടങ്ങി വയുടെ സേവന ലഭ്യത, മാസാന്ത്യ പരീക്ഷകൾ, മൂല്യനിർണ്ണയം, പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെ കുറിച്ചെല്ലാം ഓരോ ഗ്രാമസഭയിലും ചർ ച്ചകൾ നടന്നിട്ടുണ്ട്.

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പ്രഥമ പരിഗണന അർഹിക്കുന്ന അക്കാദമിക് സൗകര്യങ്ങൾ. ലൈബ്രറി, ലാബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ വിദ്യാർ ത്ഥികളുടെ പഠന പുരോഗതിക്ക് അത്യാവശ്യമായ കാ ര്യങ്ങളാണ്. പഞ്ചായത്തിലെ വിദ്യാലയ സൗകര്യങ്ങ ളുടെ പരിമിതി വെളിപ്പെടുത്തുന്ന പട്ടിക താഴെ കൊടു ക്കുന്നു.

പട്ടിക I (H)
അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

	ഉള്ളത്	ഇല്ലാത്തത്
ലൈബ്രറി	12	7
ലാബ്	9	10
പഠനോപകരണങ്ങൾ	11	8
റേഡിയോ	13	6
ടേപ്പ് റിക്കോർഡർ	16	3
ടെലിവിഷൻ	—	19
സിനിമാപ്രൊജക്ടർ	—	19
സ്ലൈഡ് പ്രൊജക്ടർ	1	18
ബ്ലാക്ക് ബോർഡ് ആവശ്യകത	19	–
മാതൃസംഘം സജീവം	14	5
ക്ലാസ്സ് P.T.A. പ്രവർത്തി ക്കുന്നത്	17	2

ഹൈസ്ക്കൂളിൽ ഒഴികെ എല്ലാ വിദ്യാലയങ്ങളിലും ഉച്ചകഞ്ഞി വിതരണം നടത്തുന്നുണ്ട്. പാചകം ചെയ്യുന്ന തിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. ലൈബ്രറി സൗകര്യം ചില സ്ക്കൂളുകളിൽ ഉണ്ടെങ്കിലും കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ പ്രവർത്തനം നടക്കുന്നില്ല. ലാ ബോറട്ടറി പ്രവർത്തനത്തിന് ആവശ്യമായ സൗകര്യ ങ്ങൾ പഞ്ചായത്തിലെ ഒരു സ്ക്കൂളിലും ഇല്ല.

പട്ടിക അടുത്ത പേജിൽ.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അ പര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. പഞ്ചായത്തിലെ 19 സ്ക്കൂളു കളിൽ 14 എണ്ണത്തിലും ഇനിയും ക്ലാസ്സ് മുറികൾ ആവശ്യമുണ്ട്. കക്കൂസില്ലാത്ത 11 സ്ക്കൂളുകളും, മൂത്ര പുരയില്ലാത്ത 2 സ്ക്കുളുകളും കുടിവെള്ളമില്ലാത്ത 5 സ്ക്കൂളുകളും വൈദ്യുതി ലഭിക്കാത്ത 15 സ്ക്കൂളുകളും ഉണ്ട്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയശതമാനം, 1996-97 വർഷത്തെ പാദവാർഷിക പരീക്ഷയ്ക്ക് 3 മുതൽ 10-ാം തരം വരെയുള്ള വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്കിന്റെ ശതമാനവും പട്ടികയായി താഴെ കൊടുക്കുന്നു.

പട്ടിക I (J) S.S.L.C.
വിജയശതമാനം

G.H.S. പാണ്ടിക്കാട്	91-92	92-93	93-94	94-95	95-96
കുട്ടികളുടെഎണ്ണം	336	345	396	374	435
വിജയശതമാനം	17%	18%	18%	17%	19%

നിലവാര തകർച്ചയ്ക്കുള്ളകാരണങ്ങൾ

അദ്ധ്യാപക പരീശീലനത്തിന്റെ ഗുണനിലവാരമി ല്ലായ്മ, ശാസ്ത്രീയമായ ബോധനരീതികൾ ഉപയോഗി ക്കാൻ അദ്ധ്യാപകർ കാണിക്കുന്ന വൈമുഖ്യം, അശാ സ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായം, മോണിറ്ററിങ്ങി ന്റെ അപര്യാപ്തത, പാര അക്കാദമിക് പ്രവർത്തന ങ്ങൾ, സാമൂഹിക പിന്നോക്കാവസ്ഥ, വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷിതാക്കൾക്കിടയിലും പൊതുവെ സമൂ ഹത്തിലും വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണകൾ, വിദ്യാ ഭ്യാസവും ജീവിതവുമായുള്ള ബന്ധമില്ലായ്മ.

പട്ടിക I (i)

ഭൗതിക സാഹചര്യങ്ങൾ

	സ്ക്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം,	വൈദ്യുതി	ഇനിയും ആവശ്യമുള്ള ക്ലാസ് മുറികൾ
1.	G.L.P.S. പുക്കൂത്ത്	271	9	4	2	ഉണ്ട്	ഇല്ല	4
2.	G.M.L.P.S പാണ്ടിക്കാട്	360	12	1	ഇല്ല	ഇല്ല	ഉണ്ട്	3
3.	SMMALPS പാണ്ടിക്കാട്	307	10	1	ഇല്ല	ഉണ്ട്	ഉണ്ട്	വേണ്ട
4.	A.M.L.P.S. വള്ളിക്കാപറമ്പ്	122	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4
5.	A.M.L.P.S. വള്ളുവങ്ങാട്	289	7	2	ഇല്ല	ഉണ്ട്	ഇല്ല	3
6.	A.M.L.PS. വള്ളുവങ്ങാട് നോർത്ത്	257	10	1	ഇല്ല	ഉണ്ട്	ഇല്ല	വേണ്ട
7.	G.L.P.S. വെട്ടിക്കാട്ടിരി	211	5	1	1	ഉണ്ട്	ഇല്ല	5
8.	L.P.S. മണ്ടകകുന്ന്	248	10	1	ഇല്ല	ഉണ്ട്	ഇല്ല	വേണ്ട
9.	G.M.L.P.S. കൊടശ്ശേരി	422		10	1 1	ഇല്ല	ഇല്ല	5
10.	G.M.L.P.S. ഒടോമ്പാറ	198	7	2	1	ഉണ്ട്	ഇല്ല	21
11.	A.M.L.P.S. വെട്ടിക്കാട്ടിരി നോർത്ത്	255	10	2	ഇല്ല	ഉണ്ട്	ഇല്ല	വേണ്ട
12.	G.L.P.S. വളരാട്	169	4	2	1	ഉണ്ട്	ഇല്ല	2
13.	A.M.L.P.S. PKD നോർത്ത്	170	5	1	ഇല്ല	ഉണ്ട്	ഇല്ല	1
14.	G.L.P.S. തെയ്യംപാടികുത്ത്	130	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6
15.	C.M.A.L.P.S. പാണ്ടിക്കാട്	282	10	1	ഇല്ല	ഉണ്ട്	ഇല്ല	വേണ്ട
16.	A.U.P.S. ചെമ്പ്രശ്ശേരി	1098	35	2	2	ഉണ്ട്	ഉണ്ട്	2
17.	G.M.U.P.S വെട്ടിക്കാട്ടിരി	254	7	1	1	ഇല്ല	ഇല്ല	3
18.	A.M.U.P.S. ചെമ്പ്രശ്ശേരി എസ്റ്റേറ്റ്	591	20	2	2	ഉണ്ട്	ഇല്ല	3
19.	G.H.S. പാണ്ടിക്കാട്	2863	78	1	ഇല്ല	ഉണ്ട്	ഉണ്ട്	32

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 വർഷത്തേക്കുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1.അപ്ഗ്രേറ്റ് ചെയ്യപ്പെടേണ്ടതായ സ്ക്കൂളുകൾ

a. G.L.P. പൂക്കൂത്ത് സ്ക്കൂൾ
b. G.M.L.P. സ്ക്കൂൾ പാണ്ടിക്കാട്
c. G.L.P. സ്ക്കൂൾ വളരാട്
d. G.L.P. സ്ക്കൂൾ പെട്ടിക്കാട്ടിരി
e. A.M.L.P. സ്ക്കൂൾ വള്ളുവനങ്ങാട്
f. G.M.U.P. സ്ക്കൂൾ വെട്ടിക്കാട്ടിരി (ഹൈസ്ക്കൂൾ)
g. G.L.P. സ്ക്കൂൾ വള്ളുവങ്ങാട്
h. A.U.P. സ്ക്കൂൾ ചെമ്പ്രശ്ശേരി (ഹൈസ്ക്കൂൾ)
i. G.H.S. പാണ്ടിക്കാട് V.H.S.S. ആയി ഉയർത്തുക

II

പുതുതായി സ്ക്കൂളുകൾ തുടങ്ങേണ്ട സ്ഥലങ്ങൾ

1.പാണ്ടിക്കാട് കേന്ദ്രമായി ഒരു ഗേൾസ് ഹൈ സ്

G.H.S. പാണ്ടിക്കാട് 5 വർഷത്തെ വിജയശതമാനം ശരാശരി 18 ശതമാനമാണ്.

പട്ടിക I(K പാദവാർഷിക പരീക്ഷ

ക്ലാസ്	ആകെ	30% താഴെ കുട്ടികൾ	30-40-% മാർക്ക് നേടുന്നവർ	40-50 ശതമാനം മാർക്ക് നേടുന്നവർ	50-60% മാർക്ക് നേടുന്നവർ	60%ൻ മേൽ നേടുന്നവർ
1	2	3	4	5	6	7
III	1105	246	256	234	167	202
IV	1076	244	236	233	180	183
V	900	288	213	203	115	84
VI	837	397	148	140	78	74
VII	843	387	154	141	66	82
VIII	618	515	38	29	17	19
IX	632	524	42	45	19	38
X	434	347	30	28	12	17
		30% താഴെയുള്ളവർ 45.74%				

സ്ഥാപിക്കുക.

2. 14-ാം വാർഡിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുക.

3.വള്ളുവങ്ങാട് ഭാഗത്ത് ഒരു യു.പി. സ്ക്കൂൾ സ്ഥാപിക്കുക.

III

കൂറ്റ പണികൾ നടത്തേണ്ട സ്ക്കൂളുകൾ

1. പൂക്കുത്ത് ജി.എൽ.പി.എസിന്റെ അറ്റകുറ്റ പണി നടത്തുക, വാട്ടർ ടാങ്ക്, കോമ്പൗണ്ട് വാൾ എന്നിവ നിർമിക്കുക.

2. പാണ്ടിക്കാട് നോർത്ത് ജി.എം.എൽ.പി. സ്ക്കൂളിൽ കിണർ, കളിസ്ഥലം നിർമിക്കുക, കിണർ നന്നാക്കുക, ആവശ്യമായ ബെഞ്ച് നിർമിക്കുക.

3. പാണ്ടിക്കാട് ഹൈസ്ക്കൂൾ കെട്ടിടം റിപ്പെയർ ചെയ്യുക, 40 മുറികൾ ഉള്ള ഒരു കെട്ടിടം പുതുതായി നിർമിക്കുകയും ചുറ്റുമതിൽ കെട്ടുകയും വാട്ടർ ടാങ്ക് ഉപയോഗ യോഗ്യമാക്കുകയും കളിസ്ഥലം മിനിസ്റ്റേഡിയമാക്കി ഉയർത്തുകയും ചെയ്യുക.

4. ഇപ്പോൾ വാടകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വെട്ടിക്കാട്ടിരി ജി.എൽ.പി. സ്ക്കൂളിന്റെ സ്ഥലവും കെട്ടിടവും പഞ്ചായത്ത് ഏറ്റെടുക്കുക, സ്ക്കൂളിലെ പൊതു ടാപ്പിന്റെ അറ്റകുറ്റ പണികൾ നടത്തുക,, കിണർ പൂർത്തിയാക്കുക.

5. വളരാട് ജി.എൽ.പി.എസിന് കെട്ടിടം നിർമിക്കുക.

6. വെട്ടിക്കാട്ടിരി എ.എം.യു.പി. സ്ക്കൂളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുക.

7. വള്ളുവനങ്ങാട് എ.എം. എൽ.പി. സ്ക്കൂളിന് വാട്ടർ ടാങ്ക് സൗകര്യംഏർപ്പെടുത്തുക.

8. കൊടശ്ശേരി ജി.എം.എൽ.പി. സ്ക്കൂളിന് 6 ക്ലാസ് മുറികൾഉള്ള ഒരു കെട്ടിടം നിർമിക്കുക, സ്ക്കൂളിന് ചുറ്റുമതിൽ നിർമിക്കുക, ഇടിഞ്ഞുപോകുന്ന വടക്കു ഭാഗം സംരക്ഷിക്കുക, പഠനോപകരണങ്ങൾ വിതരണം ചെയ്യുക.

9. തെയ്യം പാടികുത്ത് ജി.എം.എൽ.പി. സ്ക്കൂളിന് കെട്ടിടം നിർമിക്കുക, ഹാൻറ് പമ്പോടുകൂടിയ കുഴൽ കിണർ നിർമിക്കുക, പ്രാഥമിക സൗകര്യങ്ങൾ ഏർപെടുത്തുക.

10. ഒടോമ്പറ്റ ജി.എം.എൽ.പി. സ്ക്കൂൾ വൈദ്യൂതീകരിക്കുക, കുടിവെള്ള സംവിധാനം ഏർപെടുത്തുക.

11. ചെമ്പ്രശ്ശേരി എസ്റ്റേറ്റ് യു.പി. സ്ക്കൂൾ ഗ്രൗണ്ട് ഉപയോഗയോഗ്യമാക്കുക, സ്ക്കൂളിലെ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

12. ചെമ്പ്രശ്ശേരി യു.പി. സ്ക്കൂൾ ഗ്രൗണ്ട് മിനി സ്റ്റേഡിയം ആക്കുക.

13. ഏഴാം വാർഡിലെ ടിപ്പു സുൽത്താൻ റോഡിൽ നിന്ന് പെട്ടമണ്ണക്കടവ് വരെയുള്ള റോഡിലെ പാണർക്കാവ് തോടിന് പാലം നിർമിച്ച് വിദ്യാർത്ഥികൾക്ക് സ്ക്കൂളിലെത്താൻ സൗകര്യം ഉണ്ടാക്കുക.

വിദ്യാഭ്യാസരംഗത്തെ പുരോഗതിക്ക് വേണ്ടി പുതുതായി തുടങ്ങേണ്ട സ്ഥാപനങ്ങൾ

1. എല്ലാ സ്ക്കൂളുകളോടും അനുബന്ധിച്ച് പ്രീ പ്രൈമറി സ്ക്കൂളുകൾ സർക്കാർ തലത്തിൽ സ്ഥാപിക്കുക.

2. ഐ.ടി.ഐ. ടെക്നിക്കൽ സ്ക്കൂളുകൾ പോലെയുള്ള സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ പഞ്ചായത്ത് കേന്ദ്രമാക്കി ആരംഭിക്കുക.

3. പാണ്ടിക്കാട് കേന്ദ്രമാക്കി ആർട്സ് ആൻറ് സയൻസ് കോളേജും ബി.എഡ് സെൻററും അനുവദിക്കുക.

4. റൂറൽ സ്പോർട്സ് കോച്ചിങ്ങ് സെൻറർ ആരംഭിക്കുക.

വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങൾ

1. ഉച്ചഭക്ഷണം കഴിക്കാൻ ആവശ്യമായ സൗകര്യങ്ങൾ സ്ക്കൂളിൽ ഉണ്ടാക്കുക.

2. പാണ്ടിക്കാട് ഐ.ടി.സി.യിൽ പഞ്ചായത്ത് നിവാസികൾക്ക് സംവരണം ഏർപെടുത്തുക.

3. പാണ്ടിക്കാട് ഹൈസ്ക്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുക.

4. എൽ.പി. സ് ക്കൂളിലെ മുഴുവൻ കുട്ടികൾക്കും പുസ്തകം സൗജന്യമായി അനുവദിക്കുക.

5. എസ്.എസ്.എൽ.സി. വരെയുള്ള വിദ്യാഭ്യാസം തൊഴിൽ അധിഷ്ഠിതമാക്കുക.

6. നാല്, ഏഴ് ക്ലാസുകളിൽ പൊതു പരീക്ഷ നടത്തുക, അനർഹമായ പ്രൊമോഷൻ റദ്ദാക്കുക.

7. മൂത്രപുര ഇല്ലാത്ത സ്ക്കൂളുകൾക്ക് ഇവ നിർമിക്കുക.

8. കുടിവെള്ള ലഭ്യമല്ലാത്ത സ്ക്കൂളുകൾക്ക് കുടിവെള്ളം എത്തിക്കുക.

9. വൈദ്യുതീകരിക്കാത്ത വിദ്യാലയങ്ങൾ വൈദ്യുതീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

10. സാക്ഷരതാ പരിപാടി പുനരാരംഭിക്കുക.

11. പഞ്ചായത്തിൽ പാരാമെഡിക്കൽ കോഴ്സ് ആരംഭിക്കുക.

നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

പഞ്ചായത്തിലെ പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് പരിശീലനം നൽകുന്ന കോഴ്സുകൾ ആരംഭിക്കാവുന്നതാണ്. ചിലവ് കുറഞ്ഞ പഠനോപകരണങ്ങൾ വ്യവസായിക അടിസ്ഥാനത്തിൽ തുടങ്ങുന്നതിനുള്ള ശ്രമം നടത്തുക.

ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് നോട്ട് ബുക്ക് നിർമാണം, പച്ചക്കറി കൃഷി, കോഴിവളർത്തൽ, കമ്പ്യൂട്ടർ എന്നിവയിൽ പരിശീലനം നൽകാവുന്നതാണ്.

അനൗപചാരിക വിദ്യാഭ്യാസംപ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ദൃശ്യശ്രാവ്യ കേന്ദ്രങ്ങൾക്ക് രൂപം നൽകണം. എല്ലാ സ്ക്കൂളുകളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. ഈ കേന്ദ്രത്തിൻെറ അഭിമുഖ്യത്തിൽ പഞ്ചായത്തിലെ തല്പരരായ എല്ലാവർക്കും ആരോഗ്യ വിദ്യാഭ്യാസ പരിസ്ഥിതി നൈപുണ്യം കൈവരിക്കാൻ ഉതകുന്ന ഹ്രസ്വകാല കോഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കണം.

കോംപ്ലക്സ് സംവിധാനം സജീവമാക്കി വിദ്യാഭ്യാസരംഗം കൂടുതൽ സജീവമാക്കണം. വമ്പിച്ച തോതിലുള്ള സാമ്പത്തിക ബാദ്ധ്യതകളില്ലാതെ ബഹുജനപങ്കാളിത്തത്തോടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമിക്കണം.

സ്ക്കൂൾ പാർലിമെൻറുകൾ, സ്കോഡുകൾ, സയൻസ് മാത്സ് ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയെഴുത്ത്, ചിത്രമാസികകൾ, കായികപരിശീലന പരിപാടികൾ, സ്ക്കൂൾ ഫോറസ്റ്ററി ക്ലബ്ബുകൾ, ദിനാചരണങ്ങൾ, പഠനവിനോദ യാത്രകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഊന്നിനിന്നു കൊണ്ട് വിദ്യാർത്ഥികളുടെ കർമോത്സുകതയെ പ്രോത്സാഹിപ്പിക്കുകയും അതുവഴി പഠനപ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുന്നതിനുവേണ്ട സാഹചര്യം ഒരുക്കേണ്ടതുമാണ്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുവേണ്ടി സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനം സുതാര്യവും ജനകീയവുമാക്കേണ്ടതാണ്.

വിദ്യാർഥികൾക്ക് ക്ലാസ് അന്തരീക്ഷത്തിനു പുറത്തുകളിയും, കാര്യവും സംയോജിച്ചുകൊണ്ട് പഞ്ചായത്തലത്തിൽ വിദഗ്ദ്ധരെ ഉപയോഗിച്ചുകൊണ്ട് പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നത് നല്ലതാണ്. പഠനം കൂടുതൽ രസപ്രദമാക്കുന്നതിനും ജാതി, മത, സാമ്പത്തിക ഭിന്നതകൾക്കതീതമായ ഒരു ഐക്യബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും ഇത്തരത്തിലുള്ള പഠനോത്സവങ്ങൾ സഹായകമാകും.

പഠന പ്രവർത്തനങ്ങൾ എളുപ്പമാക്കി മാറ്റുന്നതിൽ പഠനോപകരണങ്ങൾക്കുള്ളള പങ്ക് വളരെ വലുതാണ്. പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രാദേശിക വൈദഗ്ദ്ധ്യം പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് പഠനോപകരണങ്ങളുടെ നിർമാണം അയാസകരമല്ലാതെ നടത്താവുന്നതാണ്.

സ്ക്കൂളിനെ ഒരു സാമൂഹിക സ്ഥാപനമാക്കി മാറ്റാൻ കഴിയും വിധം സ്ക്കൂളും, സമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്താൻ സാധിക്കണം. സ്ക്കൂളിനെ നിലനിർത്തുവാനും മെച്ചപ്പെടുത്തുവാനും തങ്ങൾക്കും ഏറെ ചെയ്യാനുണ്ട് എന്ന ബോധം തദ്ദേശ വാസികൾക്കും ഉണ്ടാവണം.

മാസാന്ത്യ പരീക്ഷകളും, യൂണിറ്റ് ടെസ്റ്റുകളും നടത്തുകയും മിടുക്കരായ വിദ്യാർത്ഥികൾ പഠനത്തിൽ പുറകിൽ നിൽക്കുന്നവരെ സഹായിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും, സ്ക്കൂളിനെ വീടുമായി ബന്ധപ്പെടുത്താൻ ഏറ്റവും ഫലപ്രദമെന്ന് ബോധ്യപ്പെട്ട സംരഭമായ മാതൃസംഘങ്ങൾ, ക്ലാസ് P.T.Aകൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുകയും ചെയ്താൽ വിദ്യാഭ്യാസമേഖലയിലെ ഇന്നത്തെ അന്തോക്കാസ്ഥയ്ക്ക് ഒരു പരിധിവരെ അറുതിവരുത്താനാവും.

5-(5)

കുടിവെള്ളം, ആരോഗ്യം, പരിസരശുചിത്വം

1. കുടിവെള്ളം

ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിൽ ശുദ്ധമായ കുടിവെള്ളത്തിന്റെ പങ്ക് നിസ്തുലം തന്നെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പൊതുജനാരോഗ്യത്തിന്റെ അളവുകോൽ എന്ന് പറയുന്നത് ശുദ്ധജലലഭ്യതയാണ്. പഞ്ചായത്തിലെ മിക്ക ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെ വീടുകളിൽ 45%ത്തിനു മാത്രമേ കിണറുകൾ ഉള്ളു. ഇതിൽ മുഴുവൻ സമയവും ജലം തരുന്നത് 29% കിണറാണ്. ബാക്കിയുള്ളവർ പൊതുശ്രോതസ്സുകളെയും സ്വകാര്യസ്രോതസ്സുകളെയുമാണ് ആശ്രയിക്കുന്നത്. ഭൂപ്രകൃതിയുടെ കാരണത്താൽ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. 17.22 ച.കി.മീ. വിസ്തൃതിയിലുള്ള പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്‌ലൈൻ വെറും 13 കി.മീ. മാത്രമാണ്. വാട്ടർ അതോറിറ്റിയുടെ കീഴിൽ സ്വകാര്യമേഖലയിൽ 91 ടാപ്പുകളും പൊതുവിതരണ ശൃംഖലയിൽ 74 ടാപ്പുകളും ഉണ്ടെങ്കിലും ഇത് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ തീരെ അപര്യാപ്തമാണ്. പൊതുവിതരണ ശൃംഖലയിലുള്ള ടാപ്പുകൾതന്നെ പ്രവർത്തനക്ഷമമാകാത്തത് പ്രശ്നം ഒന്നുകൂടി ഗുരുതരമാക്കുന്നു. സ്വകാര്യമേഖലയിൽ 15ഉം പൊതുവിതരണ ശൃംഖലയിൽ 17 ഉം കുഴൽ കിണറുകളാണ് ഉള്ളത്. പഞ്ചായത്തിൽ 37 പൊതു കിണറുകളുണ്ടെങ്കിലും അവയിൽ പലതും വേനൽ കാലത്ത് വറ്റിപോവുന്നവയാണ്. ഉപയോഗത്തിൽ പഞ്ചായത്തിലെ ജനസംഖ്യയുടെ 67% മാത്രമായ ശുദ്ധജല ക്ഷാമം നേരിടുന്നു.

ശുദ്ധജല സ്രോതസ്സുകൾ

പട്ടിക - 1. പ്രകൃതിദത്തം

പുഴ/തോട്				കുളം				നീരുറവ			
ജലലഭ്യത				ജലലഭ്യത				ജലലഭ്യത			
ദരിദ്രം	മിതം	ധാരാളം		ദരിദ്രം	മിതം	ധാരാളം		ദരിദ്രം	മിതം	ധാരാളം	
-	2	-	-	77	12	-		2	-		

പട്ടിക 2
സ്വകാര്യം

കിണറുകൾ	
വെള്ളമുള്ളത്	1201
വെള്ളമില്ലാത്തത്	2942
ആകെ	4143
കുഴൽകിണറുകൾ	
വെള്ളമുള്ളത്	12
വെള്ളമില്ലാത്തത്	3
ആകെ	15
ടാപ്പുകൾ K.W.A	91

പട്ടിക 3. പൊതുസ്രോതസ്സ്	
കിണറുകൾ	
വെള്ളമുള്ളത്	5
വെള്ളമില്ലാത്തത്	12
ആകെ	37
കുഴൽകിണറുകൾ	
വെള്ളമുള്ളത്	11
വെള്ളമില്ലാത്തത്	6
ആകെ	7
ടാപ്പുകൾ k.w.a	74

ശുദ്ധജലക്ഷാമം പൊതുജനാരോഗ്യത്തെ സാ
മായി ബാധിക്കുന്നു എന്നാണ് മൊത്തത്തിലുള്ള ജ
ജന്യ രോഗങ്ങളുടെ വർദ്ധന കാണിക്കുന്നത്. ഉറവിട
ളിലെ ജലദൗർലഭ്യം ഒരു പ്രശ്നമായി അവശേഷിക്
ന്നുണ്ടെങ്കിലും മെച്ചപ്പെട്ട സംഭരണത്തിലൂടെയും വി
രണത്തിലൂടേയും ഒരു പരിധി വരെ ഇത് പരിഹരിക്ക
വുന്നതാണ്. ഉറവിടങ്ങളുടെ സംരക്ഷണത്തിലും പ
ശോധനയിലും വിതരണത്തിലും പങ്കാളികളാകുവാ
നുള്ള സന്നദ്ധത പൊതുജനങ്ങളിൽ നിന്നും ഉയർന്നു
വന്നിട്ടുണ്ട്. വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന
വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പഞ്ചാ
യത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്ന
തും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നി
ദ്ദേശങ്ങളും സൂക്ഷ്മവിശകലനത്തിനായി ഇതിൽ ചേ
ത്തിരിക്കുന്നു.

പട്ടിക .4

കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകളും പരിഹാര നിർദ്ദേശങ്ങളും.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ	പ്രയോജനം ലഭിക്കുന്ന മറ്റു പ്രദേശങ്ങൾ.
1.	പൂളമണ്ണ ലക്ഷം വീട് കോളനി പെരിമ്പുല്ല്, കടുമുണ്ട കോളനി, മരുതപ്പാടം	K.W.A പൈപ്പ് ലൈൻ നീട്ടുക. പുത്തം കുളം ഉപയോഗയോഗ്യമാക്കുക പൊതു കിണർ നന്നാക്കുക കുഴൽ കിണർ സ്ഥാപിക്കുക.	വാർഡ് 2.
2.	മമ്മാവ്, പെരുവക്കാട്, പൂക്കൂത്ത് പറയൻ കോളനി തൃപ്പാക്കട കോളനി, മഞ്ഞളാകുന്ന് കോളനി, പട്ടിക്കാട് തൊടികോളനി, കണ്ടമംഗലം കോളനി, പൂക്കൂത്ത് മൊയിക്കൽ ഒലിപ്പുഴ	പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക. പൊതു കിണർ സ്ഥാപിക്കുക ഒലിപ്പുഴയിൽ എമ്മക്കര ഭാഗത്ത് തടയണ കെട്ടുക	വാർഡ് 1,2,3.
3.	എരിയാട് ഹരിജൻ കോളനി കുളപ്പറമ്പ്, കാവുങ്ങൽ പറമ്പ്, കറുത്ത പറമ്പ് കുറ്റിപ്പുള്ളി, പള്ളിപ്പടി, കിഴക്കെപാണ്ടിക്കാട്, കൊമ്പംകല്ല്, കക്കുളം	പൊതുകിണർ റിപ്പയർ ചെയ്യുക കുഴൽ കിണർ സ്ഥാപിക്കുക KWA പൈപ്പ് ലൈൻ സ്ഥാപിക്കുക.	വാർഡ് 2,5

പയ്യപ്പറമ്പത്ത് കോളനി, പടാര കോളനി, പയ്യംപറമ്പത്ത് ഈസ്റ്റ് കാളൻ കാവ് പയ്യപറമ്പ് നോർത്ത് അംഗൻവാടി ജി.എം.എൽ.പി. സ്ക്കൂൾ പാണ്ടിക്കാട്	KWA പൈപ്പ് ലൈൻ നീട്ടുക. കിണർനിർമ്മിക്കുക. കിണർ റിപ്പയർ ചെയ്യുക	വാർഡ് 5
പാണ്ടിക്കാട് ടൗണിൽ, വള്ളിക്കപറമ്പ് നിരന്ന പറമ്പ്, കട്ടക്കുളം ഹരിജൻ കോളനി പറയൻ കോളനി വള്ളിക്കാപറമ്പ് പാറ പാണ്ടിക്കാട് കമ്മ്യൂണിറ്റി ഹാൾ പരിസരം വടക്കെതല	പൊതു കിണർ റിപ്പെയർ ചെയ്യുക കിണർ സ്ഥാപിക്കുക. കുഴൽ കിണർ സ്ഥാപിക്കുക. KWA പൈപ്പ് ലൈൻ നീട്ടുക	
മാഴക്കല്ല് കോളനി, നെച്ചികുന്ന് കോളനി, പാറക്കടവ് കോളനി ചുക്കാവ്, വളരാട് സബ്സെൻറർ, വളരാട് സ്ക്കൂൾ പടി, കാരപറമ്പ്	കിണർ കുഴിക്കുക. KWA പൈപ്പ് ലൈൻ നീട്ടുക	വാർഡ് 5
വല്യാത്രചാള ഹരിജൻ കോളനി, മാങ്കുന്ന് കോളനി, ചാഴിച്ചാടി കോളനി, വള്ളുവങ്ങാട് കോളനി അത്തിക്കുന്ന് കോളനി, വള്ളുവങ്ങാട്	പൊതു കിണർ നന്നാക്കുക. KWA പൈപ്പു ലൈൻ നീട്ടുക. മുനിസിപാലിറ്റിയിൽ നിന്നുള്ള KWA പൈപ്പ് ലൈൻ പുനസ്ഥാപിക്കുക.	വാർഡ് 74
വള്ളുവങ്ങാട് പറമ്പാട്ടാരു, ആനക്കാട്ടിരി, കരിയ്ക്കാപറമ്പ്, മുള്ളൻമട, പറമ്പൻ പൂള വള്ളിക്കാപറമ്പ് ഹരിജൻ കോളനി	പൊതു കിണർ സ്ഥാപിക്കുക. KWA പൈപ്പ് ലൈൻ നീട്ടുക.	വാർഡ് 5,11
വെട്ടിക്കാട്ടിരി സബ്സെൻറർ, തെക്കെപൊടി ഓട്ട് കോളനി, ചുങ്കത്തുമുക്ക്	കിണർ കുഴിക്കുക. കുഴൽ കിണർ നിർമ്മിക്കുക	വാർഡ് 10
ജി.യു.പി.എസ്. വെട്ടിക്കാട്ടിരി മണ്ടകകുന്ന് നിരവ്, കാരായപാറ, വള്ളിയ്ക്കൽ നിരവ്, അക്കംകൊത്തിപാറ പുക്കളം വീട് കോളനി, മണ്ടകകുന്ന് കോളനി	കിണർ കുഴിക്കുക. കുഴൽ കിണർ നിർമ്മിക്കുക.	വാർഡ് 11
കൊടശ്ശേരി മുക്കട്ട കോട്ടപടി, പട്ടിണിപാലം, കണ്ടൻകള്ളി കായ, ജി.എം.എൽ.പി.എസ്. കൊടശ്ശേരി	പൊതു കിണർ റിപ്പെയർ ചെയ്യുക കുഴൽ കിണർ നിർമ്മിക്കുക. KWA പൈപ്പ് ലൈൻ നീട്ടുക.	വാർഡ് 13,10
ജി.എൽ.പി.എസ്. തെയ്യംപാടികുത്ത് പറയൻകുന്ന്, മണ്ണേകുളം, ആർപ്പിനി കുന്ന്	കുഴൽ കിണർ നിർമ്മിക്കുക. പൊതുകിണർ റിപ്പെയർ ചെയ്യുക.	വാർഡ് 13.
മണ്ണാത്തിചോല, ചേലക്കാട്, ഏറഞ്ചേരി കോളനി അത്തിക്കോട്, ഒടോമ്പറ്റ, വള്ളിപ്പാറ, കോളംപാറ, കാരാട്ടാൽ ഏറാഞ്ചേരി ചെമ്പ്രശ്ശേരി എ.യു.പി.എസ്. പരിസ്രം മാരനരി പറമ്പ് കോളനി	പൊതുകിണർ കുഴിക്കുക. കുഴൽ കിണർ നിർമ്മിക്കുക. നിർദ്ദിഷ്ട പൈപ്പ് ലൈൻ ഉടൻ പൂർത്തിയാക്കുക. ചിത്രകളം ഉപയോഗ്യയോഗ്യമാക്കുക. കിണർ റിപ്പെയർ ചെയ്യുക.	വാർഡ് 11,12

14. പെരുമ്പാറൽ കോളനി, കൊരങ്ങോട് കോളനി, പൂവച്ചോല കോളനി, മരുതംച്ചേരി ചെമ്പ്രശ്ശേരി ജംഗ്ഷൻ, ചെമ്പ്രശ്ശേരി ഈസ്റ്റ് സ്ക്കൂൾ, പൊങ്കിൽമേൽ കോളനി വട്ടുണ്ട, കുഴിയങ്കത്ത്, പനമ്പറ്റ, മുളളത്തുകുന്ന് കോളനി	കിണർ കുഴിക്കുക. കുഴൽ കിണർ കുഴിക്കുക. തോട്ടിയം കുളം നന്നാക്കി പമ്പിംഗ് സംവിധാനം ഏർപ്പെടുത്തുക.

ചെറുകിട പദ്ധതികൾ

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ഗ്രാമസഭകളിൽ നിന്നും ഒട്ടേറെ പദ്ധതികളെ കുറിച്ച് നിർദ്ദേശം വന്നിട്ടുണ്ട്. അതിൽ പ്രധാനമായവ താഴെ വിവരിക്കുന്നു. പതിനൊന്നാം വാർഡിലെ മുക്കട്ട കാങ്ങാപാടത്തുള്ള പൊതു കിണർ നന്നാക്കി എടുത്ത് പമ്പിംഗ് നടത്തുകയാണെങ്കിൽ മരാപ്പട്ടപടി മുതൽ മുക്കട്ട വരെയുള്ള പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാം. ഒന്നാം വാർഡിൽ പൂളമണ്ണയിലെ പുത്തൻ കുളം. പതിമൂന്നാം വാർഡിലെ ചിത്രത്ത് കുളം, പതിനാലം വാർഡിലെ തോട്ടിയം കുളം പന്ത്രണ്ടാം വാർഡിലെ മുതലികുണ്ട് കുളം, എന്നിവ നന്നാക്കിയെടുത്ത് പമ്പിംഗ് സംവിധാനം ഏർപ്പെടുത്തിയാൽ അതിനോടനുബന്ധിച്ച് പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

ഇടത്തരം പദ്ധതികൾ

കക്കാത്തോടിന് വള്ളുവങ്ങാട് പാലത്തിന് സമീപവും വെട്ടിക്കാട്ടിരികൽകൊടി ഭാഗത്തും തടയണ കെട്ടുകയാണെങ്കിൽ ആ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം ഏറെക്കുറെ പരിഹരിക്കാം. 12-ാം വാർഡിൽ ആനക്കോട്ട് കുളം പമ്പിംഗ് സമ്പ്രദായം ഏർപെടുത്തി പൂർണമായി കുടിവെള്ളത്തിന് ഉപയോഗപെടുത്തുകയാണെങ്കിൽ താലപൊലി പറമ്പ്, മരാട്ടപടി, കണ്ടം കള്ളി, പട്ടിണിപാലം, പുളിക്കൽ നിരവ്, കോടങ്ങാട്, കാക്കാത്തോട് പാലം വരെയുള്ള പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കും. ഈ പദ്ധതി 10,11,12,13 വാർഡുകളിലേക്ക് പ്രയോജനപ്പെടുന്നതാണ്.

പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കാവുന്ന പദ്ധതികൾ

വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒറോമ്പുറത്ത് സ്ഥിതി ചെയ്യുന്ന പമ്പ് ഹൗസിന്റെയും സംഭരണികളുടെയും ശേഷി വർദ്ധിപ്പിക്കുകയാണെങ്കിൽ പാണ്ടിക്കാട് വില്ലേജിൽ പൂർണമായും വെട്ടിക്കാട്ടിരി വില്ലേജിൽ ഭാഗികമായും ശുദ്ധജല ക്ഷാമം പരിഹരിക്കാം.

വള്ളുവങ്ങാട് ഭാഗത്ത് കാക്കാത്തോട്ടിൽ കിണർ കുഴിച്ച് പറമ്പാട്ടരുവിയിൽ ടാങ്ക് കെട്ടി ജല വിതരണം നടത്തിയാൽ വെട്ടിക്കാട്ടിരി വില്ലേജിലെ ഭൂരിഭാഗം പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

താഴെ പറയുന്ന നിർദേശങ്ങൾ പ്രാവർത്തികമാക്കാവുന്നത്.

1. ഒലിപ്പുഴയിലെയും കാക്കാതൊടിലെയും അശാസ്ത്രീയമായ മണൽ വാരൽ തടയേണ്ടതാണ്.
2. മണ്ണൊലിപ്പ് തടയുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
3. പൊതുവിതരണ ശൃംഖലയുടെ പരിപാലനത്തിൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പൊതുവെയുള്ള അന്യതാബോധം ഒരു പരിധിവരെ പ്രശ്നങ്ങൾ രൂക്ഷമാക്കാനേ ഉപകരിച്ചിട്ടുള്ളു. ആയതിനാൽ സാമൂഹ്യ ജല ശ്രോതസ്സുകളുടെ സംരക്ഷണത്തിലും പരിശോധനയിലും വിതരണത്തിലും ആവശ്യമായ ബഹുജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. സർക്കാർ മേഖലയിൽ അലോപ്പൊതി വിഭാഗത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും ഒരു പോലീസ് ആശുപത്രിയും (കൊളപറമ്പ്) ആയുർവേദ വിഭാഗത്തിൽ ഒരു ഡിസ്പെൻസറിയും ഉണ്ട്. സ്വകാര്യ മേഖലയിൽ അലോപൊതി വിഭാഗത്തിൽ മൂന്ന് ആശുപത്രികളും രണ്ട് ദന്തരോഗ ക്ലിനിക്കുകളും രണ്ട് ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ മേഖലയിൽ ജനങ്ങൾ പൊതുവെ ആശ്രയിക്കുന്നത് പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ്. പല ആയുർവേദ ഫാർമസികളിൽ നിന്നും ജനങ്ങൾക്ക് ആയുർവേദ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. നാട്ടു ചികിത്സാ, പ്രകൃതി ചികിത്സ എന്നിവയ്ക്ക് കൂടുതൽ വേരോട്ടമില്ലാത്ത പ്രദേശമാണ്.

19-7-1986ന് മിനി പ്രാഥമികാരോഗ്യകേന്ദ്രം ഉദ്ഘാടനം ചെയ്തതോടുകൂടിയാണ് ആധുനിക ചികിത്സാ രംഗത്ത് പഞ്ചായത്ത് തലത്തിൽ ആരോഗ്യപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ കഴിഞ്ഞത്. ഇപ്പോൾ പഞ്ചായത്ത് ബിൽഡിങ്ങിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആശുപത്രിക്ക് നാളിതുവരെയായിട്ടും സ്വ

കെട്ടിടമില്ല എന്നതാണ് ഏറ്റവും വലിയ ദുരവസ്ഥ. ക്ഷത്തോളം പേർ അധിവസിക്കുന്ന ഈ പ്രദേശ സർക്കാരിന്റെ ചുമതലയിലുള്ള ആധുനിക ചി സംരംഭത്തിന്റെ ഈ വിധമുള്ള ശോചനീയാ മൊത്തത്തിലുള്ള പൊതു ജനാരോഗ്യത്തെ ബാ ന്നു.

പനങ്ങളും സേവനതുറകളും

ിക്കോട് ഗ്രാമപഞ്ചായത്തിലെ ആരോഗ്യരംഗ പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

ാഥമിക കേന്ദ്രങ്ങൾ	:	1
ായുർവേദ ഡിസ്പെൻസറി	:	1
ാരോഗ്യ ഉപകേന്ദ്രങ്ങൾ	:	8
പോലീസ് ആശുപത്രി		

പട്ടിക 1

ആരോഗ്യ സ്ഥിതി വിവര കണക്കുകൾ

സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
ാഥമികാരോഗ്യ കേന്ദ്രം	5	1986	11
പി.പി. സബ്സെൻറർ,	1	1985	2
ുംബക്ഷേമ കേന്ദ്രം, ിക്കാട്	4	1956	2
പി.പി. സബ് സെൻറർ,	6	1988	1
പി.പി. സബ് സെൻറർ, ാനങ്ങാടി	8	1989	1
ുംബക്ഷേമകേന്ദ്രം, ിക്കാട്ടിരി	9	1967	1
പി.പി. സബ് സെൻറർ, ാടശ്ശേരി	12	1989	2
പി.പി. സബ് സെൻറർ, ുമ്പശ്ശേരി ★	13	1989	1
ബ് സെൻറർ, തൊടിക	14	–	1
പോലീസ് ആശുപത്രി, കൊളപറമ്പ്	3	–	6
ായുർവേദ ിസ്പെൻസറി	14	–	3

★വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നത്.

(കൊളപറമ്പ്) : 1

ഇത്രയും സ്ഥാപനങ്ങൾ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഒരു ഗുണകരമായ മുന്നേറ്റം നടത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്. പഞ്ചായത്തിലെ ജനനനിരക്ക് 21ഉം പൊതുമരണനിരക്ക് 5.4ഉം ആണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എല്ലാ ദിവസവും ഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല. അടിയ്ക്കടി ഉണ്ടാകുന്ന അധിക ചുമതല പരിമിത സൗകര്യങ്ങൾക്കിടയിലും പൊതുജനങ്ങൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അത്യാവശ്യ മരുന്നുകളുടെ ദൗർലഭ്യം സ്ഥിതി ഒന്നു കൂടി വഷളാക്കുന്നു. ഇക്കാരണങ്ങളാൽ പൊതുജനങ്ങൾ സ്വകാര്യ ചികിത്സകളിലേക്ക് ആകർഷിക്കപ്പെടുന്നു. കുഞ്ഞുങ്ങളിൽ ഗുരുതരമായ പോഷണക്കുറവുള്ളവർ ഇല്ലെങ്കിലും മൊത്തത്തിലുള്ള പോഷണ നിലവാരം തൃപ്തികരമാണെന്ന് പറഞ്ഞ് കൂടാ. സാക്ഷരതാ രംഗത്ത് വമ്പിച്ച മുന്നേറ്റം നടത്തിയ പഞ്ചായത്തെന്ന നിലയിൽ രോഗപ്രതിരോധ രംഗത്തും കുടുംബക്ഷേമരംഗത്തും ആരോഗ്യബോധനരംഗത്തും നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അത് മുഴുവൻ ആശാവഹമെന്ന് പറയാൻ കഴിയില്ല. ആരോഗ്യപ്രവർത്തകർക്കു പുറമേ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 'സംയോജിത ശിശു വികസന പദ്ധതി' നടപ്പിലാക്കിയ ഈ പഞ്ചായത്തിൽ, അങ്കൻവാടി ജീവനക്കാരുടെയും CBNPയുടെ കീഴിലുള്ള ഹെൽത്ത് വളണ്ടിയർമാരുടെയും സേവനം ലഭിക്കുന്നുണ്ടെങ്കിലും മൊത്തത്തിലുള്ള പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ സ്ഥായിയായ രോഗബാധിതരെ താഴെ പറയും വിധം പട്ടികപെടുത്താം

പട്ടിക 2.

1.	രക്തസമ്മർദ്ദം	10.6%
2.	പ്രമേഹം	5.5%
3.	കാൻസർ	0.4%
4.	കുഷ്ഠം	0.01%
5.	ക്ഷയം	0.5%
6.	ഹൃദ്രോഗം	5%

പകർച്ച വ്യാധികൾ 1995 - 96

പട്ടിക 3.

ജലജന്യരോഗങ്ങൾ	812
വായുജന്യരോഗങ്ങൾ	3174
പ്രാണിജന്യരോഗങ്ങൾ	3
മറ്റുള്ളവ	28094

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പറയുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഭാഗമാണ് ശുചിത്വം. പഞ്ചായത്തിലെ 45.4% വീടുകളിലും കക്കൂസ് ഇല്ല. ഇതിനാൽ വയറിളക്കത്തിന്റേയും വിരശല്യത്തിന്റേയും മൊത്തത്തിൽ ജലജന്യരോഗങ്ങളുടെയും വ്യാപ്തി കൂടുതലാണ്. പ്രാഥമിക വിദ്യാലയങ്ങളിൽ പഠിക്കുന്ന 20% വിദ്യാർത്ഥികളിലും ഗുരുതരമായ വിളർച്ചാരോഗം കാണുന്നു. (അവലംബം : പ്രാഥമിക വിദ്യാലയങ്ങളിലെ പ്രത്യേക ആരോഗ്യപരിശോധന പരിപാടി - 1996)

കക്കൂസ് നിർമ്മാണത്തിൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ കൊടുക്കും വിധം സംഗ്രഹിക്കാവുന്നതാണ്.

പഞ്ചായത്തിലെ കക്കൂസുകൾ ഇല്ലാത്ത വീടുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കക്കൂസുകൾ നിർമിക്കാനുള്ള ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധ സംഘടനകൾ മറ്റു സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് സാമ്പത്തിക സഹായം നേടിയെടുക്കാവുന്നതാണ്. കോളനികളിലും മറ്റും തിങ്ങിപാർക്കുന്ന ജനങ്ങൾക്കുതകുന്ന രീതിയിൽ പൊതു കക്കൂസ് എന്ന ആശയം പ്രാവർത്തികമാക്കാവുന്നതാണ്. കക്കൂസുകളുടെ ശരിയായ വിനിയോഗം പോഷിപ്പിക്കുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തേണ്ടതാണ്.

പരിസര ശുചിത്വം

വ്യവസായ വൽക്കരണം കൊണ്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളും മലിനീകരണവും ബാധിക്കുന്നില്ലെങ്കിലും ശുചിത്വകാര്യങ്ങളിലുള്ള പൊതുജനങ്ങളുടെ തികഞ്ഞ അശ്രദ്ധ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരിസര ശുചിത്വത്തിന്റെ കാര്യത്തിൽ അഭ്യസ്ത വിദ്യർ പോലും നടത്തുന്ന ബോധപൂർവമായ ലംഘനം പ്രത്യേകം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ആധുനികവൽക്കരണ പ്രവണതകളും പ്ലാസ്റ്റിക് വൽക്കരണവും ഇതിന് ആക്കം കൂട്ടുന്നവയാണ്.

വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന ആരോഗ്യപ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ പറയും വിധം ക്രമപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ പൊതുജനങ്ങൾക്കാശ്രയിക്കാവുന്ന ഏക ഗവ. ആശുപത്രിയായ പാണ്ടിക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തം കെട്ടിടം നിർമ്മിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കണമെന്നാണ് പ്രധാന ആവശ്യം.

സബ്സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ സബ് സെന്ററുകൾ പണിയുക, സബ്സെന്ററുകളുടെ അറ്റകുറ്റപണി നടത്തുക.

കൊളപറമ്പിലെ പോലീസ് ആശുപത്രിയിൽ പറഞ്ഞതുപോലെ പൊതുജനങ്ങൾക്ക് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക, പഞ്ചായയത്തിലെ ആയുർവേദ ഡിസ്പെൻസറി കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക, തൊടികപ്പാലം സബ്സെൻററിന്റെ നിർമാണം ഉടൻ ആരംഭിക്കുക. അങ്കൻവാടികളെ കേന്ദ്രീകരിച്ച് കുട്ടികളെയും അമ്മമാരെ പരിശോധിക്കുന്നതിന് സംവിധാനമുണ്ടാക്കുക. സ്ക്കൂളുകളിലെ ആരോഗ്യപരിശോധനാ പരിപാടി കാര്യക്ഷമമാക്കുക, പ്രഥമ ശുശ്രൂഷ സൗകര്യങ്ങൾ ഏർപ്പെടുത്തുക. രണ്ടാം വാർഡിൽ പൊതുശ്മശാനം നിർമ്മിക്കുക, അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ കൊല്ലുക എന്നിവയാണ് മറ്റു ആവശ്യങ്ങൾ.

ഖരമാലിന്യങ്ങളെ ആരോഗ്യകരമായി സംസ്കരിക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഒന്നാം വാർഡിൽ പൂളമണ്ണ അങ്ങാടിയിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള കുഴി സ്ഥാപിക്കണമെന്ന നിർദ്ദേശമാണ് അതിലൊന്ന്. ഈ പഞ്ചായത്തിലെ ആവശ്യമായി വരുന്ന ഭാഗങ്ങളിലേക്കും ബാധകമാക്കാവുന്നതാണ്. അടുക്കളയിൽ നിന്നും വീടിനു പരിസരത്ത് നിന്നും ഉള്ള അവശിഷ്ടങ്ങളും ചപ്പുചവറുകളും ഉപയോഗിച്ച് കമ്പോസ്റ്റ് വളനിർമാണം പ്രോത്സാഹിപ്പിക്കാം.

രണ്ടാം വാർഡിൽ കിഴക്കെ പാണ്ടിക്കാട് ഭാഗത്തുള്ള എല്ലുകുഴി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ആയതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, കൂൾബാറുകൾ, ലഘുഭക്ഷണശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ പരിശോധിക്കേണ്ടതും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തേണ്ടതുമാണ്. കച്ചവടക്കാരെ ഉൾപ്പെടുത്തികൊണ്ട് ഇതിനുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കണം. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. മത്സ്യ - മാംസങ്ങളുടെ ഗുണനിലവാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൂടെകൂടെ പരിശോധിക്കണം. പഞ്ചായത്തിൽ ഒരു അറവുശാല സ്ഥാപിച്ച് അവശിഷ്ടങ്ങൾ ആരോഗ്യകരമായി സംസ്കരിക്കേണ്ടതാണ്.

ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കാവുന്നതാണ്. ഇവ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുവാനോ അടുത്തുള്ള ജലാശയങ്ങളിലേക്ക് തുറന്ന് വിടാനോ ഉള്ള പ്രവണത തടയേണ്ടതാണ്.

ആശുപത്രികളിൽ നിന്നും മത്സ്യമാംസ മാർക്കറ്റിൽ നിന്നും ഉള്ള മാലിന്യങ്ങളും അവശിഷ്ടങ്ങളും അതിക്കുണ്ട് തോട്ടിലേക്ക് തുറന്ന് വിടുന്ന പ്രവണത അവസാനിപ്പിക്കണം.

ജലജന്യരോഗങ്ങളുടെ ചംക്രമണത്തെ കുടിവെള്ള സ്രോതസ്സുകളിലെ ക്ലോറിനേഷൻ കൊണ്ട് ഫലപ്രദമായി നിയന്ത്രിക്കാം. പ്രാണിജന്യരോഗങ്ങൾ ഈ പ്രദേശത്ത് താരതമ്യേന കുറവാണ്. ഇത്തരത്തിലുള്ള രോഗങ്ങൾ കുറയുവാനുള്ള കാരണം രോഗവാഹകരായേക്കാവുന്ന പ്രാണികളുടെ കുറവുമൂലമല്ല മറിച്ച് രോഗാണുവിന്റെ അഭാവം മൂലമാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. മോശമായ പരിസരവും ചുറ്റുപാടും പരിസര ശുചിത്വത്തിലുള്ള അജ്ഞത, ഓടകളുടെ അപര്യാപ്തത എന്നിവ കൊതുക്, ഈച്ച മുതലായ പ്രാണികളുടെ വളർച്ചയ്ക്ക് പ്രധാനകാരണമത്രെ. ഇവയുടെ നിയന്ത്രണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണം. വീടും പരിസരവും ശുചിയാക്കുക, ഗൃഹ പരിസരങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക, കക്കൂസുകളുടെ വായു നിർഗ്ഗമന കുഴലുകൾക്ക് വലയിടുക, ആരോഗ്യവിദ്യാഭ്യാസം നൽകുക എന്നിവ സാധാരണ ചെയ്യാവുന്ന പരിഹാരമാർഗ്ഗങ്ങളാണ്. അങ്ങാടികളിൽ ഓടകളുടെ അപര്യാപ്തത മൂലം മലിനജലം കെട്ടിക്കിടക്കുന്ന അവസ്ഥ പരിഹരിക്കേണ്ടതാണ്. കൊതുകുകളെയും കൂത്താടികളെയും ഡി.ഡി.റ്റി. തളിച്ചും മലിനജലത്തിൽ മണ്ണെണ്ണ ഒഴിച്ചും നിയന്ത്രിക്കാവുന്നതാണ്. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ പഞ്ചായത്ത് തലത്തിൽ കൊതുക് നശീകരണം ഫലപ്രദമായി നടത്തുവാൻ സാധിക്കും.

പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗം പേർക്കും ദന്തരോഗം സർവസാധാരണമായി കാണുന്നു. (അവലംബം പ്രാഥമിക വിദ്യാലയങ്ങളിലെ പ്രത്യേക ആരോഗ്യ പരിശോധനാ പരിപാടി - 1996). ഇതിനുള്ള പ്രധാനമായ ഒരു കാരണം മധുര പലഹാരങ്ങളുടെ അമിതമായ ഉപയോഗമാണ്. ഗുണമേന്മയില്ലാത്ത മിഠായികൾ, ഐസ്ക്രീം, അച്ചാറുകൾ, മറ്റു മധുര പലഹാരങ്ങൾ എന്നിവ കുട്ടികളുടെ ആരോഗ്യത്തിന് തന്നെ ഭീഷണിയാണ്. ഇത്തരത്തിലുള്ള ഭക്ഷണസാധനങ്ങളുടെ വില്പന കർശനമായ ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ ബോധകമാക്കാവുന്ന നിർദ്ദേശങ്ങൾ

1. ആരോഗ്യ സംവിധാനത്തെക്കുറിച്ചുള്ള അവബോധം

ആരോഗ്യരംഗത്ത് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടെങ്കിലും പൊതു ജനങ്ങൾ അത് വേണ്ട രീതിയിൽ വിനിയോഗിക്കുന്നില്ല. അഥവാ അറിയുന്നില്ല. ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും പ്രവർത്തകരെക്കുറിച്ചും അവിടെ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കാവുന്ന സേവനത്തെയും കുറിച്ച് ശരിയായ ഒരു അവബോധം ഉണ്ടാകേണ്ടിയിരിക്കുന്നു.

2. തുടർ സാക്ഷരതാ പ്രസ്ഥാനം

സാക്ഷരതാ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആരോഗ്യ സാക്ഷരതാ വളർത്തിയെടുത്തിട്ടുണ്ട് എന്നത് നിസ്തർക്കമായ കാര്യമാണ്. ആരോഗ്യ സംസ്കാരം വാർത്തെടുക്കുവാൻ തുടർ സാക്ഷരതാ പ്രസ്ഥാനം സജീവമാക്കേണ്ടതുണ്ട്.

3. ആരോഗ്യബോധന യൂണിറ്റ്

സന്നദ്ധ സംഘനകളുടെയും ക്ലബ്ബുകളുടെയും ആഭിമുഖ്യത്തിൽ ആരോഗ്യ ബോധന യൂണിറ്റുകൾ തുടങ്ങേണ്ടതാണ്. ആരോഗ്യ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ ഇത് സാധിക്കും.

4. ഹോമിയോ ആശുപത്രി

ആധുനിക ചികിത്സാരംഗത്ത് അലോപ്പൊതി വിഭാഗത്തിൽ സർക്കാർ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സർക്കാർ തലത്തിൽ ഹോമിയോ ചികിത്സ ലഭ്യമല്ല. ആയതിനാൽ പഞ്ചായത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുതകുന്ന ഒരു ഹോമിയോ ആശുപത്രി അനുവദിക്കേണ്ടതാണ്.

5. ആരോഗ്യ സെൽ

ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പകർച്ച വ്യാധികൾ തടയുന്നതിനും ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു ആരോഗ്യസെൽ തുടങ്ങാവുന്നതാണ്. പഞ്ചായത്തിലെ പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനും പുകവലി, പുകയിലയുടെ ഉപയോഗം, മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം എന്നിവ നിരുത്സാഹപ്പെടുത്താനുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ തദ്വാരാ നടപ്പിലാക്കാവുന്നതാണ്. രക്തദാനം, നേത്രദാനം എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും മാരകമായുള്ള എയ്ഡ്സ് രോഗത്തിനെതിരായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനും ഇത് സഹായകമാകും.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും ബഹുജന പങ്കാളിത്തത്തോടെ കൂട്ടിയിണക്കി പഞ്ചായത്തിലുടനീളം ഒരു സമഗ്ര ആരോഗ്യ പദ്ധതി ആവിഷ്ക്കരിക്കേണ്ടതുമുണ്ട്. ആ ലക്ഷ്യത്തിന് വേണ്ടിയാണ് നാം പ്രവർത്തിക്കേണ്ടത്. ❑

5(6)
ഗതാഗതം

ഏതൊരു പ്രദേശത്തിന്റേയും വികസന പ്രക്രിയയുടെ പ്രഥമവും പ്രധാനവുമായ ഘടകങ്ങളിൽ ഒന്നാണ് ഗതാഗത സൗകര്യം. മലബാറിലെ മറ്റേത് പ്രദേശത്തെക്കാളും പല കാരണങ്ങളാലും പിന്നോക്കാവസ്ഥയിലുള്ള താലൂക്കായിരുന്നു ഏറനാട്. ഈ താലൂക്കിന്റെ സവിശേഷമായ ഭൂമി ശാസ്ത്രഘടന ത്വരിതഗതിയിലുള്ള ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിന് തടസ്സം നിന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ്. മലനിരകളും കുന്നിൻ പ്രദേശങ്ങളും ഉയർച്ച താഴ്ച ചയുള്ള ഭൂഘടനയും തോടുകളുടെയും നീർച്ചാലുകളുടെയും ആധിക്യവും നമ്മുടെ പ്രദേശത്തിന്റെ പ്രത്യേകതകളാണ്.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് നമ്മുടെ പഞ്ചായത്തിൽ ഗതാഗത സൗകര്യങ്ങൾ തീർത്തും അപര്യാപ്തമായിരുന്നു. വെട്ടിയുണ്ടാക്കിയ മൺപാതകളും ഇടവഴികളും ആയിരുന്നു. സഞ്ചാരത്തിനുള്ള ഉപാധികൾ. ഉൽപന്നങ്ങൾ മുഖ്യവിപണനകേന്ദ്രമായ ആഴ്ചചന്തകളിലേക്ക് എത്തിക്കുന്നതിന് കാളവണ്ടികളും പോത്തു വണ്ടികളുമാണ് ഉപയോഗിച്ചിരുന്നത്. കാർഷികോൽപ്പന്നങ്ങൾ നമ്മുടെ ഉൾനാടുകളിൽ നിന്ന് ചുമന്നു കൊണ്ട് വരേണ്ട ഒരു സ്ഥിതിയും നിലനിന്നിരുന്നു.

ടിപ്പു സുൽത്താന്റെ പടയോട്ടവുമായി ബന്ധപ്പെട്ടാണ് ഏറെക്കുറെ ശാസ്ത്രീയമായ രീതിയിൽ സ്ഥല നിർണ്ണയം നടത്തി സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കപ്പെട്ടത്. പാണ്ടിക്കാട് - വണ്ടൂർ റോഡിൽ സുമാർ മുക്കാൽ കി.മീ. വടക്കുനിന്നും തെക്കുകിഴക്ക് ദിശയിൽ പാണ്ടിക്കാട് - മേലാറ്റൂർ റോഡിനെമുറിച്ച് പാണ്ടിക്കാട് പെരിന്തൽമണ്ണ റോഡിൽ കട്ടക്കുളത്ത് അവസാനിക്കുകയും ഇതേ റോഡിൽ നിന്ന് കുറച്ചു കൂടി തെക്കുമാറി ഒറവമ്പുറത്ത് കടലുണ്ടിപുഴയോട് ചാരി 1 കി.മീ. ദൂരത്തിൽ വെട്ടിക്കാട്ടിരി എൽ.പി. സ്ക്കൂളിനു മുന്നിൽ അവസാനിക്കുകയും ചെയ്തിരുന്ന റോഡായിരുന്നു ഇത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ടിപ്പുസുൽത്താൻ റോഡ് കാര്യായ മാറ്റത്തിന് വിധേയമായിട്ടില്ല. എന്നു മാത്രമല്ല. പല സ്ഥലങ്ങളിലും സഞ്ചാരയോഗ്യമല്ലാത്ത രൂപത്തിൽ താറുമാറാകുകയും നേർത്ത വരമ്പുകളായി രൂപാന്തരം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി ഒരു റോഡുണ്ടായിരുന്നു എന്നത് പോലും ഒരു വിവാദമായി നിലനിൽക്കുന്ന വിധത്തിൽ ശോചനീയമായ അവസ്ഥയിലുള്ള ഈ റോഡിന്റെ പുനർനിർമ്മാണം പാണ്ടിക്കാടിന്റെ വികസനത്തിന് തീർത്തും അനിവാര്യമാണ്. ഈ റോഡ് നിലവിൽവന്നാൽ ടൗണുമായി ബന്ധപ്പെടാതെ തന്നെ നാലുഭാഗത്തേക്കും വാഹനങ്ങൾക്ക് പോകാൻ കഴിയും. അതുവഴി ടൗണിലെ ഗതാഗതകുരുക്ക് പരിഹരിക്കാനും കഴിയും.

റോഡുകളുടെയും പാലങ്ങളുടെയും നിർമാണം ടിപ്പുവിന് ശേഷം പ്രധാനമായും നിർവ്വഹിച്ചത് ബ്രിട്ടീഷ് ഭരണാധികാരികളാണ്. ഒലിപ്പുഴയ്ക്ക് കുറുകെ നിർമിക്കപ്പെട്ട പാലവും കാക്കാത്തോടിന് കുറുകെയുള്ള വള്ളുവങ്ങാട് പാലവും ഈ ഗണത്തിൽപ്പെടുന്നു.

റെയിൽ ഗതാഗതം

ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിക്കപ്പെട്ട ഷൊർണ്ണൂർ - നിലമ്പൂർ റെയിൽപാത പാണ്ടിക്കാട് പഞ്ചായത്തിന്റെ വിടക്കുകിഴക്കൻ അതിർത്തി പ്രദേശമായ ചെമ്പ്രശേരി വില്ലേജിലെ തൊടികപ്പുലത്ത് കൂടിയാണ് കടന്നുപോകുന്നത്. തൊടികപ്പാലം റെയിൽവേ സ്റ്റേഷൻ ഇപ്പോൾ വെറും ഹാൾട്ടിംഗ് സ്റ്റേഷനായി ചുരുങ്ങിയിരിക്കുന്നു. പഞ്ചായത്തിൽ 6 കി.മീ. റെയിൽ പാതമാത്രമാണുള്ളത്.

പഞ്ചായത്തിൽ മൊത്തം 180.600 കി.മീറ്റർ റോഡുകളാണ് നിലവിൽ ഉള്ളത്, 21 കി.മീ. നീളം വരുന്ന.P.W.D മെയിൻ റോഡാണ് പഞ്ചായത്തിലൂടെ കടന്നുപോകുന്നത്. 23.500 കി.മീ. ഉൾനാടൻ ടാർ ചെയ്ത റോഡും 6.100 കി.മീ. മെറ്റൽ ചെയ്ത റോഡും 130 കി.മീ. മൺറോഡുമാണ് പഞ്ചായത്തിലുള്ളത്.

ഗതാഗതം

21 കി.മീ. ഒഴികെയുള്ള ബാക്കി റോഡുകളെല്ലാം ...ക്കാടിന്റെ ചുറ്റുവട്ടത്തിലുള്ള ഉൾനാടുകളെ ബ ...ിപ്പിക്കുന്നവയാണ്. ഇവയിൽ മിക്കതും സുഗമമായ ...മായ സൗകര്യങ്ങൾ ഇല്ലാത്ത ചെമ്മൺ പാതകളും ...ുവഴികളുമാണ്. ഈ പ്രദേശങ്ങളിലുള്ള കർഷകരും ...ിട കച്ചവടക്കാരും ഉൽപന്നങ്ങൾ വിപണിയിൽ ...ിക്കുന്നതിനും വിപണനകേന്ദ്രങ്ങളിൽ നിന്ന് സാധ ...ൾ കൊണ്ടു വരുന്നതിനും വളരെയധികം ബുദ്ധിമു ...ട് നേരിടുന്നു. പാണ്ടിക്കാട് നിന്ന് വെട്ടിക്കാട്ടിരിയി ...ും അതുപോലെ കൊടശ്ശേരി വഴി ചെമ്പ്രശ്ശേരി ...ാഗത്തേക്കും സർവ്വീസ് നടത്തുന്ന രണ്ടോ ...ന്ന ബസ്സുകളെയാണ് ഈ പ്രദേശത്തുകാർ യാത്ര ...ക്കു കടത്തിനും ആശ്രയിക്കാനുള്ളത്. അമിത ...വാടക കൊടുത്തു കൊണ്ട് ജീപ്പ്, ഓട്ടോ റിക്ഷ ...യും അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിച്ചു വരു ...ത്.

...ാഡുകളുടെ ശോചനീയാവസ്ഥ കാരണം സർ ...സ് നടത്തുന്ന ബസ്സുകൾ പോലും കൃത്യമായി ഓടു ...ല്ല. ശാസ്ത്രീയരീതിയിലുള്ള അഴുക്കുചാൽ സംവിധാന ...ത്തിന്റെ അഭാവം മൂലം മഴക്കാലത്ത് റോഡിൽ വെ ...ള്ളം കുത്തിയൊലിച്ച് നീർച്ചാലുകളും കുഴികളും സൃ ...ിക്കപ്പെടുന്നതാണ് ശോച്യാവസ്ഥയ്ക്കുള്ള പ്രധാന ...കാരണം.

പുതുതായി ചെയ്യേണ്ടതും പുതുതായി നിർമ്മിക്കേണ്ടതുമായ റോഡുകൾ

(അവലംബം : ഗ്രാമസഭാനിർദ്ദേശങ്ങൾ)

നിർദ്ദേശിക്കുന്ന റോഡ്

...ടിമറ - മയ്യംമല റോഡ്
...രുമ്പുല്ല് - ഹരിജൻ കോളനി റോഡ്
...ടിക്കുളം - പെരുമ്പുല്ല് റോഡ്
...ാളപ്പറമ്പ് - കാളംകാവ് റോഡ്
...ളവ് - കടുമുണ്ട റോഡ്
...ളവ് - നെല്ലിക്കുന്ന് റോഡ്
...ള്ളാട്ട് പാറ - പുള്ളിപ്പാടം റോഡ്
...ക്കുത്ത് - കൊടശ്ശേരി റോഡ്

II

...ാളപറമ്പ് - പുളിക്കൽ പൊയിൽ റോഡ്
...ുക്കുന്ന് - കളത്തുംപടി റോഡ്
...ലിപ്പുഴ - പൂളകടവത്ത് - വളവ് റോഡ്
...ലിപ്പുഴ - പറയംകാവ് കോളനി - പൂക്കുത്ത് റോഡ്
തൃപ്പാക്കട കോളനി - ഒലിപ്പുഴ റോഡ്
കൊളപ്പറമ്പ് - മഞ്ഞിലാംകുന്ന് - വളവ് റോഡ്
പുളിയംകോട് മണ്ണ് കോളനി - അംഗൻവാടി റോഡ്
വളവ് - പൂളക്കടവ് റോഡ്
ഒലിപ്പുഴ - കൊളപറമ്പ് റോഡ്
പെരുവക്കാട് - കൊളപ്പറമ്പ് റോഡ്
പുക്കൂത്ത് - കൊളപ്പപറമ്പ് റോഡ്
കിഴക്കെ പാണ്ടിക്കാട് - ഒരക്കുഴി റോഡ്
കിഴക്കെ പാണ്ടിക്കാട് - ചിറ്റടിപാടം ,
യമ്മക്കര റോഡ് ,ഒരക്കുഴി
ചിറ്റഴിപാലം - യമ്മക്കര റോഡ്
വളവ് - തുവൂർ പഞ്ചായത്ത്
വളവ് - മരുതക്കോട്

III

കൊളപറമ്പ് - വെടിമറ
കൊളപറമ്പ് - വെളിഞ്ഞിപാറ
കുറ്റിപ്പുളി -കാവുങ്ങൽ പറമ്പ്
കൊളപറമ്പ് - പാലയ്ക്കാപറമ്പ്
കൊളപറമ്പ് - ഹൈസ്ക്കൂൾപടി
കുറ്റിപ്പുളി - മരാട്ടപ്പടി
എറിയാട് ഹരിജൻ കോളനി റോഡ്
കക്കുളം - മന്തൻകുണ്ട് റോഡ്
കിഴക്കെപാണ്ടികാട് - കൊമ്പൻകല്ല്
പുളിക്കൽ പറമ്പ് - കൊളപ്പപറമ്പ്
കൊളപ്പറമ്പ് - എറിയാട്, ചുടലകുന്ന്

IV

ടിപ്പുസുൽത്താൻ ബൈപാസ് റോഡ്, വണ്ടൂർ മേലാറ്റൂർ
വണ്ടൂർ റോഡിൽ നിന്നും ഹൈസ്ക്കൂൾ റോഡ്
പയ്യപറമ്പ് - മണ്ണാത്തിചോല
പടാരകോളനി - കുറ്റിപ്പുളി റോഡ്
പള്ളിപ്പടി - ഹൈസ്ക്കൂൾ ഇടവഴി റോഡ്

V

ടിപ്പുസുൽത്താൽ ബൈപാസ് മേലാറ്റൂർ പെരിന്തൽമണ്ണ
പള്ളിപ്പടി - വള്ളിക്കാപറമ്പ് റോഡ്
സ്റ്റേഷൻ പടി - വണ്ടൂർ റോഡ് ബൈപാസ്
പാറക്കോട് കുന്ന് റോഡ്
കക്കുളം - വളരാട് കുന്ന് റോഡ്
കമ്മ്യൂണിറ്റി ഹാൾ - വളരാട്
കക്കുളം - പള്ളിപ്പടി - വളരാട്

VI

വളരാട് - പള്ളിപ്പടി - കൂട്ടിലിങ്ങൽ റോഡ്

വളരാട് എൽ.പി. സ്ക്കൂൾപടി
പാറാക്കടം - ഒറവംപുറം
വളരാട് - ചൂരക്കാവ്
മോഴക്കല്ല് - ലക്ഷം വീട് കോളനി
കാരപറമ്പ് - ഒറവംപുറം റോഡ്
ചീനീക്കാക്കുഴി - കക്കുളം റോഡ്
പാറക്കടവ് ഇടവഴി റോഡ്
വളരാട് സ്ക്കൂൾപടി - ഒറവം പുറം
തമ്പാനങ്ങാടി - വള്ളിക്കാപറമ്പ് റോഡ്

VI

വള്ളുവങ്ങാട് - തെക്കെ മണ്ണ് പുഴ റോഡ്
വള്ളുവനാങ്ങാട് ബസ്സ്റ്റോപ്പ്, പുഴവരെ
സുൽത്താൻ - പട്ടമണ്ണക്കടവ് റോഡ്
വല്ല്യാത്രപടി - കോളനി റോഡ്
വള്ളുവനങ്ങാട് - ഞെട്ടാവലുങ്കൽ റോഡ്
തെക്കെമണ്ണ് കടവ് റോഡ്
വള്ളുവങ്ങാട് - നെരുവിലാലുങ്ങൽ റോഡ്

VIII

നെരുവിലാലുങ്ങൽ - പള്ളിപ്പടി റോഡ്
അത്താണിക്കൽ - നിലംപതിക്കൽ റോഡ്
ഞെട്ടാവലുങ്കൽ - ഞെട്ടാവലുങ്കൽ റോഡ്
കാളങ്കാവ് - വള്ളിക്കാപറമ്പ് റോഡ്
കാട്ടിൽമൂച്ചി - നെല്ലിക്കുളം റോഡ്
വെട്ടിക്കാട്ടിരി - ചാത്തങ്ങോട്ട് പുറം റോഡ്
ചതിങ്ങൽ പടി - തൊണ്ടൻകല്ല് റോഡ്

IX

നിലംപതിക്കൽ - വട്ടത്തിപാറ റോഡ്
കൊടശ്ശേരി -ചുങ്കത്തുകുന്ന്, താമരശ്ശേരി റോഡ്
തെക്കെപൊടിയാറ് - പൂത്താലക്കൽ റോഡ്
ചുങ്കത്തുകുന്ന് - ഇരുമ്പോത്തിങ്ങൽ റോഡ്
പയ്യാങ്കടത്തിൽ - കാപ്പറാത്താംകുന്ന് റോഡ്
തെക്കെപൊടിയാട് - പത്താംകല്ല് റോഡ്
പട്ടത്തുമുക്ക് - കാപ്പറാത്താവ് കുന്ന് റോഡ്

X

അടയ്ക്കാപുറം - നെല്ലികുളം ചിറ റോഡ്
ഇരഞ്ഞിയിൽ പാറ - കൂവത്തികുന്ന് റോഡ്
കാരായ - കാവുങ്ങൽ പറമ്പ് റോഡ്
കാവുങ്ങൽ പറമ്പ് - മണ്ഡകകുന്ന് റോഡ്
കണ്ടംകള്ളി - വെട്ടിക്കാട്ടിരി കോളനി റോഡ്
കണ്ടംകള്ളി ചിറ റോഡ്
ചുങ്കത്ത് - നെല്ലിക്കുളം റോഡ്
ഇരഞ്ഞിയിൽ പാറ - കോലോത്തുകുണ്ട് റോഡ്
കൊടശ്ശേരി - വെട്ടിക്കാട്ടിരി, ചാത്തംകോട്ട് പുറം
ഈസ്റ്റ് വെട്ടിക്കാട്ടിരി തരിശ്ശ് റോഡ്
തൊട്ടുപൊയിൽ ചോലയ്ക്കൽ റോഡ്
കൊടശ്ശേരി - കോങ്ങാട് - വീതനശ്ശേരി റോഡ്
അടയ്ക്കാപുരം - മണ്ഡകകുന്ന് റോഡ്

XI

കാളംകാവ് മുതൽ എരുമത്താല വഴി
മരാട്ടപടി - അറയ്ക്കാപ്പും റോഡ്
മുക്കട്ട - പാലേപാടം റോഡ്
കോട്ടപ്പുറം ചോല - വള്ളിക്കാറമ്പ്
കാരായ - കാളംകാവ് റോഡ്
കാളംകാവ് - മാമ്പൊയിൽ
വെട്ടിക്കാട്ടിരി - വലിയകുണ്ട് റോഡ്
കൊടശ്ശേരി - താലപ്പൊലി പറമ്പ്

XII

തെയ്യംപാടി കുത്ത് - താലപ്പൊലി പറമ്പ്
താലപ്പൊലി പറമ്പ് - കൊടശ്ശേരി
കക്കാടമ്മൽ - അയിനിക്കോട്
തെയ്യാമ്പാടികുത്ത് - വാണിയമ്പലം
കാളംപാറ - കറുവങ്ങത്തോട് റോഡ്
കാക്കത്തോട് - തെയ്യമ്പാടികുത്ത്

XIII

ഒടോമ്പാടം - കാരാട്ടാൽ - ചെമ്പശ്ശേരി ഈസ്റ്റ്
വഴി പൂളമണ്ണ. വാണിയമ്പലം റോഡിലേക്ക്
ഒടോമ്പറ്റ ശ്മശാന റോഡ്
കൊടശ്ശേരി - കാരാട്ടാലുങ്ങൽ റോഡ്
കടലാംകുന്ന് - കരിമ്പനകുന്ന്
കൊടശ്ശേരി - തെയ്യമ്പാടികുത്ത്
കൊടശ്ശേരി - അമ്പലപ്പടി
കൂരിക്കുന്ന് - പുക്കൂത്ത് റോഡ്
4 സെൻറ് കോളനി റോഡ് - കാരാപ്പാടം - ഒടോമ്പറ്റ

XIV

ചെമ്പശ്ശേരി ഈസ്റ്റ് - തൊടികപ്പലം റെയിൽവെ
സ്റ്റേഷൻ
ചേരിക്കല്ല് - മരുതാം ചേരി റോഡ്
വിലങ്ങംപൊയിൽ - പെരുമ്പാർ
കാമത്ത് പടി- വെള്ളോട്ട്പാറ
വെലങ്ങംപൊയിൽ - തോട്ടിയംകുന്ന്
വട്ടുണ്ട - മദ്രസ്സപടി
ചെമ്പശ്ശേരി - ചേരിക്കല്ല് റോഡ്
പനമ്പറ്റച്ചോല - പുൽവെട്ട

പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ.
2. കാലകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്താത്തത്
3. ഫണ്ടിന്റെ അപര്യാപ്തത
4. അനധികൃത കൈയ്യേറ്റം
5. കെട്ടിടനിർമ്മാണ സാമഗ്രികൾ, മരത്തടികൾ, വിറക് റോഡരികിൽ കൂട്ടിയിടുന്ന അവസ്ഥ.
6. ഡ്രെയിനേജ് സംവിധാനത്തിന്റെ അപര്യാപ്തത
7. അനധികൃത കച്ചവടങ്ങൾ
8. റോഡുകൾ ജനങ്ങളുടേത് എന്ന ബോധമില്ലായ്മ.
9. എല്ലാത്തരം അവശിഷ്ടങ്ങളും റോഡരികിൽ നിക്ഷേപിക്കുന്ന അവസ്ഥ
10. അശാസ്ത്രീയമായ ടാക്സി - ഓട്ടോ പാർക്കിംഗ് സംവിധാനം
11. രാത്രികാല യാത്രാസൗകര്യത്തിന്റെ അപര്യാപ്തത.
12. വാഹനങ്ങളുടെ അമിതവേഗത.
13. വിദ്യാർത്ഥികളുടെ യാത്രാക്ലേശം.

പരിഹാരങ്ങൾ

1. കാലാകാലങ്ങളിൽ ജനപങ്കാളിത്തത്തോടെ അറ്റകുറ്റ പണികൾ നടത്തുക.
2. റോഡുനിർമാണത്തിനും പുനരുദ്ധാരത്തിനും നിലവിലുള്ള വിവിധയിനം ഫണ്ടുകളുടെ പരിധി കാലോചിതമായി ഉയർത്തുക.
3. റോഡുകളുടെ നിർമാണത്തിനാവശ്യമായ എ.എസ്., ടി.എസ്. പോലുള്ള ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കുമായി പഞ്ചായത്തു തലത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുക.
4. വിവിധ റോഡു നിർമാണ ഫണ്ടുകളുടെ വിനിയോഗം സുതാര്യമാക്കുക.
5. അനധികൃത റോഡു പുറംപോക്കുകളുടെ കയ്യേറ്റം കർശനമായി തടയുക.
6. വാർഡുതലത്തിൽ റോഡു സുരക്ഷാസമിതികൾ ഉണ്ടാക്കുകയും സമിതികളുടെ നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിച്ച് വേണ്ടി നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
7. ട്രാഫിക് നിയമങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.
8. സൗകര്യപ്രദമായ രീതിയിൽ ടൗണിലെ ഓട്ടോ - ടാക്സി പാർക്കിംഗ് സംവിധാനം പുനക്രമീകരിക്കുക.

സാധ്യതകൾ

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമാണം നടത്താൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗം വ്യക്തമാണ്. റോഡുകളുടെ നിർമാണത്തിന് ആകെ വരുന്ന ചെലവിന്റെ കാൽ ഭാഗമെങ്കിലും ശ്രമദാനദിനങ്ങളുടെ വിലയും പൊതു സംഭാവനയും ചേർന്നതാവണം.

ഊർജ്ജം

മനുഷ്യജീവിതത്തിൽ പരമപ്രധാനമായ ഒരു സ്ഥാനമാണല്ലോ ഊർജ്ജത്തിനുള്ളത്. ആധുനിക ജീവിതത്തിന്റെ സ്പന്ദനം ഊർജ്ജത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

1964ലാണ് പാണ്ടിക്കാട് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചത്. 1969നാണ് പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. എന്നാൽ 27 വർഷത്തിന് ശേഷവും നമ്മുടെ പഞ്ചായത്തിൽ മുഴുവനക്ഷ പ്രദേശത്തും വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ ആകെ 2935 വൈദ്യുതി ഉപഭോക്താക്കൾ ഉണ്ട്.

മഞ്ചേരി സബ്സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിലേക്ക് പ്രധാനമായും വൈദ്യുതി ലഭിക്കുന്നത്. 2935 ഉപഭോക്താക്കളിൽ 75.29% ഗാർഹിക ഉപഭോക്താക്കളും, 18.86% വ്യാപാര ഉപഭോക്താക്കളും, 4.08% കാർഷിക ഉപഭോക്താക്കളും, 2.04% വ്യവസായിക ഉപഭോക്താക്കളുമാണ്.

നിലവിൽ ഉള്ള കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ 24 ട്രാൻസ്ഫോർമറുകൾ ഉണ്ട്. മിക്ക പ്രദേശങ്ങളിലുമുള്ള ട്രാൻസ്ഫോർമറുകൾ കാലപഴക്കം ചെന്നതും കേടായതുമാണ്. മിക്ക പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റ പണികൾ നടത്തണം. പല പ്രദേശങ്ങളിലും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് ഇന്ന് നിലവിലുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും താഴെ കൊടുക്കുന്നു.

No.	പേര്	Cap
1.	വള്ളുവങ്ങാട്	100 kva
2.	വലിയത്രപടി	,,
3.	വെട്ടിക്കാട്ടിരി	,,
4.	മമ്പാനങ്ങാടി	63 kva
5.	ഒറവക്കുളം	,,
6.	ചൂരക്കാവ്	,,
7.	കാക്കാത്തോട്	100kva

8.	ചെമ്പ്രശ്ശേരി വെസ്റ്റ്	,,
9.	പാണ്ടിക്കാട് - I	63 kva
10.	പാണ്ടിക്കാട് - II	100 kva
11.	പാണ്ടിക്കാട് - III	100 kva
12.	കുറ്റിപ്പുളി	63 kva
13.	കിഴക്കെപാണ്ടിക്കാട്	,,
14.	എം.എസ്. പി. ക്യാമ്പ്	100 kva
15.	നെയ്യാരപാടികുന്ന്	63 kva
16.	താലപൊലി പറമ്പ്	,,
17	പുക്കൂത്ത്	,,
18.	പുളമണ്ണ	100 kva
19.	വളരാട്	63 kva
20.	ഏറിയാട്	,,
21.	കൊടശ്ശേരി	100 kva
22.	മണ്ഡകകുന്ന്	100 kva
23.	ചെമ്പ്രശ്ശേരി ഈസ്റ്റ്	,,
24.	കാരായ	,,

പരമ്പരാഗതമായി ഉപയോഗിക്കുന്ന ഒരു ഊർജ്ജ സമ്പത്താണല്ലോ വിറക്. പഞ്ചായത്തിലെ 95% വീടുകളിലും വിറക് ഒരു പ്രധാന ഇന്ധനമായി തന്നെ ഉപയോഗിക്കുന്നു. അശാസ്ത്രീയമായ വിറക് അടുപ്പുകൾ നമ്മുടെ ഊർജ്ജ സമ്പത്ത് നഷ്ടപ്പെടുത്തുന്നതിന് കാരണമാകുന്നുണ്ട്. വിറകിന്റെ ക്ഷാമം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽആണ്. നാട്ടിൻ പുറങ്ങളിൽ പോലും ആളുകൾ വിറക് വിലയ്ക്ക് വാങ്ങുന്ന ഒരു സമ്പ്രദായമാണ് ഉള്ളത്. വിറക് ശാസ്ത്രീയമായി ഉപയോഗിക്കുന്നതിനുള്ള ബോധവല്ക്കരണവും സംവിധാനവും ഉണ്ടാവണം.

ഊർജ്ജ സമ്പത്തിന്റെ മറ്റൊരു ഉറവിടമാണല്ലോ സൂര്യപ്രകാശം. എന്നാൽ സൗരോർജ്ജം വ്യാപകമായ ഉപയോഗിക്കുന്നതിന് ഇന്ന് കഴിയുന്നില്ല. അനെർട്ട് നിർമിക്കുന്ന വിളക്കുകളും അടുപ്പുകളും വളരെ വലിയ ചെലവ് വരുന്നതാണ്. ഭീമമായ സബ്സിഡി ഗവ. കൊടുത്താണ് ഇത് നില നിർത്തുന്നത്. ഇതിന്റെ നിർമാണ ചിലവ് കുറയ്ക്കുന്നതിനുള്ള ഗവേഷണങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

വിറകും കാർഷികാവശിഷ്ടങ്ങളും വിസർജനവസ്തുക്കളും ഉപയോഗിച്ച് ഉണ്ടാക്കുന്ന ഇന്ധനമാണല്ലോ ബയോഗ്യാസ് പ്ലാന്റുകൾ. ബയോഗ്യാസ് പ്ലാന്റുകൾക്ക് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. ഇതിന്റെ നിർമാണ രീതിയെക്കുറിച്ചുള്ള അറിവില്ലായ്മയും, തെറ്റായ ധാരണയും മാറ്റി എടുക്കുന്നതിന് ആവശ്യമായ ബോധവല്ക്കരണം ആവശ്യമാണ്. മറ്റൊരു പ്രധാന ഊർജ്ജ സമ്പത്താണ് മണ്ണെണ്ണ. വൈദ്യുതി എത്താത്ത മുഴുവൻ വീടുകളിലും വിളക്ക് കത്തിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും മണ്ണെണ്ണ ഉപയോഗിക്കുന്നു. മണ്ണെണ്ണയുടെ വിതരണം കാര്യക്ഷമമല്ല. വൈദ്യുതി എത്താത്ത വീടുകൾക്ക് 10 ലിറ്ററും എത്തിയ വീടുകൾക്ക് 6 ലിറ്ററും വീതം മണ്ണെണ്ണ വിതരണം ചെയ്യെണ്ടതാണ്. ഉദ്യോഗസ്ഥർക്ക് പെർമിറ്റ് വഴി ലഭിക്കുന്ന മണ്ണെണ്ണ വളരെ കുറവാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിക്കുന്നതിന് വേണ്ടിയുള്ള ശ്രമം ഉണ്ടാവണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ മുഴുവൻപ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതി വിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധ കുറവ്, പ്രത്യേകിച്ച് അറ്റകുറ്റ പണികൾ കൃത്യസമയത്ത് നടത്താതിരിക്കുന്നത്, മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നതും മറ്റും സ്ഥിരം പ്രശ്നമായി മാറിയിരിക്കുന്നു.
3. പഞ്ചായത്തിൽ 54 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.
4. പൊതുവെ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന സമയത്ത് വ്യാപാരികളും മറ്റും സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നത് സാധാരണ ഗാർഹിക ഉപഭോക്താക്കളെ ബാധിക്കുന്നു.
5. വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ വിമുഖത, അനാസ്ഥത, അഴിമതി, എന്നിവ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
6. നിരുത്തരവാദിത്തപരമായ റീഡിങ്ങ് സമ്പ്രദായം ഉപഭോക്താക്കളെ ബാധിക്കുന്നുണ്ട്.
7. പല പ്രദേശത്തും രൂക്ഷമായ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിക്കുക.
2. വണ്ടൂർ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിൽ ഒരു സബ് എഞ്ചിനീയർ ഓഫീസ് പ്രവർത്തിപ്പിക്കുന്നുണ്ട്. അത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസാക്കി ഉയർത്തുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.
3. പ്രസരണ നഷ്ടം നേരിടുന്നതിന് ആവശ്യമായി നടപടികൾ സ്വീകരിക്കുക.
4. സ്റ്റെപ്പ് അപ്പിന്റെ ഉപയോഗം നിയമം മൂലം നിരോധിക്കുക.
5. തെരുവ് വിളക്കുകൾക്ക് ഇന്നുള്ള രീതിയിൽ ചാർജ് ഈടാക്കുന്ന സമ്പ്രദായം മാറ്റി മീറ്റർ റീഡിങ്ങ് അടിസ്ഥാനത്തിൽ ചാർജ്ജ് ഈടാക്കുക.

6 മാസാമാസങ്ങളിൽ മീറ്റർ റീഡിങ്ങ് എടുക്കാനുള്ള സമ്പ്രദായം ഉണ്ടാവണം. അല്ലെങ്കിൽ സെൽഫ് റീഡിങ്ങ് സമ്പ്രദായം ഏർപ്പെടുത്തണം.

വാർത്താവിനിമയം

വാർത്താവിനിമയ രംഗത്ത് പത്ര പ്രചാരണത്തിൽ നമ്മുടെ പഞ്ചായത്ത് വളരെയേറെ മുന്നേറിയിട്ടുണ്ടെങ്കിലും ടെലഫോൺ തുടങ്ങിയ ആധുനിക വാർത്താവിനിമയോപകരണങ്ങളുടെ കാര്യത്തിൽ നമുക്ക് പറയത്തക്ക പുരോഗതി കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. നിലവിൽ പാണ്ടിക്കാട് പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പത്രപ്രസിദ്ധീകരണങ്ങളും അവയുടെ പ്രചാരവും താഴെ പട്ടികപെടുത്തുന്നു.

മലയാള മനോരമ	400
കേരളകൗമുദി	75
മാതൃഭൂമി	345
ചന്ദ്രിക	64
ദേശാഭിമാനി	65
മാധ്യമം	185
ദീപിക	15
മംഗളം	5
ഹിന്ദു	15
ഇന്ത്യൻ എക്സ്പ്രസ്	20
ആകെ	1189

തപാൽസംവിധാനം

നമ്മുടെ പഞ്ചായത്തിൽ ആദ്യം പ്രവർത്തനം ആരംഭിച്ചത് പോസ്റ്റോഫീസ് കൊളമ്പറമ്പ് സബ് പോസ്റ്റോഫീസ് ആണ്. പിന്നീട് വൈകാതെ പാണ്ടിക്കാട് തമ്പനാങ്ങാടിയിലും പോസ്റ്റോഫീസ് പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ പാണ്ടിക്കാട് സബ് പോസ്റ്റോഫീസിന്റെ കീഴിൽ നമ്മുടെ പഞ്ചായത്തിൽ ചെമ്പ്രശ്ശേരി, വള്ളുവങ്ങാട്, വള്ളുവങ്ങാട് സൗത്ത് എന്നീ ബ്രാഞ്ച് ഓഫീസുകളും അടുത്ത പഞ്ചായത്തായ തൂവ്വൂർ സബ് പോസ്റ്റോഫീസിന്റെ കീഴിൽ ചെമ്പ്രശ്ശേരി ഈസ്റ്റ്, പുളമണ്ണ തുടങ്ങിയ ബ്രാഞ്ച് ഓഫീസുകൾ അടക്കം 7 ഓഫീസുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പല പ്രദേശങ്ങളിലും തപാൽ സംവിധാനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന പരാതികൾ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പുതിയ ബ്രാഞ്ച് ഓഫീസുകൾ അനുവദിക്കണം എന്ന ആവശ്യങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

ടെലഫോൺ

പാണ്ടിക്കാട് പഞ്ചായത്തിൽ ടെലഫോൺ എക്സ്ചേഞ്ച് നിലവിൽ വന്നത് 1973ലാണ്. ഈ എക്സ്ചേഞ്ചിന്റെ കപ്പാസിറ്റി 320 മാത്രമാണ്. ഇതിന്റെ കീഴിൽ 310 ടെലഫോൺ കണക്ഷനുകൾ നമ്മുടെ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ആയി ഉണ്ട്. ഇതിൽ 80 ശതമാനവും എസ്.ടി.ഡി. കണക്ഷൻ ഉള്ളവയാണ്. നമ്മുടെ പഞ്ചായത്തിൽ 19 പബ്ലിക് ടെലഫോൺ ബൂത്തുകൾ ഉണ്ട്. ടെലഫോണിന് അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണം ഏകദേശം 900 വരും.

ഇപ്പോഴത്തെ ടെലഫോൺ എക്സ് ചേഞ്ച് വാടകകെട്ടിടത്തിലാണ്. പ്രവർത്തിക്കുന്നത്. പാണ്ടിക്കാട് ഗവൺമെൻറ് ഐ.ടി.സി.ക്ക് അടുത്ത് 50സെൻറോളം സ്ഥലം എക്സേചേഞ്ചിന് വേണ്ടി സർക്കാരിൽ നിന്നും പതിച്ചു കൊടുത്തിട്ടുണ്ട്. ഇവിടെ സ്വന്തമായി ഒരു കെട്ടിടം നിർമിക്കേണ്ടതുണ്ട്. എക്സ്ചേഞ്ചിന്റെ ശേഷി ചുരുങ്ങിയത് 1000 കണക്ഷനുകൾ ആക്കി വർദ്ധിപ്പിക്കേണ്ടതുണ്ട്. ജീവനക്കാരുടെ കുറവ്, വേണ്ട സമയത്ത് ഉപകരണങ്ങൾ കിട്ടാത്ത അവസ്ഥ എന്നിവ പ്രധാന പ്രശ്നങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

റേഡിയോ, ടെലിവിഷൻ

പഞ്ചായത്തിലെ 80 ശതമാനം വീടുകളിലും റേഡിയോ ഉണ്ട്. 500ഓളം ടെലിവിഷൻ സെറ്റുകളുമുണ്ട്. ടെലിവിഷൻ പരിപാടികൾ വ്യക്തമായി ലഭിക്കുന്നില്ല എന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിൽ 40 പേർക്ക് ഒരു പത്രം എന്ന നിലയിൽആണ് പത്രപ്രചാരം. ഇത് മാറേണ്ടിയിരിക്കുന്നു. പത്രങ്ങളുടെ വില സാധാരണക്കാരന് താങ്ങാവുന്നതിൽ അധികമാണ്. ഇത് കുറക്കേണ്ടിയിരിക്കുന്നു. കോളനികളിലും മറ്റ് പിന്നോക്ക മേഖലകളിലും സൗജന്യമായി വർത്തമാന പത്രങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

മാർക്കറ്റ്

കൃഷി പ്രധാന ഉൽപാദന മേഖലയായ പാണ്ടിക്കാട് പഞ്ചായത്തിൽ കാർഷിക വിളകൾ ധാരാളം ഉൽപാദിക്കപ്പെടുന്നുണ്ട്. കാർഷിക വിളകളെ ആശ്രയിച്ചായിരുന്നു മുൻകാലങ്ങളിൽ മാർക്കറ്റുകൾ നിലനിന്നിരുന്നത്. പാണ്ടിക്കാട് ആഴ്ച ചന്ത ചരിത്രകാലം മുതൽക്കെ പേരു കേട്ടതാണ്. ഏറനാട് - വള്ളുവനാട് മേഖലകളിലെ ഏറ്റവും വലിയ ചന്തയായിരുന്നു ഇത്. ഈ മേഖലയിലെ ജനങ്ങൾ ഉൽപന്നങ്ങൾ വാങ്ങുന്നതിനും വിപണനം നടത്തുന്നതിനും പാണ്ടിക്കാട് ചന്തയെ ആയിരുന്നു ആശ്രയിച്ചിരുന്നത്.

എന്നാൽ ആഴ്ച ചന്തയ്ക്ക് ഒട്ടെറെ മാറ്റം വന്നിരിക്കുന്നു. സജീവമായ പൊതുമാർക്കറ്റ്, ആഴ്ചചന്തയുടെപ്രസക്തി പോലു നഷ്ടപ്പെടുത്തിയിട്ടുണ്ട്. എങ്കിലും പാരമ്പര്യത്തിന്റെ ഒരു പ്രതീകം എന്ന പോലെ എല്ലാ തിങ്കളാഴ്ചയും ആഴ്ച ചന്ത തുടർന്നുപോരുന്നത് പാവപ്പെട്ട കുറെ ഗ്രാമീണർക്കും തൊഴിലാളികൾക്കും ഉപകാ

രപ്രദം തന്നെയാണ്.

ഗ്രാമീണ ഉൽപന്നങ്ങളായ മൺകുടങ്ങൾ, കുട്ടകൾ, കൈക്കോട്ട്, മഴു, ചിരവ, ചകിരി ഉൽപന്നങ്ങൾ, ഇത്തിൾ, ഓല ഉൽപന്നങ്ങൾ, ഉണക്കമത്സ്യം, പപ്പടം, പച്ചക്കറികൾ തുടങ്ങി നാനാവിധത്തിലായ ഉപകരണങ്ങളും, കാർഷികോല്പന്നങ്ങളും ഭക്ഷ്യ പദാർത്ഥങ്ങളും മറ്റ് തോർത്ത്, വസ്ത്രങ്ങൾ തുടങ്ങിയവയും കേന്ദ്രീകൃതമായി ആഴ്ച ചന്തകളിൽ ലഭിച്ചിരുന്നു. ചന്തയെ മാത്രം ആശ്രയിച്ചിരുന്ന സാധാരണക്കാരനായ തൊഴിലാളികൾക്കും മറ്റ് ഗ്രാമീണർക്കും ഈ ചന്ത വളരെ ഉപയോഗപ്രദമായിരുന്നു.

വിവിധ തരം ഉൽപന്നങ്ങൾക്ക് പ്രത്യേകം പ്രത്യേകം മാർകറ്റ് വന്ന് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാർക്കറ്റ് എന്നതിന്റെ ചരിത്രപരമായ അർത്ഥത്തിനും സംസ്കാരത്തിനും വളരെയേറെ മാറ്റം വന്നിട്ടുണ്ട്.

കാർഷികോൽപന്നങ്ങളായ റബ്ർ, നേന്ത്രക്കായ, നാളികേരം, നാണ്യവിളകളായ കശുവണ്ടി, കുരുമുളക്, ഇഞ്ചി, അടയ്ക്ക എന്നിവയ്ക്ക് കുറഞ്ഞ തോതിൽ പഞ്ചായത്തിനകത്ത് മാർക്കറ്റുകൾ നിലവിൽ വന്നിട്ടുണ്ട്.

ആഴ്ച ചന്തയും നിത്യമാർക്കറ്റും തമ്മിലുള്ള പ്രധാന വ്യത്യാസം ആഴ്ച ചന്തകൾ ഉപഭോക്താക്കൾക്ക് വളരെയധികം സാമ്പത്തികാശ്വാസം നൽകുമ്പോൾ നിത്യമാർക്കറ്റുകളിൽ ഇവർ ചൂഷണം ചെയ്യപ്പെടുന്നുണ്ട് എന്നതാണ്.

കാർഷിക വിളകളായ നേന്ത്രക്കായ, കുരുമുളക്, മരച്ചീനി തുടങ്ങിയവ വ്യാപകമായി വൻ മാർക്കറ്റുകളിലേക്ക് പോവുകയാണ്. ഇവ തോട്ടത്തോടെ വില്പന ചെയ്യപ്പെടുന്ന ഒരു അവസ്ഥ കണ്ടു വരുന്നുണ്ട്. നെല്ല് സാമാന്യം നല്ല രീതിയിൽ ഉൽപാദിക്കപ്പെട്ടിരുന്ന മേഖലയായിരുന്നു പാണ്ടിക്കാട് പഞ്ചായത്ത്. എന്നാൽ നെല്ല് ഉൽപാദനത്തിൽ ഉണ്ടായ മാന്ദ്യം ആ രംഗത്തെ വിപണന തളർച്ചയ്ക്ക് ഇടയാക്കിയിട്ടുണ്ട്.

നാളികേരം സംസ്കരിച്ച് പൂർണ്ണമായും കൊപ്രയാക്കി വെളിച്ചെണ്ണ ഉൽപാദിപ്പിച്ച് വിപണനം നടത്താൻ കഴിയുന്ന ഒരു വിപണന കേന്ദ്രത്തിന് പാണ്ടിക്കാട് നല്ല സാദ്ധ്യതയുണ്ട്. നാളികേരം ഉപയോഗിച്ചുള്ള മറ്റ് ഭക്ഷ്യോൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്താവുന്ന കേന്ദ്രവും ആലോചിക്കാവുന്നതാണ്.

നെല്ലുൽപന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്താവുന്ന ഒരു കേന്ദ്രത്തിനും അതുപോലെ നേന്ത്രക്കായഉപയോഗിച്ച് ഉൽപാദിപ്പിക്കാവുന്ന ഉൽപന്നങ്ങൾ വിപണനം നടത്തുന്ന ഒരു കേന്ദ്രവും സാദ്ധ്യത ഉള്ളതാണ്.

സഹകരണാടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾ ഒന്നിച്ചു ചേർന്നോ ഗ്രാമസഭകൾ പ്രാതിനിധ്യ സ്വഭാവത്തിൽ സംഘടിച്ചോ ഉള്ള വിപണന കേന്ദ്രങ്ങൾ രൂപീകരിച്ച് കൊണ്ട് ഈരംഗത്ത് ഇന്നുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു മാർക്കറ്റിന് രൂപം നൽകേണ്ടതുണ്ട്.

മത്സ്യം, മാംസം തുടങ്ങിയവയുടെ വിപണനത്തിന് ആധുനിക രീതിയിലുള്ള ഒരു മത്സ്യ മാംസ മാർക്കറ്റും അറവു ശാലയും ആവശ്യമാണ്. അതുപോലെ തന്നെ റെഡിമെയ്ഡ് ഉല്പന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തുന്ന കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള കാർഷികോൽപന്നങ്ങൾ ശേഖരിച്ചുകൊണ്ട് ലഭ്യതയുടെ തോത് നിർണയിച്ചുക്കൊണ്ട് സഹകരണമേഖല മുൻകയ്യെടുത്ത് കൂടുതൽ കരുത്തറ്റതും ആകർഷകവുമായ ഒരു വിപണന സംവിധാനം ഉണ്ടാകുമെങ്കിൽ അത് ഒരു സ്വാശ്രയഗ്രാമം എന്ന സങ്കല്പത്തിലേക്കുള്ള ഒരു ചവിട്ടുപടിയായിരിക്കും.

എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലാതാനും.

മഹാത്മഗാന്ധി

5(7)

സാമൂഹ്യ ക്ഷേമം ; പാർപ്പിടം

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് ഈ രംഗത്ത് ഇപ്പോൾ നിലവിൽ ഉള്ളത്. പൂർണ്ണമായും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും തൊഴിലുറപ്പ് തൊഴിലുടമാ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തരം തിരിക്കാം.

ഈ പദ്ധതികളിൽ ദാരിദ്രനിർമ്മാർജ്ജന പദ്ധതി നടത്തിപ്പിനായുള്ള നാമമാത്ര സഹായത്താൽ മാത്രമാണ് പാണ്ടിക്കാട് പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നത്. ഇവിടെ ഉള്ള സാമൂഹ്യ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, സന്നദ്ധ സംഘടനകളുടെ കുറവ്, ഭൂപ്രകൃതിപരമായ സ്ഥലത്തിലും ആനുകൂല്യങ്ങൾക്കർഹരായവരുടെ കണ്ടെത്തലിലും ഉള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തത, പദ്ധതികൾ ഉപയോഗപ്പെടുത്തുമ്പോഴുണ്ടാകുന്ന സാങ്കേതിക നൂലാമാലകൾ എന്നിവ ഈ രംഗത്തുള്ള പ്രധാന പ്രശ്നങ്ങളാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനെയുള്ള പ്രവർത്തനം പഞ്ചായത്തിൽ കാര്യക്ഷമമായി നടക്കുന്നില്ല. കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ തുടങ്ങിവർ ഈ പഞ്ചായത്തിൽ കൂടുതൽ ഉണ്ടെങ്കിലും ഇവരിൽ ഭൂരിപക്ഷം പേരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. സംഘടിത മേഖലയിലെ ചുമട്ടുതൊഴിലാളികൾ, അസംഘടിത മേഖലയിലെ മരംകയറ്റതൊഴിലാളികൾ, മരം കയറ്റിറക്കു തൊഴിലാളികൾ, ടാപ്പിംഗ് തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, ഈർച്ച തൊഴിലാളികൾ, വിദഗ്ദ്ധ തൊഴിലാളികൾ എന്നിവരോ ക്ഷേമ പദ്ധതികളുടെ പരിധിയിൽ നാളിതുവരെ ഉൾപെട്ടിട്ടില്ല.

സാമൂഹ്യ വികസനരംഗത്ത് പഞ്ചായത്തിൽ സഹായം ലഭ്യമായിക്കൊണ്ടിരിക്കുന്നത് വണ്ടൂർ ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിനു കീഴിലുള്ള പാണ്ടിക്കാട്, വെട്ടിരിക്കാട്ടിരി എന്നീ രണ്ടു സർക്കിളുകൾ മുഖേനയാണ്. പ്രസ്തുത സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമായ പദ്ധതികളെ സംബന്ധിച്ച് താഴെ പ്രതിപാദിക്കുന്നു.

ഐ.ആർ.ഡി.പി. സഹായലഭ്യതാ കണക്ക്

വെട്ടിക്കാട്ടി വി.ഇ.ഒ. സർക്കിൾ

വർഷം	എണ്ണം	സബ്സിഡി	വായ്പ
1992-93	17	39973	77577
93-94	27	74987	100810
94-95	21	109089	164602
95-96	4	17700	28020
ആകെ	69	241749	371009

പാണ്ടിക്കാട് വി.ഇ.ഒ. സർക്കിൾ

വർഷം	എണ്ണം	സബ്സിഡി	വായ്പ
1992-93	55	170513	226212
93-94	46	158871	207789
94-95	38	188650	308051
95-96	30	147000	257695
ആകെ	169	665034	999749

1992-95 ലെ സർവെ പ്രകാരം വെട്ടിക്കാട്ടിരി സർക്കിളിൽ 1208 കുടുംബങ്ങളും പാണ്ടിക്കാട് സർക്കിളിൽ 1776 കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവ

രായി കണ്ടെത്തുകയുണ്ടായി. പ്രസ്തുതകുടുംബങ്ങളിൽ 238 കുടുംബങ്ങൾക്കായി 1992 മുതൽ 1995 വരെയുള്ള കാലയളവിൽ സബ്സിഡിയായി 906783 രൂപയും വായ്പയായി 1370758 രൂപയും വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നയം ശാസ്ത്രീയമായ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സുതാര്യമാക്കേണ്ടതും ദുരുപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നിശ്ശേഷം ഒഴിവാക്കേണ്ടതുമാണ്. ദാരിദ്രരേഖയുടെ പരിധിയും കലോചിതമായി ഉയർത്തേണ്ടതാണ്.

പഞ്ചായത്തിൽ ഈ പദ്ധതി അനുസരിച്ച് വായ്പകൾ ലഭ്യമാക്കുന്നത് ഫെഡറൽ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എന്നിവ മുഖേനയാണ്. മുൻകാലങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കുകൾ വായ്പകൾ വിതരണം ചെയ്തിരുന്നുവെങ്കിലും ഗുണഭോക്താക്കളിൽ നിന്ന് കൃത്യമായ തിരിച്ചടവ് വരാത്തതിനാൽ സഹകരണബാങ്കുകൾക്ക് ജില്ലാ സഹകരണബാങ്കിൽ നിന്നും വായ്പാ വിതരണം നിർത്തിവെച്ചിരിക്കുകയാണ്. അതിനാൽ സർവ്വീസ് സഹകരണബാങ്കുകൾ മുഖേനയുള്ള വായ്പാ വിതരണം ഇപ്പോൾ നിശ്ചലമാണ്.

താൽപര്യമുള്ള യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി അവർക്കുമാത്രമായി നിജപ്പെടുത്തുക എന്നതു മാത്രമാണ് ഇതു സംബന്ധമായുള്ള പ്രശ്നങ്ങൾക്ക് ഏക പരിഹാരമാർഗ്ഗം.

DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

1. വെട്ടിക്കാട്ടിരി സർക്കിളിൽ 1989-90ൽ 53000രൂപ സബ്സിഡിയോടെ 108000 രൂപ വായ്പ നൽകി 18 വനിതകൾക്ക് തൊഴിൽ ലഭിക്കുന്ന തരത്തിൽ ഒരു നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിച്ചു.

2. പാണ്ടിക്കാട് സർക്കിളിൽ വനിതകൾക്കായി ഒരു പ്രിന്റിങ്ങ് പ്രസ്സും, 92ൽ വനിതാ സംരംഭകർക്കായി 37000 രൂപ സബ്സിഡിയോടെയും 44000 രൂപ വായ്പയോടെയും 'സുരഭി റെഡിമെയ്ഡ് ഗാർമെന്റ്സ്' എന്ന സ്ഥാപനവും

93-94ൽ സംരംഭകർക്കായി 40000 രൂപ സബ്സിഡി, 40000 രൂപ വായ്പാ എന്നിവയോടെ ഒരു റെക്സിൻ ബാഗ് നിർമ്മാണ യൂനിറ്റും.

95-96ൽ സംരംഭകർക്കായി 44000 രൂപ സബ് സിഡി, 44000 രൂപ വായ്പാ എന്നിവയോടെ ഒരു മെഡിസിൻ കവർ നിർമാണ യൂനിറ്റും സ്ഥാപിച്ചിട്ടുണ്ട്.

ആറാം വാർഡിൽ പ്രവർത്തിച്ച പഞ്ചായത്തിലെ ഏക കൊപ്ര സംസ്കരണ യൂനിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതുപോലെ അഞ്ചാം വാർഡിലെ പ്രിന്റിംഗ് പ്രസ്സും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. താൽപര്യമുള്ളവരെ കണ്ടെത്തി അനുയോജ്യമായ യൂനിറ്റുകൾ ആരംഭിച്ചാൽ മാത്രമെ പ്രസ്തുത പദ്ധതി കൊണ്ടുള്ള ഉദ്ദിഷ്ട ലക്ഷ്യം പൂർത്തീകരിക്കാനാവൂ. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുവാനും സാങ്കേതികവും സാങ്കേതികേതരവുമായ മറ്റു ആവശ്യങ്ങൾ നിർവഹിക്കാനും സന്നദ്ധസംഘടനാ പ്രവർത്തകർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. സ്കീമിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് വിപണി കണ്ടെത്താനുള്ള സംവിധാനത്തിനും രൂപകല്പന ചെയ്യേണ്ടതുണ്ട്.

ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. പഞ്ചായത്തിൽ ഇതിനകം പരിശീലനം നേടിയവരുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പരിശീലനവിഷയത്തിന്റെ പേര്, പരിശീലനം ലഭിച്ചവരുടെ എണ്ണം, സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം, ഇതരരുടെ എണ്ണം എന്ന ക്രമത്തിൽ കൊടുക്കുന്നു.

ബുക്ക് ബൈൻഡിങ്ങ്	1	1	–
തയ്യൽ പരിശീലനം	1	1	–
വൈൽഡിംഗ്	1	1	–
പ്ലാസ്റ്റിക് കെയിൻ വർക്സ്	5	2	3
ഫർണിച്ചർ വർക്സ്	2	–	2
റെക്സിൻ ബാഗ് നിർമ്മാണം	10	10	–
വയറിംഗ്	1	–	1
അപ്പോഴ്സ്റ്ററി	1	–	1
മെഡിസിൻ കവർ നിർമ്മാണം	11	11	–
ആകെ	33	26	7

33 പേർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയതിൽ 26 പേർ സ്വയം തൊഴിൽ കണ്ടെത്തിയപ്പോൾ 7 പേർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടതായി കാണുന്നു. തൊഴിൽ പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണം. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും സ്റ്റൈപ്പെൻഡ് കൂട്ടുകയും വേണം. താൽപര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാൻ യുജനസന്നദ്ധസംഘടനകൾക്ക് സാധിക്കും. തൊഴിലിൽ വൈദഗ്ദ്ധ്യം നേടുന്നതിന് പരിശീലന കാലാവധി വർദ്ധിപ്പി

...ക്കുകയും പരിശീലനരീതി മെച്ചപ്പെടുത്തുകയും ചെയ്യേ...ാണ്.

...ൾ കിറ്റ്

...ാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപ...ങ്ങൾ നല്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

...P. സർവെ പ്രകാരം വെട്ടിക്കാട്ടിരി സർക്കിളിൽ ...കൈത്തൊഴിലുകാരുള്ളതിൽ 14 പേർക്കാണ് സഹാ...ലഭിച്ചിട്ടുള്ളത്. പാണ്ടിക്കാട് സർക്കിളിൽ 92 പേരിൽ ...പേർക്കുമാത്രമേ സഹായം ലഭീച്ചിട്ടുള്ളൂ. രണ്ടു ...ിളിലും കൂടി 81 പേർക്കുകൂടി സഹായം ലഭിക്കേ ...ുണ്ട്.

...ുള്ള കണക്കുകൾ വ്യക്തമാക്കുന്നത് സഹായത്തിന് ...ർഹരായവരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി ...ില്ല എന്നുള്ളതാണ്. പദ്ധതിയെക്കുറിച്ച് ഭൂരിഭാഗം ...തൊഴിലുകാരും അജ്ഞരാണ്. പഞ്ചായത്തിലെ ...വൻ കൈത്തൊഴിലുകാരെയുംപദ്ധതിയെപ്പ റ്റി ...ബോധവാൻമാരാക്കിയ ശേഷം താല്പര്യമുള്ള യഥാർത്...ാവശ്യക്കാരെ കണ്ടെത്തേണ്ടതാണ്. ശാസ്ത്രീയമായി ...ണ്ടെത്തിയ പ്രസ്തുത ഗുണഭോക്താക്കൾക്ക് ടൂൾകിറ്റ് ...ാസമയം വിതരണം ചെയ്യേണ്ടതുണ്ട്. വിതരണം ...യുന്ന തൊഴിലുപകരണങ്ങൾ അതു കൈകാര്യം ...യ്യാൻ പ്രാപ്തിയുള്ള തൊഴിലാളിക്ക് ആവശ്യവും ഉപ...ാഗപ്രദവുമാണെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ട...ാണ്.

C.R.S.P കക്കൂസുകൾ

...ാദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസുകൾ ...ിക്കാൻ സഹായം നല്കുന്ന പദ്ധതിയാണ് C.R.S.P. ...ക്കാട്ടിരി - പാണ്ടിക്കാട് സർക്കിളുകളിലായി നാളി...വരെ ലഭിച്ച കക്കൂസുകളുടെ വിശദവിവരം താഴെ ...ുന്നു.

...റ്റി കക്കൂസുകൾ ഇല്ലാത്ത ...കളുടെ എണ്ണം	1863
...ിവിധ പദ്ധതികളിലായി ഇതുവരെ ...നുവദിച്ച കക്കൂസുകളുടെ എണ്ണം	70
...ർത്തീകരിച്ചവയുടെ എണ്ണം	68
...ക്കൂസുകൾ ആവശ്യമായ ...കളുടെ എണ്ണം	1793

ആവശ്യമായ കക്കൂസുകളുടെ 3.75 ശതമാനം മാ...ത്രമേ പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ നൽകുവാൻ ...ിച്ചിട്ടുള്ളൂ എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ...ുതൽ വീടുകളിൽ സാനിറ്ററി കക്കൂസുകൾ ലഭ്യമാ...ുള്ള സംവിധാനം എത്രയും വേഗം ഏർപ്പെടുത്തേ...ാണ്.

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ

പെൻഷനുകളും നിർദ്ധരരായ വിധവകൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിൽ ലഭ്യമാകുന്നത്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല എന്നതും അനർഹർ ആനുകൂല്യം കൈപറ്റുന്നുണ്ടെന്ന് എന്നതും ഈ ക്ഷേമ പദ്ധതികളെക്കുറിച്ച് വിലയിരുത്തുമ്പോൾ ബോദ്ധ്യപ്പെടുന്നു. അശരണരും അവശരുമായ ആളുകൾക്ക് സമയോചിതമായി സഹായം ലഭിക്കുന്നില്ല എന്നുള്ളത് വലിയ പ്രശ്നം തന്നെയാണ്. ലഭിച്ച അപേക്ഷകളുടെയും നിരസിച്ചവയുടെയും യഥാർത്ഥകണക്കുകൾ ഇല്ല എന്നിരിക്കെ തന്നെ നിരവധി ആവാലാതികളും പരാതികളും ഗ്രാമസഭയിൽ ഉയർന്നു വരികയുണ്ടായി. തീരെ അപ്രായോഗികമായ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാരണം അർഹതപ്പെട്ടവരെയും അല്ലാത്തവരെയും യഥാർത്ഥത്തിൽ കണ്ടെത്തുവാൻ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം ചെമ്പ്രശ്ശേരി, പാണ്ടിക്കാട്, വെട്ടിക്കാട്ടിരി എന്നീ വില്ലേജുകളിൽ യഥാക്രമം

വിധവാപെൻഷൻ	99	134	114
വികലാംഗപെൻഷൻ	48	44	45
കർഷതൊഴിലാളി പെൻഷൻ	217	274	335
വാർദ്ധക്യകാല പെൻഷൻ	11	15	20
ക്ഷയരോഗികൾക്കുള്ള പെൻഷൻ	61	5	3
കുഷ്ഠം	3	7	-
കാൻസർ രോഗികൾ	1	2	1
തൊഴിലില്ലായ്മ വേതനം	39	128	110

എന്നിങ്ങനെയാണ്.

വിവിധ പെൻഷനുകൾ

വിധവാപെൻഷൻ:-

പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി ആശ്രയിക്കുവാൻ പറ്റിയ ആൺമക്കൾ ഉണ്ടോ എന്ന് അന്വേഷിച്ച് യഥാർത്ഥ സ്ഥിതി കണ്ടുപിടിച്ച ശേഷം നടപടി സ്വീകരിക്കണം.

കർഷകതൊഴിലാളി പെൻഷൻ

അനർഹരായവർക്ക് കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്ന സ്ഥിതി വിശേഷം പഞ്ചായത്തിൽ നിലവിൽ

ഉണ്ട്. പുതുതായി പെൻഷൻ അനുവദിക്കുമ്പോൾ ഗ്രാമ പഞ്ചായത്തിൽ സുതാര്യമായ സംവിധാനം ഏർപ്പെടുത്തുകയും ഗുണഭോക്താക്കളുടെ വിശദവിവരം ഗ്രാമസഭയിലും ഓഫീസിലുമായി പരസ്യപെടുത്തുകയും വേണം.

തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനത്തിന് അർഹരായ പലർക്കും ലഭിക്കായ്കയും അനർഹർക്ക് ലഭിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് ഉള്ളതെന്ന് ഗ്രാമസഭയിൽ പരാതി വന്നു. തൊഴിൽ ഇല്ലാത്ത യുവതീ യുവാക്കളെ നിശ്ചയിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകണം. എന്നാൽ ഇത്തരം ഗുണഭോക്താക്കളുടെ പേരു വിവരം 'പഞ്ചായത്തിലും ഗ്രാമസഭകളിലും പ്രസിദ്ധപ്പെടുത്തണം. അനർഹരായവർക്ക് വേതനം ലഭ്യമാക്കുന്ന തരത്തിൽ ശുപാർശ നൽകുന്ന ഉദ്യോഗസ്ഥ - അനുദ്യോഗസ്ഥരെ ശിക്ഷാ നടപടികൾക്ക് വിധേയരാക്കണം.

വികലാഗ പെൻഷൻ

വികലാംഗ പെൻഷൻ അനുവദിക്കുന്നതിന്റെ മാനദണ്ഡം ലഘൂകരിക്കണമെന്ന അഭിപ്രായം പൊതുവെ ഗ്രാമസഭാചർച്ചകളിൽ ഉയർന്നു വന്നു.

അങ്കൻവാടികൾ

ഈ പഞ്ചായത്തിലെ 14 വാർഡുകളിലായി 37 അംഗൻവാടികൾ പ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനങ്ങളുമാണ് ഈ അംഗൻവാടികൾ കാഴ്ചവെക്കുന്നത്. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന ഐ.സി.ടി.എസ്.ന്റെ ലക്ഷ്യം ഇനിയും നിറവേറ്റപ്പെട്ടിട്ടില്ല. കഴിഞ്ഞ കാലങ്ങളിൽ ആവശ്യകതയെ അടിസ്ഥാനമാക്കിയല്ല അംഗൻ വാടികൾ അനുവദിച്ചത് എന്നതിന് ചില അംഗൻവാടികളിൽ കുട്ടികളുടെ ബാഹുല്യവും മറ്റു ചിലതിൽ കുട്ടികളുടെ വിരളതയും അനുഭവപ്പെടുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നു കയറ്റം ഈ പഞ്ചായത്തിലും പ്രകടമാണ്. നിലവിൽ ഉള്ള അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ ഉള്ളത് കേവലം 7 എണ്ണത്തിൽ മാത്രമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത, സ്ഥലമില്ലാത്ത, അറ്റകുറ്റ പണി നടത്താത്ത, കളിപ്പാട്ടങ്ങൾ ഇല്ലാത്ത അംഗൻവാടികൾ പഞ്ചായത്തിന് ഒരു പ്രശ്നം തന്നെയാണ്. ഭാവി തലമുറയെ വാർത്തെടുക്കുന്ന ആദ്യകളരിയായ അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതി ദയനീയമാണ്. രാവിലെ ഒമ്പതു മണി മുതൽ ഉച്ചയ്ക്ക് ശേഷ് 3.30 മണിവരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള ജോലികളും ചെയ്യേണ്ടതായി വരുന്നുണ്ട്. പ്രതികൂല സാഹചര്യത്തിലും നാടിന്റെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ശാസ്ത്രീയമായും സമയോജിതമായും പരിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ

1. അംഗൻവാടികളുടെ കെട്ടിട നിർമ്മാണ ജോലി 'നിർമ്മിതി കേന്ദ്ര'ത്തെ ഏൽപിക്കുകയും ഫണ്ട് ദൗർലഭ്യം പരിഹരിക്കാൻ ജെ.ആർ. വൈ., സന്നദ്ധ സംഘടനകൾ എന്നിവയെ ഉപയോഗപ്പെടുത്തുകയും ചെയ്യുക.
2. പഞ്ചായത്ത്, പുറംപോക്ക്, മിച്ചഭൂമി എന്നിവ കെട്ടിട നിർമാണത്തിന് ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
3. മരുതക്കോട്, കക്കുളം, കാവുങ്ങൽ പറമ്പ്, മോഴകല്ല്, തെയ്യംപാടികുത്ത്, പനംപറ്റചോല, ചേരികല്ല്, തെറ്റത്ത്, വള്ളുവങ്ങാട് പാലം, പെരുംപുല്ല്, തമ്പാനങ്ങാടി എന്നീ സ്ഥലങ്ങളിൽ പുതുതായി അംഗൻവാടികൾ സ്ഥാപിക്കുക.
4. DWCRA യൂനിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുവാൻ നൽകുക.
5. അംഗൻവാടികളിലൂടെ കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പോഷകാഹാരത്തിനായ നൽകുന്ന സംഖ്യയുടെ പരിതി വർദ്ധിപ്പിക്കുക.
6. പുകയില്ലാത്ത അടുപ്പ്, അംഗൻവാടികൾക്ക് ലഭ്യമാക്കുക.
7. കലാസാംസ്കാരിക സന്നദ്ധ സംഘടനകൾ, മഹിളാസമാജം എന്നിവയുടെ സഹായം അംഗൻവാടികൾക്ക് അവയുടെ വികസനത്തിന് ഫലപ്രദമായി ഉപയോഗിക്കാവുന്ന തരത്തിൽ, പ്രവർത്തിക്കാൻ അംഗൻവാടികളിൽ സൗകര്യം ഏർപ്പെടുത്തുക.
8. അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും ആവശ്യമായ പരിശീലനം നൽകുക.
9. ഭക്ഷ്യവസ്തുക്കളും പോഷകാഹാരവും കേടു വന്ന് നഷ്ടപ്പെടാതിരിക്കാൻ അവയുടെ വിതരണം ഒരു മാസത്തിൽ കവിയാത്ത ഇടവേളകളിലാക്കി നിജപ്പെടുത്തുക.

ക്ഷേനിധികളുടെ പ്രവർത്തനം

1. കർഷക തൊഴിലാളി ക്ഷേമ നിധി

പഞ്ചായത്തിലെ 5000ഓളം വരുന്ന കർഷകതൊഴിലാളികൾ 500ഓളം പേർ മാത്രമെ പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളു. തൊഴിലാളി യൂണിയനുകൾ മുൻകയ്യെടുത്താണ് തൊഴിലാളികളെ അംഗങ്ങളാക്കുന്നത്. ഈ പദ്ധതിക്ക് ഒരുപാട് അപാകതകൾ ഉണ്ട്. തൊഴിലാളി വിഹിതത്തോടൊപ്പം തൊഴിൽ ഉട

...ിതം കൃത്യമായി പിരിച്ചെടുക്കുന്നില്ല. ക്ഷേമ നിധി ...പ് പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ യഥാസമയം ഗു...ാക്താക്കൾക്ക് ലഭ്യമാകുന്നില്ല. തൊഴിലാളി - തൊ...ുടമാ വിഹിതം മാസം തോറും അടവാക്കുന്നതി...ള്ള സൗകര്യം പഞ്ചായത്തിൽ ലഭ്യമല്ല. അപാകതകൾ ...ിഹരിച്ച് അംശാദായം സ്വീകരിക്കുവാനുംപദ്ധതി പ്ര...നം കാര്യക്ഷമമാക്കാനും പഞ്ചായത്ത് തലത്തിൽ ...വിധാനം ഏർപ്പെടുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

...ഞ്ചായത്തിൽ 3000ഓളം തൊഴിലാളികൾ കെട്ടിട ...ാണ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവ ...700ഓളം പേർ മാത്രമെ ക്ഷേമ നിധിയിൽ അംഗ...ായിട്ടുള്ളൂ. ഉടമാ വിഹിതം പിരിക്കുന്നത് ശാസ്ത്രീ...യ രീതിയിൽ പരിഷ്കരിക്കേണ്ടതുണ്ട്. മൊത്തം ...ിമേറ്റ് തുക വളരെ കുറച്ച് കാണിച്ച് അതിന്റെ ഒരു ...ാനം പിരിക്കുന്ന ഇന്നത്തെ രീതിക്ക് പകരം കെട്ടി...ിന് വേണ്ടി ജോലി ചെയ്ത നിർമാണ തൊഴിലാളി ...നേടിയ യഥാർത്ഥ വേതനത്തിന്റെ നിശ്ചിത ...ാനം ലെവിയായി ഈ നിധിയിലേക്ക് പിരിച്ചെ...ത് കൊണ്ട് ക്ഷേമനിധി പ്രവർത്തനം വിപുലപ്പെ...ി കാര്യക്ഷമമാക്കണം.

മോട്ടോർ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ 1000ൽ അധികം മോട്ടോർ തൊഴി...ാളികൾ ഉണ്ടെങ്കിലും ക്ഷേമനിധിയുടെ പ്രവർത്തനം ...ാര്യക്ഷമമായി നടപ്പിലായിട്ടില്ല. ബോധവൽക്കരണ...ിന്റെ അപര്യാപ്തത, ഉടമാവിഹിതം പിരിക്കുന്നതി...ള്ള അപാകത, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ ...ാർത്ഥത ഇല്ലായ്മ എന്നിവ പ്രശ്നങ്ങളാണ്. അ...പാകതകൾ പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാ...ാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തേ...ണ്ടതാണ്.

കയറ്റിറക്ക് തൊഴിലാളി ക്ഷേമപദ്ധതി

പഞ്ചായത്തിൽ ചുമട്ടു തൊഴിലാളി ക്ഷേമപദ്ധതി ...ിലും നടപ്പിലായിട്ടില്ല. പദ്ധതി പ്രവർത്തനം ത്വരിത...പ്പെടുത്താനും ക്ഷേമബോർഡിൽ സമ്മർദ്ദം ചെലുത്തേ...ണ്ടതാണ്.

...ിർമ്മാണ നിർമ്മാണം, തയ്യൽ, ബാർബർ, കൊല്ല...ർ, മരം കയറ്റക്കാർ, ബീഡി തൊഴിലാളികൾ, വാച്ച് ...സ്കിൽ റിപ്പയർമാർ, ഫോട്ടോഗ്രാഫർ, തീപ്പെട്ടി - ...ിച്ചിൽ തുടങ്ങി നിരവധി തൊഴിൽ മേഖലകളിൽ ...ലി ചെയ്യുന്ന അസംഘടിതരായ തൊഴിലാളികൾ ...ായത്തിൽ ഉണ്ടെങ്കിലും അവർക്ക് ഒന്നും തന്നെ ...ിയ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭിക്കു...ില്ല എന്നതിനാൽ വേണ്ട നടപടികൾ പഞ്ചായത്തിൽ പടിപടിയായി കൈകൊള്ളേണ്ടതാണ്.

മറ്റ് ക്ഷേമ പദ്ധതികൾ

കേന്ദ്രസംസ്ഥാന സർക്കാറിന്റെ കാലകാലങ്ങളിൽ നിരവധി സാമൂഹ്യ ക്ഷേമ പദ്ധതികളും പരിപാടികളും നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് പൊതുവിൽ അവയുടെ ഗുണഭോക്താക്കൾ ആകാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. ഉദാഹരണമായി അനാഥാലയങ്ങൾക്കും മറ്റു ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ആനുകൂല്യങ്ങൾ, കുട്ടികളെ ദത്തെടുത്ത് സംരക്ഷിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ, ഉദ്യോഗസ്ഥാ വനിതാ ഹോസ്റ്റൽ നിർമിക്കുന്നതിനുള്ള കേന്ദ്ര സഹായ പദ്ധതി എന്നിങ്ങനെ നിരവധിസാമൂഹ്യക്ഷേമ പദ്ധതികൾ പഞ്ചായത്തിൽ കാര്യക്ഷമമായി നടപ്പാക്കാവുന്നതാണ്. ഇത്തരം പദ്ധതികളെ സംബന്ധിച്ച കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും അർഹരായവർക്ക് വേണ്ട സഹായം ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കണം. പഞ്ചായത്തിലെ ഓരോ വാർഡുകളിലെയും ഗ്രാമസഭകളെ സജീവമാക്കിയ ശേഷം അയൽകൂട്ടകമ്മറ്റികൾ ഉണ്ടാക്കി, പ്രസ്തുത കമ്മറ്റികൾ സെല്ലുമായി ബന്ധപ്പെട്ടുകൊണ്ട് ജനങ്ങളെ ബോധവല്ക്കരിക്കേണ്ടതും അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കാൻ വേണ്ടത് ചെയ്യേണ്ടതുമാണ്.

പൊതു വിതരണം

പഞ്ചായത്തിൽ 14 പൊതു വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 5781 റേഷൻ കാർഡുകൾ ഉണ്ട്. ഈ കാർഡ് ഉടമകളിൽ 3571 പേർ വൈദ്യുതീകരിച്ച വീടുകൾ ഇല്ലാത്തവരാണ്. 2210 വൈദ്യുതീകരിച്ച വീടുകൾ ഉള്ള കാർഡ് ഉടമകൾ അടക്കം 35498 ഗുണഭോക്താക്കൾ ഈ പഞ്ചായത്തിന് അകത്ത് പൊതു വിതരണ പദ്ധതിയിൽ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന പല കുടുംബങ്ങളും സമീപ പഞ്ചായത്തുകളിലെ പൊതു വിതരണ കേന്ദ്രങ്ങളിലെയും അതുപോലെ സമീപ പഞ്ചായത്തുകളുടെ അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ ഈ പഞ്ചായത്തിലെ പൊതു വിതരണ കേന്ദ്രങ്ങളിലെയും ഗുണഭോക്താക്കൾ ആയിട്ടുണ്ട്. അത്തരം ഗുണഭോക്താക്കളുടെ യഥാർത്ഥ കണക്ക് ലഭ്യമല്ല. പഞ്ചായത്തിൽ പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ മാത്രമാണ് പ്രവർത്തിക്കുന്നത്.

നിർദ്ദേശങ്ങൾ

1. പൊതു വിതരണകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് നിരവധി ആഴിമതി ആരോപണങ്ങൾ നിലനിൽക്കുന്നതിനാൽ അവ തടയുവാൻ വാർഡ് തലത്തിൽ സന്നദ്ധാസംഘടന രൂപീകരിക്കണം. പ്രസ്തുത സംഘടനയ്ക്ക് ആവ

ശ്യമായ അധികാരം നൽകി റിപ്പോർട്ട് ക്ലിപ്പ ഇടവേളകളിൽ ആവശ്യപ്പെടേണ്ടതാണ്. അത്തരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിമതിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം.

2. വാർഡ് തലത്തിൽ സന്നദ്ധ സമിതികൾ രൂപീകരിച്ച് ഉപദേശക സമിതിയായി വർത്തിക്കണം.

3. ആവശ്യായ സ്ഥലങ്ങളിൽ പൊതു വിതരണ കേന്ദ്രങ്ങൾ തുറക്കാനുള്ള നടപടികൾ സ്വീകരിക്കുക.

4. ഒരു വില്ലേജിൽ ഒന്ന് എന്ന് നിലക്ക് എങ്കിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.

5. പൊതു വിതരണ ശൃംഖല ശക്തിപെടുത്തി നീതി പൂർവ്വവും കാര്യക്ഷമവും ആക്കികൊണ്ട് അവശ്യ വസ്തുക്കളുടെ വില കയറ്റം തടയുക.

പാർപ്പിടം

ജീവിതാവശ്യങ്ങളിൽ സുപ്രധാനമായവയിൽ ഒന്നാണ് പാർപ്പിടം. ഏത് സാമൂഹ്യവിഭാഗത്തിൽ പെട്ട മനുഷ്യരുടെയും ജീവിതാഭിലാഷമാണ് പാർപ്പിടം. ദരിദ്രനെ സംബന്ധിച്ചിടത്തോളം തല ചായ്ക്കാൻ ഒരിടം എന്നതാണ് സങ്കല്പം എങ്കിൽ സമ്പന്നൻ സാമൂഹ്യാന്തസ്സിന്റെ പ്രകീകമായാണ് വീടിനെ കാണുന്നതം. പഞ്ചായത്തിൽ നിലവിൽ ഉള്ള വീടുകളുടെ ആകെ എണ്ണം 8620 ആണ്. ഇതിൽ 423 വീടുകൾ കോൺക്രീറ്റ് ചെയ്തവയാണ്. 5973 ഇടത്തരം വീടുകൾ ഉണ്ട്. ബാക്കി വരുന്ന 2224 വീടുകൾ ചെറുകുടിലുകളും ഓല, വൈക്കോൽ എന്നിവയാൽ നിർമ്മിച്ചവയും ആണ്. ഇവയിൽ ചില വീടുകൾ ഭാഗികമായി ഓട് മേഞ്ഞവയാണ്. ബാക്കി വരുന്ന ഭൂരിഭാഗം ചെറു കുടിലുകളും പ്രതികൂലമായ കാലാവസ്ഥയെ അതിജീവിക്കാൻ പോന്നവയല്ല. 326 ഓളം വീടുകൾ കടപ്പ, മൊസൈക്ക്, മാർബിൾ ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ചവയാണ്.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിൽ സാമ്പത്തിക മേഖലയിലെ നിർണ്ണായകമായ ഒരു ഘടകമാണ്. എന്നാൽ ഈ പണത്തിന്റെ ഏറിയ പങ്കും സാമ്പത്തികാടിത്തറ പുഷ്ടിപ്പെടുത്തുന്ന തരത്തിൽ ക്രിയാത്മകമായി ഉപയോഗിക്കുന്നതിന് പകരം ഭവനനിർമ്മാണത്തിനും ആഡംബരവസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനുമാണ് ഉപയോഗിക്കുന്നത്.

കിടപ്പാടം പോലും പണയപ്പെടുത്തി ഗൾഫിൽ പോയ പലരും ഒരു അൽപം മെച്ചപ്പെട്ട രീതിയിൽ തിരിച്ചു വന്നാൽ ജീവിക്കാൻ ആവശ്യമായ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനുള്ള കാര്യങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് പകരം വൻ മാളികകൾ കെട്ടി പൊക്കി സമൂഹത്തിലെ സമ്പന്നരോടൊപ്പം കിട പിടിക്കാൻ ശ്രമിക്കുന്നു. കേറി കിടക്കാൻ ഒരിടം എന്ന സങ്കല്പം പൂവണിയിക്കാൻ കഴിയാത്ത വലിയൊരു വിഭാഗവും പഞ്ചായത്തിലുണ്ട്.

കെട്ടിടങ്ങളെ സംബന്ധിച്ച പട്ടിക വാർഡ് അടിസ്ഥാനത്തിൽ

വാർഡ്	ഓട്	ഓല	കോൺക്രീറ്റ്	മറ്റുള്ളവ	ആകെ
1	448	250	39	201	938
2	331	140	38	186	695
3	297	144	13	204	658
4	468	67	52	229	816
5	669	20	91	513	1293
6	470	73	49	181	773
7	506	105	17	127	755
8	399	183	8	129	719
9	367	207	11	81	666
10	385	150	25	159	719
11	368	129	37	56	590
12	299	210	7	63	579
13	547	329	30	99	1005
14	419	217	6	83	725

ഗൾഫ് പണത്തിന്റെ സ്വാധീനം കാരണം കോൺക്രീറ്റ് വീടുകളുടെ നിർമാണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വീട് നിർമാണത്തിനോ പരിപാലത്തിനോ ശാസ്ത്രീയമായ കാഴ്ചപ്പാടില്ലാത്ത ഒരു സ്ഥിതിയാണ് കണ്ടു വരുന്നത്. മറ്റുള്ളവരെഅനുകരിക്കുന്ന ഒരു പ്രവണതയാണ് പ്രധാനമായും വീടു നിർമാണ കാര്യത്തിൽ കണ്ടു വരുന്നത്. വീട് നിൽക്കുന്ന പ്രദേശം, ശുദ്ധവായു, ജലം, കാറ്റിന്റെ ഗതി എന്നിവയുമായ് ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒന്നും പരിഹണിക്കാപ്പെടാതെ റോഡ് എന്ന ഒരൊറ്റ സൗകര്യത്തിനായി വഴി മാറി കൊടുക്കുന്നതായിട്ടാണ് കാണുന്നത്. ഈ പരിഗണന വെച്ചാണ് നെൽ വയലുകൾ തൂർത്തും, മറ്റു കൃഷിയിടങ്ങൾ നികത്തിയും, വീടുകൾ, മറ്റു തരത്തിലുള്ള കെട്ടിങ്ങൾ എന്നിവ നിർമിക്കുന്നത്.

ഭവനിർമ്മാണത്തിനായി വായ്പ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമായേ ലഭിക്കുന്നുള്ളൂ. മഞ്ചേരി റൂറൽ ഹൗസിങ്ങ് സൊസൈറ്റി, മലപ്പുറത്തുള്ള കേരളാസംസ്ഥാന ഭവന നിർമ്മാണ ബോർഡ് സബ് ഓഫീസ്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ശാഖ നിലമ്പൂർ കോ.ഓപ്പറേറ്റിവ് അർബൻ ബാങ്ക് ശാഖ ഫെഡറൽ ബാങ്ക് എന്നിവ ഭവനനിർമ്മാണ വായ്പ കൊടുക്കുന്നുണ്ട്. എങ്കിലും സങ്കീർണ്ണമായ വ്യവസ്ഥകളും, കാലതാമസവും കാരണം വായ്പാസൗകര്യം ഉപയോഗപെടുത്താൻ തന്നെ ബുദ്ധിമുട്ടുള്ള ഒരവസ്ഥ

ത് ഉള്ളത്. ഭവനനിർമ്മാണ വായ്പകൾ സാധാരണക്കാ
ക്ക് വലിയൊരു ബുദ്ധിമുട്ട് ഇല്ലാത്ത തരത്തിൽ ലഭിക്ക
ത്തവിധം വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്. ആയ
തിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഹണി
ക്കാവുന്നതാണ്.

1. നിർമിക്കുന്ന വീടിന്റെ ഈടിൽ മേൽ വായ്പ
നൽകുക.
2. ചെറുകിട വരുമാനക്കാർക്ക് പലിശ നിരക്കിൽ
ഇളവ് അനുവദിക്കുക.
3. ചെറുകിടകാർക്ക് ഭവനനിർമ്മാണ സാമഗ്രികൾ
ന്യായമായ വിലക്ക് ലഭ്യമാക്കുക.
4. ചെലവ് കുറഞ്ഞ ഭവനനിർമാണ രീതി പ്രചരിപ്പി
ക്കുക.
5. വീടും സ്ഥലവും നിർമിച്ച് തവണ വ്യവസ്ഥയിൽ
നൽകാണം ചെയ്യുക.

ഈ പഞ്ചായത്തിലെ പാണ്ടിക്കാട് വി.ഇ.ഒ. സർക്കിൾ
1992 മുതൽ 1996 വരെ വിവിധ പദ്ധതികളിലായി 61
വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 44 എണ്ണം പണി
പൂർത്തിയാക്കുകയും 17 എണ്ണത്തിന്റെ പണി നടന്നു
കൊണ്ടിരിക്കുകയും ചെയ്യുന്നു. വെട്ടിക്കാട്ടിരി സർക്കി
ളിൽ വിവിധ പദ്ധതികളിലായി 129 വീടുകൾ അനുവ
ദിക്കുകയും 122 എണ്ണം പൂർത്തീകരിക്കുകയും ചെയ്തി
ട്ടുണ്ട്. 7 എണ്ണം ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്.
190 വീടുകളാണ് പഞ്ചായത്തിൽ അനുവദിച്ചിട്ടു
ള്ളത്. ജനകീയാസൂത്രണ സമിതി നടത്തിയ സർവ്വെ
പ്രകാരം പട്ടിക ജാതി വിഭാഗങ്ങൾക്കും ദുർബല വിഭാ
ഗങ്ങൾക്കുമായി 1200ലധികം വീടുകൾ ഇനിയും പുതു
തായി നിർമിക്കേണ്ടതുണ്ട്.

ദുർബല വിഭാഗങ്ങൾക്ക് വിവിധ പദ്ധതികളിലായി
ലഭിച്ചു വരുന്ന വിവിധ ധനസഹായങ്ങളുടെ സഹായ
ത്തോടെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമാണസാമ
ഗ്രികളുടെ അമിതമായ വിലക്കയറ്റം, നിർമാണ മേഖല
യിലെ കൂലിനിരക്കിലെ അസ്ഥിരത എന്നിവ സാധാര
ണക്കാരുടെ വീട് എന്ന സങ്കല്പം പൂവണിയുന്നതിനുള്ള
പ്രധാനതടസ്സങ്ങളാണ്. സിമൻറ്, മണൽ, കരിങ്കൽ, വെട്ടുകൽ,
മരങ്ങൾ എന്നു വേണ്ട വീടു നിർമാണത്തിനാവശ്യമായ
എല്ലാ തരം അസംസ്കൃത സാധനങ്ങളുടെയും വില
സാധാരണക്കാർക്ക് താങ്ങാനാവാത്ത നിലയിൽ ആണ്.
പഞ്ചായത്തിലെ അംഗീകരിച്ചതും അംഗീകരിക്കാത്ത
തുമായി 64ഓളം ഹരിജൻ കോളനികളും വിവിധ
ഭാഗങ്ങളിലായി 250ഓളം ഒറ്റപ്പെട്ടു താമസിക്കുന്ന
കുടുംബങ്ങളുമുണ്ട്. ഈ വിഭാഗത്തിൽ നല്ലൊരു ശത
മാനം വീടില്ലാത്തവർ ആയുണ്ട്. ചെറുകുടിലുകളിൽ
താമസിക്കുന്നവരായും 250ഓളം വരും. നിലവിൽ ഉള്ള
കുടിലുകൾക്ക് മാറ്റിയെടുക്കുന്നതിനും ഭവനരഹിതർക്ക്
വീടുകൾ നിർമിച്ച് നൽകുന്നതിനും സർക്കാർ വിവിധ
സ്കീമുകളിലൂടെ ഇപ്പോൾ വിതരണം ചെയ്യുന്നതു
പോലുള്ള ധനസഹായങ്ങൾ, വായ്പകൾ എന്നിവകൊണ്ട്
മാത്രം പൂർത്തിയാക്കാൻ കഴിയാത്ത ഒരു സാഹച
ര്യത്തിൽ നില നിൽക്കുന്നത്. നിലവിൽ ഉള്ള ധനസഹാ
യങ്ങൾ വായ്പതുക, എന്നിവ കാലോചിതമായി വർദ്ധിപ്പി
ച്ചുകൊണ്ട് വിവിധ ഗഡുക്കൾ കാലതാമസം വരാതെ
ലഭ്യമാക്കിക്കൊണ്ടും അല്ലാതെ ദരിദ്രർക്ക് സഹായം
നൽകി അവരെ ഉയർത്തികൊണ്ടു വരിക എന്ന ലക്ഷ്യം
പൂർത്തികരിക്കാൻ ആവില്ല.

ഭവനരഹിതരും ദരിദ്രരുമായി പഞ്ചായത്തിൽ ഉള്ളവ
രുടെ പാർപ്പിട പ്രശ്നം പരിഹരിക്കണമെങ്കിൽ പ്രാഥമി
കമായി ഭൂരഹിതർക്ക് ഭൂമി ലഭ്യമാകേണ്ടതുണ്ട്. പഞ്ചാ
യത്തിലെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമി മുഴുവ
നായും ഏറ്റെടുത്ത് വിതരണം ചെയ്യുകയും പതിച്ചുകൊ
ടുക്കാൻ കഴിയുന്ന മറ്റു ഭൂമികൾ പതിച്ചുകൊടുത്തും
നിലവിൽ ഉള്ള ഭൂരഹിതരുടെ പ്രശ്നങ്ങൾ കൂടി പരിഹ
രിച്ചുകൊണ്ടും മാത്രമെ പാർപ്പിട പ്രശ്നം പരിഹരി
ക്കാൻ സാധിക്കുകയുള്ളു.

ഭൂമി പതിച്ചുനൽകാൻ അർഹതപെട്ടവർക്ക് ഭൂമി
യിൽ വീട് വെച്ചുകൊടുത്തുകൊണ്ട് തന്നെ ഭവനപ്രശ്നം
പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.
അതുപോലെ നിലവിൽ ഉള്ള ഭൂമി ലഭിച്ചവർ ഭവന
നിർമ്മാണ സഹായം നൽകുന്നതിൽ മുൻഗണന നൽക
ണം.

നിർദ്ദേശങ്ങൾ

(അവലംബം : ഗ്രാമസഭ)

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹക
രണസംഘം രൂപീകരിക്കുക വിദഗ്ദ്ധ തൊഴിലാളികൾ,
നിർമാണ സാമഗ്രികൾ എന്നിവ മിതമായ നിരക്കിൽ
ആവശ്യമായ സമയത്ത് എത്തിക്കാൻ സംവിധാനം വേ
ണം.

2. നിലവിൽ ഉള്ള കെട്ടി നിർമ്മാണ തൊഴിലാളി
കളെ സംഘടിപ്പിച്ചുകൊണ്ട് കെട്ടിടനിർമാണ സാമഗ്രിക
ളായ സിമൻറ്, ഇഷ്ടിക, സിമൻറ് കട്ട്ല, ജനൽ തുടങ്ങി
യവ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ തന്നെ
നിർമിക്കുകയും മിതമായ വിലക്ക് വിതരണം ചെയ്യാൻ
വേണ്ടത് ചെയ്യുക.

3. ചെലവ് കുറഞ്ഞ വീട് നിർമ്മാണ രീതി പ്രചരി
പ്പിക്കുക

4. ദുർബല വിഭാഗങ്ങളുടെ കെട്ടിട നിർമ്മാണാവശ്യ
സാമഗ്രികൾക്ക് സഹായം നൽകുക.

5. ചെറുകിടക്കാർക്കുള്ള രജിസ്റ്റർ ഓഫീസുകളിലെ
രജിസ്ട്രേഷൻ ഫീസ് കുറയ്ക്കാൻ കഴിയുന്ന രീതിയിൽ
നിയമനടപടികൾക്കായി സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.

6. അമിത ചിലവ് വരുന്നതും ആഡംബരങ്ങൾ ഏർ
പ്പെടുത്തുന്നതുമായ കെട്ടിടങ്ങൾക്ക് ആനുപാതികമായ
ടാക്സ് വസൂലാക്കാൻ ശ്രമിക്കു. ആയത് ദുർബലവിഭാ
ഗങ്ങളുടെ ഭവനനിർമാണ സഹായങ്ങൾക്കായി വിനി
യോഗിക്കുക.

7. ഭവനനിർമ്മാണ വായ്പകളും സർക്കാരിന്റെ
വിവിധ പദ്ധതികളിലൂടെയുള്ള ഭവനനിർമ്മാണ ധനസ
ഹായങ്ങളും കാലോചിതമായി വർദ്ധിപ്പിക്കാൻ വേണ്ട
നടപടികൾക്കായി ശ്രമിക്കേണ്ടതാണ്.

8. പ്രകൃതി ക്ഷോഭ പുനരധിവാസ സഹായതുക
യിലും കാലോചിതമായി സംഖ്യ വർദ്ധിപ്പിക്കേണ്ടതാ
ണ്. ☐

5-(8)

സംസ്കാരം

തലമുറകളിലൂടെ സ്വരൂപിക്കപ്പെടുന്ന ഉൽകൃഷ്ടമായ മൂല്യങ്ങളുടെയും ഗുണങ്ങളുടെയും ആകെത്തുകയാണ് സംസ്കാരം. ഏതൊരു ജനപഥത്തിന്റെ അന്തശ്ചൈതന്യം കുടികൊള്ളുന്നത് അതിന്റെ സാസ്കാരികമായ ഉണർവ്വിലാണ്. ഭാഷാ, കല, മതം, രാഷ്ട്രീയം, ആചാരനുഷ്ഠാനങ്ങൾ, കൃഷി, വാണിജ്യം തുടങ്ങി ക്രമീകൃതമായ സാമൂഹിക ജീവിതത്തിന്റെ, വിവിധവും വിഭിന്നവുമായ ഘടകങ്ങളുടെ ലയാത്മകമായ സംയോഗത്തിലൂടെയാണ് സംസ്കാരം രൂപം കൊള്ളുന്നത്.

രാജ്യഭരണം, നാടുവാഴിത്തം, ജന്മിത്വം, സാമ്രാജ്യത്വം തുടങ്ങിയ അധികാരവാഴ്ചയുടെ വ്യത്യസ്തങ്ങളായ ചരിത്രഘട്ടങ്ങളിലൂടെ അദ്ധ്വാനത്തിന്റെ കൂട്ടായ്മയിലൂടെ, സമരോത്സുകമായ മുന്നേറ്റങ്ങളിലൂടെ കടന്നുപോന്ന ഒരു ജനതയുടെ പിൻമുറക്കാർ എന്ന നിലയ്ക്ക് പാണ്ടിക്കാടിന് സമ്പന്നമായൊരു സംസ്കാരിക പൈതൃകം ഉണ്ട്.

വ്യത്യസ്തങ്ങളായ മത - ജാതി - വർഗങ്ങളിൽ പെട്ടവർ ആയിരിക്കുമ്പോൾ തന്നെ, ഭിന്നമായ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും പുലർത്തുന്ന, ജനവിഭാഗങ്ങൾ തമ്മിൽ പരസ്പര ധാരണയുടേയും സഹിഷ്ണുതയുടേയും സർവ്വോപരി സാഹോദര്യത്തിന്റെയും ജീവത്തായ ഒരുബന്ധം നില നിൽക്കുന്നുണ്ട്. തലമുറകളിലൂടെ ഊട്ടിയുറപ്പിക്കപ്പെട്ട ഈ ബന്ധം ജീവിതത്തിന്റെ നാനാ തുറകളിലും ദൃശ്യമാണ്. കൂട്ടായ അദ്ധ്വാനത്തിൽ നിന്നും സംഘജീവിതത്തിൽ നിന്നും ഉയിർകൊണ്ട കലാരൂപങ്ങളുടെയും നാടൻ പാട്ടുകളുടെയും ഒരു നിധിശേഖരം തന്നെ ഈ ഗ്രാമത്തിന് പൈതൃകമായികിട്ടിയിട്ടുണ്ട്. കാർഷിക വൃത്തി ഉപജീവനോപാധിയായി സ്വീകരിച്ച അടിസ്ഥാന വർഗ്ഗത്തിൽ പെട്ട മനുഷ്യർ, അദ്ധ്വാനത്തിന്റെ ഇടവേളകളിലും, ഒരു സമൂഹം മുഴുവൻ ഒരു കുടുംബം പോലെ കഴിഞ്ഞിരുന്ന ഗോത്രജീവിതത്തിന്റെ ഓർമ്മ പുതുക്കുന്ന ആണ്ടറുതികളിലെ ഒത്തുചേരലുകളിലും പാട്ടുപാടിയും താളത്തിൽ ചുവടുവെച്ചും യഥാർത്ഥ ജീവിതത്തിൽ നഷ്ടപ്പെട്ട ആനന്ദത്തെ തിരിച്ചു പിടിക്കാൻ ശ്രമിക്കുന്നു. മുറിവേറ്റ സ്വപ്നങ്ങളുടേയും അമർത്തപ്പെട്ട വികാരങ്ങളുടേയും ആവിഷ്കാരങ്ങൾ തലമുറകളിലൂടെ താളബന്ധമായ വാമൊഴി ശീലുകളായി പ്രചരിച്ചുപോന്നു.

ആരാന്റെ പണിപ്പാടങ്ങളിൽ ഏഴകളായി ഒടുങ്ങിതീരുന്ന ജന്മത്തിന്റെ നോവുകളും രോഷവും പകയുമൊക്കെ ചേർത്ത് പാട്ടുകെട്ടി തമ്പുരാക്കളുടെ പടിപ്പുരകൾക്ക് പുറത്തും കളി മുറ്റങ്ങളിലും മദ്യലഹരിയിൽ അവർ ഉറഞ്ഞു പാടി.

കൊയ്യാനും മാണം ഞങ്ങള്
മെതിച്ചാനും മാണം ഞങ്ങള്
നെല്ലൊക്കെ അവുത്തായ
ഞങ്ങളെ കണ്ടൂടോ.....

ഓരോ പാട്ടും ദൈന്യത്തിന്റെറയും അമർഷത്തിന്റെറയും വായ്ത്താരികൾ ആകുന്നു. ദുരിതപൂർണ്ണങ്ങളായ ജനജീവിതത്തിന്റെറയും അന്ന് നിലനിന്ന മനുഷ്യനീതിയുടെയും പ്രതിഫലനങ്ങൾ ഈ പാട്ടുകളിൽ തുടിച്ചുനിന്നിരുന്നു.

മകരകൊയ്ത്ത് തീരുമ്പോൾ, മുതുകുർശ്ശിക്കാവുകളപ്പൊലിയോടെ ആരംഭിക്കുകയും ചാത്തങ്ങോട്ട് പുതാലപ്പൊലിയോടെ അവസാനിക്കുകയും ചെയ്യുന്നതും കളിയും, ദേശക്കാർ തമ്മിൽ യുദ്ധസദൃശ്യമായ വീറും വാശിയും നിറഞ്ഞു നിൽക്കുന്നതാണ്. ഏറനാടൻ ജീവിതത്തിന്റെ ദ്രാവിഡ സ്വത്വവും വേരുകളും

...ള്ള അന്വേഷണത്തിൽ ഈ നാടൻ പാട്ടുകൾ വില ...പ്പെട്ട മുതൽക്കൂട്ടാണ്. ഇവ ശേഖരിക്കാനും രേഖപെടു ...ത്താനുമുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാ സാമൂഹ്യവിഭാഗങ്ങൾക്കും ...തമായ കലാരൂപങ്ങളും ആയുഷ്കാല മാദ്ധ്യമങ്ങ ...ും ഉണ്ടായിരുന്നു.

തുയിൽ ഉണർത്തുപാട്ട്, കൈകൊട്ടികളി പാട്ട്, ചെറു ...പാട്ട്, കല്യാണപാട്ട്, ശീവോതിപാട്ട്, പുള്ളുവൻ പാട്ട്, ...ിപ്പുവായിരപാട്ട് തുടങ്ങിയ പാട്ടുരൂപങ്ങളും ചെറുമക്ക ...ട്ട്, പറയൻ,കാള കോൽക്കളി തുടങ്ങിയ നാട്ടുരൂപങ്ങളും ...ന്റെ ജീവിതത്തിന് താളം നൽകി അടുത്ത കാലം വരെ ...ജീവമായി നിലനിന്നിരുന്നു.

മാപ്പിളമാർക്കിടയിൽ വാമൊഴി രൂപത്തിൽ പ്രചരി ...ുപോന്ന മാപ്പിളപാട്ടുകൾ പുതിയകാലത്ത് പുതിയ ...പ്രഭാവങ്ങളോടെ നിലനിൽക്കുന്നുണ്ട്.

ഉത്സവകാലങ്ങളിൽ ചില ക്ഷേത്രമുറ്റങ്ങളിൽ കഥക ...ട്ട്, മാട്ടംതുള്ളൽ തുടങ്ങിയ കേരളീയ കലാരൂപങ്ങൾ അ ...ങ്ങേറാറുണ്ടായിരുന്നു. ക്ലാസ്സിക് കലാരൂപങ്ങളെ പ്രോ ...ത്സാഹിപ്പിക്കുന്നതിൽ ശ്രേഷ്ഠമായ പാരമ്പര്യം സൂക്ഷി ...ക്കുന്ന മനയാണ് മരനാട്ട് മന.

തുടി, ഉടുക്ക്, ചെണ്ട, കുടം, വീണ, വില്ല് തുടങ്ങിയ ...വാദ്യോപകരണങ്ങളാണ് പരമ്പരാഗതമായി നാടൻ ക ...ലാകാരന്മാർ ഉപയോഗിച്ചിരുന്നത്.

ജനസംഖ്യയിലെ പ്രബല വിഭാഗങ്ങളായ ഹിന്ദു ...ങ്ങളും മുസ്ലിങ്ങളും മൈത്രിയോടെയും പരസ്പരാശ്രയ ...ത്തോടെയും മാതൃകാപരമായ സമൂഹമായാണ് വർ ...ത്തിക്കുന്നത്. വ്യത്യസ്ത മത വിഭാഗങ്ങൾക്കും അവരു ...ടെതായ ആരാധനാലയങ്ങളും ഉത്സവ ആഘോഷ ...ങ്ങളും അനുഷ്ഠാന രീതികളും ഉണ്ട്.

ഐതിഹ്യങ്ങളും പുരാവൃത്തങ്ങളും വീണുറങ്ങുന്ന ...ഈ ചരിത്രാസ ഭൂമിയിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ...ദേവാലയങ്ങൾ ഇന്നും നില നിൽക്കുന്നുണ്ട്.

മമ്മാവിൽ ദേവിക്ഷേത്രം, കീഴ്തൃക്കോവിൽ ശിവ ...ക്ഷേത്രം, തൃപ്പാക്കട വിഷ്ണു ക്ഷേത്രം, കണ്ടപ്പത്തൊടി ...ശിവക്ഷേത്രം, കരിങ്കാളിക്കാവ് കാളിക്ഷേത്രം, വളരാട് ...അയ്യാനാന്തക ക്ഷേത്രം, ഏറിയാട് വിഷ്ണു ക്ഷേത്രം, ...പാണ്ടിക്കാട് വിഷ്ണു ക്ഷേത്രം, കുന്നത്ത് ശിവ ക്ഷേത്രം, ...കോടശ്ശേരി ശിവക്ഷേത്രം, ബ്രഹ്മാനന്ദപുരം ക്ഷേത്രം, ...മാനാട് ഗണപതി ക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ ഏറെ ...പുരാതനവും കേരളീയ വാസ്തുശില്പ വിദ്യയുടെ ഉത്തമ ...മാതൃകകളിൽ നിർമ്മിക്കപ്പെട്ടവയുമാണ്. മാരനാട് ഗണ ...പതി ക്ഷേത്രത്തിൽ വിഘ്നേശ്വരന് നിവേദിക്കപ്പെടുന്ന ...അപ്പം ഏറെ പ്രസിദ്ധമാണ്. വിദൂര ദേശങ്ങളിൽ നിന്നു ...പോലും ഭക്തൻമാർ ഇവിടേക്ക് ദർശനത്തിന് എത്താറു ...ണ്ട്. പാണ്ടിക്കാടിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ...ചെയ്യുന്ന കരിങ്കാളി കാവ് കാളീ ക്ഷേത്രത്തിലെ ആണ്ടോ ...ത്സവം നടത്തിവരുന്ന ഉത്സവം ദേശവാസികൾ ജാതി മത ഭേദമന്യേ കൂടി ആഘോഷിക്കുന്ന പൊലിമയാർന്ന ഒരു ആഘോഷമാണ്.

ദ്രാവിഡ ദൈവങ്ങളെ പ്രതിഷ്ഠിച്ച ജാതി വിഭാഗങ്ങളുടെ അമ്പലങ്ങളും ഗ്രാമത്തിന്റെ നാനാ ഭാഗങ്ങളിലും സ്ഥിതി ചെയ്യുന്നുണ്ട്.

പൂളമണ്ണക്കാവ് ശ്രീ കുറുമ്പ ഭഗവതി ക്ഷേത്രം, കണ്ടത്ത് നായർ ക്ഷേത്രം, ചെമ്പ്രശ്ശേരി പുളിവെട്ടിക്കാവിൽ മുത്തപ്പൻ ക്ഷേത്രം, കാരായ ശ്രീ. ആണ്ടവൻ പ്രതിഷ്ഠ, വളരാട് സുബ്രഹ്മണ്യൻ കോവിൽ, തെയ്യൻ ദൈവം, പൊന്നിയൻകുന്നിൽ ദൈവം, വടക്കാങ്ങര, പയ്യപറമ്പിൽ രാമൻ മണ്ഡപം, നണ്ടൻകല്ലി എന്നീ പ്രതിഷ്ഠാസ്ഥാനങ്ങൾ അവയിൽ ചിലതാണ്. ആണ്ടുറുതികളിലും വിശേഷ ദിവസങ്ങളിലും വ്യത്യസ്ത ജാതി വിഭാഗക്കാർ ഒത്തുചേർന്ന് ഇവിടങ്ങളിൽ പരമ്പരാഗത അനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുപോരുന്നു. തേർ പൂജ, താലപ്പൊലി, അയ്യപ്പൻ വിളക്ക്, വേല, തുടങ്ങി ദേവ പ്രീതിക്കായി നടത്തപ്പെടുന്ന ആചാരാനുഷ്ഠാനങ്ങൾ അതാതു കാലങ്ങളിൽ ഇപ്പോഴും ആചരിക്കപ്പെടുന്നുണ്ട്.

ഓണം, വിഷു തുടങ്ങിയ കാർഷികോത്സവങ്ങൾ സമുചിതമായി തന്നെ ഈ പ്രദേശങ്ങളിൽ ആഘോഷിക്കപ്പെടാറുണ്ട്. എന്നാൽ ഓണക്കാലങ്ങളിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പല പാട്ടുകളും കളികളും ഇന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്.

400ൽ ഏറെ വർഷങ്ങളുടെ പഴക്കമുള്ള ഒടോമ്പറ്റ ജുമു അത്ത് പള്ളി, കിഴക്കെ പാണ്ടിക്കാട് പള്ളി, കാരായ ജുമുഅത്ത് പള്ളി, വെള്ളുവങ്ങാട് പള്ളി, പാണ്ടിക്കാട് ജുമു അത്ത് പള്ളി എന്നിവയാണ് പാണ്ടിക്കാട് പഞ്ചായത്തിലെ പുരാതനമായ മുസ്ലീം ദേവാലയങ്ങൾ. കിഴക്കെ പാണ്ടിക്കാട് പള്ളിയിലും ഒറവം പുറം പള്ളിയിലും മുൻകാലങ്ങളിൽ കൊണ്ടാടപ്പെട്ടിരുന്ന ആണ്ടു നേർച്ചകൾ ജാതി, മത ഭേദമന്യേ ജനങ്ങൾ പങ്കു കൊണ്ടിരുന്ന ഉത്സവാഘോഷമാണ്.

വിദ്യാഭ്യാസരംഗത്ത് തിളക്കമാർന്ന ഒരു പാരമ്പര്യം പാണ്ടിക്കാടിന് അവകാശപ്പെടൻ ഇല്ല. ഭൂപരിഷ്കരണ നിയമങ്ങൾ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലയിൽ പ്രബുദ്ധതയുടെ ഒരു വേലിയേറ്റം തന്നെ സൃഷ്ടിച്ചു എങ്കിലും അതിന്റെ ഫലങ്ങൾ മന്ദമായ താളത്തിലാണ് പാണ്ടിക്കാട് പഞ്ചായത്തിലെക്ക് കടന്നു വന്നത്. പഞ്ചായത്തിന്റെ പ്രത്യേകമായ സാമൂഹിക - സാമ്പത്തിക - ഭൂമിശാസ്ത്ര പ്രത്യേകതകളായിരുന്നു അതിന് കാരണം.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിൽ വന്നിരുന്നു.

1903ൽ സ്ഥാപിതമായ "കുന്നുമ്മൽ സ്ക്കൂൾ" (എ. എം.എൽ.പി.എസ്. വള്ളുവങ്ങാട്) ആണ് പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ. 1908ൽ സ്ഥാപിച്ച 'മാപ്പിള

ബോർഡ് സ്ക്കൂൾ' (ജി.എം.എൽ.പി.എസ്. കൊടശ്ശേരി), 1912ൽ സ്ഥാപിച്ച പാണ്ടിക്കാട് 'ബോർഡ് മാപ്പിള സ്ക്കൂൾ' (ജി.എം.എൽ.പി.എസ് പാണ്ടിക്കാട്), ജി.എൽ. പി.എസ്. വെട്ടിക്കാട്ടിരി, സി.എം.എച്ച്.ഇ. സ്ക്കൂൾ - പാണ്ടിക്കാട് (സി.എം.എ.എൽ.പി.എസ്. പാണ്ടിക്കാട്), ജി .എൽ.പി.എസ്. പുക്കൂത്ത് എന്നിവ പഞ്ചായത്തിലെ ആ ദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു. ഇന്ന് നെ ഴ്സറി തലം മുതൽ ഹൈസ്ക്കൂൾ തലം വരെ 23ഓളം വിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി അനൗപചാ രിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ ഗ്രാമത്തിൽ നടന്നിരുന്നു. ആദ്യകാല ഗ്രന്ഥശാലകളും വായനശാല കളും ഇതിന്റെ കേന്ദ്രങ്ങളായിരുന്നു. ദേശീയ പ്രസ്ഥാന നേതാക്കളുടേയും പഞ്ചായത്തിലെ ആദ്യകാല അദ്ധ്യാ പകരുടെയും പുരോഗമനചിന്താഗതിക്കാരായ വ്യക്തിക ളുടെയും പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വളർച്ചയ്ക്ക് ആക്കം കൂട്ടി.

ലോകപ്രശസ്ത നോവലിസ്റ്റും കാർട്ടൂണിസ്റ്റുമായ ഒ. വി. വിജയൻ ബാല്യഭാവനയുടെ തുമ്പികളെ തേടിനട ന്നത് പാണ്ടിക്കാടിന്റെ നാട്ടകത്തിലൂടെയാണ്. പാണ്ടി ക്കാട് മലബാർ സ്പെഷ്യൽ പോലീസ് ക്യാമ്പ് ആസ്ഥാ നത്താണ് ബാല്യത്തിന്റെ ഒരു ഭാഗം വിജയൻ ചിലവി ട്ടത്. എം.എസ്.പി.യിൽ അച്ഛന്റെ ഉദ്യോഗകാലത്താണ് ലോകം അന്വേഷിക്കുന്ന ഈ സാഹിത്യകാരന്റെ പാ ണ്ടിക്കാട് വാസം. സി.എം.എച്ച്.ഇ. സ്ക്കൂളിലാണ് (ഇ പ്പോഴത്തെ സി.എം.എ.എൽ.പി. സ്ക്കൂൾ പാണ്ടിക്കാട്) വിജയൻ എന്ന പ്രതിഭയുടെ വിദ്യാഭ്യാസത്തിന്റെ വേ രുകൾ ആരംഭിച്ചത്. ഖസാക്കിന്റെ ഇതിഹാസകാരൻ 'അപ്പുക്കിളി' എന്ന കഥാപാത്രത്തിന്റെ സ്വത്വം വേർതി രിച്ചെടുത്തത് പാണ്ടിക്കാടിന്റെ മണ്ണിൽ നിന്നാണത്രെ. ആദ്യകാല അദ്ധ്യാപകനും, നാടകരചയിതാവും, നടനു മായിരുന്ന പി.എം. ശങ്കരനാരായണൻ, രാമനുണ്ണിവാരി യർ, എം.എൻ. നമ്പൂതിരിപ്പാട്, ശിവരാമൻ മാസ്റ്റർ, രാമനുണ്ണി വാരിയർ, സി.റ്റി. ഗോവിന്ദൻ നമ്പൂതിരി എന്നിവർ സംഘാടകരായി 1960 കളിൽ ഒരു കലാസ മിതി പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. പി.എം. ശങ്ക രനാരായണൻ എഴുതി സംവിധാനം ചെയ്ത 'യത്തീം' എന്ന നാടകം കേരളാസംസ്ഥാന അമേചർ നാടകമ ത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹമായി. ചരിത്ര ത്തിന്റെ തീവ്രമായ കഴിഞ്ഞനാളുകളിൽ ഇന്ന് പ്രശസ്ത രായ പല യുവകവികളോടുമൊപ്പം എഴുതിത്തുടങ്ങി ശ്രദ്ധേയനായ യുവ കവി വി.പി.ഷൗക്കത്തലി, സം സ്ഥാന അമേചർ നാടകമത്സരത്തിൽ (1994-95) ഏ റ്റവും മികച്ച സംവിധായകനായി തെരഞ്ഞെടുക്കപ്പെട്ട എം.വിനോദ് തുടങ്ങിയവർ ഈ ഗ്രാമത്തിന്റെ സജീവ സാംസ്കാരിക സാന്നിദ്ധ്യമാണ്.

വിദ്യാഭ്യാസ വളർച്ചയുടെ നിർണ്ണായക ഘടകങ്ങളാ ണല്ലോ വായന ശാലയും ഗ്രന്ഥാലയങ്ങളും. വിവേക ദായനി ഗ്രന്ഥാവലി കൊടശ്ശേരി, വിവേകോദയം കൊ ളപ്പറമ്പ്, ജനസേവിനി എറിയാട്., ഉദയ ലൈബ്രറി പയ്യപറമ്പ് എന്നിവ പഞ്ചായത്തിലെ ആദ്യകാല ഗ്രന്ഥ ശാലകളായിരുന്നു. 1936ൽ സ്ഥാപിച്ചവിവേകദായനി ഗ്രന്ഥാവലിയാണ് ഇതിൽ ആദ്യത്തേത്. മരനാട്ട് സുബ്ര ഹ്മണ്യൻ നമ്പൂതിരിപ്പാട്, കറുത്തേടത്ത് നമ്പൂതിരി, മേലേടത്ത് നമ്പൂതിരിപ്പാട് എന്നിവരായിരുന്നു ഇതി ന്റെ സംഘാടകർ. ഇന്ന് വിവേകോദയം വായനശാല മാത്രമാണ് സി.ആർ.സി. കൊളപറമ്പ് എന്ന പേരിൽ നിലനിൽക്കുന്നത്. കൊടശ്ശേരി നവചേതന ലൈബ്രറി ആൻറ് റീഡിങ്ങ് റൂം വളരാട് തരംഗം വായനശാല, പീപ്പിൾസ് ലൈബ്രറി വള്ളുവങ്ങാട്, പഞ്ചായത്ത് ഗ്ര ന്ഥശാല പാണ്ടിക്കാട് എന്നിവയാണ് ഇന്ന് നിലവിൽ ഉള്ള മറ്റു ഗ്രന്ഥാലയങ്ങൾ.

കായികരംഗത്ത് 25ൽ ആധികം സ്പോർട്സ് ക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആവേശത്തോടെ പ്രവർത്തനം ആരംഭിക്കുകയും പിന്നീട് നിർജീവമായി പോകുകയും ചെയ്യുന്ന ഒരവസ്ഥയാണ് പല ക്ലബ്ബുകൾ ക്കുമുള്ളത്. ജില്ലാതലത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച പല കായികതാരങ്ങളേയും സംഭാവന ചെയ്യുന്നതിന് ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ ഏറ്റവും നല്ല ഫുട്ബോൾ കളിക്കാരനായി തെരഞ്ഞെടുക്കപ്പെട്ട ഖയ്യൂം മാസ്റ്റർ, സ്റ്റേറ്റ് ജൂനിയർ ടീം അംഗമായിരുന്ന റിയാസ്, പഴയ കാല ഏറനാടൻ കളിക്കളങ്ങളിൽ ആവേശം വിതറിയിരുന്ന തടിയൻ ഹൈദ്രോസ്, ചെട്ടിയാറമ്മൻ മൊയ്തീൻകുട്ടി എന്നിവർ കായികരംഗത്ത് ഈ ഗ്രാമ ത്തിന്റെ യശസ്സ് ഉയർത്തിപ്പിടിച്ചവരാണ്. 1995ൽ മല പ്പുറം ജില്ലാ ക്രിക്കറ്റ് ലീഗിൽ ഡിവിഷൻ റണ്ണർ അപ്പ് ആയത് ചെമ്പ്രശ്ശേരി നവചേതന ക്രിക്കറ്റ് ടീം ആയിരു ന്നു.

പുതിയ തലമുറയെ കായികരംഗത്തേക്ക് കൊണ്ടു വ രാൻ കഴിയുന്നില്ല. സ്ക്കൂളുകളിൽ കായികവിദ്യാഭ്യാസ ത്തിന് വേണ്ടത്ര പ്രോത്സാഹനം കൊടുക്കുന്നില്ല. യുവ ജനങ്ങളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിന് വേണ്ടി സംഘടിപ്പിക്കപ്പെടുന്ന കേരളോത്സവ കായിക മേളകൾ മാതൃകപരമായി നടത്തുവാൻ കഴിയുന്നില്ല. കായികരംഗത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ഇതിന് വേ ണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല. എന്നുമാത്രമല്ല, അ വരെ ഈ രംഗത്തേക്ക് കൊണ്ടു വരുന്നതിന് ബോധപൂർ വ്വമായ ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉ ണ്ടാവുന്നില്ല. മുൻകാലങ്ങളിൽ പ്രചാരത്തിൽ ഇരുന്ന തല്പന്ത് കളി, കാളപൂട്ട്, കബഡി തുടങ്ങിയ കായികവി നോദങ്ങൾ ഇന്ന് അന്യം നിന്നുപോയ ഒരു അവസ്ഥ യാണ് ഉള്ളത്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് അവഗണിക്കാ ൻ കഴിയാത്ത ഒരു സ്ഥാനമാണ് വർത്തമാന പത്രങ്ങൾ

മലയാള മനോരമ, മാതൃഭൂമി, കേരള കൗമു
ദി, ചന്ദ്രിക, മാദ്ധ്യമം തുടങ്ങി 1189
വർത്തമാന പത്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ
ചെയ്യപ്പെടുന്നുണ്ട്. കൂടാതെ 5000ൽ അധികം
പതിപ്പുകളും 1500ൽ അധികം ബാലമാസിക
വിതരണത്തിനായി എത്തുന്നുണ്ട്.

ഇറങ്ങുന്ന പ്രസിദ്ധീകരണങ്ങളിൽ പലതും നി
കുറഞ്ഞതും ബോധമലീനികരണം സൃഷ്ടിക്കു
താണ്. യാഥാർത്ഥ്യങ്ങളോട് ജാഗരൂകമായി പ്ര
ക്കേണ്ട യുവജനങ്ങളുടെ മൃദുലവികാരങ്ങളെ ഇ
പ്പെടുത്തുന്ന ഉള്ളടക്കത്തോടും സഭ്യതേരമായ ചി
ളോടും കൂടി പുറത്തിറങ്ങുന്ന ഇത്തരം പ്രസീദ്ധക
ൾ സംസ്കാരിക ചൂഷണമാണ് നിർവഹിക്കുന്ന
നെതിരെ ബോധവൽക്കരണ പരിപാടികൾക്ക്
കൊടുക്കേണ്ടതാണ്.

ത്തിലെ സാധാരണ ജനങ്ങൾ കൂടുതലായി
ിക്കുന്ന വാർത്താവിനിമയ മാധ്യമം റേഡിയോ
കദേശം 500ഓളം വീടുകളിൽ ടി.വി. ഉപയോ
ുണ്ട്. വിദേശ ചാനലുകളുടെ കടന്നുകയറ്റം ന
സാമൂഹ്യസാംസ്കാരിക ജീവിതത്തിൽ ഒരു പ
വരെ മൂല്യതകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ദൂരദർ
സംപ്രേഷണം ചെയ്യുന്ന പല പരിപാടികളും നില
പുലർത്തുന്നവയല്ല. ആധുനിക വാർത്താവിനി
ഇലക്ട്രോണിക് മാധ്യമങ്ങളുടെ രംഗപ്രവേശം
രാജ്യങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കാൻ
ച്ചു. അതോടൊപ്പം അവരുടെ സംസ്കാരം ന
രാജ്യത്ത് വ്യാപിക്കുന്നതിന് വഴി വെയ്ക്കുകയും
നമ്മുടെ നാട്ടിൻ പുറങ്ങളിൽ പോലും പാ
ജീവിതക്രമങ്ങൾ അനുകരിക്കാനുള്ള ശ്രമങ്ങൾ

വൽക്കരണത്തിന്റെയും ഉപഭോക്തൃസംസ്കാ
ിന്റെയും ആസൂരമായ കടന്നാക്രമണം നമ്മുടെ
ജീവിതത്തിൽ നില നിന്നിരുന്ന സ്വച്ഛന്ദമായ താള
അട്ടിമറിച്ചുകൊണ്ടിരിക്കുന്നു. പാരമ്പര്യചികി
കളും നാടൻ കലാരൂപങ്ങളും നാട്ടറിവുകളും
ജീവിക്കാനാവാതെ മറഞ്ഞുപോയ്കൊണ്ടിരിക്കുക

വിദ്യാർത്ഥികളുടെ സർഗ്ഗശേഷി കണ്ടെത്തുന്നതിനു
വേണ്ടിയുള്ള സ്കൂൾ യുവജനോത്സവങ്ങൾ വലിയ
ആഘോഷങ്ങളോടെ നടക്കുന്നുണ്ടെങ്കിലും കലാപ്രതിഭ
കണ്ടെത്തുന്നതിനും അവരെ പ്രോത്സാഹിപ്പിക്കു
നതിനും വേണ്ടിയുള്ള തുടർ പ്രവർത്തനങ്ങൾ നടക്കു
ന്നില്ല. കലാസംസ്കാരിക രംഗത്ത് ഒട്ടനവധി പ്രവർത്ത
നങ്ങൾ നടത്താൻ കഴിയുന്ന യുവജന ക്ലബ്ബുകൾ ആ
രീതിയിൽ ചിന്തിക്കുന്നില്ല. ഈ ഒരവസ്ഥ തലമുറക
ളിലേക്ക് കൈമാറി വരേണ്ട പല കലാരൂപങ്ങളുടെയും
അന്ത്യത്തിലേക്കാണ് നയിച്ചത്. കോൽക്കളി, ദഫ്മുട്ട്, ഉ
ടുക്ക് പാട്ട്, ചെറുമക്കളി എന്നിവ ഇതിന് ഉദാഹരണങ്ങ
ളാണ്.

ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും ഗുണപ
രമായ മാറ്റം വരുത്താൻ സാംസ്കാരിക മണ്ഡല
ത്തിലെ ഉയർത്തെഴുന്നേല്പ് കൊണ്ട് മാത്രമെ സാധിക്കു
കയുള്ളൂ. അതിനുവേണ്ടി സാമൂഹ്യ ജീവിതത്തിന്റെ
എല്ലാ മേഖലകളിലും പുതിയ വികസനകാഴ്ചപ്പാട്
വളർത്തിയെടുക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. ഒന്നാം വാർഡിലെ പൂളമണ്ണ രണ്ടാം വാർഡിലെ പുക്കൂത്ത്, കിഴക്കെ പാണ്ടിക്കാട്, തൃപ്പാക്കട, മൂന്നാം വാർഡിലെ എറിയാട്, അഞ്ചാം വാർഡിലെ കക്കുളം, ഏഴാം വാർഡിലെ വല്യാത്രപടി, എട്ടാം വാർഡിലെ വള്ളിക്കാപ്പറമ്പ്, ഒമ്പതാം വാർഡിലെ പൊടിയാട് കോള നി, വെട്ടിക്കാട്ടിരി, പതിനൊന്നാം വാർഡിലെ മരാട്ടപ്പടി, കൊടശ്ശേരി സെൻറർ എന്നിവിടങ്ങളിൽ വായനശാല കളും ഗ്രന്ഥാശാലകളും ഇല്ല.

2. ഗ്രാമീണ വായനശാലകളിൽ ടി.വി. സെറ്റ് ഇല്ല.

3. പഞ്ചായത്തിലെ ഭൂരിപക്ഷം ഗ്രന്ഥാലയങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.

4. സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ജന വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

5. കലാകായിക ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ നട ത്താൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

6. വായനശാലകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് പത്രമാ ദ്ധ്യമങ്ങൾ കിട്ടുന്നില്ല.

7. വിദ്യാലയങ്ങളിൽ കലാകായിക രംഗത്തുള്ള വി ദ്യാർത്ഥികളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്ന തിനുമുള്ള സൗകര്യം ഇല്ല.

8. പാണ്ടിക്കാട് ടൗണിലെ പഞ്ചായത്ത് ലൈബ്രറി പ്രവർത്തിക്കുന്നില്ല.

9. വിദ്യാലയങ്ങളോട് ബന്ധപ്പെട്ട ലൈബ്രറികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

10. പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിലവിൽ ഇല്ല.

പരിഹാരനിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ പൂളമണ്ണ, രണ്ടാം വാർഡിലെ കിഴക്കെപാണ്ടിക്കാട്, പൂക്കൂത്ത്, തൃപ്പാക്കട, മൂന്നാം വാർഡിലെ എറിയാട്, അഞ്ചാം വാർഡിലെ കക്കുളം, ഏഴാം വാർഡിലെ വലിയാത്ര ഹരിജൻ കോളനി, എട്ടാം വാർഡിലെ വള്ളിക്കാപറമ്പ്, ഒമ്പതാം വാർഡിലെ പൊ ടിയാട് കുന്ന് കോളനി, വെട്ടിക്കാട്ടിരി, പതിനൊന്നാം വാർഡിലെ മരാട്ടപടി കൊടശ്ശേരി ടൗൺ എന്നിവിടങ്ങ ളിൽ സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക പ്രവർത്ത കരുടെ സഹായത്തോടെ ഗ്രന്ഥശാലകൾ ആരംഭിക്കു കയും അവയ്ക്ക് ആവശ്യമായ പത്രങ്ങൾ, മാസികകൾ

എന്നിവ പഞ്ചായത്ത് വക വിതരണം ചെയ്യുകയും ചെയ്യുക.

2. സ്വന്തമായി കെട്ടിടം ഇല്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിടം നിർമിക്കുന്നതിനായി ചെലവിന്റെ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിൽനിന്ന് അനുവദിക്കുക.

3. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വായനശാലകൾക്കും ക്ലബ്ബുകൾക്കും വാടകയുടെ ഒരു നിശ്ചിത ശതമാനം അനുവദിക്കുക.

4. ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും ടി.വി. സെറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക.

5. സാക്ഷരാത പ്രവർത്തനം ശക്തിപെടുത്തുക, ജന വിദ്യകേന്ദ്രങ്ങൾ സജീവമാക്കുക.

6. എല്ലാ ഗ്രന്ഥശാലകൾക്കും ഗസറ്റ് അനുവദിക്കുക.

7. ലൈബ്രറി സെസ്സ് പിരിച്ചെടുത്ത് ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന് വിനിയോഗിക്കുക.

8. യുവജനക്ലബ്ബുകൾക്ക് കലാകായിക ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക.

9. മൺമറഞ്ഞ കലാകായിക വിനോദങ്ങൾ പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

10. പാണ്ടിക്കാട് ഹൈസ്ക്കൂൾ ഗ്രൗണ്ട് ചെമ്പ്രശ്ശേരി യു.പി. സ്ക്കൂൾ ഗ്രൗണ്ട്എന്നിവ മിനി സ്റ്റേഡിയമാക്കി ഉയർത്തുക.

11. പഞ്ചായത്ത് ആസ്ഥാനത്തിനടുത്ത് ഒരു കായിക പരിശീലനകേന്ദ്രം ആരംഭിക്കുക.

12. വിദ്യാലയങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

13. കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, യുവജന ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ എന്നിവയെ ഉൾപെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രകലാകായികസമിതി രൂപീകരിക്കുക.

14. സ്ക്കൂൾ തല കായികകലാ മത്സരങ്ങളിൽ പ്രതീക്ഷയ്ക്ക് വക നൽകുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക. അവർക്ക് പ്രത്യേകമായ ധനസഹായം അനുവദിക്കുക.

15. കേരളോത്സവം ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുക.

16. അവധിക്കാലത്ത് കലാകായിക കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

17. വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പരിശീലനക്യാമ്പുകൾ പഞ്ചായത്തിൽ മുൻകയ്യെടുത്ത് സംഘടിപ്പിക്കുക.

പാണ്ടിക്കാട് പഞ്ചായത്തിൽ വിതരണം ചെയ്യുന്ന വിവിധ പ്രസിദ്ധീകരണങ്ങൾ

വർത്തമാന പത്രം

മലയാള മനോരമ	400
മാതൃഭൂമി	345
മാധ്യമം	185
കേരളകൗമുദി	75
ദേശാഭിമാനി	65
ചന്ദ്രിക	64
മംഗളം	5
ദീപിക	15
ഇന്ത്യൻ എക്സ്പ്രസ്	20
ഹിന്ദു	15

ആഴ്ച പതിപ്പുകൾ

മലയാള മനോരമ	2000
മംഗളം വാരിക	1200
മാതൃഭൂമി	36
ചന്ദ്രിക ആഴ്ചപതിപ്പ്	30
തൊഴിൽ വാർത്ത	37
കേരള ശബ്ദം	25
രാഷ്ട്ര ദീപിക	10
കലാകൗമുദി	22
വിജയവീഥി	15
കുമാരി	5
ദി വീക്ക്	4

കുട്ടികളുടെ മാസിക

ബാലരമ	300
ബാലമംഗളം	350
ബാലരമ അമർചിത്രകഥ	120
പൂമ്പാറ്റ	200
കസ്തൂരി	40
കളിക്കുടുക്ക	30
കുട്ടികളുടെ ദീപിക	10
മലർപൊടി	15
മുത്തശ്ശി	40
തത്തമ്മ	10
യൂറിക്ക	25

ദൈവാരിക

വനിത	100
ഇന്ത്യാ ടുഡെ	50
സ്പോർട്സ്	30
കായികലോകം	40
ഭാഷാപോഷിണി	4
മഹിളാദീപിക	25

സിനിമാവാരികകൾ

നാന	46
ചിത്രഭൂമി	30
വെള്ളിനക്ഷത്രം	35

തന്റെ പഞ്ചായത്തിൽ പ്രവർത്തിപ്പിക്കുന്ന ഗ്രന്ഥശാലകൾ

1 നവചേതനാ റീഡിങ്ങ് ആൻറ് ലൈബ്രറി - കൊടശ്ശേരി (1982)
2 താഗം വായനശാല - വളരാട് (1984)
3 പീപ്പിൾസ് ലൈബ്രറി - വള്ളുവങ്ങാട് (1973)
4 സി.ആർ.സി. കൊളപറമ്പ
5 പഞ്ചായത്ത് ലൈബ്രറി - പാണ്ടിക്കാട് (1968)

ഇതിൽ കൊടശ്ശേരി, വളരാട്, വള്ളുവങ്ങാട് എന്നീ ഗ്രന്ഥശാലകൾ കേരളഗ്രന്ഥശാലസംഘത്തോട് അഫീലിയേറ്റ് ചെയ്തവയും ഗ്രാൻറ് ലഭിക്കുന്നവയും ആണ്. പീപ്പിൾസ് ലൈബ്രറി, സി.ആർ.സി., പഞ്ചായത്ത് ലൈബ്രറി എന്നിവക്ക് സ്വന്തമായി കെട്ടിടമുള്ളപ്പോൾ താഗം വായനശാല വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൊടശ്ശേരി നവചേതനാ വായനശാലക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടം ആയിട്ടില്ല.

കലാസംസ്കാരിക കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ പേരുകൾ താഴെ ചേർക്കുന്നു.

1. നവചേതനാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് - ചെമ്പ്രശ്ശേരി ✓
2. യാസ് ക്ലബ്ബ് - പാണ്ടിക്കാട് ✓
3. ഐ.എ.സ്. ക്ലബ്ബ് - കട്ടക്കുളം
4. യാസ്ക്ക - പയ്യപറമ്പ ✓
5. ചാലഞ്ചേഴ്സ് - വള്ളുവങ്ങാട് ✓
6. പ്രതിഭ ക്ലബ്ബ് - മണ്ഡകകുന്ന്
7. കൈരളി ക്ലബ്ബ് - ചെമ്പ്രശ്ശേരി ഈസ്റ്റ്
8. യുവതാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് - വളരാട്
9. സി.ആർ.സി. കൊളപറമ്പ ★
10. ജി.ആർ.സി. എറിയാട്
11. അപ്പോളോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കൊടശ്ശേരി
12. റയിൻബോ ക്ലബ്ബ് - ചെമ്പ്രശ്ശേരി
13. ജ്വാല ക്ലബ്ബ് - മരാട്ടപ്പടി
14. സുൽത്താനിയ - ഒറവംപുറം
15. ഗ്രാമത്രീ ആർട്സ് ക്ലബ്ബ് - പൂളമണ്ണ
16. പ്രിയദർശിനി ക്ലബ്ബ് - പൂളമണ്ണ
17. സംഗമം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, ചെമ്പ്രശ്ശേരി ✓
18. സഹൃദയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, തെയ്യംപാടികുന്ന്
19. നെഹ്റു ക്ലബ്ബ് - തെയ്യാംപാടികുന്ന്
20. ഉദയം ക്ലബ് - കാരായ
21. ബ്രദേഴ്സ് ക്ലബ് - പെരുവക്കാട്
22. യുവജന കേന്ദ്രം - തെയ്യംപാടികുന്ന്
23. മാസ് ക്ലബ്ബ് - കിഴക്കെപാണ്ടിക്കാട്
24. വാസ്കോ വള്ളിക്കാപറമ്പ്
25. സെൻറർ സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പൂക്കൂത്ത് ✓

✓ നെഹ്റു യുവകേന്ദ്രത്തെട് അഫിലിയേറ്റ് ചെയ്തവ

സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ
അപ്പോൾ മാത്രമെ ഇന്ത്യ പൂർണസ്വാതന്ത്ര്യം നേടി എന്നു ഞാൻ പറയൂ

ഗാന്ധിജി

5(9)

വനിത

പട്ടണങ്ങളിലും മറ്റും വനിതവിമോചനപ്രസ്ഥാനങ്ങൾ തങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവുമായി മുന്നേറാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിലും ഗ്രാമീണ സ്ത്രീകൾ തങ്ങളുടെ അടുക്കളകളിൽ ഒതുങ്ങിക്കൂടുന്ന ഒരു പ്രവണതയാണ് കാണുന്നത്. പാണ്ടിക്കാടും ഇതിൽ നിന്നും ഭിന്നമല്ല.

സാമൂഹ്യപ്രവർത്തനമേഖലകളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. സ്വാതന്ത്ര്യ സമരകാലഘട്ടങ്ങളിലും തുടർന്നു വന്ന പ്രക്ഷോഭങ്ങളിലും അത് നിഴലിച്ചു. മതപരവും സാമൂഹികപരവുമായ വിലക്കുകളും വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയിൽ ഈ അവസ്ഥയക്ക് കാരണമായിരുന്നു.

സാക്ഷരതാ പ്രവർത്തനങ്ങളും ICDS. CBND തുടങ്ങിയ പദ്ധതികളും സാമൂഹ്യ പ്രവർത്തനങ്ങളിൽ ഇറങ്ങുന്നതിന് ഒരു പരിധി വരെ സ്ത്രീകളിൽ താൽപര്യം ജനിപ്പിച്ചിട്ടുണ്ട്. സ്ക്കൂൾ മേഖലയിലും പ്രീഡിഗ്രി തലം വരെയും വിദ്യാഭ്യാസരംഗത്ത് ഈ അടുത്ത കാലത്ത് പെൺകുട്ടികൾ മുന്നോട്ട് പോയിട്ടുണ്ട്. അതുപോലെ തന്നെ സ്വയം തൊഴിൽ രംഗത്തും സ്ത്രീകൾ മുന്നോട്ടു വരുന്ന പ്രവണത ഇപ്പോൾ ദൃശ്യമാണ്.

1991ലെ സെൻസസ് പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തില സ്ത്രീകളുടെ ജനസംഖ്യ 20499 ആണ്. പുരുഷ ജനസംഖ്യയേക്കാൾ 277 എണ്ണം കൂടുതലാണിത്. സ്ത്രീ ജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ വർദ്ധനവ് സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ തുടക്കകാലഘട്ടങ്ങളിൽ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ നില നിന്നിരുന്നു. എന്നാൽ പെൺകുട്ടികൾ സ്ക്കൂളുകളിൽ എത്തിച്ചേരുന്നത് വളരെ കുറവായിരുന്നു. അതിനൊരു ചെറിയ മാറ്റം വന്നത് അറപതുകളോടെയാണ്. ഇപ്പോഴും പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളേ നിലനിൽക്കുന്നുള്ളു എന്നത് വിദൂര ഗ്രാമങ്ങളിൽ നിന്ന് എത്തിച്ചേരാനുള്ള ബുദ്ധിമുട്ടുകൾ മിത്തം പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികളുടെ ഇടയിൽ ക്കാതെ പോകുന്നതിന് ഒരു കാരണമായി നിലനിൽന്നു. കാർഷിക വൃത്തി ഒരു മുഖ്യതൊഴിൽ ആയിരകാലഘട്ടങ്ങളിൽ പുരുഷനോടൊപ്പം സ്ത്രീയും വ്യാപമായി വയലേലകളിൽ പണി ചെയ്തിരുന്നു. കാർഷിമേഖലയിൽ ഉണ്ടായിട്ടുള്ള അപചയം ഈ രംഗതൊഴിൽ എടുത്തിരുന്ന വലിയ വിഭാഗം സ്ത്രീകൾതൊഴിൽ നഷ്ടപ്പെടുന്നതിന് കാരണമായി മാറുവേതനത്തിന്റെ കാര്യത്തിൽ സ്ത്രീ പുരുഷ അന്നിലനിൽക്കുന്നത് ഈ രംഗത്തെ ഒരു പ്രധാന പ്രമാണ്.

ഈ അടുത്തകാലത്ത് നിർമാണപ്രവർത്തനങ്ങളിസ്വയം തൊഴിൽ മേഖലകളിലും സ്ത്രീകൾ തൊഴിൽ എടുക്കുന്ന പ്രവണത കണ്ടുവരുന്നു. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപന രംഗത്ത് വിശേപ്രാഥമിക രംഗത്ത് പുരുഷന്മാരേക്കാൾ മുൻപന്തിലാണ് സ്ത്രീകൾ.

തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 91ലെ സെൻസസ് പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക.1 കാണുക.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പിന്നോക്കസ്ഥ ഈ പട്ടിക വെളിവാക്കുന്നു. സ്വയം തൊസംരംഭങ്ങൾ വ്യാപാര ഗതാഗത മേഖലകളിൽ സ്ത്രീമുന്നോട്ടു വരേണ്ടത് അവരുടെ സാമൂഹ്യ സാമ്പത്പിന്നോക്കാവസ്ഥ മാറ്റി എടുക്കുന്നതിന് അനിവാര്യണ്.

വനിതകളുടേത് മാത്രമായി 6 തൊഴിൽ യൂനിറ്റുകൾഈ പഞ്ചായത്തിൽ ഉണ്ട്. DWCRA യുടെ റെഡിമെയ്ലെതർബാഗ് നിർമാണം, കൊപ്രസംസ്കരണ കേ

പട്ടിക.1

...ഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെഎണ്ണം
...ിക്കാർ	92	1435
...കതൊഴിലാളികൾ	1240	3681
...പരിപാലനം	1	142
...ം, പാറപൊട്ടിക്കൽ	11	104
...ടി വ്യവസായം	64	130
...ലേതര വ്യവസായം	39	362
...ി,റോഡ് നിർമ്മാണം	30	170
...ിത്യം	17	672
...ാഗതവാർത്താവിനിമയം	4	62
...സേവനങ്ങൾ	232	1402
...ിനൽതൊഴിലാളികൾ	352	577
ആകെ	2082	9137

അവലംബം - സെൻസസ് 91

...സിന്റെ കവർ നിർമാണം, പ്രിൻറിംഗ് പ്രസ്സ് എന്നി...ും ഖാദിബോർഡിന്റെ കീഴിലുള്ള നൂൽനൂല്പു കേ...വും വനിതസംരംഭങ്ങളാണ്. എന്നാൽ ഇവയിൽ പ...ും പ്രവർത്തനം നിന്നു പോയവയോ മന്ദീഭവിച്ച...യാ ആണ്. സാമ്പത്തിക ഞെരുക്കവും തൊഴിൽ ...മാനത്തിലുള്ള കുറവും ഒരു പരിധി വരെ ഈ ...ംഭങ്ങളുടെ ദുരവസ്ഥയ്ക്ക് കാരണമാണ്. ഈ സ്...നങ്ങൾ ലാഭകരമായ രീതിയിൽ നടത്തികൊണ്ടു ...കുന്നതിന് ആവശ്യമായ ധനസഹായവും (ഗ്രാൻറ് ...പ്പെടെ) സാങ്കേതിക ഉപദേശ, നിർദ്ദേശങ്ങളും നൽകി ...മുജ്ജീവിപ്പിക്കേണ്ടതാണ്.

...സി.ബി.എൻ.പി. പദ്ധിയുടെ കീഴിൽ 50 കമ്മ്യൂണിറ്റി ...ൽത്ത് വർക്കർമാർ 63 അയൽക്കൂട്ടങ്ങളിൽ പ്രവർ...ിക്കുന്നു. ഈ പദ്ധതിക്ക് കീഴിൽ ഗ്രാമപഞ്ചായത്തി...ൽ ത്രിഫ്റ്റ് സൊസൈറ്റി ദാരിദ്രരേഖയ്ക്ക് കീഴിലുള്ള ...ുകളിൽ മിതവ്യയ ശീലം പരിശീലിപ്പിച്ചുകൊണ്ട് 3 ...ക്ഷത്തോളം രൂപ സ്വരൂപിച്ചിട്ടുണ്ട്. ഈ സംഖ്യയിൽ 2.18 ലക്ഷം രൂപ ചെറുകിട തൊഴിൽ സംരംഭങ്ങൾ ക്കായി വിനിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ സാമൂഹ്യ ആരോഗ്യ രംഗത്ത് പരിശീലനം ലഭിച്ച് സന്ന ദ്ധ പ്രവർത്തനം നടത്തുന്ന യുവതികൾക്ക് ഗവൺ മെൻറിന്റേയും മറ്റ് ഏജൻസികളുടെയും പ്രോത്സാഹ നവും സഹായവും ലഭിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

സ്ത്രീകളുടെ അദൃശ്യതയാണ് അവർ നേരിടുന്ന ഏ റ്റവും വലിയ പ്രശ്നം. തൊഴിലില്ലായ്മയും രൂക്ഷമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിൽ വലിയ അന്തരമുണ്ട്.

ജീവിതത്തിന്റെ നാനാതുറകളിലും വളരെ കാല മായി പിന്നോക്കാവസ്ഥയിൽ കഴിയുന്ന സ്ത്രീകളെ ബോ ധപൂർവ്വമായ ഇടപെടലുകളിലൂടെ ഉയർത്തികൊണ്ടു വ രേണ്ടതുണ്ട്. എന്നാലെ സാമൂഹ്യരംഗത്തും തൊഴിൽ മേഖലകളിലും അർഹമായ പങ്ക് നിറവേറ്റുവാൻ അ വർക്ക് കഴിയുകയുള്ളു. ഏറ്റെടുത്ത ജോലികൾ ഭംഗി യായും ഉത്തരവാദിത്തത്തോടെയും നിറവേറ്റുവാൻ സ്ത്രീ കൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെ ടുക്കുന്നതിൽ ഇവർ വിമുഖരാണ്. ഉത്തരവാദിത്തങ്ങൾ ഏല്പിച്ചുകൊടുക്കുന്നതിൽ പുരുഷന്മാരുടെ ഭാഗത്തു നിന്നും താൽപര്യകുറവുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മ വിശ്വാസം ഇല്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. ആനു പാതികമായി പുരുഷന്മാരെക്കാൾ മുന്നിലുള്ള തങ്ങ ൾക്കും അവകാശാധികാരങ്ങളിൽ ഭേദമില്ലെന്ന് സ്വയം ബോദ്ധ്യപ്പെടേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബു ദ്ധിയും കാര്യശേഷിയും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെ ങ്കിലും അത് പ്രകടിപ്പിക്കുവാനും പ്രായോഗികമാക്കുവാ നുമുള്ള തന്റേടം അവർ വളർത്തിയെടുക്കേണ്ടതുണ്ട്.

സമൂഹം നേരിടുന്ന മറ്റൊരു വലിയ പ്രശ്നമാണ് സ്ത്രീധനം. ഇത് ഏറ്റവും അധികം ബാധിക്കുന്നത് സ്ത്രീക ളെയാണ്. സ്ത്രീ ഒരു വിൽപന ചരക്കായി മാറ്റപ്പെടുന്ന ഒരു അവസ്ഥ ഇന്ന് നിലനിൽക്കുന്നു. വിവാഹ പ്രായ മെത്തിയ കുട്ടികൾ സ്ത്രീധനത്തിന്റെ പേരിൽ വിവാഹി തരാവൻ കഴിയാതെ ആത്മനിന്ദയോടെ തൊഴിലോ വരുമാനമോ ഇല്ലാതെ വീടിനു ഭാരമായി നിൽക്കുന്ന ചിത്രം ഒരു ഭാഗത്ത് ദൃശ്യമാകുമ്പോൾ സ്ത്രീധനം ബാ ക്കിവെച്ച് വിവാഹിതരായി അത് വിവാഹമോചനം വ രെയുള്ള ഘട്ടങ്ങളിലൂടെ കടന്ന് അനാഥത്വം പേറുന്ന മനസ്സുമായി പടിയിറങ്ങി പോകുന്ന സ്ത്രീയുടെ ദയനീയ ചിത്രം മറു ഭാഗത്ത് നമുക്ക് കാണാൻ കഴിയും. സമൂ ഹത്തിൽ സ്ത്രീകൾക്ക് നേരെയുള്ള ഈ അനാചാരങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളിൽ മഹിളാസംഘടനകൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴി യുമെങ്കിലും ഈ പഞ്ചായത്തിൽ മഹിളാ സംഘടനക ളുടെ പ്രവർത്തനം വളരെ ശോചനീയമാണ്.

വനിത തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാട്ടുന്നില്ല.
2. തുല്യജോലിക്ക് തുല്യവേതനം കിട്ടുന്നില്ല.
3. തൊഴിൽ നിയമങ്ങളെ കുറിച്ച് വേണ്ടത്ര അറിവോ മനസിലാക്കാനുള്ള സൗകര്യമോ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
4. സർക്കാർ സഹായ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
5. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്.
6. സ്ത്രീകൾ മാത്രം തൊഴിൽ എടുക്കുന്ന മേഖലകളിൽ കൂലി നിരക്ക് വളരെ കുറവാണ്.
7. അംഗൻവാടി അദ്ധ്യാപികമാർ ന്യായമായ വേതനം ലഭിക്കാതെ വിഷമിക്കുന്നു.
8. സി.ബി.എൽ.പി. സന്നദ്ധ പ്രവർത്തകരോടുള്ള അവഗണന
9. സാമാന്യ വിദ്യാഭ്യാസം ഉണ്ടായാൽ പോലും ശാസ്ത്രീയ ബോധന നിലവാരം സ്ത്രീകളിൽ കുറവാണ്. അതുകൊണ്ടു തന്നെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.
10. സാമൂഹ്യസംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ ധീരമായി പ്രവർത്തനസജ്ജരായി പുറത്തു വരുന്നില്ല.
11. സ്ത്രീകൾ അഭിമുഖീകരിക്കേണ്ടി വരുന്ന നിയമപ്രശ്നങ്ങളെ എങ്ങനെ നേരിടമെന്ന അജ്ഞത അവർക്ക് ലഭിക്കേണ്ട നിയമ സഹായത്തിന്റെ അപര്യാപ്തത .

സാമൂഹ്യ സംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും സഹകരണവും വർദ്ധിപ്പിക്കുന്നതിന് മഹിളാസമാജങ്ങൾക്ക് വലിയ പങ്കുണ്ട്. ഒരോ അംഗൻവാടിയെ കേന്ദ്രീകരിച്ചും മഹിളാസമാജങ്ങൾ ഉണ്ടാകുന്നത് സംഘടിത ബോധംഉണ്ടാക്കുന്നതിന് സ്ത്രീകളെ സഹായിക്കും. ഇതിലൂടെ പ്രത്യേക പരിശീലന പരിപാടികൾ സംഘടപ്പിച്ച് സ്ത്രീകളെ പ്രവർത്തനസജ്ജരാക്കാൻ കഴിയും. തൊഴിൽപരമായി മറ്റ് രംഗങ്ങളിലും സ്ത്രീകളുടെ ഉന്നമനത്തിനായി ചില നിർദ്ദേശങ്ങൾ കൂടി ചേർക്കുന്നു.

1. വിഭവ - വിപണന സാദ്ധ്യതകൾ കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവർക്കുള്ള പരിശീലന പരിപാടികളും സാങ്കേതിക സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുക.
2. തൊഴിൽ അവസരങ്ങൾ - തൊഴിൽ നിയമങ്ങൾ എന്നിവയെ കുറിച്ചും വായ്പാസൗകര്യങ്ങളെക്കുറിച്ചുമു ള്ള വിവരങ്ങൾ സന്നദ്ധസംഘടനകൾ, മഹിളാസമാജങ്ങൾ മുഖേന സ്ത്രീകൾക്ക് നൽകുക.
3. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.
4. പഞ്ചായത്തിൽ സ്ത്രീകൾക്ക് നിയമോപദേശം നൽകുന്നതിന് വേണ്ടി ഒരു നിയമസഹായ സെൽ രൂപീകരിക്കുക.
5. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതി തുടങ്ങിയ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
6. സഹകരണമേഖലയിൽ വനിതകൾക്കായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക. ഈ മേഖലയിലേക്ക് വനിതാ വിഭാഗങ്ങളെ ഉയർത്തികൊണ്ടു വരുക.
7. സാങ്കേതിക വിദ്യാഭ്യസം വനിതകളെ ഉയർത്തികൊണ്ടു വരുന്നതിലേക്കായി ഒരു വനിതാ ഐ.ടി.ഐ. ആരംഭിക്കുക.

"ഗ്രാമത്തിന്റെ തുടിപ്പുകളെല്ലാം നാമറിയുന്നൊരു നേരം
നമ്മുടെ കാര്യം നമ്മുടെ കയ്യിൽ സുഭദ്രമാക്കും കാലം".

5-(10)

സഹകരണം

ഇന്ത്യ പാരമ്പര്യമായിതന്നെ ഒരു കാർഷികരാജ്യമാണ്. ഇന്ത്യയിൽ കർഷകർ ജനിക്കുന്നതും ജീവിതകാലം തള്ളിനീക്കുന്നതും മരിക്കുന്നതും കടക്കെണിയിലാണ്, അതുകൊണ്ടു തന്നെ ഈ വിഭാഗങ്ങൾ എന്നും ചൂഷണത്തിന് വിധേയരായിരുന്നു. ഈ ദുസ്ഥിതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത്. ഇങ്ങനെ സമൂഹത്തിലെ താഴെ തട്ടിൽ കിടക്കുന്ന അടിസ്ഥാന വർഗ്ഗങ്ങളേയും കർഷക സമൂഹത്തെയും കടബാധ്യതയിൽ നിന്നും രക്ഷിക്കുന്നതിനായി 1904 ലെ കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സഹകരണ സംഘങ്ങളാണ് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്.

കരുവാരകുണ്ട് സർവീസ് സഹകരണ സംഘമാണ് പാണ്ടിക്കാട് പഞ്ചായത്തിൽ ആദ്യം പ്രവർത്തനം ആരംഭിച്ച സഹകരണ സംഘം. പാണ്ടിക്കാട് പഞ്ചായത്തിൽ വെട്ടിക്കാട്ടിരി, പാണ്ടിക്കാട്, ചെമ്പ്രശ്ശേരി വില്ലേജുകൾ ഉൾപ്പെടുന്നതായിരുന്നു ഈ സംഘത്തിന്റെ പ്രവർത്തനമേഖല. എന്നാൽ പിന്നീടുകൂടി വെട്ടിക്കാട്ടിരി വില്ലേജ് കരുവാരകുണ്ട് സഹകരണ സംഘത്തിന്റെ പരിധിയിൽ നിന്ന് വേർപെടുത്തി വള്ളുവമ്പ്രം ആസ്ഥാനമായി വെട്ടിക്കാട്ടിരി സർവീസ് സഹകരണ സംഘം ആരംഭിച്ചു. ചെമ്പ്രശ്ശേരി സർവീസ് സഹകരണ സംഘത്തിന്റെ ഉത്ഭവത്തോടുകൂടി ചെമ്പ്രശ്ശേരി വില്ലേജും ഈ സംഘത്തിന്റെ പരിധിയിൽ നിന്ന് വേർപെടുത്തി. എന്നാൽ പാണ്ടിക്കാട് വില്ലേജ് ഇപ്പോഴും 20 കി.മീ. അകലെ കിടക്കുന്ന കരുവാരകുണ്ട് സർവ്വീസ് സഹകരണ ബേങ്കിന്റെ പ്രവർത്തന പരിധിയിലാണ്.

25-1-1964 ന് പ്രവർത്തനം ആരംഭിച്ച വെട്ടിക്കാട്ടിരി സർവീസ് സഹകരണ സംഘം തുടക്കത്തിൽ 150 ഓളം അംഗങ്ങൾകൂടി ചീഫ് പ്രമോട്ടർ ആയി കാർക്കാടൻ അഹമ്മത്കുട്ടി എന്ന ബാപ്പുഹാജിയെ തിരഞ്ഞെടുത്തു. ഇതോടെ സംഘം പ്രവർത്തനം ആരംഭിച്ചു. സംഘം പ്രവർത്തനത്തിന് മുൻകൈ എടുത്ത പ്രധാനികൾ കാരക്കാടൻ അഹമ്മദ്കുട്ടി എന്ന ബാപ്പുഹാജി. കെ.പി.കുഞ്ഞുമുഹമ്മദ് ഹാജി, തൊന്നാടൻ അഹമ്മത് എന്ന ബാപ്പുട്ടിഹാജി, കളവള്ളിശങ്കരൻ നായർ എന്നിവരായിരുന്നു.

വെട്ടിക്കാട്ടിരി വില്ലേജിൽ പെട്ട കർഷകകുടുംബങ്ങൾക്ക്, വിത്ത്, വളം എന്നിവ വിതരണം ചെയ്യുന്നതിനും മറ്റും ഐക്യനാണയ സംഘമായി രൂപീകരിച്ച സംഘം മെമ്പർമാരുടെ കാർഷിക വിളവുകൾ വിപണനം നടത്തുന്നതിന് മുൻകൈ എടുത്ത് പ്രവർത്തനം ആരംഭിച്ചു.

ചെമ്പ്രശ്ശേരി വില്ലേജിൽ പരേതനായ രാമവാര്യരുടെ നേതൃത്വത്തിൽ രൂപീകൃതമായ ഐക്യനാണയസംഘമാണ് ചെമ്പ്രശ്ശേരിയിൽ യഥാർത്ഥത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. ഇത് പിന്നീട് നിർജ്ജീവാവസ്ഥയിലായി. തുടർന്ന് മൂത്തേടത്ത് ഗോവിന്ദൻ നമ്പൂതിരിപ്പാടും കണ്ണൻകുട്ടിനായർ സെക്രട്ടറിയും ആയിക്കൊണ്ട് സംഘം പുനരുജ്ജീവിപ്പിക്കുവാൻ ശ്രമിച്ചു എങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാനായില്ല. പിന്നീട് കേശവൻ വൈദ്യർ പ്രതിഫലം പറ്റാതെ ഇതിന്റെ സെക്രട്ടറി പദം ഏറ്റെടുക്കുകയും ഈ സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോവുകയും ചെയ്തു.

1966 മാർച്ച് 26 നാണ് ചെമ്പ്രശ്ശേരി സർവ്വീസ് സഹകരണ സംഘം രിജിസ്റ്റർ ചെയ്യുന്നത്. ഇതിന്റെ ആദ്യത്തെ പ്രസിഡണ്ടായി കേശവൻ വൈദ്യർ തിരഞ്ഞെടുക്കപ്പെടുകയും സെക്രട്ടറിയായി മാനിരി ശങ്കരൻനായരെ നിയമിക്കുകയും ചെയ്തു. ഇന്ന് 7500 അംഗങ്ങളും 88 ലക്ഷത്തോളം രൂപ പ്രവർത്തന മൂലധനവുമുള്ള ഈ ബാങ്ക് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. 1986 ൽ നടന്ന ബാങ്ക് കവർച്ച ഈ ബാങ്കിന്റെ പുരോഗതിക്ക് വിലങ്ങുതടിയായിട്ടുണ്ട്.

വിവിധ മേഖലകളിലായി 13 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അതുപോലെ താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടേയും പ്രവർത്തന പരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെടുന്നതാണ്. വിവിധ സഹകരണ സംഘങ്ങളെക്കുറിച്ചുള്ള വസ്തുതകൾ തരം തിരിച്ച് താഴെ ചേർക്കുന്നു.

സ്ക്കൂൾ സഹകരണ സംഘങ്ങൾ നാലെണ്ണം ഈ പഞ്ചായത്തിന്റെ പരിധിയിലുണ്ട്. ഈ സംഘങ്ങളിലൂടെ പുസ്തക വിതരണം മാത്രം നടത്തിവരുന്നു. ഈ പഞ്ചായത്തിൽ ആ

കെ രണ്ട് ക്ഷീരോൽപാദക സഹകരണ സംഘങ്ങളാണ് ഉള്ളത്. ചെമ്പ്രശ്ശേരിയും തമ്പാനങ്ങാടിയും കേന്ദ്രീകരിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. ഈ രണ്ട് സംഘങ്ങളും സാമാന്യം ഭേദപ്പെട്ട നിലയിൽതന്നെ പ്രവർത്തിക്കുന്നു. പാണ്ടിക്കാട് പഞ്ചയത്തിലെ 5,6,7,8, എന്നീവാർഡുകളിലെ കർഷകർ തമ്പാനങ്ങാടി ക്ഷീര സഹകരണ സംഘത്തിന്റെ പരിധിയിൽ പെടുന്നു. 10,11,12,13, വാർഡുകളിലെ ക്ഷീര കർഷകർ ചെമ്പ്രശ്ശേരി ക്ഷീര സഹകരണ സംഘത്തിന്റെ പരിധിയിൽ പെടുന്നു.

കാർഷിക മേഖല

ഏതാണ്ട് 4500 ഒളം കുടുംബങ്ങൾ പാണ്ടിക്കാട് പഞ്ചായത്തിൽ ഉണ്ട്. പ്രധാനമായും 3 സർവ്വീസ് സഹകരണ ബാങ്കുകളാണ് പാണ്ടിക്കാട് പഞ്ചായത്തിന്റെ പരിധിയിൽ പെടുന്നത്. ഈ 3 ബാങ്കുകളും മുഖ്യമായും വിതരണം ചെയ്യുന്നത് ഹ്രസ്വകാല കാർഷിക കാർഷികേതര വയ്പകളാണ്. എന്നിരുന്നാലും ഇത് മുഴുവൻ കാർഷകരുടേയും സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല.

കരുവാരകുണ്ട് സർവ്വീസ് സഹകരണ ബേങ്ക്

പാണ്ടിക്കാട് വില്ലേജ് ഇതിന്റെ പ്രവർത്തന പരിധിയിൽ പെടുന്നു. ഇതിന്റെ ഹെഡ്ഓഫീസ് കരുവാരകുണ്ടിലാണ് പ്രവർത്തിക്കുന്നത്. ഈ ബാങ്കിന്റെ ഒരു ശാഖയാണ് പാണ്ടിക്കാട് പ്രവർത്തിക്കുന്നത്. ഏകദേശം 5 ലക്ഷത്തോളം രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കാർഷികേതര വായ്പയും വിതരണം ചെയ്യുന്നുണ്ട്. പക്ഷേ ഇതൊന്നും കൃഷിക്കാരുടെ സാമ്പത്തികാവശ്യങ്ങളുമായി നോക്കുമ്പോൾ ഒട്ടും തന്നെ പര്യാപ്തമല്ല. എല്ലാ കർഷകരേയും ഈ ബാങ്കിൽ അംഗങ്ങളാക്കിയാൽ മാത്രമേ പാണ്ടിക്കാട് വില്ലേജിലെ കർഷകർക്ക് പുരോഗതി സാധ്യമാവുകയുള്ളു.

വെട്ടിക്കാട്ടിരി സർവ്വീസ് സഹകരണ ബേങ്ക്

ഏകദേശം 1500 ഓളം കർഷക കുടംബങ്ങൾ ഈ ബേങ്കിന്റെ പരിധിയിൽപെടുന്നു. കാർഷികവായ്പയായി ഏകദേശം നാലരലക്ഷത്തോളം രൂപയും കാർഷികേതരവായ്പയായി 28 ലക്ഷത്തോളം രൂപയും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ലോണുകൾ കൃത്യസമയത്ത് തിരച്ചടക്കാത്തതുകാരണം ബാങ്കിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടുന്നു. കർഷകർക്കാവശ്യമായ വളം ഈ ബേങ്ക്വഴി വിതരണം ചെയ്യുന്നു. ഈ ബാങ്കിന്റെ പ്രവർത്തന മേഖലയിൽ വരുന്ന എല്ലാ കർഷകരും ഈ ബേങ്കിൽ അംഗങ്ങളല്ല.

ചെമ്പ്രശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്.

. ഏതാണ്ട് 2500 ഓളം കർഷകർ ഇതിന്റെ പരിധിയിൽ വരുന്നു. 10 ലക്ഷത്തോളം രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ടെങ്കലും ഇത് കർഷകരുടെ ആവശ്യവുമായി തുലനം ചെയ്യുമ്പോൾ വളരെ തുച്ഛമാണ്. 1986 ലെ കീവർച്ച ഈ ബാങ്കിന്റെ പുരോഗതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇതിൽ നിന്നും മോചനം നേടാൻ തീവ്രശ്രമം ബേങ്ക് നടത്തിവരുന്നു. കൂടാതെ കാലാകാലങ്ങളിൽ ഗവ: പ്രഖ്യാപിക്കുന്ന പദ്ധതി വായ്പകളും, കർഷകർക്ക് നല്കി വരുന്നു. കശുവണ്ടി സംഭരണം ഈ ബേങ്ക് ഏറ്റെടുത്ത് നടത്താറുണ്ട്. അതുപേലെ കർഷകർക്കാവശ്യമായ വളം വിതരണം നടത്തുന്നുണ്ട്. 1989 വരെ കൺസ്യൂമർ സ്റ്റോർ നടത്തിയിരുന്നു. എന്നാൽ ചില സങ്കേതിക കാരണങ്ങളാൽ ഇത് നിർത്തി വെക്കേണ്ടിവന്നു. എന്നാലും ഓണക്കാലത്ത് ഓണച്ചന്ത മുടക്കം കൂടാതെ നടത്താറുണ്ട്. കൂടാതെ ഒരു തുണിഷോപ്പ് മുടക്കം കൂടാതെ ബേങ്കിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബ്ബൻ ബേങ്ക്

കോ-ഓപ്പറേറ്റീവ് അർബ്ബൻ ബേങ്കിന്റെ ഒരു ശാഖ പാണ്ടിക്കാട് 1995 ൽ പ്രവർത്തനം ആരംഭിച്ചു. ഇതിൽ ആകെ 283 അംഗങ്ങളാണ് ഉള്ളത്. ബാങ്കിന്റെ ഓഹരി മൂലധനം 7075 രൂപയാണ് പൊതു ജനങ്ങളിൽ നിന്ന് 22 ലക്ഷം രൂപയേളം സമാഹരിക്കാൻ ഈ ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. കാർഷികേതര വായ്പയായി 41 ലക്ഷത്തോളം രൂപ വിതരണം ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലാ സഹകരണ ബേങ്ക്.

1990 ആഗസ്ത് 2 നാണ് പാണ്ടിക്കാട് ഈ ബേങ്കിന്റെ ശാഖ പ്രവർത്തനം ആരംഭിച്ചത് ഇതിന്റെ പ്രവർത്തന പരിധി പാണ്ടിക്കാട്, തുവ്വൂർ, കരുവാരകുണ്ട് പഞ്ചായത്തുകളാണ്.

ബേങ്ക് പ്രദാനമായും കാർഷികേതര വായ്പയാണ് നൽകിവരുന്നത്

"കാര്യകാരണ ബന്ധത്തോടെ
നാടിൻ പ്രശ്നം പഠിക്കുവാൻ
പരിഹാരങ്ങൾ കണ്ടെത്തുവാൻ
നമുക്കൊന്നായ് മുന്നേറാം".

കാർഷിക വായ്പാ സംഘങ്ങൾ പട്ടിക 1

ക്രമ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം (Lakhs)	കടം (വായ്പ (ജില്ലാ ബാങ്കിൽ നിന്ന്)	വായ്പകൾ കാർഷിക (lakh)	വായ്പകൾ കാർഷി കേതരം (Lakhs)	പ്രവർത്തന മൂലധനം (Lakhs)	IRDP LOan
1	വെട്ടിക്കാട്ടിരി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ f.1889	1964	വെട്ടിക്കാട്ടിരി വില്ലേജ്	2884	1.93	6.73	4.35	27.66	44	2833
2	ചെമ്പ്രശ്ശേരി സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ f.9151	1966	ചെമ്പ്രശ്ശേരി വില്ലേജ്	7500	2.59	27.49	10.00	37.00	87.89	58646
3	കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ f.1191 (പാണ്ടിക്കാട് ബ്രാഞ്ച്)	1973	പാണ്ടിക്കാട് വില്ലേജ്	4129	1.03	-	4.62	40.75	-	127722

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ 2 ക്ഷീരോല്പാദക സഹകരണ സംഘങ്ങളാണ് വ്രർത്തിക്കുന്നത്. ചെമ്പ്രശ്ശേരിയും, തമ്പാനങ്ങാടിയും ആണ് ഇവയുടെ ആസ്ഥാനം. പഞ്ചായത്തിലെ 6,7,8,9 വാർഡുകളിലെ ക്ഷീര കർഷകർ ഗുണഭോക്താക്കളായിട്ടുള്ള സംഘമാണ് തമ്പാനങ്ങാടി ക്ഷീരോല്പാദക സഹകരണ സംഘം. ദിനം പ്രതി 108 ലിറ്റർ പാലാണ് ഇവിടെ ശേഖരിക്കുന്നത്. ഏതാണ്ട് അഞ്ച് വർഷമായി പ്രവർത്തിക്കാൻ തുടങ്ങിയ ഈ സംഘം കാലിത്തീറ്റ വിതരണം കൂടി നടത്തുന്നുണ്ട്. എങ്കിലും കറവ മാടുകളെ വാങ്ങുന്നതിനുള്ള വായ്പാസൗകര്യം സംഘം വഴി പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. 150 ആളുകൾ ഈ സംഘത്തിൽ അംഗങ്ങളാണ് സംഘത്തിന്റെ പരിധിയിലുള്ള മുഴുവൻ ക്ഷീര കർഷകരേയും ഇതിൽ ഗുണഭോക്താക്കളാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.

1994ൽ ഫെബ്രുവരിയിൽ ടി.പി. ഗോപിനാഥൻമാസ്റ്റർചീഫ് പ്രമോട്ടർ ആയി രൂപം കൊടുത്തതാണ് ചെമ്പ്രശ്ശേരി ക്ഷീരോല്പാദക സഹകരണ സംഘം. തുടക്കത്തിൽ 76 അംഗങ്ങൾ മാത്രമേ ഉണ്ടായിരിന്നുവെങ്കിലും ഇപ്പോൾ നൂറിലധികം അംഗങ്ങൾ ഈ സംഘത്തിൽ അംഗങ്ങളാണ്. ഈ സംഘത്തിന്റെ പരിധിയിൽ പഞ്ചായത്തിലെ 10,11,12,13 വാർഡുകൾ ഉൾപ്പെടുന്നു. 165 ലിറ്റർ പാൽ മാത്രമാണ് ഒരു ദിവസം ഇവിടെ ശേഖരിക്കുന്നത്. കാലിത്തീറ്റ വിതരണം സംഘം മുഖേന നടത്തിവരുന്നുണ്ട്. കറവ മാടുകളെ വാങ്ങുന്നതിനുള്ള വായ്പ സൗകര്യം സംഘം മുഖേന ലഭ്യമല്ല എന്നുള്ളത് ഒരു പോരായ്മ തന്നെയാണ്. പാലിന്റെ ശേഖരണം വർദ്ധിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ക്ഷീരോല്പാദക സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിലെ 2 ക്ഷീരോൽപാദക സഹകരണ സംഘങ്ങളിലും കൂടി ശേഖരീക്കുന്ന പാലിൽ ഏതാണ്ട് 234 ലിറ്റ റോ ളം പുറത്തേയ്ക്കയക്കുകയാണ് ചെയ്യുന്നത്. ഈ പാൽ പഞ്ചായത്തിൽ തന്നെ കേടുകൂടാതെ സംഭരിക്കാനുള്ള സംവിധാനം ഏതെങ്കിലും ക്ഷീരോൽപാദക സഹകരണ സംഘത്തിൽ ഉണ്ടാവേണ്ടതാണ്.

ക്ഷീര സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗങ്ങൾ	സംഭരിക്കുന്ന പാൽ (ലിറ്ററിൽ)	പുറത്തേക്ക് നൽകുന്ന പാൽ (ലിറ്ററിൽ)	ജീവനക്കാരുടെ എണ്ണം
1 തമ്പാനങ്ങാടി ക്ഷിരോത്പാദക സഹകരണ സംഘം	1992	പഞ്ചായത്തിലെ 6,7,8,9 വാർഡുകൾ	150	273	234	2
2 ചെമ്പ്രശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം	1994	10,11,12,13 വാർഡുകൾ	114	165	150	2

2. നല്ലയിനം കറവമാടുകളെ വിതരണം ചെയ്യുവാനുള്ള സംവിധാനം സംഘങ്ങളിൽ ഉണ്ടാവേണ്ടതാണ്.

3. കന്നുകാലികളുടെ സംരക്ഷണത്തിന് മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം വേണ്ട സമയത്ത് ലഭ്യമാക്കണം.

4. ക്ഷീര കർഷകർക്ക് ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന വായ്പകൾ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കണം.

5. തീറ്റപ്പുൽ ഉത്പാദനത്തിനാവശ്യമായ വിത്തുകൾ സംഘം വഴി വിതരണം ചെയ്യണം.

6. പഞ്ചായത്തിലെ 1,2,3, വാർഡുകളെ ഉൾപെടുത്തി പുളിക്കൽ പറമ്പ് കേന്ദ്രമാക്കി ഒരു പുതിയ ക്ഷീരോൽപാദക സഹകരണ സംഘം രൂപീകരിക്കണം.

7. പഞ്ചായത്തിലെ തമ്പാനങ്ങാടി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ നിന്നും 9-ാം വാർഡിനെ വേർപെടുത്തി 9,10, വാർഡുകളെ ഉൾപെടുത്തി മണ്ടകക്കുന്ന് ആസ്ഥാനമാക്കി ഒരു പുതിയ ക്ഷീരോൽപാദക സഹകരണ സംഘം കൂപീകരിക്കുക.

8. പഞ്ചായത്തിലെ 4,5, വാർഡുകളെ ഉൾപ്പെടുത്തി പയ്യപറമ്പ് ആസ്ഥാനമാക്കി ഒരു പുതിയ ക്ഷിരോത പോദക സഹകരണ സംഘം രൂപീകരിക്കുക.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. സഹകരണ ബേങ്കുകളുടെ ധനസഹായ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കണം.

2. ഉദാരമായ വ്യവസ്ഥകളിൽ ജനകീയ സമിതികൾക്ക് ചുരുങ്ങിയ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കണം.

3. ചെമ്പ്രശ്ശേരി സഹകരണ ബേങ്കിനേയും, കരുവാരകുണ്ട് സഹകരണ ബേങ്കിനേയും സംയോജിപ്പിച്ച് പാണ്ടിക്കാട് ടൗൺ കേന്ദ്രമാക്കി പാണ്ടിക്കാട് സർവ്വീസ് സഹകരണ ബേങ്ക് ആരംഭിക്കുക.

4. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഇഷ്ടിക്കമ്പനി, ക്ഷീര സംസ്ക്കരണം, കോഴി വളർത്തൽ, മാർക്കറ്റിംഗ് സൊസൈറ്റി, നേന്ത്രക്കായ സംഭരണ സൊസൈറ്റി എന്നിവ സ്ഥാപിക്കുക.

5. പഞ്ചായത്തിൽ കൊപ്ര സംഭരണം, സംസ്ക്കരണം എന്നിവ സഹകരണ സംഘത്തിന്റെ കീഴിൽ നടപ്പിലാക്കുക.

6. പഞ്ചായത്തിൽ വനിതാ സഹകരണ സംഘം, സ്ഥാപിക്കുക ഇതിന്റെ കീഴിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ, കറി പൗഡർ നിർമ്മാണം. എന്നിവ ആരംഭിക്കേണ്ടതാണ്. ഇതു കൊണ്ട് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സഹായിക്കും

7. പട്ടിക ജാതി സഹകരണ സംഘം ആരംഭിക്കുക.,

8. സഹകരണ കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുക. അത് വഴി ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് വിതരണം ചെയ്യാൻ സാധിക്കുകയും തന്മൂലം സ്റ്റോറിന് ഉണ്ടാവുന്ന നഷ്ടം സർക്കാരിൽ നിന്നും സബ്സിഡി അനുവദിച്ച് നികത്തുകയും വേണം.

9. ജനങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി പാണ്ടിക്കാട് ആസ്ഥാനമാക്കി ഒരു ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക.

മറ്റ് നിർദ്ദേശങ്ങൾ

1. സഹകരണ ബേങ്കുകൾ കൃഷിക്ക് പ്രധാന്യം നൽകിക്കൊണ്ട് കൂടുതൽ കാർഷിക ലോണുകൾ അനുവദിക്കണം.

2. കാർഷിക ഗ്രാമ വികസന ബേങ്കുകളുടെ വായ്പ വിതരണ സംവിധാനം കൂടുതൽ ലളിതമാക്കുകയും, വായ്പാ മേളകൾനടത്തി പ്രവർത്തനം കൂടുതൽ ജനകീയ വൽക്കരിക്കുകയും ചെയ്യുക.

3. വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പ പരിധി ആവശ്യം കണക്കിലെടുത്ത് വർദ്ധിപ്പിക്കുക.

4. സഹകരണ ബേങ്കുകൾ കർഷകരെ സംബന്ധിച്ച് പൂർണ വിവരങ്ങളോടു കൂടിയ ലാൻറ് രജിസ്ട്രർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പ തിട്ടപ്പെടുത്തുകയും ചെയ്യുക.

5. കർഷകർക്ക് നൽകുന്ന പ്രൊഡക്ഷൻ ഇൻസെൻറീവ് സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നതിനുള്ള നടപടകൾ സർക്കാർ തലത്തിലും, ബേങ്ക് തലത്തിലും നടപ്പിലാക്കുക.

6. സഹകരണ സംഘങ്ങളുടെ നഷ്ടം കുറക്കുന്നതിനും, പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വേണ്ടി എസ്റ്റാബ്ലിഷ് മെൻറ് ചാർജിൻെറ 60% കുറയാത്ത സംഖ്യ ഒരു പ്രത്യേക ഗ്രാൻറായി സർക്കാർ വിതരണം ചെയ്യുക.

7. സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തണം (പുസ്തകങ്ങൾക്ക് പുറമെ വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ പാനോപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യണം.

8. സഹകരണ മേഖലയിൽ ആശുപത്രി, കോളേജ് എന്നിവ സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.

5-(11)

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 13% പട്ടികജാതി വിഭാഗമാണ്. പട്ടികവർഗ്ഗവിഭാഗത്തിൽപെട്ട കുടുംബങ്ങൾ ഒന്നുംതന്നെ ഇവിടെയില്ല. 38 അംഗീകൃത കോളനികളിലും, നിരവധി അംഗീകാരത്തിനായി കാത്തുകിടക്കുന്ന കോളനികളിലുമായി 1272 കുടുംബങ്ങളുണ്ട്. ആകെ പട്ടികജാതി അംഗസംഖ്യ 6209 ആണ്.

വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ രംഗത്തും നേരിയ നേട്ടങ്ങൾ കൈവരിക്കുന്നതിന്‌വേണ്ടി ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട് എന്നാൽ സാമ്പത്തികരംഗം എടുത്ത് പരിശോധിക്കുമ്പോൾ പറയത്തക നേട്ടങ്ങൾ കൈവരിക്കുന്നതിന് വേണ്ടി കഴിഞ്ഞിട്ടില്ല. സ്വാതന്ത്ര്യത്തിന് മുമ്പും, ശേഷവും സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗം ജനങ്ങൾക്ക് ഭൂമിയുടെ കുടികിടപ്പവകാശം, മിച്ച ഭൂമി എന്നിവ ലഭിച്ചതോടെ സാമൂഹ്യ രംഗത്ത് നില മെച്ചപ്പെടുകയും, അന്നു വരെ അവർ അനുഭവിച്ചിരുന്ന ഉച്ചനീചത്തങ്ങളിൽ നിന്ന് ഒരു പരിധിവരെ മോചനം ലഭിക്കുകയും ചെയ്തു.

പട്ടികജാതി വിഭാഗത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി സർക്കാർ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഇത്തരം പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മയും, പ്രയാസമേറിയ നിബന്ധനകളും കാരണം ഇത് വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി കഴിഞ്ഞിട്ടില്ല. ചെറിയ നേട്ടങ്ങൾ ഉണ്ടായതുതന്നെ പട്ടികജാതി കോളനികളിൽ താമസിക്കുന്നവർക്ക് മാത്രമാണ്. പട്ടികജാതിവിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ആ വിഭാഗത്തിന്റെ പുരോഗതിക്കുവേണ്ടി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

1991ലെ സാക്ഷരതാ പ്രവർത്തനങ്ങളുടെ ഫലമായി ഈ വിഭാഗത്തിന്റെ ഇടയിലുള്ള നിരക്ഷരത ഒരു പരിധി വരെ നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ടി കഴിഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്നു വരുന്ന വിദ്യാർത്ഥികളുടെ എണ്ണവും വളരെ കുറവാണ്. നിരവധി കുട്ടികൾ ചെറുപ്രായത്തിൽ തന്നെ കുടുംബ ബാധ്യതകൾ ഏറ്റെടുക്കേണ്ടിവരുന്നതിനാൽ ഇടക്കുവച്ചു പഠനം നിർത്തുന്നു. സാമ്പത്തികമായ ബുദ്ധിമുട്ടുകളും രക്ഷിതാക്കളുടെ താത്പര്യമില്ലായ്മയും കുട്ടികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പട്ടാജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരഗോതിക്കുവേണ്ടി സമൂഹത്തിലെ വിദ്യാസമ്പന്നരായ ആളുകളേയും വിദ്യാഭ്യാസ ഏജൻസികളേയും ഉപയോഗപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 1005ഓളം പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 1995-96 അധ്യായനവർഷത്തിൽ പഠനം നിർത്തിയ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം 28ആണ്. വിദ്യഭ്യാസ രംഗത്ത് നിന്ന് ഇടക്ക്വെച്ച് പഠനം നിർത്തിപോകുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷവും ഈ വിഭാഗത്തിലെ കുട്ടികളാണ്. ഇതു ഗൗരവമായി കാണുകയും അത് പരിഹരിക്കുന്നതിന്‌വേണ്ടിയുള്ള ശ്രമങ്ങൾ അടിയന്തിരമായി നടത്തുകയും ചെയ്യണം.

പട്ടികജാതി കുടംബങ്ങളിൽ ഭൂരിപക്ഷവും കാർഷിമേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്. കാർഷികമേഖലയിൽ ഈ അടുത്ത കാലത്തുവന്ന മാറ്റങ്ങൾ ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും , മറ്റ് മേഖലകളിലേക്ക് പോകാൻ അവരെ നിർബന്ധിതരാക്കുകയും ചെയ്തു. കാർഷിക മേഖലയിൽ നിന്ന് പറിച്ചു നടപ്പെട്ട ആളുകൾ ഭൂരിഭാഗവും നിർമ്മാണ രംഗത്തേക്കാണ് എത്തിച്ചേർന്നിട്ടുള്ളത് ഈ മേഖലയിൽ സ്ത്രീകൾക്ക് എഴുപത് രൂപയും പുരുഷന്മാർക്ക് 100 രൂപയുംവരെ കൂലി ലഭിക്കുന്നുണ്ട്. ഇതിന്റെ ഫലമായി കാർഷിക മേഖലയിലെ ജോലിക്ക് ആളുകളെ കിട്ടുന്നില്ല. ഉദാഹരണമായി സ്ത്രീകൾ മാത്രം ഏർപ്പെട്ടിരുന്ന ഞാറു പറിക്കൽ, 'നടീൽ' എന്നിവക്ക് ആളെ കിട്ടുന്നില്ല. പുതിയ തലമുറയിൽ നിന്ന് കാർഷിക മേഖലയിലേക്ക് തൊഴിലാളികളെ ആഘർഷിക്കുന്നതിന് വേണ്ടി കഴിയുന്നില്ല. നമ്മുടെ കാർഷകമേഖലയെ ആകർഷകമാക്കുന്നതിനും ലാഭകരമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

പട്ടികജാതി കുടംബങ്ങൾ ഏർപ്പെടുന്ന മറ്റു പ്രധാന തൊഴിലുകളാണ് കുട്ട നെഴ്ത്ത്, ഓലക്കുട നിർമ്മാണം, പയ് നെയ്ത്ത്, പനമ്പ്നെയ്ത്ത് തുടങ്ങിയവ. എന്നാൽ, ഇന്ന് ഈ തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന വിഭാഗത്തിന്റെ സ്ഥിതി,വള രെ പരിതാപകരമാണ്. അസംസ്കൃത സാധനങ്ങളുടെ ദൗർ ലഭ്യവും ഉണ്ടാക്കുന്ന സാധനങ്ങളുടെ വിലക്കുറവും വ്യ വസായികാടിസ്ഥാനത്തിലുള്ള ഇവയുടെ നിർമ്മാണവും സ്ഥിതി കൂടുതൽ വഷളാക്കിയിട്ടുണ്ട്. ഈ പ്രതിസന്ധി മറി ച്ചുകടക്കണമെങ്കിൽ സഹകരണസംഘങ്ങൾ മുഖേന ഈ വിഭാഗത്തിന് അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടു ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിന് വേണ്ടി ഇനിയും കഴിഞ്ഞിട്ടില്ല. സർക്കാർ ഏജൻസികൾ മു ഖേന കൂറേയേറെ വീടുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ജനസംഖ്യാനുപാതികമായി ലഭ്യമാക്കുന്നതിനുവേണ്ടി കഴി ഞ്ഞിട്ടില്ല. മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗ കര്യങ്ങൾ മാത്രമാണുള്ളത്. ഒറ്റപ്പെട്ട കുടംബങ്ങൾക്ക് സർ ക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. വീട് നിർമ്മാണത്തിന് വേണ്ടി സർക്കാർ അനുവദിക്കുന്ന തുക വളരെ അപര്യാ പ്തമായതുകൊണ്ട് വീട് നിർമ്മാണം പൂർണായി പൂർത്തീ കരിക്കുന്നതിന് വേണ്ടി കഴിയുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതി നുവേണ്ട ധനസഹായം പുനരതിവാസപദ്ധതിപ്രകാരം അനു വദിച്ചുകൊണ്ട് മാത്രമെ ഇന്നുള്ള ഈ പ്രതിസന്ധി പരിഹരി ക്കാൻ കഴിയുകയുള്ളു. ഭൂരിപക്ഷം വരുന്ന ഹരിജൻ വീടു കളിലും കക്കൂസുകൾ നിലവിലില്ല. കക്കൂസുകൾ ഇല്ലാത്ത കുടംബങ്ങൾക്ക് കക്കൂസുകൾ അനുവദിക്കുന്നതിന് ആവശ്യ മായ നപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗവൺമെൻറ് ഏജൻ സികൾ മുഖേന ലഭ്യമാകുന്ന കക്കൂസുകൾക്കുള്ളസാമ്പത്തി കസഹായംവളരെപരിമിതമാണ്. ഗ്രമസഭകളിൽ നിന്നും വന്ന റിപ്പോർട്ടുകൾ അനുസരിച്ച് പട്ടികജാതി വിഭാഗത്തിന് 249 വീടുകളും, 854 കക്കൂസുകളും ഇനിയു ംഅനുവദി ക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. പട്ടികജാതി വിഭാഗങ്ങളിൽ നിരക്ഷരത നിലനിൽക്കുന്നു. ഈ വിഭാഗത്തിലെ വിദ്യർത്ഥികൾ സ്കൂളുകളിൽ നിന്ന് ഇടക്ക് കൊഴിഞ്ഞു പോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ സാധ്യതകൾ കുറഞ്ഞു വരുന്നു. ആളുകൾ മറ്റ്മേഖലയിലേക്ക് കുടിേയറുന്നു.
3. കൂറേയേറെ ആളുകൾക്ക് ഇപ്പോഴും വീടോ, വീടു വെയ്ക്കാൻ ആവശ്യമായ ഭൂമിയോ ഇല്ല. വീടു നിർമ്മി ക്കാൻ അനുവദിക്കുന്ന ധന സഹായം അപര്യാപിതമാ യതിനാൽ വീടുപണി പൂർത്തീകരിക്കാൻ കഴിയുന്നില്ല.
4. കോളനികൾക്ക് കുടിവെള്ളം, വൈദ്യുതി, റോഡ് എന്നി വ പൂർണ്ണമായും ലഭ്യമാക്കുന്നതിനു വേണ്ടി കഴിഞ്ഞിട്ടി ല്ല.
5. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള പൊതു സ്മശാന, മുഴുവൻ ആളുകൾക്കും ഉപകാരപ്രദമല്ല.
6. റേഷൻ കാർഡ്, താമസ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ മിക്ക ആളു കൾക്കും ലഭിച്ചിട്ടില്ല.
7. ആരോഗ്യ സംരക്ഷണത്തിനു വേണ്ടിയുള്ള സംവിധാ നങ്ങൾ ഫലപ്രദമല്ല.
8. നിർധന കുടുബത്തിലെ അംഗങ്ങളുടെ രോഗ ചി കിത്സക്കും, മരണാനന്തര സഹായത്തിനും, പെൺമക്കളു ടെ വിവാഹത്തിനും ധന സഹായം യഥാസമയം ലഭി ക്കുന്നില്ല.
9. ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരെ സഹായിക്കുന്നതി ന് ഗവൺമെൻറ് നടപ്പിലാക്കിയ ഐ.ആർ.ഡി.പി പോ ലുള്ള പദ്ധതികൾഫലപ്രദമായി ഉപയോഗിക്കുന്നില്ല.
10. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമ പകപ്പും അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും, ധനസഹായങ്ങളും താഴേ തട്ടിൽ എത്തുന്നില്ല.
11. പട്ടികജാതിക്ഷേമത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധ തികളെ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് വ്യക്തമാ യ അറിവില്ല.
12. ദാരിദ്ര്യം നില നിൽക്കുന്നു. കടക്കെണിയിൽ പെട്ടുപോ കുന്നു.
13. അമിതമായ മദ്യപാനശീലം നിലനിൽക്കുന്നു.
14. അന്ധ വിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവ രൂക്ഷമാ യി പട്ടികജാതി വിഭാഗത്തിനിടയിൽ നിലനിൽക്കുന്നു.

സാധ്യതകൾ

പഞ്ചായത്തിലെ ആനക്കോടു മഹാത്മാ ഗാന്ധി കോ ളനി, പെരുവക്കാട്, മുനച്ചി, പയ്യപറമ്പ്, വൈക്കത്തുച്ചാള, കട്ടക്കുളം, കാരപ്പാടം, മണ്ടകക്കുന്ന്, ഇല്ലത്തുചാള, കാരായ, വളരാട് , കൊളപ്പറമ്പ്, വള്ളിക്കാപറമ്പ്, മണ്ടകക്കുന്ന്, ഏറാ ഞ്ചേരി കോളനികളിലായി 75 വീടുകളാണ് വൈദ്യുതീകരി ച്ചിട്ടുള്ളത്. കോളനികളിലും മറ്റുമായി 145 വീടുകൾക്ക് പഞ്ചാ യത്തിന്റെ അൺടൈഡ് ഫണ്ട് ഉപയോഗിച്ച് വയറിംഗ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിവരുന്ന വീടുകൾ കൂടി വൈദ്യുതീകരിക്കുകയും, ഈ പറഞ്ഞ മുഴുവൻ വീടു കളിലും വൈദ്യുതി എത്തിക്കാനുള്ള പദ്ധതിക്ക് രൂപം നൽകു കയും ചെയ്യുക.

കോളനികളിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാ ണ് ഇത്പരിഹരിക്കുന്നതിനുവേണ്ടി പലഭാഗത്തും കിണറു കളും, കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവയൊന്നും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി പര്യാപ്തമല്ല. ഈ പ്രശ്നം പരിഹിരിക്കുന്നതിനുവേണ്ടി കോളനി അടിസ്ഥാ

ത്തിൽ ചെറുകിട പദ്ധതികൾക്ക് രൂപം നൽകാൻ കഴി

ണം.

പതിനാലാം വാർഡിൽ നിലവിലുള്ള ആയുർവേദ ഡി സ്പെൻസറി കിടത്തി ചികിത്സിക്കുന്ന ഒരു ആശുപത്രിയാക്കി യുയർത്താൻ കഴിഞ്ഞാൽ 12,3,1, എന്നീ വാർഡുകളിലെ കോ ളനി നിവാസികൾക്കു കൂടി ഉപകാരപ്രദമായിരിക്കും.

എല്ലാ കോളനികളിലും മാസത്തിലൊരിക്കൽ ഡോക്ടറും, ആരോഗ്യ പ്രവർത്തകരും സന്ദർശിച്ച് ആരോഗ്യപരിപാലന ത്തെകുറിച്ചും, ശുചിത്വത്തെ കുറിച്ചും ബോധവൽക്കരണം നടത്തിയാൽ ഒരു പരിധിവരെ പകർച്ച വ്യാധികളും മറ്റും പടർന്നു പിടിക്കുന്നത് തടയാൻ സാധിക്കും.

പഞ്ചായത്തിലെ മൂന്നു വില്ലേജുകളിലും ഓരോ പൊ തു സ്മശാനം ആവശ്യമാണ്. കൂടാതെ പെരുവക്കാട് കോ ളനിനിവാസികളുടെ അന്യാധീനപെട്ടുപോയ സ്മശാനം നി ർത്തികിട്ടുവാനും ആവശ്യമായ നടപടികൾ സ്വീകരി ക്കേണ്ടതാണ്.

പട്ടികജാതി ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഏജൻ സികളുടെ പ്രവർത്തന രീതിയിൽ മാറ്റം വരിത്തി കൊണ്ടുമാ ത്രമ ഉദ്ദേശിച്ച ഫലങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി കഴിയു ന്നതുള്ളു. വായ്പകൾ ഉദാരമാക്കുകയും, മറ്റും ചെയ്താൽ കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അതുവഴി കു ടുംബത്തിന്റെ കൂടുംബങ്ങൾക്ക് വരുമാനം നേടുന്നതിനും സഹാ യിക്കും. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പഞ്ചായത്തു കൾക്ക് കൂടി പങ്കുണ്ടായൽ അത് കൂടുതൽ ഫലപ്രദമാകും. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര പരിഹാരം കാണേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാ ധ്യത വർദ്ധിപ്പിക്കുക.
2. പരമ്പരാഗത വ്യവസായങ്ങൾ സഹകരണാടിസ്ഥാ നത്തിൽ ആരംഭിക്കുക ഉത്പന്നങ്ങൾ കമ്പോള മത്സരത്തിന് ഉതകുന്ന രീതിയിൽ വൈവിധ്യവൽക്കരി ക്കാൻ പരിശീലനം നൽകുക.
3. പട്ടികജാതി പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുകയും, തൊഴിലിൽ ഏർപെടാൻ ധനസഹായം നൽകുകയും ചെയ്യുക. അതിനുവേണ്ടി വനിതാ സഹ കരണസംഘങ്ങൾ ആരംഭിക്കുക.
4. രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹിരിക്കുക.
5. സഹകരണ മേഖലയിൽ കൊപ്ര സംസ്ക്കരണ യൂ ണിറ്റ്, ഇഷ്ടിക നിർമാണ യൂണിറ്റ്, തയ്യൽ പരിശീലന കേന്ദ്രം എന്നിവ ആരംഭിക്കുക.
6. സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും, ധനസാഹയങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും, വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് നടത്തിപ്പും, മേൽനോട്ടവും ഗ്രാമ പഞ്ചാ യത്തിന്റെ പൂർണ നിരീക്ഷണത്തിന് വിധേയമാക്കു കയും ചെയ്യുക.,
7. പട്ടികജാതി വിഭാഗത്തിന് വ്യവസായങ്ങൾ ആരംഭി ക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.
8. പട്ടികജാതിക്കാർക്കു കൊടുക്കുന്ന വായ്പകളും, ധനസഹായങ്ങളുംഉദ്ദേശിച്ച കാര്യങ്ങൾക്ക് തന്നെ ഉപ യോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും, ദുരുപയോഗം തടയുന്നതിനുമുള്ള അധികാരം പൂർ ണമായി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുക.
9. പട്ടികജാതിക്കാർക്കുവേണ്ടി സർവ്വീസ് സഹകരണ സം ഘം ആരംഭിക്കുക.
10. പട്ടികജാതി സ്ത്രീകൾക്ക് പാട്ട വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കി പച്ചക്കറി കൃഷിനടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കഴിഞ്ഞാൽ ധാരാളം സ്ത്രീ കൾക്ക് തൊഴിൽ ലഭിക്കും.
11. പട്ടികജാതി വിഭാഗത്തിന്റെ വീടുപുതുക്കി പണി യുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും പലി ശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ അനു വദിക്കുക.
12. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന ഭൂരഹി ത ഭവന രഹിത പുനരധിവാസ വദ്ധതി പഞ്ചാത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുക.
13. കോളനികളിലെ മണ്ണൊലിപ്പ് തയടയുന്നതിനാവശ്യമാ യ സൈഡ് കെട്ടൽ അടക്കമുള്ള കാര്യങ്ങൾ ചെയ്യുക.
14. മൂന്നു വില്ലേജുകളിലും ഒരോ പൊതു സ്മശാനം നിർ മ്മിക്കുക.
15. കോളനികൾ കേന്ദ്രീകരിച്ചുകൊണ്ട് നഴ്സറികളും, ബാ ല പാടികളും നിർമിക്കുക.
16. കോളനികളിൽ ബോധവൽക്കരണ ക്ളാസ്സുകൾ സം ഘടിപ്പിക്കുക.
17. കുടംബ ബാധ്യതകൾ ഏറ്റെടുത്ത് പഠനം അവസാനി പ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തു ടരുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തു ക.
18. അഭ്യസ്ഥ വിദ്യരുടെ സേവനം കോളനികളിലെ വിദ്യാ ഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
19. ഉന്നത പഠനത്തിന് പോകുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് ഗ്രാമ പഞ്ചായത്ത് വക സ്കോളർഷിപ്പ് ഏർ പ്പെടുത്തുക.
20. ബോധ വൽക്കരണത്തിന്റെ ബാഗമായി കോളനി കളിൽ ടി.വി സെറ്റ് സ്ഥാപിക്കുക.
21. റോഡുസൗകര്യമില്ലാത്ത കോളനികളിലേക്ക് റോഡു കൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

പട്ടിക - 1

അംഗീകാരമുള്ള കോളനികൾ

ക്രമനമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
*1 I	പെരുമ്പുല്ല്	10	53
2	കുടുമക്കാട്	10	57
3	മരുതപ്പാടം	6	25
4	കടുമുണ്ട	11	45
5	നാല്സെൻറ് കോളനി (ലക്ഷം വീട്)	4	20
6	നെല്ലിക്കുന്ന് കോളനി	5	20
*7 II	തൃപ്പാക്കട കോളനി	18	84
*8	മൊനച്ചി കോളനി	14	96
9	പട്ടിക്കാട്ട് തൊടികകോളനി	8	35
*10	മന്മാവിൽ കോളനി	16	66
11	പെരുവക്കാട് കോളനി (മടവത്ത്)	10	44
*12	കണ്ടമംഗലം	11	59
*13	പുളിയക്കോട്ടുമണ്ണിൽ	11	75
14	മഞ്ചിലാംകുന്ന് (പുക്കുത്ത് പറയൻകോളനി)	8	30
*15 III	കൊമ്പങ്കല്ല് കോളനി	16	85
*16	എറിയാട് കോളനി	26	126
*17 IV	കണ്ടപ്പം തൊടിക കോളനി	17	60
*18	പയ്യപറമ്പ്	17	68
*19 ർ	കട്ടക്കുളം	26	140
20	നെരന്നപറമ്പ് (വള്ളിക്കാപറമ്പ്)	5	23
*21	പറയൻകുന്ന് കോളനി	5	30
*22 VI	വളരാട് കുന്ന് കോളനി	13	71
23	തെച്ചിക്കുന്ന് കോളനി	11	70
24	കാരപ്പറമ്പ് കോളനി	11	62
*25	മോഴക്കല്ല് 4 സെൻറ് കോളനി	13	48
*26	ഇല്ലത്ത്ചാളകോളനി	12	53
*27	വൈക്കത്തുചാളകോളനി	14	70
28	കൊളംപറമ്പ് കോളനി	13	62
*29VII	വലിയാത്ര കോളനി	16	101
30	പൂയംകുന്ന് കോളനി	5	20

ക്രമനമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
31	ചായിച്ചാടി കോളനി	5	20
32	മാങ്കുന്ന്	10	40
*33 VIII	വള്ളിക്കാപ്പറമ്പ്	23	115
*34	ആനക്കാട്ടിരി കോളനി	17	72
*35	വടക്കാങ്ങര കോളനി	9	54
36	തുളുനമ്പിമഠം കോളനി	4	20
*37	തെക്കേപ്പൊടിയാട്	10	53
*38	വടക്കേപ്പൊടിയാട്	6	34
39ൻ	ലയംവീട് കോളനി	13	83
*40	കാമായക്കോളനി	19	120
*41	മണ്ടകക്കുന്ന് കോളനി (കൊണ്ടത്ത്)	15	74
42	പൂവത്തിക്കുന്ന് കോളനി	5	48
*43 X	മുക്കട്ടക്കോളനി	6	30
*44 XII	ആനക്കോട്ടു മഹാത്മാഗാന്ധി കോളനി	24	116
*45	മണ്ണുകുത്ത് കോളനി	10	41
46	കാളംമ്പാറ	4	20
*47	തെയ്യംപാടിക്കുത്ത്	16	110
48	ചക്കിങ്ങാം പറമ്പിൽ	4	18
49	പറയൻകോളനി (പനയഞ്ചാടി)	10	50
*50	ആർപ്പിനിക്കുന്ന്	14	61
*51XIII	മണ്ണാത്തിച്ചോല	13	87
*52	കാരപ്പാടം	30	130
*53	മാനീരിപ്പറമ്പ്	18	102
*54	ഏറാഞ്ചീരികുന്ന്	23	167
55	കൊരമ്പയിൽ	13	68
*56	അത്തിക്കോട്	12	78
57	ചേലാട്ടുകുന്ന് 4 സെൻറ് കോളനി	15	60
58	തളിയേങ്ങൽ 4 സെൻറ് കോളനി	5	20
59	ചിനക്കല്ലിൽ	9	43
*60 XIV	പൂയഞ്ചോല	9	42
61	മരുതഞ്ചേരി	9	48
62	പെരുമ്പാറിൽ	5	34
*63	ചേരാണിയന്മല	12	64
64	താണിക്കുന്ന്	13	60

* അംഗീകരിച്ച കോളനികൾ

പട്ടിക -2

വീടുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

ക്രമനമ്പർ	കോളനി നമ്പർ	ഓട്	ഓല	ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ഉള്ളവർ	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
1	1	4	6	2	4	8
2	2	5	2	5	5	7
3	3	5	2	–	3	4
4	4	9	2	–	7	4
5	5	4	–	–	4	–
6	6	1	4	2	1	6
7	7	8	10	4	5	17
8	8	6	8	2	6	10
9	9	4	4	3	2	9
10	10	8	8	1	6	11
11	11	10	–	1	8	3
12	12	5	6	2	5	8
13	13	3	8	5	4	12
14	14	–	8	3	–	11
15	15	14	2	2	10	8
16	16	10	16	6	8	24
17	17	16	1	2	4	15
18	18	17	–	2	5	14
19	19	26	–	3	–	–
20	20	3	2	1	2	4
21	21	1	4	3	–	9
22	22	8	5	2	2	13
23	23	6	5	1	2	10
24	24	9	2	1	4	8
25	25	10	3	–	2	11
26	26	9	3	2	3	11
27	27	6	8	3	4	13
28	28	8	5	1	5	9

ക്രമനമ്പർ	കോളനി നമ്പർ	ഓട്	ഓല	ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ഉള്ളവർ	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
29	29	11	5	4	10	10
30	30	–	5	2	–	7
31	31	5	–	2	5	2
32	32	8	2	2	4	8
33	33	23	–	5	12	16
34	34	10	7	2	2	17
35	35	7	2	3	–	12
36	36	3	1	2	2	4
37	37	4	6	7	1	16
38	38	4	2	2	–	8
39	39	13	–	11	9	15
40	40	16	3	8	7	20
41	41	6	9	5	5	15
42	42	5	–	4	2	7
43	43	6	–	1	4	3
44	44	24	–	–	24	–
45	45	5	5	2	5	7
46	46	4	–	–	–	–
47	47	12	4	4	9	11
48	48	4	–	1	2	3
49	49	8	2	2	6	6
50	50	10	4	4	6	12
51	51	7	6	7	2	18
52	52	12	18	10	2	18
53	53	17	1	20	10	28
54	54	13	10	4	8	14
55	55	7	6	2	5	10
56	56	10	2	6	10	8
57	57	15	–	–	15	–
58	58	5	–	–	5	–
59	59	5	4	2	4	7
60	60	4	5	2	3	7
61	61	6	3	2	3	8
62	62	4	1	4	4	5
63	63	7	5	3	7	8
64	64	7	6	2	7	8

5-(12)

വിഭവ സമാഹരണം

നമ്മുടെ ഗ്രാമ പഞ്ചായത്ത് ഇന്നു നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യാവസായിക മേഖലയിലെ നിശ്ചലതയാണ്. വ്യവസായങ്ങൾ എന്നു പറയാൻ യാതൊന്നും തന്നെ നമ്മുടെ ഗ്രാമത്തിലില്ല. ഏതാനും ചില ചെറുകിട വ്യാവസായിക സ്ഥാപനങ്ങൾ പേരിനുമാത്രമായി പ്രവർത്തിക്കുന്നുണ്ട്. വ്യാവസായിക രംഗത്തും ചെറുകിട വ്യവസായ രംഗത്തും കാര്യമായ മുന്നേറ്റം നടത്തിക്കൊണ്ട് വിഭവ സമാഹാരത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാവണം.

വൈദ്യുതിക്ഷാമമാണ് നമ്മുടെ ഗ്രാമത്തെ ബാധിക്കുന്ന രണ്ടാമത്തെ പ്രശ്നം, വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ കാര്യമായ ഒരു ശ്രമം തന്നെ നടത്തേണ്ടിയിരിക്കുന്നു. വീട്ടാവശ്യത്തിനുള്ള വൈദ്യുതി തന്നെ പലപ്പോഴും ലഭിക്കുന്നില്ല. വോൾട്ടേജ് ക്ഷാമവും ഈ രംഗത്ത് അനുഭവപ്പെടുന്ന ഒരു പ്രതിസന്ധിയാണ്. വോൾട്ടേജ് ക്ഷാമം പരിഹരിച്ചുകൊണ്ട് വ്യവസായ ആവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കിയെങ്കിലെ നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന വ്യാവസായിക, കാർഷിക മുരടിപ്പ് മാറ്റിയെടുക്കാൻ കഴിയുകയുള്ളു.

കാർഷിക രംഗം ഇന്നു മുരടിക്കുകയാണ്. കൃഷിനിലങ്ങൾ താസമപ്പറമ്പുകളായി അനുദിനം മാറുകയാണ്. ഉല്പാദനക്ഷമത ആനുദിനം കുറഞ്ഞു വരുന്നു. കർഷകർ കാർഷിക തൊഴിലാളികളായി മാറിക്കൊണ്ടിരിക്കുന്നു. അശാസ്ത്രീയമായ രാസ വള പ്രയോഗം കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവ വള പ്രയോഗത്തിന് പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നം പരിഹരിക്കാതെ ഈ രംഗത്ത് വിഭവ സമാഹരണം നടത്താൻ കഴിയില്ല.

ഈ രണ്ടുമേഖലകളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണ ഫലങ്ങൾ താമസമെന്യേ നാടാൻ കഴിയും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ള വിവേചനവും കാണിക്കാതെ, ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ചു തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ ആവശ്യമായ നിയമനിർമ്മാണം നടത്തണം.

നാഷണൽ സേവിംഗ്സ് സ്കീം പദ്ധതി പോലെ തന്നെ എൻ.ആർ.ഐ അക്കൗണ്ടുകൾ ഉപയോഗിക്കുക. ഓരോ സ്ഥലത്തുമുള്ള വിദേശിയരുമായ് ബന്ധപ്പെട്ട് അവരുടെ സമ്പാദ്യം പ്രാദേശിക നിക്ഷേപ പദ്ധതികളിലേക്ക് ആകർഷിക്കുകയും അത് നാടിൻെറ വികസന പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുകയും ചെയ്യുക.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വാർഡ് ക്രമത്തിൽ താഴെകൊടുക്കുന്നു.

ഗൾഫ് ജോലിക്കാർ വാർഡ് തിരിച്ചകണക്ക്

വാർഡ്	1	2	3	4	5	6	7	8	9	10	11	12	13	14
	95	44	87	131	108	85	61	62	68	36	41	31	57	45
	ആകെ		951											

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 18889 രൂപ വസൂലാക്കിയിട്ടുണ്ട്. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും അത് കാലോചിതമായി പരിഷ്ക്കരിക്കുകയും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കുവഹിക്കലാണ് നികുതി കൊടുക്കുന്നതുവഴി ചെയ്യുന്നത്. ഈ കാര്യം ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും.

കെട്ടിട നികുതി:

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ കെട്ടിട നികുതി നിശ്ചയിക്കുന്ന രീതി ശാസ്ത്രീയമല്ല. അതു ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ വിസ്തീർണ്ണം മാത്രമല്ല, ആഡംബരത്വവും, വിലകൂടിയ സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായി ചുമരുകളുള്ള എല്ലാ കെട്ടിടത്തിനും നികുതി ചുമത്തണം. വീടുകളില്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതിഏർപ്പെടുത്തണം.

മറ്റ് ധനാഗമ മാർഗ്ഗങ്ങൾ

തൊഴിൽ നികുതിയും വിനോദ നികുതിയുമാണ്നമ്മുടെ പഞ്ചായത്തിന്റെ പ്രധാനമായ വരുമാനമാർഗ്ഗങ്ങൾ. ഇതു കൂടാതെ നമ്മുടെ പഞ്ചായത്തിൽ ഒരു കാലിചന്തയുണ്ട്. അവിടെ കച്ചവടം നടത്തുന്ന കന്നുകാലികൾക്ക് ഫീസ് ചുമത്തിയിട്ടുണ്ട്. ഈഇനത്തിൽ 1995-96 വർഷത്തിൽ 6975 രൂപയാണ് ലഭിച്ചത്. എന്നാൽ പുതിയ പഞ്ചായത്തു ഭരണ സമിതി നിലവിൽ വന്നതിനു ശേഷം നടത്തിയ ലേലത്തിൽ ഈ ഇനത്തിൽ വൻവർദ്ധനവുണ്ടായിട്ടുണ്ട്. 1996-97 വർഷത്തേക്ക് 18620 രൂപയാണ് ലഭിച്ചത്. പഞ്ചായത്തിൽ പുതിയതായി ഉൽഘാടനം ചെയ്തിരിക്കുന്ന ബസ്റ്റാൻറ്-കം-ഷോപ്പിംഗ് കോംപ്ലസ്സിൽ കച്ചവടത്തിനായ് ലേലം ചെയ്ത മുറികളിൽ നിന്നും വാടക ഇനത്തിൽ 1996-97 വർഷത്തിലേക്ക് 6250 രൂപയും കം ഫർട്ട് സ്റ്റേഷൻ ആൻറ് ക്ലോക്ക് റൂം ലേലം ചെയ്ത ഇനത്തിൽ 600-രൂപയും ബസ്സുകളിൽ നിന്നും പിരിക്കുന്ന ടോസ് ഇനത്തിൽ 38200 രൂപയും, ഫലവൃക്ഷങ്ങൾ ലേലം ചെയ്ത ഇനത്തിൽ 250 രൂപയും മണൽ വാരൽ ഇനത്തിൽ 720 രൂപയും വഴയ ഷോപ്പിംഗ് കോപ്ലക്സിന്റെ വാടകഇനത്തിൽ 1300 രൂപയും ലഭിക്കുന്നുണ്ട്.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകളും കരുവാരക്കുണ്ട് സർവ്വീസ് ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കിന്റെയും ഓരോ ശാഖകളും, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, ഫെഡറൽ ബങ്ക് നിലമ്പൂർ കോ ഓപ്പറേറ്റീവ് അർബൻ ബാങ്ക് എന്നിവയുടെ ഓരോ ശാഖകളും പ്രവർത്തിക്കുന്നുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്.

പഞ്ചായത്തിൽ സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ ഒരു 80% എങ്കിലും പഞ്ചായത്തിൽ നിന്നും വായ്പയായികൊടുക്കേണ്ടതാണ്.

വരവുകൾസംബന്ധിച്ച വിവരങ്ങൾ - (1995-96) Ref-C.B.

നമ്പർ	ഇനം	ധനാഭ്യർഥന	പിരച്ചത്	ബാക്കി
1	കെട്ടിട നികുതി	275953.95	275953.95	
2	തൊഴിൽ നികുതി	118590.00	116954.00	1636
3	വിനോദ നികുതി	70008	70008	
4	അഡീഷണൽ വിനോദനികുതി	41992	41992	
5	പ്രദർശന നികുതി	3560	3560	
6	പ്രദർശന നികുതിയിന്മേലുള്ള സർചാർജ്	890	890	
7	ചന്ത വരവ്	6975	6975	
8	ലൈസൻസ് ഫീസ്	18889	18889	
9	കെട്ടിടനികുതി സർചാർജ്	14251	14251	
10	വസ്തു കൈമാറ്റ നികുതി	335083	335083	
11	സർക്കാർ ഗ്രോൻറുകളും മറ്റൊഴികെയുള്ള വരവുകളും	1079765	1079765	
12	ഡെപ്പോസിറ്റ്	235142	235142	
13	മറ്റുള്ളവ	854765	854765	
14	ആകെ	3055863.95	3054227.95	1636

ചെലവുകൾ

ചെലവുസംബന്ധിച്ച വിവരങ്ങൾ - (1995-96 Ref C.B.)

നമ്പർ	ഇനം	തുക
1	ഭരണം	5,28,242
2	പൊതുമരാമത്ത്	2,78,145
3	വിദ്യാഭ്യാസം	18,040
4	ജലവിതരണം, ഓടകൾ പൊതു ജനാരോഗ്യം	82,960
5	തെരുവു വിളക്കുകൾ കത്തിക്കുന്നതും	24,126
6	മറ്റുള്ളവ	262313
	ആകെ	11.93,826

ചെലവിന്റെ 45% ത്തോളം ഭരണചിലവുകൾക്കും 20 ശതമാനം പൊതുമരാമത്തിനും 3 ശതമാനം വിദ്യാഭ്യാസത്തിനും ആണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ഇതിൽ പൊതുമരാമത്തിന് ചിലവഴിച്ചത് കൂടുതലായും പഞ്ചായത്ത് റോഡുകളുടെ റിപ്പയർ ജോലികൾക്കായിരുന്നു.

മത്സ്യ മാംസ മാർക്കറ്റ്

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതിലുപരിയായി പൊതു ജനാരോഗ്യത്തിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മത്സ്യ മാംസ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം പഞ്ചായത്ത് ഭരണ സമിതിയിൽ സ്വീകരിച്ചിട്ടുണ്ട്. പാണ്ടിക്കാട്- മേലാറ്റൂർ റോഡിൽ, വില്ലേജ് ഓഫീസിനു പുറകിലായിട്ടാണ് ഇത് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള ഒരു മാർക്കറ്റ് നിലിവിൽ വന്നാൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിക്കും.

കച്ചവട ലൈസൻസ്

പാണ്ടിക്കാട് പട്ടണത്തിൽ മെയിൻ റോഡിന്റെ ഇരു വശങ്ങളിലുമായി ധാരാളം കെട്ടിടങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇതിൽ കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് കാലോചിതമായി പരിഷ്ക്കരിക്കണം.

ഗൾഫുമലയാളികൾ

നമ്മുടെ പഞ്ചായത്തിൽ നിന്നും വിദേശത്തു ജോലി നോക്കുന്നവർ 951 പേരുണ്ട്. ഇവരുടെ സമ്പാദ്യം പ്രത്യുല്പാദന പരമായ മേഖലകളിലേക്ക് തിരിച്ചു വിടാൻ കഴിയണം. ഇപ്പോൾ ഇത്തരക്കാരുടെ സമ്പാദ്യം ഏതാണ്ട് മുഴുവൻ തന്നെ കെട്ടിടങ്ങൾ കെട്ടുന്നതിനും, വീടുകൾ മോടിപ്പിടിപ്പിക്കുന്നതിനുമായി ചിലവഴിക്കുകയാണ്. അതിനു പകരമായി സമ്പാദ്യം നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരാൻ അവരെ പ്രേരിപ്പിക്കണം.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യ വിഭവം തന്നെയാണ്. നമ്മുടെ പതിനാലുവാർഡുകളിലും നടന്നിട്ടുള്ള ഗ്രാമ സഭാറിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി, മത, കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അധ്വാനം സംഭവന നൽകുക എന്ന വളരെ മഹത്തരമായ ഒരാശയമാണ്.

പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ അതതുവാർഡുകളിലെ അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾ ശ്രമിച്ചാൽ അനായാസം കഴിയാവുന്നതാണ്. നമ്മുടെ നാട്ടിൽ സാങ്കേതിക വിദ്യഭ്യാസം ലഭിച്ചിട്ടുള്ളവരും ബിരുദവും, ബിരുദാനന്തര ബിരുദം സമ്പാദിച്ചവരും നിരവധിയാണ്.

മുകളിൽ എഴുതിയത് മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടാകുന്ന ചില മേഖലകൾ മാത്രമാണ് ഗ്രാമ സഭകളിലെ റിപ്പോർട്ടുകളിൽ, റോഡുണ്ടാക്കുന്നതിനും, കുളങ്ങൾ കുഴിക്കുന്നതിനും, ഓടകൾ വൃത്തിയക്കുന്നതിനും, അങ്കണ വാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും,വിദ്യാഭ്യാസ നിലവാരംഉയർത്തുന്നതിനും മറ്റുമുള്ള നിർദേശങ്ങൾ ഉണ്ട്. പദ്ധതിക്കാലത്ത് പഞ്ചായത്തിലെ 14 വാർഡുകളിൽ നിന്നുമായി മുപ്പതിനായിരം തൊഴിൽ ദിനങ്ങൾ സംഭാവന ചെയ്യാൻ കഴിയുമെന്നാണ് ഗ്രാമ സഭാ റിപ്പോർട്ടുകളിൽ കാണുന്നത്. ഈ ഇനത്തിൽ ചുരുങ്ങിയത് മൂന്നുകോടി രൂപ സമാഹരിക്കാൻ കഴിയും.

പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ആരംഭിക്കുന്ന ചെറുകിട വ്യവാസയങ്ങൾക്കും ക്ഷീര വികസന കേന്ദ്രങ്ങൾക്കും വേണ്ടി വരുന്ന സംഖ്യയുടെ 50 ശതമാനം ഗൾഫുമലയാളികളിൽ നിന്നും സംഭരിക്കാൻ കഴിയുമെന്നാണ് ഗ്രാമ സഭാറിപ്പോർട്ടുകളിൽ കാണുന്നത്.

നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ കെട്ടിട നികുതി പിരിവ് നീതി പൂർവ്വമാക്കുക. (വാടകയ്ക്ക് കൊടുത്തിരക്കുന്ന കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കുമ്പോൾ വാടകയുടെ 6 മുതൽ 10 വരെ ശതമാനം നികുതി ഈടാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഇത് 6 ശതമാനം മാത്രമാണ് ഇതും ഒരു 3 ശതമാനം കൂടി വർദ്ധിപ്പിച്ചാൽ പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ ഒരു വർദ്ധന ഉണ്ടാക്കാൻ കഴിയും)

നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ നിരവധിയുണ്ട്. കച്ചവട സ്ഥാപനങ്ങളുടെ സമീപത്തല്ലാതെ സ്ഥാപിച്ചിട്ടുള്ള ഇത്തരം പരസ്യങ്ങൾക്ക് നികുതി ചുമത്താവുന്നതാണ്.

വസ്തു കൈമാറ്റ നികുതിയിൽ ശാസ്ത്രീയമായ മാറ്റം വരുത്തണം. പഞ്ചായത്തിൽ നടക്കുന്ന വസ്തു കൈമാറ്റത്തിന്റെ ആനുപാതികമായ നികുതി പഞ്ചായത്തുകൾക്ക് നൽകണം.

വാഹനങ്ങൾ അതാതു പഞ്ചയത്തുകളിൽ തന്നെ രജിസ്റ്റർ ചെയ്യുവാനും, വാഹന നികുതി പഞ്ചായത്തുകൾ തന്നെ പിരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

5. ഭൂ നികുതിയുടെ മേൽ പഞ്ചയത്തുകൾ സർച്ചാർജു ചുമത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.


6. വിനോദ നികുതി ചുമത്തുമ്പോൾ നിലവിലുള്ള സീറ്റുകളുടെ സ്ഥാനത്തിൽ നികുതി ഈടാക്കണം. ഇങ്ങനെ ചെയ്താൽ ഈ മേഖലയിലെ അഴിമതി അവസാനിപ്പിക്കുന്നതിനും, പഞ്ചായത്തിന്റെ വരുമാനം വർദ്ധപ്പിക്കാനും കഴിയും

7. പഞ്ചായത്തിൽ, ഗാലറിയുള്ള ഒരു മിന്സ്റ്റേഡിയം സ്ഥാപിച്ചാൽ അതിൽ നടത്തുന്ന പരിപാടികൾക്ക് നികുതി ചുമത്താവുന്നതാണ്.

8. പഞ്ചായത്തിൽ നിന്ന് വെട്ടിയെടുക്കുന്ന ചെങ്കല്ല്, കരിങ്കല്ല് മുതലായവക്ക് സെസ് ചുമത്തുക.

9, ലൈസൻസ് ഉള്ള ആളുകൾ മാത്രം അറവുനടത്തുകയും അറവമാടുകൾക്ക് ചെറിയ തോതിലുള്ള നികുതി ഏർപ്പെടുത്തുകയും ചെയ്യുക.

10. വസ്തു കൈമാറ്റം നടത്തുമ്പോൾ അതിന്റെ യഥാർഥ ക്രയ വില എത്രയെന്ന് പഞ്ചായത്ത് ബോർഡ് സെർട്ടിഫൈചെയ്യുക. അങ്ങനെ ചെയ്താൽ വൻതോതിലുള്ള സ്റ്റാമ്പ് ഡ്യൂട്ടിവെട്ടിപ്പ് ഒഴിവാക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും



ഉപസംഹാരം

ജനാധിപത്യ ഭരണസംവിധാനത്തിൽ പരമാധികാരം ജനങ്ങൾക്കാണ്. ഭരണയന്ത്രത്തിന്റെ പൽചക്രമായി വർത്തിക്കേണ്ട ജനങ്ങൾ, സ്വാതന്ത്ര്യത്തിന്റെ പിന്നിട്ട ദശകങ്ങളിലത്രയും മൂകരായ കാഴ്ചക്കാർ മാത്രമായിരുന്നു. അഞ്ചു വർഷത്തിലൊരിക്കൽ അരങ്ങേറുന്ന തെരഞ്ഞെടുപ്പ് മഹോത്സവങ്ങളിൽ ആരവങ്ങളോടെ അവർ എഴുന്നള്ളിക്കപ്പെടാറുണ്ടെങ്കിലും, ഭരണപ്രക്രിയയുടെ മർമ്മപ്രധാനമായ മേഖലകളിലൊന്നും അവർ പ്രതിനിധീകരിക്കപ്പെട്ടില്ല. ജനങ്ങളിൽ നിന്ന് കവർന്നെടുക്കപ്പെട്ട അധികാരങ്ങൾ ഉന്നതങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടു. ജനഹിതത്തിന് വിധേയരായി പ്രവർത്തിക്കേണ്ട ഭരണാധികാരികളും ഉദ്യോഗസ്ഥമേധാവികളും രാഷ്ട്രസ്വരൂപത്തിന്റെ അധിനായകരായി. ജനവികാരത്തിന്റെ ചൂരും ചൂടും ഏശാത്ത ദന്തഗോപുരങ്ങളിലിരുന്ന്, അക്കാമിക് പാണ്ഡിത്യത്തിന്റെ മാത്രം ബലത്തിൽ, പ്രയോഗക്ഷമമല്ലാത്ത പദ്ധതികൾ ആസൂത്രണം ചെയ്തു. 'രാഷ്ട്രപുനർനിർമ്മാണത്തിനും ജനക്ഷേമത്തിനും' എന്ന പേരിൽ ആവിഷ്കരിക്കപ്പെട്ട എട്ടു പഞ്ചവത്സര പദ്ധതികളിലും ജനകീയ താൽപ്പര്യങ്ങൾ ഏറെയൊന്നും പരിഗണിക്കപ്പെട്ടില്ല.

കേന്ദ്രീകൃതമായ അധികാരത്തിന്റെയും ആസൂത്രണത്തിന്റെയും സ്വാഭാവിക പരിണതിയായി വികസന പ്രക്രിയ മുരടിച്ചു. പ്രാദേശികഘടകങ്ങളുടേയും ബഹുജനങ്ങളുടേയും പങ്കാളിത്തം ഉറപ്പുവരുത്തി, വികസനപ്രക്രിയ അടിത്തട്ടിൽ നിന്നും ആരംഭിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിനാലാണ് സംസ്ഥാന പ്ലാനിംങ്ങ് ബോർഡ്, ജനങ്ങളെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ച്കൊണ്ട് ജനകീയ ആസൂത്രണ പരിപാടിക്ക് രൂപം കൊടുത്തത്.

വികേന്ദ്രീകൃത ഭരണസംവിധാനങ്ങളായി, തെരഞ്ഞെടുപ്പക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ, ഗ്രാമസഭകളെയും ജനകീയ സമിതികളെയും ആസ്പദമാക്കി, ബഹുജന പങ്കാളിത്തത്തോടെ പദ്ധതികളുടെ ആസൂത്രണനിർവ്വഹണവും സാധിക്കുന്ന, മാതൃകാപരമായ വികസനയജ്ഞമാണിത്.

കൃഷി, ജലസേചനം, വ്യവസായം, വിദ്യാഭ്യാസം, സഹകരണം, ഗതാഗതം, വിഭവസമാഹരണം, ഊർജ്ജം, തൊഴിൽ എന്നിങ്ങനെ വികസനത്തിന്റെ അടിസ്ഥാന ഉപാധികളെ തരംതിരിച്ച്, ഓരോ മേഖലയിലേയും പ്രശ്നങ്ങളെക്കുറിച്ച് വിശദവും സമഗ്രവുമായ സർവ്വേകളും പഠനങ്ങളും കൂട്ടായ ചർച്ചകളും നടത്തിയതിന് ശേഷമാണ് ഈ വികസനരേഖ തയ്യാറാക്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡുകളിലും വെവ്വേറെയായി വിളിച്ചുകൂട്ടിയ ഗ്രാമസഭകളിലും, വിവിധ ശേഖരണപരിപാടികളിലും നാട്ടുകാരുടെ പങ്കാളിത്തം ആവേശകരമായ അനുഭമായിരുന്നു.

നാട്ടറിവുകളിൽ നിന്നും, തലമുറകളിലൂടെ കൈമാറിവന്ന പ്രായോഗിക പരിജ്ഞാനത്തിൽ നിന്നും, ഉരിത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വ്രർത്തകർക്ക് ഏറെ ഗുണകരമായി. സത്വരമായ പരിഹാരം തേടുന്ന ഒട്ടേറെ ആവശ്യങ്ങൾ ഗ്രമാസഭകളിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. മുൻഗണനാക്രമത്തിൽ ഇവയെ പരിശോധിക്കുകയും പരിഹരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഗ്രാമീണ ജീവിതത്തിന്റെ സർവ്വതലങ്ങളെയും ചലനാത്മകമാക്കികൊണ്ട് സാമൂഹ്യമായ ഒരു കൂട്ടായ്മ ശക്തിപ്പെട്ടിട്ടുണ്ട്. കക്ഷിരാഷ്ട്രീയഭേദങ്ങൾക്കും വിഭാഗീയമായ മറ്റെല്ലാ വ്രണതകൾക്കും അതീതമായി നാടിന്റെ വികസനത്തിന് ഒന്നിക്കാനുള്ള സന്നദ്ധത എല്ലാ വിഭാഗം ജനങ്ങൾക്കുമുണ്ടായിട്ടുണ്ട്. വികസനത്തിലധിഷ്ഠിതമായ പുതിയ ഒരു രാഷ്ട്രീയത്തിന്റേറയും സംസ്കാരത്തിന്റെറയും നാന്ദികുറിക്കാൻ ജനകീയ ആസൂത്രണ പരിപാടക്ക് സാധിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ സർവ്വതലസ്പർശിയായ മാറ്റത്തിന് അടിത്തറയിടാൻ പര്യാപ്തമായ സമഗ്രമായ ഈ വികസനരേഖ ആത്മവിശ്വാസത്തോടെ, സമർപ്പിക്കുകയാണ്.